# പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്





S
N

120-3





എൻെറ ജീവിതമാണ്
എൻെറ സന്ദേശം

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
# പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്ത്
# വികസന റിപ്പോർട്ട്

അധികാരം ജനങ്ങളിലേക്ക്

ഡിസ്ട്രിക്റ്റ് റിസോഴ്സ് പേഴ്സൺസ്
(ഡി.ആർ.പി)

ടി. മുജീബ് റഹ്മാൻ (കൺവീനർ)
വി. ശിവശങ്കരൻ നായർ
സി. അബ്ദുറഹിമാൻകുട്ടി
എം.വി.ഹസ്സൻകോയ
സി. സുബൈർ
ഇ.പി.അബ്ദുൾ ഹമീദ് മരക്കാർ
എച്ച്. ഹനീഫ
സി.പി.സലാം.



## വികസനത്തിന്റെ മാർഗ്ഗദർശി

കെ. അവുക്കാദർക്കുട്ടി നഹ

## വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

1. **കൃഷിയും ജലസേചനവും**
   കെ.കെ. സൈതലവി
   വി. ശിവശങ്കരൻ നായർ
   എം.പി. ബാലൻ
   വി.പി. മൂസക്കുട്ടി
2. **മത്സ്യബന്ധനവും മൃഗസംരക്ഷണവും**
   അങ്ങമൻ കുഞ്ഞിമോൻ
   ഉമ്മർ ഒട്ടുമ്മൽ
   ഡോ: ഹാറൂൺ റഷീദ്
   ഏ.പി. മുഹമ്മദ്
   സി.പി. സലാം.
3. **വിദ്യാഭ്യാസം**
   വി.വി. ജമീല ടീച്ചർ
   സി. അബ്ദുറഹിമാൻ കുട്ടി
   പി.കെ. ബാലസുബ്രമണ്യൻ
   ഇ.പി. അബ്ദുറഹിമാൻ
   എൻ.പി. അബ്ദുൽ അസീസ്
   അബ്ദുൽ അസീസ് കുന്നുമ്മൽ
4. **കുടിവെള്ളം പൊതുജനാരോഗ്യം**
   സി. അബൂബക്കർ
   ബി.പി. ഹംസക്കോയ
   കെ.സി. മൂസക്കോയ
   എം.വി. ഹസ്സൻകോയ
   എസ്. കൃഷ്ണൻ നായർ
   ഒ.എം. വേണുഗോപാൽ
   എൻ. അബ്ദുൽ ഗഫൂർ
5. **വ്യവസായം**
   കെ.സി. അബ്ദുള്ള
   ഇ.പി. അബ്ദുൽഹമീദ് മരക്കാർ
   പി.വി. കുഞ്ഞിമരക്കാർ
   കുഞ്ഞിമൊയ്തീൻകുട്ടി നഹ
6. **ഗതാഗതം- ഊർജ്ജം**
   കെ. ലിയാഖത്തലി നഹ
   ഇ.പി. അബ്ദുൽഹമീദ് മരക്കാർ
   തലക്കലകത്ത് അബ്ദുറസാക്ക്
   കെ.വി.പി. ലത്തീഫ്
   സി. നിസാർ അഹമ്മദ്.
7. **സാമൂഹ്യക്ഷേമം - പാർപ്പിടം**
   കെ.പി. ഷൗക്കത്തുന്നിസ
   സി.പി. വത്സൻ
   എച്ച്. ഹനീഫ
   ഏ.വി. ഹസ്സൻകോയ
   എൻ. ഹംസക്കുട്ടി
   എ. മുഹമ്മദ്
   രജനി
8. **സംസ്കാരം**
   വി. പങ്കജാക്ഷി
   ടി. മുജീബ് റഹ്മാൻ
   ടി. അബ്ദുറസാക്ക്
   സലാം ചെറമംഗലം
   വി.പി. സുബൈർ
   ഹമീദ് കുന്നുമ്മൽ
9. **വനിത**
   വി.കെ. സുലോചന
   മാളിയേക്കൽ റാബിയ
   സി. സുബൈർ
   വി.വി. കോമളം
   സുബൈദ
10. **സഹകരണമേഖല**
   കെ. ബാപ്പുക്കോയ നഹ
   സി.എം. നാരായണൻ
   എച്ച്. ഹനീഫ
   സി. അബ്ദുലത്തീഫ്
   പി. അബൂബക്കർ
11. **പട്ടികജാതി- പട്ടിക വർഗ ക്ഷേമം**
   ഞാറ്റുകെട്ടി വേലായുധൻ
   സി.പി. സലാം
   സി. മണി
   കെ.സി. അച്ചുതൻ
   യു. വാസു
12. **വിഭവ സമാഹരണം**
   ടി.സി. അബ്ദുറഹിമാൻ എന്ന കുഞ്ഞാവ
   പി.പി. ചെറിയ ബാവ
   സി. രാജീവൻ
   സി. അബ്ദുൽ റഷീദ്
13. **നാട്ടറിവ്- ചരിത്രം**
   റഷീദ് പരപ്പനങ്ങാടി
14. **പഠന പര്യടനം**
   കെ. ബാപ്പുക്കോയ നഹ
   ബി.പി. ഹംസക്കോയ
   എൻ. വേലായുധൻ
   മോഹൻദാസ് ജോൺ
   സി.സുബൈർ
   റഷീദ് പരപ്പനങ്ങാടി
   റജി. ആർ..ചന്ദ്രൻ
   കെ. ഉണ്ണികൃഷ്ണൻ

# പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണസമിതി

പ്രസിഡണ്ട്



**പി.കെ.അബ്ദുറബ്ബ് (എം.എൽ.എ)**

വൈസ് പ്രസിഡണ്ട്



വി.വി.ജമീല ടീച്ചർ

**സ്റ്റാൻറിംഗ് കമ്മറ്റി**

ചെയർമാൻ



**ടി.സി.അബ്ദുറഹിമാൻ എന്ന കുഞ്ഞാവ**

## ഭരണസമിതി അംഗങ്ങൾ


കെ.പി.ഷൗക്കത്തുന്നിസ


ബി.പി.ഹംസക്കോയ


കെ.സി.അബ്ദുള്ള


അങ്ങമൻ കുഞ്ഞിമോൻ


വി.കെ.സുലോചന


കെ.ലിയാക്കത്തലി നഹ


കെ.കെ.സൈതലവി


പങ്കജാക്ഷി


മാളിയേക്കൽ റാബിയ


സി. അബൂബക്കർ


ഞാറ്റുകെട്ടി വേലായുധൻ


കെ.ബാപ്പുക്കോയ നഹ

## താളുകളിൽ................


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരം
3. സാമൂഹ്യ - സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. കൃഷിയും ജലസേചനവും
6. മത്സ്യബന്ധനവും മൃഗസംരക്ഷണവും
7. വിദ്യാഭ്യാസം
8. കുടിവെള്ളം, പൊതുജനാരോഗ്യം
9. വ്യവസായം
10. ഗതാഗതം, ഊർജ്ജം
11. സാമൂഹ്യക്ഷേമം, പാർപ്പിടം
12. സംസ്കാരം
13. വനിത
14. സഹകരണ മേഖല
15. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
16. വിഭവസമാഹരണം
17. പിന്നിട്ട ഒരു വർഷം
18. ഉപസംഹാരം



- ലേഔട്ട്
  അലിഫ്, ചെറുവണ്ണൂർ
- പ്രിൻറിംഗ്
  ലിബർട്ടി, പാളയം
  കോഴിക്കോട്

# ജനങ്ങൾ

അവൻ കുതിരപ്പുറത്തു സഞ്ചരിച്ചില്ല, വണ്ടിയിലും
വെറും കാലിൽ
അവൻ അകലങ്ങൾ താണ്ടി
അവന് വാളില്ലായിരുന്നു, അസ്ത്രവുമില്ലായിരുന്നു.
ചുമലിൽ വല
അല്ലെങ്കിൽ മഴു, അല്ലെങ്കിൽ ചുറ്റിക,
അല്ലെങ്കിലോ, തൂമ്പ.
അവൻ ഒരിക്കലും സ്വന്തം കൂട്ടരോടു. യുദ്ധം ചെയ്തില്ല,
അവൻെറ യുദ്ധം മണ്ണിനോടും വെള്ളത്തോടുമായിരുന്നു.
അവൻെറ യുദ്ധം ഗോതമ്പിനോടായിരുന്നു,
അത് അപ്പമായിമാറാൻ
കിളരമേറിയ വൃക്ഷത്തോടായിരുന്നു, അതു വിറകു നൽകുവാൻ
ചുമരിനോടായിരുന്നു, അതു കതകു തുറന്നു കൊടുക്കാൻ
മണലിനോടായിരുന്നു, അത് ചിറകളുയർത്തുവാൻ,
കടലിനോടായിരുന്നു, അതു കായ്ക്കുവാൻ
..............................................................
അവൻപോയി, വീണ്ടും വന്നു
അവൻ വന്നെത്തിയത് ആരുമറിഞ്ഞില്ല.
അവൻ പൊയ്പോയതും അറിഞ്ഞില്ല - കാരണം,
അവന് ഒരു കാലത്തും ശ്മശാനവും ശവകുടീരവുമുണ്ടായിരുന്നില്ല,
അവൻ വിയർത്തു ചെത്തിച്ചതുരമാക്കിയ കല്ലിൽ
അവൻെറ പേര് ഒരിക്കലും കൊത്തിയിരുന്നില്ല
പണിയെടുക്കാൻ കരുത്തുള്ളപ്പോൾ മാത്രമാണ്
ആ സാധു ജീവിച്ചിരുന്നത്, അതും അദൃശ്യനായി.

- പാബ്ലോ നെരൂദ




# ആമുഖം

*'ഏതാനും ചിലരുടെ കരങ്ങളിൽ അധികാരം തൂങ്ങിക്കിടക്കുന്നതല്ല സ്വാതന്ത്ര്യം; പിന്നെയോ? അധികാരദുർവിനിയോഗം എവിടെകണ്ടാലും അതിനെ നിർഭയമായി എതിർക്കാനും ചെറുത്തുനിൽക്കാനുമുള്ള സമൂഹത്തിന്റെ കരുത്താണത്. അധികാര നിയന്ത്രണത്തെക്കുറിച്ച് സാധാരണക്കാരൻ ബോധവാനാകുമ്പോൾ മാത്രമേ ആ കരുത്ത് അനുഭവത്തിൽ വരൂ'*

*മഹാത്മാഗാന്ധി*

പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടെ രൂപംകൊണ്ട ത്രിതല പഞ്ചായത്ത് സംവിധാനം അധികാര വികേന്ദ്രീകരണം ലക്ഷ്യം വെച്ചുള്ളതാണല്ലോ. എന്നാൽ നമ്മുടെ രാജ്യത്ത് ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾക്കെല്ലാം ഒരു കേന്ദ്രീകൃത സ്വഭാവമാണുണ്ടായിരുന്നത്. കേന്ദ്രത്തിലും തുടർന്ന് സംസ്ഥാന തലത്തിലും ആവിഷ്കരിക്കുന്ന പദ്ധതികൾ താഴെതട്ടിൽ നടപ്പിലാക്കുന്ന രീതി. ഇപ്രകാരം രൂപം നൽകിയ പദ്ധതികൾ മിക്കതും ജനാഭിലാഷങ്ങൾക്കനുസൃതമായുള്ളവയായിരുന്നില്ല.

പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനോ പദ്ധതി ചെലവിന്റെ പരമാവധി പ്രയോജനം ജനങ്ങളിലെത്തിക്കുവാനോ സാധിച്ചതുമില്ല. ഈ ഒരു പശ്ചാത്തലത്തിൽ പദ്ധതി നടത്തിപ്പിലെ വൈകല്യങ്ങൾ ദുരീകരിക്കുന്നതിനാണ് ഒൻപതാം പഞ്ചവൽസര പദ്ധതി ജനകീയ പദ്ധതിയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്.

ഒൻപതാം പദ്ധതി അടങ്കലിന്റെ 35 മുതൽ 40 ശതമാനം വരെയുള്ള വിഹിതം താഴെ തട്ടിൽ നിന്നും ആസൂത്രണം ചെയ്യപ്പെടുന്ന പദ്ധതികൾക്കായി വിനിയോഗിക്കും. ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് ഇവ നടപ്പിലാക്കുന്നത്. ഗ്രാമവികസനത്തിന്റെ പാതയിൽ ദ്രുതഗതിയിലുള്ളൊരു ബഹുജനമുന്നേറ്റത്തിന് ആക്കം കൂട്ടുന്ന ഈ നൂതന പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് സുപ്രധാനമായ പങ്കാണ് നിർവ്വഹിക്കാനുള്ളത്.

അതാതു പ്രദേശത്തിനനുയോജ്യമായ വിക

സന നിർദ്ദേശങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തുന്ന വിശേഷാൽ ഗ്രാമസഭ, വികസന റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും കർമ്മ സമിതികളുടെ രൂപീകരണ ത്തിനുമായുള്ള വികസന സെമിനാർ, മുൻഗണന നിശ്ചയിച്ച് പദ്ധതി തയ്യാറാക്കുന്ന കർമ്മ സമിതിക ളുടെ പ്രവർത്തനം, ഗ്രാമപഞ്ചായത്ത് രൂപം നൽകിയ പദ്ധതികൾ ക്രോഡീകരിക്കുന്നതിനുള്ള ബ്ലോക്ക്- ജില്ലാതല സെമിനാറുകൾ, സംസ്ഥാന തല ത്തിൽ ഒൻപതാം പദ്ധതിക്ക് രൂപം നൽകൽ എന്നീ അഞ്ച് ഘട്ടങ്ങളായാണ് ആസൂത്രണബോർഡ് ഈ പദ്ധതി ചിട്ടപ്പെടുത്തിയിരിക്കുന്നത്.

സെപ്തംബർ രണ്ടാം വാരത്തിൽ നടന്ന ജില്ലാതല പരിശീലനക്യാമ്പിൽ പഞ്ചായത്തിൽ നിന്നും എട്ടു പേരെ തെരഞ്ഞെടുത്തയക്കുകയു ണ്ടായി. ജില്ലാതല പരിശീലകർ (District Resource Person) എന്ന പേരിൽ അറിയപ്പെടുന്ന ഇവരുടെ നേതൃത്വത്തിൽ സെപ്തംബർ 17 ന് സാംസ്കാ രിക നിലയത്തിൽ വെച്ച് പ്രാദേശിക പരിശീലകർ (Local Resource person)ക്കായി സംഘടിപ്പിച്ച ശില്പ ശാലയോടെയാണ് പരപ്പനങ്ങാടി പഞ്ചായത്തിൽ ആസൂത്രണ പരിപാടിക്ക് തുടക്കം കുറിക്കപ്പെട്ടത്. ഒരു വാർഡിൽ നിന്നും നാലുപേർ എന്ന തോതിൽ ഭരണ സമിതി മുൻകൂട്ടി തെരഞ്ഞെടുത്തവരായി രുന്നു പ്രാദേശിക പരിശീലകർ. അവർക്ക് പുറമെ പഞ്ചായത്തിലെ വിവിധ വകുപ്പുദ്യോഗസ്ഥരും ജന പ്രതിനിധികളുമടക്കം 85 പേർ ശില്പശാലയിൽ പങ്കുകൊണ്ടു. ഒന്നാം ഘട്ടമായ വിശേഷാൽ ഗ്രാമ സഭ ഭരണസമിതി നിശ്ചയിച്ച സമയക്രമമനുസരിച്ച് കൂടുതൽ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന തിനും, പ്രചരണങ്ങൾക്കും, ചർച്ചകൾക്കു നേതൃത്വം കൊടുക്കുന്നതിനും വേണ്ട പരിപാടികൾക്ക് രൂപം നൽകി.

പഞ്ചായത്തിലെ 15 വാർഡുകളിലും നിശ്ചിത തിയ്യതികൾക്കകം തന്നെ (സെപ്തം. 21 മുതൽ ഓക്ടോ. 2 വരെ) ഗ്രാമസഭകൾ പൂർത്തിയാക്കി. എല്ലാ ഗ്രാമസഭകളിലും സജീവമായ ജനപങ്കാളിത്തം കാണപ്പെട്ടു. ഏറ്റവും കൂടുതൽ പേർ പങ്കെടുത്തത് 12ാം വാർഡിലാണ്. തൊട്ട് താഴെ ഒൻപതാം വാർഡും. പങ്കെടുത്തവരിൽ 26 ശതമാനം സ്ത്രീക ളായിരുന്നു. മൊത്തം വിഷയങ്ങളെ ആറായി ക്രമീ കരിച്ചാണ് ചർച്ച ചെയ്തത്. ഏതാണ്ട് എല്ലാ വിഷ യങ്ങളിലും സജീവമായ ചർച്ച നടന്നു.

ഗ്രാമസഭ പൂർത്തിയായതോടെ ദ്വിതീയ വിവര ശേഖരണ (Secondary data Collection)ത്തിനുള്ള ഒരുക്കങ്ങളായി. ഓരോ ഓഫീസുകളിലേക്കും ഡി.ആർ.പി. മാരുടെ നേതൃത്വത്തിൽ പ്രത്യേകം ടീമുകളെ ഇതിനായി നിയോഗിച്ചു.

സെപ്തം. 13ന് പര്യടനം നടത്തിയ ജനാധി കാര കലാജാഥ പഞ്ചായത്തിലെ എട്ട് കേന്ദ്രങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. ഒക്ടോ ബർ 14 ന് വിശേഷാൽ ഗ്രാമസഭ അവലോകനവും 22 ന് ഗ്രാമസഭാ നിർദ്ദേശങ്ങളുടെ ക്രോഡീകര ണവും നടന്നു. നവംബർ 1ന് പുനരർപ്പണദിന ത്തിൽ ചാക്യാട്- താഴെങ്ങൽ, പുത്തരിക്കൽ - കാളി ക്കാവ്- റെയിൽവെ ലൈൻ, എടവണ്ണത്തറ- കാര്യാട്, അത്താണി- കുണ്ടംപാടം എന്നീ നാലു റോഡുക ളുടെ നിർമ്മാണത്തിനുള്ള ശ്രമദാന പ്രവൃത്തിക്ക് തുടക്കം കുറിച്ചു. മൊത്തം 290 മനുഷ്യാദ്ധ്വാനം ഇതിനായി വിനിയോഗിക്കപ്പെട്ടു.

ഒക്ടോബർ അവസാനവാരം നടന്ന രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തിനുശേഷം നവംബർ 4ന് പഞ്ചായത്തിലെ വിവിധ വകുപ്പുദ്യോഗസ്ഥന്മാ രുടെ യോഗം ചേർന്നു. 30 ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിൽ നടപ്പു പദ്ധതി അവലോകനം ചെയ്യു കയും പുതിയ നിർദ്ദേശങ്ങൾ ആരായുകയുമു ണ്ടായി.

നവംബർ ആറിന് രണ്ടാം ഘട്ട പഞ്ചായത്ത് ശില്പ ശാല നടന്നു. വീഡിയോ പ്രദർശനത്തിനും ക്ലാസുകൾക്കും ശേഷം വികസന റിപ്പോർട്ട് തയ്യാ റാക്കുന്നതിനായി ഓരോ വാർഡ് മെമ്പറുടെയും നേതൃത്വത്തിൽ 12 കോർ ഗ്രൂപ്പുകൾ രൂപീകരിക്കു കയും പഠന പര്യടന സംഘത്തെ തെരഞ്ഞെടുക്കു കയും ചെയ്തു. നവംബർ 7 മുതൽ 10 വരെ സാംസ്കാരിക നിലയത്തിൽ വെച്ച് ഈ കോർഗ്രൂ പ്പുകളുടെ വർക് ഷോപ്പും സംഘടിപ്പിച്ചു.

ഗ്രാമസഭ ചർച്ചകളിൽനിന്നും ഉരുത്തിരിഞ്ഞു വന്ന വികസന നിർദ്ദേശങ്ങൾ, വിവിധ ഓഫീസുക ളിൽ നിന്നും ശേഖരിച്ച ദ്വിതീയ വിവരങ്ങൾ, ഉദ്യോ ഗസ്ഥ യോഗം, പഠന പര്യടനം, അഭിമുഖം എന്നി വയെ അവലംബമാക്കിയാണ് പ്രധാനമായും ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

സേവന തൽപരരായ ഒരു കൂട്ടം സന്നദ്ധ

പ്രവർത്തകരടെ അക്ഷീണയത്നം ഒന്നുമാത്രമാണ് ഈ പ്രവർത്തനങ്ങളുടെയൊക്കെ പിൻബലം. എല്ലാ വിഭാഗം ജനങ്ങളുടെയും കൂട്ടായ്മ വളർത്തിയെടുക്കുവാനും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് സാധ്യമായിട്ടുണ്ട്. പരിമിതമായ സമയം മാത്രമെ റിപ്പോർട്ട് തയ്യാറാക്കാൻ ലഭിച്ചിട്ടുള്ളൂ. നിരവധി മനുഷ്യാദ്ധ്വാനം ഇതിന്റെ പിറവിക്കു പിന്നിലുണ്ട്.

ഒന്നാം ഘട്ടമായ ഗ്രാമസഭയുടെ വിജയകരമായ നടത്തിപ്പുമുതൽ റിപ്പോർട്ട് തയ്യാറാക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും നേതൃത്വപരമായ പങ്ക് നിർവ്വഹിച്ച ജില്ലാ തല പരിശീലകർ, കർമ്മോത്സുകരായി ഈ രംഗത്ത് നിറഞ്ഞുനിന്ന പ്രാദേശിക പരിശീലകർ, ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി ഈ റിപ്പോർട്ടിനെ സമ്പുഷ്ടമാക്കിയ ഉദ്യോഗസ്ഥർ, മറ്റു വിദഗ്ദ്ധർ തുടങ്ങി ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട് സഹകരിച്ച നല്ലവരായ സുഹൃത്തുക്കളോടുള്ള ഭരണസമിതിയുടെ നിസ്സീമമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

ഭരണസമിതി അംഗീകരിച്ചതും പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വെച്ചുള്ളതുമായ ഈ മാർഗ്ഗരേഖ കൂടുതൽ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി വികസന സെമിനാർ മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു. വികസന സ്വപ്നങ്ങൾ പൂവണിയിക്കാനുള്ള ഈ മഹായജ്ഞത്തിൽ നമുക്കും പങ്കാളികളാവാം.

വിശ്വസ്തതയോടെ,



പി.കെ. അബ്ദുറബ്ബ്
പ്രസിഡന്റ്



വിശേഷാൽ ഗ്രാമസഭ ഒരു ദൃശ്യം

# പഞ്ചായത്ത് പൊതുവിവരം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | പരപ്പനങ്ങാടി, നെടുവ |
| വാർഡുകൾ | : | 15 |
| ബ്ലോക്ക് പഞ്ചായത്ത് | : | തിരൂരങ്ങാടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | പരപ്പനങ്ങാടി, പാലത്തിങ്ങൽ, ഉള്ളണം. |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | തിരൂരങ്ങാടി |
| താലൂക്ക് | : | തിരൂരങ്ങാടി |
| അസംബ്ലി മണ്ഡലം | : | തിരൂരങ്ങാടി |
| പാർലിമെന്റ് മണ്ഡലം | : | പൊന്നാനി |
| വിസ്തീർണ്ണം | : | 22.25 ച.കി.മീ |
| അതിരുകൾ | : | വടക്ക്: വള്ളിക്കുന്ന് പഞ്ചായത്ത് |
| | : | കിഴക്ക്: തിരൂരങ്ങാടി, മൂന്നിയൂർ പഞ്ചായത്തുകൾ |
| | : | തെക്ക്: താനൂർ പഞ്ചായത്ത് |
| | : | പടിഞ്ഞാറ്: അറബിക്കടൽ |
| ജനസംഖ്യ (1991) | : | 53979 |
| പുരുഷന്മാർ | : | 26195 |
| സ്ത്രീകൾ | : | 27784 |
| ജനസാന്ദ്രത | : | 2426 |
| സാക്ഷരരായവർ | : | 37666 |
| സാക്ഷരതാശതമാനം | : | 85.48 |
| പ്രസിഡണ്ടിന്റെ പേര് | : | പി.കെ.അബ്ദുറബ്ബ് (എം.എൽ.എ) |
| വൈസ് പ്രസിഡണ്ട് | : | വി.വി.ജമീല ടീച്ചർ |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | : | ടി.സി.അബ്ദുറഹിമാൻ എന്ന കുഞ്ഞാവ |



പരപ്പനാട് കോവിലകം

# സാമൂഹ്യ സാംസ്കാരിക ചരിത്രം

അറബിക്കടലിന്റെ തീരത്തോട് തൊട്ടുരുമ്മി, മലപ്പുറം ജില്ലയുടെ പടിഞ്ഞാറൻ അതിർത്തിയിൽ 22.25 ച.കി.മീ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പരപ്പനങ്ങാടി ഗ്രാമത്തിന്റെ ചരിത്രം പ്രസിദ്ധമായ പരപ്പനാട് കോവിലകവുമായി ബന്ധപ്പെട്ടുതുടങ്ങുന്നു.

1664-ൽ സാമൂതിരിയുടെ ഭരണാതിർത്തിയിൽ വരുന്ന രാജ്യം തൃക്കൊടി മുതൽ ചേറ്റുവ വരെ 20 കാതമായിരുന്നു. 1792-ൽ ഉണ്ടാക്കിയ ഒരു ഒത്തുതീർപ്പുപ്രകാരം പരപ്പനാട് ദേശം 10,000 രൂപ മൊത്തപ്പാട്ടത്തിന് വീരവർമരാജക്ക് ചാർത്തിക്കൊടുത്തു. പരപ്പനാട് വംശത്തിന്റെ മൂലസ്വരൂപം മേക്കോട്ടയിൽ കോവിലകമായിരുന്നു. ക്ഷത്രിയവിഭാഗത്തിൽപ്പെട്ട ഇവർ മരുമക്കത്തായം ദായക്രമമായി അംഗീകരിച്ചുപോന്നു. പരപ്പനങ്ങാടി, ബേപ്പൂർ, കിളിമാനൂർ എന്നിങ്ങനെ മൂന്ന് താവഴികളായി പിരിഞ്ഞു. പരപ്പനാട് രാജയുടെ അതിർത്തി പൂരപ്പുഴ മുതൽ ചാലിയം വരെയും വെളിമുക്ക്, ഒളകര എന്നീ പ്രദേശങ്ങളും ഉൾപ്പെടുന്നതായിരുന്നു.

രാജകുടുംബത്തിന്റെ ഇപ്പോഴത്തെ അവകാശികൾ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലും മാവേലിക്കര ലക്ഷ്മിപുരം കൊട്ടാരത്തിലുമായി താമസിച്ചു വരുന്നു. ഹരിപ്പാടുള്ള എ.ആർ രാമവർമ രാജയാണ് ഇപ്പോഴത്തെ മൂത്ത കാരണവർ. ഇദ്ദേഹത്തിന് സർക്കാരിൽനിന്നും 3,000 രൂപ മാലിഖാൻ ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നു.

പരപ്പനാട് കൊട്ടാരവും ഊട്ടുപുരയും കുളിപ്പുരയും നെടുവ GUP സ്കൂളിന് കിഴക്കുവശം ആറേക്കർ വിസ്തൃതിയിൽ ജീർണിച്ച നിലയിലാണെങ്കിലും ഇന്നും അവശേഷിപ്പുണ്ട്. ആദായം ഒന്നുമില്ലാത്ത ഭൂമി കൈമാറ്റം ചെയ്തുപോയാലും കോവിലകത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി തൊട്ടടുത്തുതന്നെ പരപ്പനാട് കോവിലകം ഇംഗ്ലീഷ്മീഡിയം ഹൈസ്കൂൾ എന്ന പേരിൽ ഒരു വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്.

ദേശീയ സ്വാതന്ത്ര്യസമരചരിത്രത്തിൽ പരപ്പനങ്ങാടിക്ക് ഒഴിച്ചുകൂടാനാകാത്ത പങ്കുണ്ട്. വ്യക്തി സത്യഗ്രഹത്തിൽ ഏറനാട് താലൂക്കിലെ റിക്രൂട്ടിങ്

ഓഫീസറായിരുന്നു കോയക്കുഞ്ഞിനഹ. ഇദ്ദേഹം 1940-ൽ പറപ്പൂരിൽ വച്ചുനടന്ന മലബാർ കോൺഗ്രസ്സ് സമ്മേളനസ്വാഗതസംഘം അധ്യക്ഷനായിരുന്നു. ഖുതുബുസ്സമാൻ മമ്പുറം സയ്യിദ് അലവിത്തങ്ങളുടെ പുത്രൻ സയ്യിദ് ഫസൽ പൂക്കോയ തങ്ങളെ രാജ്യദ്രോഹിയായി പ്രഖ്യാപിച്ചുകൊണ്ട് നാടുകടത്താൻ ബ്രിട്ടീഷുകാർ തീരുമാനിച്ചപ്പോൾ സ്വകാര്യസംരക്ഷണം നൽകി കടൽമാർഗം യാത്രയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്തത് ഇദ്ദേഹത്തിന്റെ പിതാമഹനായിരുന്നു. തലക്കലകത്ത് തറവാട്ടിലെ ഹസ്സൻകോയ, മുഹമ്മദ്, മൊയ്തീൻബാവ എന്നിവരുടെ നേതൃത്വത്തിലാണ് തോണിമാർഗം ഫസൽ പൂക്കോയതങ്ങളെ കപ്പൽ കയറ്റിയത്.

വിദ്യാർത്ഥിയായിരിക്കെത്തന്നെ സ്വാതന്ത്ര്യസമരത്തിലേക്ക് എടുത്തുചാടിയ മറ്റൊരു വ്യക്തിയാണ് ശ്രീ യജ്ഞമൂർത്തി നമ്പൂതിരിപ്പാട്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, എ.കെ.ജി. തുടങ്ങിയ ദേശീയനേതാക്കളോടൊപ്പം ഇദ്ദേഹം ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്. അക്കാലത്തുതന്നെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് സായുധസമരത്തിലേർപ്പെട്ടിരുന്ന കിഴക്കിനിയകത്ത് മുഹമ്മദ് നഹ ബോംബു നിർമിച്ചു എന്ന കുറ്റം ചുമത്തി ജയിൽശിക്ഷക്കും ക്രൂരമർദ്ദനങ്ങൾക്കും വിധേയനായി. നിയമലംഘന സമരത്തിന് നേതൃത്വം കൊടുത്ത മൂന്നാമത്തെ 'ഡിക്ടേറ്ററാ'യിരുന്ന കുഞ്ഞാലിക്കുട്ടി എന്ന കെ.സി.കെ. നഹ, എസ്.എൻ. വള്ളിയിൽ, കെ.പി.എച്ച് മുഹമ്മദ് നഹ, കേശവൻനായർ എന്നിവരാണ് മറ്റു പ്രധാന സ്വാതന്ത്ര്യസമരസേനാനികൾ. ഗോവ വിമോചനസമരത്തിൽ പങ്കെടുത്തവരാണ് എം.സി. മൊയ്തീൻ, അബ്ദുള്ളക്കുട്ടി എന്നിവർ.

1921-ലെ മലബാർ കലാപത്തിൽ പോലീസിനും പട്ടാളത്തിനും മാർഗതടസ്സം സൃഷ്ടിക്കുന്നതിനായി പരപ്പനങ്ങാടിയിൽ റെയിൽപ്പാളം പൊളിച്ചുമാറ്റിയിരുന്നു. ഇതിന്റെ പേരിൽ പോലീസുമായി പല സ്ഥലങ്ങളിലും ഏറ്റുമുട്ടലുകളുമുണ്ടായി. സമരത്തിൽ പങ്കെടുത്തതിന് നിരവധി വ്യക്തികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

ഭൂസ്വത്തുക്കളധികവും വിരലിലെണ്ണാവുന്ന ജന്മിമാരുടെ അധീനതയിലായിരുന്നു. സംസ്ഥാനത്ത് നടപ്പിലാക്കിയ ഭൂപരിഷ്കരണത്തിന്റെ ഭാഗമായി സ്വത്തുക്കളുടെ ഉടമസ്ഥാവകാശം സാധാരണക്കാർക്കിടയിൽ വീതിക്കപ്പെട്ടു. ഇതിന്റെ ഫലമായി സാമൂഹ്യജീവിതത്തിൽ വമ്പിച്ച മാറ്റങ്ങളുണ്ടായി.

കടപ്പുറത്തെ 'അങ്ങാടി' എന്നറിയപ്പെടുന്ന പ്രദേശമായിരുന്നു പരപ്പനങ്ങാടിയുടെ ആദ്യകാലത്തെ ആസ്ഥാനം. അന്നത്തെ വലിയ വാണിജ്യകേന്ദ്രവും ഇവിടെയായിരുന്നു. ഈ കേന്ദ്രത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നു. 'പിന്നോട്ടേക്ക് നടക്കുന്ന തങ്ങൾ' എന്നറിയപ്പെടുന്ന സയ്യിദ് അഹമ്മദ്കോയ തങ്ങൾ ഈ പ്രദേശത്തെ ജനങ്ങളിൽ ഏറെ സ്വാധീനം ചെലുത്തി. മമ്പുറം സയ്യിദ് അലവിത്തങ്ങളുടെ സമകാലികനായിരുന്ന അവുക്കോയ മുസ്ലിയാരുടെ ഖബറിടവും അങ്ങാടിയിലാണ്. ബ്രിട്ടീഷ് വിരോധിയും ദേശാഭിമാനിയുമായിരുന്ന മമ്പുറം തങ്ങൾ ഇദ്ദേഹത്തിനയച്ച അറബി ഭാഷയിൽ അയച്ച കവിതാരൂപത്തിലുള്ള കത്തുകൾ ജനങ്ങളെ സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളാക്കാൻ പ്രേരിപ്പിച്ചു.

വിദ്യാഭ്യാസതല്പരരായ വ്യക്തികൾ മുൻകൈ എടുത്ത് പ്രാദേശികാടിസ്ഥാനത്തിൽ സ്ഥാപിച്ചവയും പഴയ ഓത്തുപള്ളികളോടനുബന്ധിച്ച് നടത്തിയിരുന്നവയുമായ പള്ളിക്കൂടങ്ങളാണ് പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മിക്കതും. ഇന്നത്തെ ബി.ഇ.എം. സ്കൂളാണ് ആദ്യത്തെ ഔപചാരികവിദ്യാലയം. 1904-ൽ സ്ഥാപിച്ച ഈ സ്കൂൾ 1942-43 വർഷത്തിൽ ഹൈസ്കൂളായി ഉയർത്തുകയും എൽ.പി. വിഭാഗം പ്രത്യേകം ഒരു സ്ഥാപനമായി പ്രവർത്തിച്ചുവരികയും ചെയ്തു. മൂന്നിയൂർ, തിരൂരങ്ങാടി, താനൂർ, കൊടക്കാട്, വള്ളിക്കുന്ന് തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള സ്ഥാപനവും ഇതായിരുന്നു. കേരളത്തിനകത്തും പുറത്തും പ്രശസ്തരായ ഒട്ടേറെ പ്രമുഖ വ്യക്തികൾ ഈ സ്ഥാപനത്തിൽ പഠിച്ചവരാണ്.

പരപ്പനങ്ങാടി മുൻസിഫ് കോടതി, അഞ്ചപ്പുരക്കും പയനിങ്ങലിനും ഇടയിലുണ്ടായിരുന്ന കിഴക്കിനിയകത്ത് കമ്മുക്കുട്ടി നഹയുടെ പാണ്ടികശാലക്ക് മുകളിലാണ് പ്രവർത്തനമാരംഭിച്ചത്. പിന്നീട് 1914-ൽ ഇപ്പോൾ രജിസ്ട്രാഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്ക് മാറ്റുകയും അവിടെനിന്നും 1918-ൽ ഇന്നത്തെ കോടതിവളപ്പിലെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. അക്കാലത്ത് ചേറനാട് മുൻസിഫ് കോടതി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇതിന്റെ മേൽക്കോടതികൾ തെക്കേ

മലയം ജില്ലാകോടതിയും മദ്രാസ് ഹൈക്കോടതിയുമായിരുന്നു.

വി. രാമൻമേനോൻ, എൻ. പി. കൃഷ്ണയ്യർ, സി.ആർ കൃഷ്ണയ്യർ, എ.ആർ. കുഞ്ഞിരാമമേനോൻ, പി. കുഞ്ഞിരാമമേനോൻ തുടങ്ങിയവരായിരുന്നു അന്നത്തെ പ്ലീഡർ പരീക്ഷ കഴിഞ്ഞ് വക്കീൽ പ്രാക്ടീസ് നടത്തിയിരുന്നവർ.

മലബാറിൽ പൊതുവെ മുഖ്യഗതാഗതോപാധി നദികളും തോടുകളും പോലുള്ള ജലഗതാഗതമാർഗങ്ങളായിരുന്നു. ടിപ്പുസുൽത്താന്റെ ആഗമനം വരെ മലബാറിൽ റോഡുകൾ ഉണ്ടായിരുന്നില്ല. എല്ലാ പ്രധാനസ്ഥലങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് അതിവിപുലമായ ഒരു റോഡുശൃംഖല ആവിഷ്കരിച്ചു നടപ്പിലാക്കിയത് ടിപ്പുസുൽത്താന്റെ ഭരണകാലത്തായിരുന്നു. യുദ്ധസന്നാഹങ്ങൾക്കും അധികാരാതിർത്തി നിലനിർത്തുന്നതിനും റോഡുകൾ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം കണ്ടു. ഇതിന്റെ ഭാഗമായിട്ടാണ് പരപ്പനങ്ങാടിയിലും ഗതാഗതയോഗ്യമായ റോഡുകൾ നിലവിൽ വന്നതെന്ന് പറയപ്പെടുന്നു. യാത്രക്കും ചരക്കുകൾ കൊണ്ടുപോകുന്നതിനും കാളവണ്ടികളും കുതിരവണ്ടികളും മാത്രമായിരുന്നു ആശ്രയം. ഇതും പരിമിതമായ സ്ഥലങ്ങളിലേക്ക് മാത്രം. പഴമക്കാർക്ക് ബസ്സ്റ്റാന്റ് ഇന്നും 'വണ്ടിപ്പേട്ട'യാണ്. കടലുണ്ടിപ്പുഴ വരെയും പൂരപ്പുഴ വരെയും മുട്ടിയവസാനിക്കുന്നതായിരുന്നു പടിഞ്ഞാറൻ ഗതാഗതം. 1930-കളിൽ കോഴിക്കോട്, കൊച്ചി ഭാഗങ്ങളിൽനിന്നും പലചരക്കുകൾ കൊണ്ടുവന്നിരുന്നത് പാലത്തിങ്ങലെ പാണ്ട്യാലക്കടവിലൂടെയായിരുന്നു. വലിയ നാടൻ തോണിയിൽ കൊണ്ടുവരുന്ന ചരക്കുകൾ ഇവിടെ നിന്നും കാളവണ്ടി മാർഗമാണ് പരപ്പനങ്ങാടിയിലേക്കും പരിസരപ്രദേശങ്ങളിലേക്കും എത്തിച്ചിരുന്നത്. കടൽ വഴിയായി നാടൻ ഉരുവിൽ കൊണ്ടുവരുന്ന ഉപ്പ് ചാപ്പടിയിലെ 'ഉപ്പൂട്ടിൽ' ശേഖരിച്ച് കരമാർഗം വിപണനം നടത്തിയിരുന്നു.

1925-30 കാലഘട്ടങ്ങളിലാണ് ബസ്സ് ആദ്യമായി ഗതാഗതത്തിനുപയോഗിക്കാൻ തുടങ്ങിയത്. പരപ്പനങ്ങാടിയിൽനിന്ന് തുടങ്ങി തിരൂരങ്ങാടിയിൽ അവസാനിക്കുന്നതായിരുന്നു ആദ്യത്തെ ബസ്സ് സർവീസ്. തോട്ടത്തിൽ കുട്ട്യാലി മകൻ അലവിക്കുട്ടിയാണ് ഈ ബസ്സ് ഓടിച്ച ഡ്രൈവർ.

1861 മാർച്ച് 12-ന് കമ്മീഷൻ ചെയ്ത ചാലിയം തിരൂർ റെയിൽപ്പാതയായിരുന്നു നമ്മുടെ ആദ്യത്തെ റെയിൽപ്പാത. പിന്നീട് 1862 മെയ് 12-ന് മദിരാശിയുമായി ചേർത്ത് റെയിൽഗതാഗതം വിപുലീകരിക്കപ്പെട്ടു. 1888 ജനുവരി 2-ന് കോഴി



[illegible]

ക്കോട്ടേക്ക് റെയിൽവേ ലൈൻ നീട്ടിക്കഴിഞ്ഞതോടെ പരപ്പനങ്ങാടിക്കാർക്ക് റെയിൽ മാർഗമുള്ള ദീർഘ യാത്ര സൗകര്യപ്രദമാവുകയും ചരക്കുഗതാഗതം സുഗമമാവുകയും ചെയ്തു. തൊഴിൽ തേടി മദിരാശി വരെ എത്തിപ്പെടാൻ വഴിയൊരുക്കിയതും ഈ സൗകര്യം തന്നെ. കിഴക്കൻ പ്രദേശങ്ങളിലുള്ളവർക്ക് റെയിൽ ഗതാഗതത്തിന് പരപ്പനങ്ങാടി റെയിൽവേസ്റ്റേഷനെ ആശ്രയിക്കേണ്ടി വന്നതിനാൽ അയൽ പ്രദേശങ്ങളും പരപ്പനങ്ങാടിയും തമ്മിലുള്ള ബന്ധം കൂടുതൽ സുദൃഢമായി. നമ്മുടെ മത്സ്യസമ്പത്തിന്റെ നല്ലൊരു ഭാഗം കയറ്റുമതി ചെയ്തിരുന്നതും ഇവിടെനിന്നും തീവണ്ടി മാർഗമായിരുന്നു.

മത്സ്യസമ്പത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് പഞ്ചായത്തിലെ പ്രധാനതൊഴിൽമാർഗം. പണ്ടുമുതലേ ഉണക്കമത്സ്യം കയറ്റുമതി ചെയ്യുന്നതിൽ പരപ്പനങ്ങാടിക്ക് വാണിജ്യരംഗത്ത് അതിപ്രധാനമായ സ്ഥാനമുണ്ടായിരുന്നു.

ചൂടി, ബീഡി, കൈത്തറി, കൊപ്ര എന്നിവയായിരുന്നു മറ്റു പ്രധാനവ്യവസായങ്ങൾ. താഴ്ന്ന വരുമാനക്കാരുടെ വീടുകളിൽ കയർ പിരിക്കൽ ഒരു ഉപതൊഴിലായി സ്വീകരിച്ചിരുന്നു. തൊണ്ടുതല്ലി പരിച്ചുണ്ടാക്കുന്ന കയർ തൂക്കി വാങ്ങുന്നതിന് കോഴിക്കോടൻ കമ്പനിയുടെ ഏജൻസികൾ ഇവിടെ പാണ്ടികശാലകൾ നടത്തിയിരുന്നു. ആഴ്ചതോറും ഇങ്ങനെ ശേഖരിക്കുന്ന ചരക്കുകൾ കാളവണ്ടി മാർഗം കടലുണ്ടിപ്പുഴ വരെയും പിന്നീട് തോണിയിൽ കോഴിക്കോട്ടും എത്തിക്കുകയായിരുന്നു പതിവ്. ഇന്ന് ഈ കൈത്തൊഴിൽ പാടെ ഉപേക്ഷിക്കപ്പെടുകയും പാണ്ടികശാലകൾ അപ്രത്യക്ഷമാവുകയും ചെയ്തു.

മറ്റൊരു കൈത്തൊഴിലായിരുന്നു ബീഡി തെറുപ്പ്. സംഘടിതതൊഴിലാളിവർഗമെന്ന നിലയ്ക്ക് പ്രവർത്തിച്ചിരുന്നത് ബീഡിതെറുപ്പുമായി ബന്ധപ്പെട്ടവരാണ്. നിരവധി ബ്രാഞ്ചുകളുണ്ടായിരുന്ന മല്ലിശ്ശേരി ബീഡിക്കമ്പനി ഈ രംഗത്തെ പ്രസിദ്ധമായ സ്ഥാപനമായിരുന്നു. നിരവധി കുടുംബങ്ങൾ ഈ തൊഴിലുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിയിരുന്നു. ഇന്ന് നാമമാത്രമായ തൊഴിലാളികളേ ഈ രംഗത്തുള്ളൂ.

കൊപ്രയാട്ടുന്ന നാടൻ ചക്കുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മുമ്പുണ്ടായിരുന്നു. മില്ലുകൾ ഈ ജോലി ഏറ്റെടുത്തതോടെ ചക്കുകൾ അപ്രത്യക്ഷമായി. കൊപ്രവ്യവസായം നാമമാത്രമാണെങ്കിലും ഇന്നും നിലനിൽക്കുന്നു.

കൈത്തറി നെയ്ത്തും അതുമായി ബന്ധപ്പെട്ട ജോലിയും നടത്തുന്ന ഒരു തെരുവു തന്നെ നമുക്കുണ്ട്. ചെട്ടിപ്പടിയിലെ പഴയ തെരുവിലുള്ള ഈ നെയ്ത്ത് ശാലകളിൽനിന്ന് തോർത്ത്, തുണികൾ എന്നിവ അടുത്ത പ്രദേശങ്ങളിലേക്ക് ഇന്നും കയറ്റി അയക്കുന്നുണ്ട്. മൺപാത്രനിർമാണം തൊഴിലായി അംഗീകരിച്ച ആദി ആന്ധ്രവാസികളായ ഏതാനും കുടുംബങ്ങൾ പരപ്പനങ്ങാടിയുടെ വിവിധഭാഗങ്ങളിൽ ഈ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടവരായുണ്ട്.

സമ്പന്നമായ ഒരു സാംസ്കാരികചരിത്രവും പരപ്പനങ്ങാടിക്കുണ്ട്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവലായ 'ഇന്ദുലേഖ' എഴുതപ്പെട്ടത് പരപ്പനങ്ങാടിയിൽ വെച്ചാണ്. 1889-ൽ പരപ്പനങ്ങാടി കോടതയിൽ മുൻസിഫ് ആയിരിക്കെയാണ് ഒ. ചന്തുമേനോൻ ആദ്യനോവലായ ഇന്ദുലേഖ എഴുതിയത്. ആധുനിക മലയാള സാഹിത്യത്തിലെ ശ്രദ്ധേയനായ എൻ.പി. മുഹമ്മദ് പരപ്പനങ്ങാടിയുടെ സന്തതിയാണ്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡു നേടിയ അദ്ദേഹത്തിന്റെ 'ദൈവത്തിന്റെ കണ്ണ്' പരപ്പനങ്ങാടിയുടെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആത്മകഥാംശമുള്ള നോവലാണ്.

രണ്ട് എ ഗ്രേഡ് ലൈബ്രറികളടക്കം പഞ്ചായത്തിൽ നാല് അംഗീകൃത ഗ്രന്ഥാലയങ്ങളുണ്ട്. പരപ്പനങ്ങാടിയിലെ ആദ്യത്തെ മുസ്ലിം ബിരുദധാരിയായിരുന്ന അച്ചമ്പാട്ട് മുഹമ്മദിന്റെ സ്മാരകമായി സ്ഥാപിച്ച മുഹമ്മദ് സ്മാരക വായനശാലയാണ് ആദ്യത്തെ ഗ്രന്ഥാലയം. 1934-ൽ തുടങ്ങിയ ഈ സാംസ്കാരികകേന്ദ്രം ദേശീയ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് സ്ഥാപിക്കപ്പെട്ടതാണ്.

കലാ കായിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഈ രംഗത്ത് പുതിയ പ്രതിഭകളെ വളർത്തിയെടുക്കുന്നതിനുമായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച സംഘടനയാണ് 'സാഗ' (Sports Arts & Games Association)

പട്ടികജാതിക്കാരുടെയും പിന്നോക്കക്കാരുടെയും വിദ്യാഭ്യാസ നവോത്ഥാനത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ച വ്യക്തിയായിരുന്നു കെ.വി. കുഞ്ഞഹമ്മദ് മാസ്റ്റർ. ഇദ്ദേഹം പ്രധാനാധ്യാപകനായി സേവനമനുഷ്ഠിച്ച ടൗൺ GMLP സ്കൂൾ ഇന്നും 'കെ.വി. സ്കൂൾ' എന്ന പേരിലാണ് അറിയപ്പെടുന്നത്.

കേരളസംസ്ഥാനത്തിന് ഉപമുഖ്യമന്ത്രിയെ പരപ്പനങ്ങാടി സംഭാവന ചെയ്തിട്ടുണ്ട്. മൂന്ന് ദശാബ്ദക്കാലം തിരൂരങ്ങാടിയുടെ ജനപ്രതിനിധിയായും ഫിഷറീസ്, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഭക്ഷ്യസിവിൽസപ്ലൈസ്, കമ്യൂണിറ്റി ഡവലപ്മെന്റ് എന്നീ വകുപ്പുകളുടെ മന്ത്രിയായും സേവനമനുഷ്ഠിച്ച കെ. അവുക്കാദർകുട്ടിനഹ സാഹിബ് പരപ്പനങ്ങാടിയുടെ വികസന രംഗത്ത് വിലമതിക്കാനാവാത്ത പങ്കുവഹിച്ചു. താനൂർ, മങ്കട മണ്ഡലങ്ങളിലെ ജനപ്രതിനിധിയായിരുന്ന പരേതനായ അഡ്വ: എം. മൊയതീൻകുട്ടിഹാജി, തിരൂരങ്ങാടി മണ്ഡലം മുൻ എം.എൽ. എ. സി.പി. കുഞ്ഞാലിക്കുട്ടിക്കേയി എന്നിവരും പരപ്പനങ്ങാടിക്കാരാണ്.

## ഭരണചരിത്രം

സർക്കാർ ഉത്തരവ് നമ്പർ 196/61 പ്രകാരം 28-2-61-നാണ് ഇന്നത്തെ പരപ്പനങ്ങാടി പഞ്ചായത്ത് നിലവിൽ വന്നത്. ഇതിനു മുമ്പ് നെടുവ, പരപ്പനങ്ങാടി എന്നീ രണ്ടു പഞ്ചായത്തുകൾ നിലവിലുണ്ടായിരുന്നു. നെടുവ പഞ്ചായത്തിന്റെ പ്രസിഡണ്ട് പരപ്പിൽ രാമൻ മേനോനും അന്നത്തെ പരപ്പനങ്ങാടി പഞ്ചായത്തിന്റെ പ്രസിഡണ്ട് [illegible] ക്കോയ നഹയുമായിരുന്നു. 12-4-56-ന് സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റ നെടുവ പഞ്ചായത്തിന്റെ ആദ്യത്തെ ഭരണസമിതിയിലെ അംഗങ്ങൾ

1. പരപ്പിൽ രാമൻമേനോൻ (പ്രസിഡണ്ട്)
2. പി.വി. അച്യുതൻ (വൈസ് പ്രസിഡണ്ട്)
3. എ.കെ. മാധവൻ (മെമ്പർ)
4. കെ.വി. ശ്രീധരൻ വൈദ്യർ "
5. എ.വി അച്യുതൻ വൈദ്യർ "
6. കെ.വി. അച്യുതൻ "
7. സി. രാമൻ നായർ "
8. കെ.വി. വിശ്വനാഥൻ "
9. വി. അബ്ദുറഹിമാൻകുട്ടി "
10. പി. ഗംഗാധരമേനോൻ "
11. പി.കെ. കുട്ടിരായിൻ കുട്ടി "
12. കെ.സി. ഓമല "

7-12-56ൽ അധികാരമേറ്റ പരപ്പനങ്ങാടി പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

1. കെ. അവുക്കോയനഹ (പ്രസിഡണ്ട്)
2. കെ.പി. അബ്ദുൽ അസീസ് (വൈസ് പ്രസിഡണ്ട്)
3. പി.കെ. നാരായണൻ (മെമ്പർ)
4. ഇ.പി. കോയക്കുഞ്ഞി മരക്കാർ "
5. കെ. കാസ്മി [illegible] "



പിഷാരിക്കൽ ക്ഷേത്രം

6. എം.പി. കുഞ്ഞുമുഹമ്മദ് "
7. ഇ.പി. അവുക്കാദർകുട്ടി മരക്കാർ "
8. കെ. കോരു "
9. യു.എൻ ഭാസ്കരൻ "
10. പി. മൊയതീൻ ബാവ "

1963-ൽ രണ്ടു പഞ്ചായത്തുകളും കൂട്ടിച്ചേർത്താണ് പരപ്പനങ്ങാടി പഞ്ചായത്ത് രൂപീകൃതമായത്. 21-12-63-ന് രഹസ്യബാലറ്റ് മുഖേന തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്ത് ബോർഡ് സത്യപ്രതിജ്ഞ ചെയ്തു. 1-1-64 മുതലാണ് ഈ ഭരണസമിതിക്ക് അധികാരം ലഭിച്ചത്. പ്രസ്തുത ഭരണസമിതിയിലെ അംഗങ്ങൾ ഇവരാണ്.

1. സി.പി. കുഞ്ഞാലിക്കുട്ടി കേയി (പ്രസിഡണ്ട്)
2. പി.വി. മുഹമ്മദ്കുട്ടി (വൈ. പ്രസിഡണ്ട്)
3. കെ.പി. അബ്ദുൽ അസീസ് (മെമ്പർ)
4. എ.പി.എ.കെ. ഇച്ചാവമരക്കാർ "
5. മൊയ്തീൻ ബാവ പി. "
6. ശ്രീകുമാരൻ ടി. "
7. കുഞ്ഞവറാൻകുട്ടി പി.വി. "
8. യജ്ഞമൂർത്തി നമ്പൂതിരിപ്പാട് "
9. അഹമ്മദ്കുട്ടി പി. "
10. പരപ്പിൽ രാമൻമേനോൻ "

വനിതാ അംഗമായി കെ. സുഹറാബിയെ തെരഞ്ഞെടുത്തുവെങ്കിലും ഒരു വർഷത്തിനു ശേഷം രാജിവെക്കുകയും പകരം മാളിയേക്കൽ കുഞ്ഞുമറിയത്തിനെ നാമനിർദേശം ചെയ്യുകയുമുണ്ടായി. 29-9-79-ന് രണ്ടാമത്തെ ഭരണസമിതി തെരഞ്ഞെടുക്കപ്പെട്ടു.

അവയിലെ അംഗങ്ങൾ

1. കെ. പി. അബ്ദുൽ അസീസ് (പ്രസിഡണ്ട്)
2. യു.വി. കരുണാകരൻമാസ്റ്റർ (വൈ. പ്രസിഡണ്ട്)
3. സി.പി. കുഞ്ഞാലിക്കുട്ടി കേയി (മെമ്പർ)
4. എൻ.പി. മുഹമ്മദ് "
5. ചെറിയ ബാവ പി. "
6. ലക്ഷ്മി എം.എം. "
7. കെ. മുഹമ്മദലി നഹ "
8. എൻ. രാമൻ മാസ്റ്റർ "
9. കെ.കെ. മുഹമ്മദലി "
10. കെ. അഹമ്മദുകുട്ടി "
11. പി.വി. മുഹമ്മദ് എന്ന ബാവ "
12. ചെറിയ ബാവ പി.പി. "

ഈ ഭരണസമിതിയുടെ കാലാവധി 1984-ൽ അവസാനിച്ചുവെങ്കിലും അടുത്ത ഭരണസമിതി 1988-ലാണ് നിലവിൽ വന്നത്.



• സി.എസ്.ഐ ചർച്ച്

മൂന്നാമത്തെ ഭരണസമിതി 8-2-88-നാണ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നത്. അവയിലെ അംഗങ്ങൾ.

1. പി.കെ. അബ്ദുറബ്ബ് (പ്രസിഡണ്ട്)
2. വി.പി. കമ്മദ് (വൈ. പ്രസിഡണ്ട്)
3. കെ. യാക്കൂബ് (മെമ്പർ)
4. എ. പാത്തുമ്മ "
5. പി. അച്ചുതൻ "
6. പി. മോഹനൻ "
7. കെ. മൊയ്തീൻകുട്ടി എന്ന ചെറീത് "
8. പി.വി. മുഹമ്മദ് എന്ന ബാവ "
9. കെ. അഹമ്മദ്കുട്ടി "
10. പി.കെ. ബീരാൻകുട്ടി "
11. സി. വാസു "
12. യു.വി. കരുണാകരൻ മാസ്റ്റർ "
13. പ്രഭാത് ശോഭ "
14. എം. ശേഖരൻ "
15. പി. പി. കുഞ്ഞാവ "

നിലവിലുള്ള ഭരണസമിതിയിലെ അംഗങ്ങൾ ഇവരാണ്.

1. പി.കെ. അബ്ദുറബ്ബ് (പ്രസിഡണ്ട്)
2. വി.വി. ജമീലടീച്ചർ (വൈ. പ്രസിഡണ്ട്)
3. കെ.പി. ഷൗക്കത്തുന്നീസ (മെമ്പർ)
4. ബി. പി. ഹംസക്കോയ "
5. ടി.സി. അബ്ദുറഹിമാൻ എന്ന കുഞ്ഞാവ "
6. കെ.സി. അബ്ദുള്ള "
7. അങ്ങമൻ കുഞ്ഞിമോൻ "
8. വളപ്പിൽകണ്ടി സുലോചന "
9. കെ. ലിയാക്കത്തലി നഹ "
10. കെ.കെ. സെയ്തലവി "
11. പങ്കജാക്ഷി "
12. മാളിയേക്കൽ റാബിയ "
13. സി. അബൂബക്കർ "
14. ഞാറ്റുകെട്ടി വേലായുധൻ "
15. കിഴക്കിനിയകത്ത് ബാപ്പുക്കോയ നഹ "

30-9-95-നാണ് നിലവിലുള്ള ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്



*പരപ്പനങ്ങാടി മുൻസിഫ് കോടതി*

# ഭൂപ്രകൃതിയും വിഭവങ്ങളും

**പ**ടിഞ്ഞാറ് അറബിക്കടലും കിഴക്ക് കടലുണ്ടി പുഴ, കീരനല്ലൂർ പുഴ എന്നിവയും തെക്ക് പൂരപ്പുഴയും വടക്ക് കരഭാഗവും അതിർത്തിയായി കിടക്കുന്ന പ്രദേശമാണ് പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്ത്. 6.8 കീ.മീ കടലോരമുണ്ട്. കിഴക്ക് ഭാഗ (നെടുവ വില്ലേജ്) മാണ് പ്രധാന കാർഷിക മേഖല. 22.25 ച. കി. വിസ്തൃതിയുള്ള ഈ പഞ്ചായത്തിനെ ഭൂപ്രകൃതി അനുസരിച്ച് അഞ്ച് മേഖലകളായി തിരിക്കാം.

1. തീരസമതലം
2. സമതലം
3. ഉയർന്ന സമതലം
4. ചതുപ്പ് നിലം
5. ഇടത്തരം ചരിവുകൾ

ഒന്ന് മുതൽ ഏഴ് കൂടിയ വാർഡുകളിലാണ് തീര സമതലം ഉള്ളത്. എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള വാർഡുകൾ ഉൾകൊള്ളുന്ന പ്രദേശങ്ങൾ സമതലമാണ്. 13, 14 വാർഡുകളിലാണ് ഉയർന്ന സമതലമുള്ളത്. ഈ വാർഡുകളിൽ തന്നെ ഇടത്തരം ചരിവുകളും കാണപ്പെടുന്നു. ചതുപ്പ് നിലങ്ങൾ 3,5,11,13,14,15 എന്നീ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. ഉള്ളണം മുണ്ടിയാൻകാവ്, നെടുവയിലെ പൂതത്താൻകുന്ന് എന്നീഭാഗങ്ങളാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. മണൽ, ചെമ്മണ്ണ്, കളിമണ്ണ് എന്നീ വിധമാണ് മണ്ണിൻെറ ഘടന. ചതുപ്പ് നിലം പൊതുവെ ഫലഭൂയിഷ്ടമാണെങ്കിലും സമതലം അങ്ങിനെയല്ല.

സാധാരണപോലെ ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് ഏപ്രിൽ, മെയ് മാസങ്ങളിലും. കടലുണ്ടി പുഴ, കീരനല്ലൂർ പുഴ, പൂരപ്പുഴ, കൽപ്പുഴ എന്നിവയാണ് നദീതടങ്ങൾ . ഇവയ്ക്ക് പുറമെ കുളങ്ങളും തോടുകളുമാണ് മറ്റു പ്രധാന ജല സ്രോതസ്സുകൾ.

ഉള്ളണം മുണ്ടിയാൻകാവ്, നെടുവ പൂതത്താൻ കുന്ന് എന്നീ ഭാഗങ്ങളിലാണ് ഏറ്റവും കൂടുതൽ ജ

| നമ്പർ | പ്രധാനകുളങ്ങൾ | നമ്പർ | തോടുകൾ |
|---|---|---|---|
| 1 | പുതുക്കുളം | 1 | കല്ലുങ്ങൽ തോട് |
| 2 | പള്ളികുളം | 2 | വാലൻതോട് |
| 3 | ചാരക്കുളം | 3 | മുറിത്തോട് |
| 4 | ആവിക്കുളം | 4 | കഞ്ഞിത്തോട് |
| 5 | ഊർപ്പായി ചിറ | 5 | ആഞ്ഞിൽതോട് |
| 6 | പൂവ്വാച്ചിക്കുളം | | |
| 7 | നീർനാഴിക്കുളം | | |

## തൊഴിൽ സംബന്ധിച്ച വിവരം.

| നമ്പർ | ഇനം | പുരുഷൻ എണ്ണം | സ്ത്രീ എണ്ണം | ആകെ |
|---|---|---|---|---|
| 1. | മുഖ്യ തൊഴിലെടുക്കുന്നവർ | 10632 | 1183 | 11815 |
| 2. | ഭാഗിക തൊഴിൽ | 532 | 466 | 998 |
| | ആകെ- | 11,164 | 1,649 | 12,813 |
| | തൊഴിൽ പങ്കാത്ത നിരക്ക് | 19.69 | 2.19 | 21.88 |

## തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ

| നമ്പർ | തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | % |
|---|---|---|---|---|---|
| 1. | കർഷകർ | 507 | 20 | 527 | 4.46 |
| 2. | കർഷക തൊഴിലാളികൾ | 1049 | 214 | 1263 | 10.69 |
| 3. | മത്സ്യബന്ധനവും മൃഗപരിപാലനവും | 2947 | 43 | 2990 | 25.31 |
| 4. | ഖനനം-പാറപൊട്ടിക്കൽ | 23 | – | 23 | .19 |
| 5. | കുടിൽവ്യവസായം | 147 | 193 | 340 | 2.88 |
| 6. | കുടിലേതര വ്യവസായം | 931 | 63 | 994 | 8.41 |
| 7. | കെട്ടിട, റോഡ്നിർമ്മാണം. | 741 | 15 | 756 | 6.40 |
| 8. | വാണിജ്യം, വ്യാപാരം | 2257 | 56 | 2313 | 19.58 |
| 9. | ഗതാഗതം, വാർത്താവിനിമയം | 717 | 10 | 727 | 6.15 |
| 10. | മറ്റുമേഖലകൾ | 1313 | 569 | 1882 | 15.93 |
| | ആകെ | 10,632 | 1,183 | 11,815 | 100 |

അവലംബം : സെൻസസ് റിപ്പോർട്ട്-1991

ല ദൗർലഭ്യമുള്ളത്. തീര പ്രദേശത്തിനടുത്ത സ്ഥലങ്ങളിൽ സ്വാഭാവികമായും വെള്ളത്തിന് ഉപ്പ് രസം അനുഭവപ്പെടുന്നു. കാലവർഷം ശക്തി പ്രാപിക്കുമ്പോൾ കടൽ വെള്ളം പൂരപ്പുഴയിലേക്കൊഴുകി ഉപ്പ് രസം കലരുന്നുണ്ട്.

നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറികൾ എന്നിവയാണ് പഞ്ചായത്തിലെ മുഖ്യ വിളകൾ.

(അവലംബം: പഠന പര്യടനം)

1991-ലെ സെൻസസ് പ്രകാരം പരപ്പനങ്ങാടിയിലെ ജനസഖ്യ 53979 ആണ്. ഇതിൽ 27784 സ്ത്രീകളും 26195 പുരുഷന്മാരുമുണ്ട്. പുരുന്മാരെ അപേക്ഷിച്ച് 1589 സ്ത്രീകൾ കൂടുതലാണ്. മൊത്തമുള്ള 7410 വീടുകളിൽ ശരാശരി വീടൊന്നിന് 7.24 എന്ന തോതിൽ ആളുകൾ താമസിക്കുന്നു. ജനസാന്ദ്രത കി. മീ ഒന്നിന് 2426 ആണ്. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 9916 ഇതിൽ 5083 ആൺ കുട്ടികളും 4833 പെൺ കുട്ടികളുമാണ്. 2994 പട്ടിക ജാതിക്കാരിൽ 1472 പുരുഷൻമാരും 1522 സ്ത്രീകളുമുണ്ട്. ഒരു സ്ത്രീ പട്ടിക വർഗ്ഗത്തിലും പെടുന്നു. മൊത്തം ജനസംഖ്യയിൽ 19205 പുരുഷൻമാരും 18461 സ്ത്രീകളും സാക്ഷരരാണ്. ഇവരുടെ ശതമാനം 85.48 ആകുന്നു.

1991-ലെ സെൻസസ് പ്രകാരം 53979 ആണ് ജനസംഖ്യയെങ്കിലും 1996 ൽ നടന്ന സാമൂഹ്യക്ഷേമ സ്ഥിതി വിവരകണക്ക് പ്രകാരം ഇത് 57372 ആണെന്ന് കണക്കാക്കുന്നു. ജനസംഖ്യയിലെ 10632 പുരുഷൻമാരും 1183 സ്ത്രീകളും മുഖ്യതൊഴിലെടുക്കുന്നവരാണ്.

സർക്കാർ-അർദ്ധസർക്കാർ മേഖലയിൽ തൊഴിലെടുക്കുന്നവർ എന്ന സങ്കൽപ്പത്തിൽ വിലയിരുത്തുമ്പോൾ പഞ്ചായത്തിലെ അഭ്യസ്ഥവിദ്യരിൽ 80 ശതമാനവും തൊഴിൽ രഹിതരാണെന്നു പറയാം.

ജാതിപരമായ ഉച്ചനീചത്വങ്ങളൊന്നു തന്നെ പഞ്ചായത്തിലില്ല. എല്ലാവിഭാഗം ജനങ്ങൾക്കിടയിലും പരസ്പര സൗഹാർദ്ദവും രഞ്ജിപ്പും മാതൃകാപരമായി നിലനിന്നുപോരുന്നു.

# ഭൂപ്രകൃതിയും വിഭവങ്ങളും

(അവലംബം: പഠന പര്യടനം.)

വടക്ക് — തെക്ക്

| | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചതുപ്പ് | നെൽപ്പാടം | തട്ടുതട്ടായ പ്രദേശം | പാറ | നെൽപ്പാടം | ചതുപ്പ് | വളക്കൂറില്ലാത്ത മണ്ണ് | വളക്കൂറുള്ള മണ്ണ് |
| മൺതരം. | ചരൽ | എക്കൽ മണ്ണ് | ചുവന്ന മണ്ണ് | ചെങ്കൽപ്പാറ | എക്കൽ മണ്ണ് | തരി മണ്ണ് | പൂഴി മണൽ | പൂഴി മ[illegible] |
| കൃഷി | തെങ്ങ് വാഴ കവുങ്ങ് | നെല്ല് (ഒരു പൂവൽ) | തെങ്ങ് വാഴ കവുങ്ങ് | ചന്ദനം കശുവണ്ടി തേക്ക്, തെങ്ങ് | നെല്ല് (ഒരു പൂവൽ) | വയൽ നികത്തി തൈ വെച്ചി- രിക്കുന്നു | (വാഴ, കവുങ്ങ്) | [illegible] |
| ജലലഭ്യത. | ലഭ്യം | ലഭ്യം | ലഭ്യം | ലഭ്യത കുറവ് | ലഭ്യം | ലഭ്യം | ലഭ്യം | ഉപ്പു[illegible] |



# കൃഷിയും ജലസേചനവും

ഭൂമി പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത് ചെറമംഗലത്ത് മന, പരപ്പനാട്ട് കോവിലകം, ആഴ്വാഞ്ചേരി മന, തൃക്കേക്കാട്ട് മഠം, ഉള്ളണം ദേവസ്വം, വെണ്ണേക്കാട്ട് തലാശ്ശേരി അമ്മാറമ്പത്ത്, കിഴക്കിനിയകത്ത്, അച്ചമ്പാട്ട് കുടുംബങ്ങളായിരുന്നു. ഭൂപരിഷ്കരണനിയമത്തെത്തുടർന്ന് കുടിയാന്മാർ ധാരാളമായി ജന്മിമാരാകുകയും കൃഷിഭൂമി കർഷകന് വന്നുചേരുകയും കാർഷിക മേഖലയിൽ അഭിവൃദ്ധിയുണ്ടാവുകയും ചെയ്തു. ഈ മഹത്തായ മാറ്റം ജീവിതത്തിന്റെ സമസ്തമേഖലകളിലും ചലനങ്ങളുണ്ടാക്കിയിട്ടുണ്ട്.

ആദ്യകാലത്ത് കൃഷിയും അനബന്ധമേഖലകളിലും ബന്ധപ്പെട്ടായിരുന്നു ജനങ്ങളുടെ വരുമാനമാർഗം. കാലക്രമേണ കാർഷികോത്പാദനചെലവിലുണ്ടായ ഗണ്യമായ വർദ്ധനവും ഉല്പാദനക്ഷമതയില്ലായ്മയും കാരണം കാർഷികമേഖലയിൽ മന്ദീഭാവം അനുഭവപ്പെട്ട് വരുന്നുവെങ്കിലും ഭൂരിഭാഗം പ്രദേശത്തും ഇന്നും സാധാരണപോലെ കൃഷി ചെയ്തുവരുന്നുണ്ട്, വിളവുകളിൽ ഗണ്യമായ മാറ്റം വന്നുവെങ്കിലും പഴയകാലത്തെ കൃഷി സംബന്ധമായ വിവരങ്ങൾ പട്ടിക 1-ൽ ചേർക്കുന്നു.

പഞ്ചായത്തിലെ മുഖ്യകൃഷി തെങ്ങ്, നെല്ല്, കവുങ്ങ്, വാഴ, കപ്പ, പച്ചക്കറികൾ എന്നിവയാണ്. പഞ്ചായത്തിൽ നെടുവ, പരപ്പനങ്ങാടി എന്നീ രണ്ട് വില്ലേജുകളാണുള്ളത്. ഇതിൽ തെങ്ങുകൃഷിയൊഴികെ മറ്റെല്ലാ കൃഷികളും നെടുവ വില്ലേജിലാണ് പ്രധാനമായും വ്യാപിച്ചിരിക്കുന്നത് നെല്ല് കൃഷി ചെയ്യപ്പെടുന്നത് 305 ഹെക്ടറിലാണ്. 897 ഹെക്ടർ തെങ്ങിൻതോട്ടമാണ്. 16 ഹെക്ടർ സ്ഥലം പുറംപോക്കാണ്. കൃഷിയോഗ്യമായ തരിശുനിലം 1.34 ഹെക്ടറും കൃഷിയോഗ്യമല്ലാത്തത് 142 ഹെക്ടറുമാണ്. പരപ്പനങ്ങാടി വില്ലേജിൽ 35-40 ഹെക്ടർ മാത്രമേ ഇപ്പോൾ നെൽകൃഷിയുള്ളൂ. ഏപ്രിൽ - മെയ് - ജൂൺ മാസങ്ങളിലെ വിരുപ്പ്, ആഗസ്റ്റ്-സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലെ മുണ്ടകൻ, ജനുവരി - ഫിബ്രവരി - മാർച്ച് മാസങ്ങളിലെ പുഞ്ച എന്നിങ്ങനെ മൂന്നു വിളകളായാണ് (പൂവലുകകൾ) നെൽകൃഷി നടത്തപ്പെടുന്നത്.

## പട്ടിക 1
## കൃഷി സംബന്ധമായ വിവരങ്ങൾ
(1931 –ലെ റവന്യൂസെറ്റിൽമെന്റ് രേഖ)

| ഇനം | വിസ്തീർണ്ണം | | | |
|---|---|---|---|---|
| | പരപ്പനങ്ങാടി വില്ലേജ് | | നെടുവ വില്ലേജ് | |
| | നെടുവ അംശം | പരപ്പനങ്ങാടി അംശം | നെടുവ അംശം | ഉള്ളണം അംശം |
| | ഏക്കർ സെന്റ് | ഏക്കർ സെന്റ് | ഏക്കർ സെന്റ് | ഏക്കർ സെന്റ് |
| നെല്ല് | 127.62 | 144.08 | 816.37 | 1075.50 |
| അനുബന്ധ കൃഷികൾ (ഇതേ ഭൂമിയിൽ) | - | - | - | 86.93 |
| രാഗി | - | - | 38.00 | 3.50 |
| ചാമ | 0.18 | 1.15 | 0.45 | 25.00 |
| തുവര | 0.16 | 0.12 | 16.00 | 17.57 |
| **എണ്ണ വിത്തുകൾ** | | | | |
| എള്ള് | - | - | - | 25.00 |
| നിലക്കടല | 0.31 | 0.20 | - | 4.00 |
| തേങ്ങ | 632.72 | 628.53 | 1160.73 | 365.00 |
| **സുഗന്ധവിള** | | | | |
| കുരുമുളക് | 0.11 | 0.10 | - | 15.00 |
| ഇഞ്ചി | - | - | 3.00 | 2.00 |
| മറ്റുള്ളവ | 3.45 | 6.15 | 9.00 | 3.00 |
| **പഞ്ചസാര** | | | | |
| പനഞ്ചക്കര | - | - | 2.00 | 4.00 |
| **ഡ്രഗ്സ് ആന്റ് നാർക്കോട്ടിക്സ്** | | | | |
| വെറ്റില | - | - | - | 4.00 |
| അടയ്ക്ക | 4.58 | 18.20 | 26.00 | 161.30 |
| **പഴങ്ങളും പച്ചക്കറികളും** | | | | |
| വാഴപ്പഴം | 16.14 | 4.38 | 13.00 | 34.00 |
| ചക്ക | 1.80 | 3.42 | 35.00 | 72.00 |
| മാങ്ങ | 1.65 | 2.67 | 12.00 | 32.00 |
| **ഭക്ഷ്യേതര വിളകൾ** | | | | |
| മുള –മേച്ചിൽ പുല്ല് | 6.12 | 11.70 | 29.00 | 7.00 |

പഴയ കാലത്തെ ചീര, പൊന്നാര്യൻ, നായരുവിത്ത്, ചിറ്റേനി, നകര, കൊടിയൻ, തെക്കൻ, മൂടൻ, തവളക്കണ്ണൻ, പള്ളിയാറൽ, വെട്ടൻ, ആര്യൻ, കുട്ടാടൻ, ചെറിയതെക്കൻ എന്നീ പരമ്പരാഗത വിത്തിനങ്ങളുടെ സ്ഥാനം ഇടക്കാലത്ത് ശാസ്ത്രം നിരന്തര പരീക്ഷണങ്ങളിലൂടെ ഉരുത്തിരിച്ചെടുത്ത ഐ.ആർ. എട്ട്, കൾച്ചർ, ജ്യോതി കൾച്ചർ, OTP എന്നിവയും, തുടർന്ന് ത്രിവേണി (ചുവപ്പും വെളുപ്പും), കാഞ്ചന, ഭാരതി, പൊന്നി, രോഹിണി എന്നീ അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ കൈയടക്കിയിരിക്കുന്നു. വൈക്കോൽ കുറവാണെങ്കിലും മേനി കൂടുതലും ചുരുങ്ങിയ കാലംകൊണ്ട് കൊയ്ത് കയറാമെന്നതും പുതിയ സങ്കരയിനങ്ങൾ തെരഞ്ഞെടുക്കാൻ കർഷകനെ നിർബന്ധിക്കുന്നു. എന്നാൽ കാര്യമായ ജലസേചനപദ്ധതികളുടെ അഭാവംമൂലം കാലവർഷത്തെ മാത്രം ആശ്രയിക്കേണ്ട കൃഷിരീതിയായതിനാൽ പാലത്തിങ്ങൽ, ചീർപ്പിങ്ങൽ, കൊട്ടന്തല, കോണിപ്പാടം ഭാഗങ്ങളിൽ ഇന്നും പഴയ വിത്തിനങ്ങൾ തന്നെയാണ് ഉപയോഗിച്ചു വരുന്നത്.

ജനസാന്ദ്രത വർദ്ധിച്ചതുകാരണം പാർപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതിനും മറ്റും പാടങ്ങൾ നികത്തുന്ന പ്രവണത സമീപകാലത്തായി കൂടിവരികയാണ്. ഓട്ടുകമ്പനികൾ കവിഞ്ഞ തോതിൽ മണ്ണെടുത്തതും കൃഷിഭൂമിയുടെ വിസ്തീർണം കുറയാൻ കാരണമായിട്ടുണ്ട്.

മുൻകാലങ്ങളിൽ ഒന്നിലധികം പൂവൽ ഹ്രസ്വകാലവിളകൾ കൃഷി ചെയ്തിരുന്ന പ്രദേശങ്ങളിൽ ഇവയ്ക്കുപകരം തെങ്ങ് കവുങ്ങ് തുടങ്ങിയ ദീർഘകാലവിളകൾ കൃഷി ചെയ്യപ്പെടുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാന നെല്ലുല്പാദനകേന്ദ്രമായ ഉള്ളണം പ്രദേശത്ത് ആവർത്തിച്ചുള്ള ഉല്പാദനത്തിന് പകരം സീസൺ അനുസരിച്ച് വാഴ, പച്ചക്കറി, എള്ള് എന്നിവ കൃഷി ചെയ്തുവരുന്നു.

ഇടക്കാലത്ത് സഹകരണാടിസ്ഥാനത്തിൽ മൾബറി കൃഷി ആരംഭിച്ചെങ്കിലും പ്രായോഗികരംഗത്ത് പരാജയപ്പെടുകയാണുണ്ടായത്.

വളരെ അപൂർവം ചില കൃഷിക്കാർ തങ്ങളുടെ ഭൂമിയിലെ മണ്ണ് പരിശോധിപ്പിച്ചിട്ടുള്ളതൊഴിച്ചാൽ പഞ്ചായത്തിൽ ബഹുഭൂരിഭാഗം പ്രദേശത്തേയും മണ്ണ് ശാസ്ത്രീയമായ പരിശോധനാക്രമങ്ങൾക്ക് വിധേയമായിട്ടില്ല.

പഞ്ചായത്തിലെ വിള വിസ്തീർണവും ഉല്പാദനവും സംബന്ധിച്ചുള്ള വിവരം പട്ടിക 2-ൽ ചേർക്കുന്നു.

## രോഗങ്ങളും കീടബാധകളും

നെൽകൃഷിക്ക് എല്ലാ പൂവലുകളിലുമായി കണ്ടുവരുന്ന പ്രധാനരോഗങ്ങൾ ബ്ലാസ്റ്റ് (കുലവാട്ടം), തണ്ടുചീയൽ എന്നിവയാണ്. കീടങ്ങളിൽ തണ്ടുതുരപ്പന്റെ ആക്രമണമാണ് പ്രധാനം. ഓലചുരുട്ടി, കുഴൽപ്പുഴു എന്നിവയുടേയും വളരെ അപൂർവമായി മുഞ്ഞയുടേയും ആക്രമണവുമുണ്ട്.

തെങ്ങുകൃഷിക്ക് കൂടുതലായും കാണപ്പെടുന്ന രോഗം കൂമ്പുചീയൽ (ബഡ് റൂട്ട്), ചെന്നീരൊലിപ്പ് (സ്റ്റെം ബ്ലീഡിംഗ്) എന്നിവയാണ്. ആക്രമണം നടത്തുന്ന പ്രധാന കീടങ്ങൾ കൊമ്പൻചെല്ലി(റൈനോസിറസ് ബീറ്റ്ൽ), ചെമ്പൻ ചെല്ലി (റെഡ് പാം വീവ്ൽ), പൂക്കുലചാഴി(കോറിഡ്ബഗ്), വേരുതീനിപ്പുഴു (റൂട്ട് ഗ്രബ്), തെങ്ങോലപ്പുഴു (ബ്ലാക്ക് ഹെഡഡ് കാറ്റർ പില്ലർ), മീലിബെഗ് എന്നിവയാണ്.

കവുങ്ങുകൃഷിക്ക് നാശകരമായി തീരുന്നത് മഹാളിരോഗമാണ്. വാഴകൃഷിക്ക് വരുന്ന ഏറ്റവും ആപൽക്കരമായ രോഗമാണ് കൊക്കാൻ. ഏതു പ്രായത്തിലും ഈ രോഗം ബാധിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. പഞ്ചായത്തിൽ ഈ രോഗം ധാരാളമായി കണ്ടുവരുന്നു. ഫലവത്തായ ഒരു മരുന്നും ഇതിനെതിരെ കണ്ടുപിടിച്ചിട്ടില്ല. ഈ രോഗത്തെ പല നാടൻ കൃഷിക്കാരും മഹാളി ഗണത്തിലാണ് പെടുത്തുന്നത്. കൂമ്പടയൽ (ആയിരം തൂമ്പ്) ആണ് മറ്റൊരു പ്രധാനരോഗം. ഇലപ്പുള്ളി രോഗ(സിഗഗോക്ക്)വും കാണപ്പെടുന്നുണ്ടെങ്കിലും ഗുരുതരമല്ല. ബോർഡോമിശ്രിതംകൊണ്ട് നിയന്ത്രിക്കാവുന്ന ഒരു സാധാരണരോഗമാണിത്.

പച്ചക്കറികൃഷിക്കുള്ള ഭീഷണി പ്രധാനമായും കുമിൾ ബാധയിൽനിന്നാണ്.

കടലോരവും കായലോരവുമാണ് തെങ്ങിന് ആവശ്യമായ വിശിഷ്ടഭൂപ്രകൃതി. പരപ്പനങ്ങാടി പഞ്ചായത്ത് ഇക്കാര്യത്തിൽ അനുഗ്രഹീതമായ പ്രദേശമാണ്. പടിഞ്ഞാറ് പൂർണമായും കടലോരവും തെക്കുകിഴക്ക് ഭാഗങ്ങൾ ഒട്ടേറെയും പുഴയോരങ്ങളുമാണ്. പൊതുവേ തെങ്ങുകൃഷിക്ക് ഊന്നൽ നൽകുകയും നല്ല പരിചരണം നൽകുകയും ചെയ്യു

## പട്ടിക 2
## വിള വിസ്തീർണ്ണവും ഉൽപ്പാദനവും
### (കൃഷിഭവൻ രേഖ)

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉൽപ്പാദനം 1 ഹെക്ടറിന് | |
|---|---|---|---|
| നെല്ല് – ഒന്നാം വിള | 100 | 3500 | കിലോ |
| നെല്ല് – രണ്ടാം വിള | 165 | 4500 | കിലോ |
| നെല്ല് – മൂന്നാം വിള | 250 | 4000 | കിലോ |
| പയർ | 5 | 4000-500 | കിലോ |
| എള്ള് | 5 | 200 | കിലോ |
| പച്ചക്കറികൾ | 15 | 2000 | കിലോ |
| തെങ്ങ് | 1000 | 21600 | എണ്ണം |
| കവുങ്ങ് | 20 | 5335 | കിലോ |
| വാഴ | 25 | 25000 | കിലോ |
| മരച്ചീനി | 2 | 20000 | കിലോ |
| കുരുമുളക് | 6 | 307 | ടൺ |
| പ്ലാവ് | 2 | 50-100 | കിലോ |
| മാവ് | 2 | 100-200 | കിലോ |
| കശുമാവ് | 5 | 900 | കിലോ |

ന്നുണ്ടിവിടെ. എന്നാൽ നാളികേരവിലയുടെ ഏറ്റക്കുറച്ചിലിനനുസരിച്ച് ശ്രദ്ധയിൽ വ്യത്യാസമുണ്ട് എന്നതൊരു വസ്തുതയാണ്. വേരുമുതൽ കരിമ്പുവരെ തെങ്ങിന്റെ ഏതു ഭാഗമെടുത്താലും ഒന്നും ഉപയോഗശൂന്യമായി കാണില്ല. ഭക്ഷ്യാവശ്യത്തിനും ഇന്ധനാവശ്യത്തിനുമായി ഇത്രയേറെ ഉപയോഗപ്രദമായ മറ്റൊരു വൃക്ഷം ഇല്ലതന്നെ. ഈ അറിവ് നൂറ്റാണ്ടുകളായി കൺമുന്നിലുണ്ടായിട്ടും തെങ്ങിനെ നാം വേണ്ടത്ര ഇന്നും സ്നേഹിക്കുന്നില്ല. കായ്ഫലം തരുന്ന പ്രായംവരെയെങ്കിലും ഇടയ്ക്കിടെ നിരീക്ഷിക്കുകയും പരിചരിക്കുകയും ചെയ്താൽ കൃഷിവിദഗ്ധരുടെ സഹായമില്ലാതെതന്നെ പല കീടബാധകളിൽനിന്നും യഥാസമയം നമുക്ക് മിക്കതെങ്ങുകളേയും രക്ഷപ്പെടുത്താനാവും. വളമിടുന്ന രീതിയിലും കൃഷിക്കാർ പിശുക്കു കാണിക്കുന്നു എന്നാണ് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ ആക്ഷേപം. വർഷത്തിലൊരിക്കൽ തെങ്ങ് ഒന്നിന് ഒരു ചാക്ക് കോഴിക്കാഷ്ഠം എന്ന തോതിലാണ് ഇവിടെയിപ്പോൾ വളമിട്ടു കാണുന്നത്. അത് ജലസേചനസൗകര്യമുള്ള സ്ഥലത്ത് വർഷത്തിൽ രണ്ടുതവണയായി ഇരട്ടി വളം ചെയ്യണമെന്നാണ് അവരുടെ നിർദേശം.

ശരാശരിയിലും മികച്ച കായ്ഫലമുള്ള തെങ്ങുകളാണ് ഇവിടെ എന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ ചൂണ്ടിക്കാണിക്കുന്നു. തെങ്ങ് ഒന്നിന് വർഷത്തിൽ 100 നാളികേരം ലഭിക്കുമെന്ന് അവർ കണക്കുകൾ ഉദ്ധരിച്ച് അവകാശപ്പെടുന്നു. ഈ തോത് അല്പംകൂടി ശ്രദ്ധിച്ചാൽ ഇനിയും വർദ്ധിക്കുമെന്നും അവർക്ക് അഭിപ്രായമുണ്ട്. തെങ്ങുകൃഷിയെപ്പറ്റി ചിന്തിക്കുമ്പോൾ ഉദ്യോഗസ്ഥരും കർഷകരും കൂടുതൽ നാളികേരമുണ്ടാക്കുന്നതിനെപ്പറ്റി മാത്രമേ ഓർക്കാറുള്ളൂ. പ്രായമായ, അതായത് നല്ല മൂപ്പുള്ള (നാട്ടിൽ ചമ്പ എന്നു വിളിക്കപ്പെടുന്ന) തെങ്ങിൻതടികൾ ഗൃഹനിർമാണത്തിന് ഉപയോഗിക്കുന്നതിനെക്കുറിച്ച് ആരും ഗൗനിക്കുന്നില്ല. സാധാരണയിലും താഴെക്കിടയിലുള്ള അപൂർവം ആളുകൾ മാത്രമേ അതും പഴയ മാതൃകയിലുള്ള മേക്കൂട്ടിനായി – തെങ്ങ് അന്വേഷിക്കാറുള്ളൂ. ആധുനിക മാതൃകയിൽ വീടുപണിയുമ്പോൾ ഇപ്പോൾ ഉപയോഗിച്ചുവരുന്ന പ്ലാവ്, തേക്ക്, വീട്ടി എന്നീ വിലകൂടിയ തടികൾക്കുവേണ്ടി ഓടാതെ വളരെ ലാഭകരമായ രീതിയിൽ തെങ്ങുകൊണ്ട് വാതിലും ജനലും നിർമിക്കാൻ ആരും ശ്രമിക്കുന്നില്ല. ഒരു വാതിലിന്റെ വിലയിൽ മാത്രം 1500 രൂപയുടെ വ്യത്യാസം പ്ലാവിനും തെങ്ങിനും തമ്മിൽ ഉണ്ട്. പക്ഷേ തെങ്ങുവാതിൽ പലരും രണ്ടാം തരമായിട്ടാണ് കണക്കാക്കുന്നത്. തെങ്ങായാൽ ഒരന്തസ്സുകുറവ് പോലെ. ഈ മനോഭാവമൊന്ന് മാറ്റിയെടുത്താൽ മതി നല്ല മൂത്തതെങ്ങിനൊളം ഈട് നിൽക്കുന്ന ഒരു വൃക്ഷവുമില്ല എന്നും പണിക്കുറ തീർന്നാൽ, ചന്തത്തിന്റെ കാര്യത്തിലും തെങ്ങ് ഒന്നിനും താഴെയല്ല എന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ വിധം തടിയുടെ പ്രാധാന്യം മനസ്സിലാക്കാൻ ശ്രമിക്കാത്തതുകൊണ്ട് വെറും വിറകിന്റെ ആവശ്യത്തിനായി മാത്രം തെങ്ങുകൾ പാഴായിപ്പോകുന്നു.

ഇന്ന് രോഗം വന്നാൽ കൃഷിയുടമ അയാളുടെ സ്ഥലത്തുമാത്രം നിവാരണനടപടികൾ സ്വീകരിക്കുന്ന രീതിയാണിവിടെ. ഈ വിധമാകുമ്പോൾ തൊട്ടടുത്ത സ്ഥലത്തുള്ള കീടങ്ങൾ നിവാരണനടപടി എടുത്ത സ്ഥലത്തേക്ക് ക്രമേണ വ്യാപിക്കുന്നു. ഈ അപാകത പരിഹരിക്കാൻ പഞ്ചായത്തിലങ്ങോളമിങ്ങോളമൊരു ന്യൂക്ലിയർടാസ്ക് ഫോഴ്സിനെ എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടി ഒരേ സമയത്ത് നിവാരണനടപടികൾ കൈക്കൊള്ളുന്നതിനെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ വിധം മാസ് ആക്ഷൻ ഉണ്ടായാൽ പഞ്ചായത്തതിർത്തികളിൽ മാത്രമേ (പരപ്പനങ്ങാടിയിൽ രണ്ടു ഭാഗം കടലും പുഴകളുമാണ്.) വീണ്ടും ശ്രദ്ധിക്കേണ്ടതായി വരികയുള്ളൂ. ഇതിനായി ഏർപ്പെടുത്തുന്ന ടാസ്ക്ഫോഴ്സ് തയാറുള്ള യുവാക്കൾക്ക് തൊഴിലവസരം നൽകും. ചെലവ് കൂട്ടായി കർഷകരിൽനിന്ന് ഈടാക്കാനും മറ്റുമുള്ള നേതൃത്വപരമായ പങ്ക് പഞ്ചായത്തിനോ തെരഞ്ഞെടുക്കപ്പെട്ട സമിതികൾക്കോ വഹിക്കാവുന്നതാണ്.

## വളം കീടനാശിനികൾ

കൃഷിക്കുപയോഗിക്കുന്ന വളത്തിന്റെ 80 ശതമാനവും രാസവളമാണ്. പരപ്പനങ്ങാടി കോ-ഓപ്പറേറ്റീവ് സർവീസ് ബാങ്കിന്റെ കീഴിൽ ഉള്ളണത്ത് പ്രവർത്തിക്കുന്ന സഹകരണമേഖലയിലെ ഒന്നും സ്വകാര്യമേഖലയിലെ 3- ഉം കൂടി ആകെ 4 രാസവള വിപണനകേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. യൂറിയ, പൊട്ടാഷ്, 8:8:16, 10:5:20, 18:18:18,

17:17:17 എന്നിവയാണ് പ്രധാന രാസവളങ്ങൾ. ജൈവവളത്തിൽ ചാണകം, കോഴിക്കാഷ്ഠം, ആട്ടിൻകാഷ്ഠം, വേപ്പിൻപിണ്ണാക്ക, കടലപ്പിണ്ണാക്ക്, മത്സ്യവളം, പച്ചിലവളം, ചാരം എന്നിവയ്ക്കാണ് പ്രാമുഖ്യം. രാസവളം -കീടനാശിനി വിപണനം സംബന്ധിച്ചവിവരം പട്ടിക 3-ൽ കൊടുത്തിരിക്കുന്നു.

അമിതമായ രാസവളപ്രയോഗംകൊണ്ട് മണ്ണും മണ്ണിലെ ജൈവമൂലകങ്ങളുമായുള്ള ബന്ധം നഷ്ടപ്പെടുകയും അമിതവും നിരന്തരവുമായ രാസപ്രയോഗമില്ലാതെ ഉല്പാദനം മെച്ചപ്പെടുത്താൻ കഴിയുകയില്ല എന്ന അവസ്ഥ സംജാതമാകുകയും ചെയ്തിരിക്കുന്നു. ഈ അവസ്ഥയിൽ രോഗാണുബാധ വർദ്ധിക്കുകയും കീടനാശിനിപ്രയോഗം ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി മാറുകയുമാണ്. ചുരുക്കിപ്പറഞ്ഞാൽ പ്രകൃതിദത്തമായ മണ്ണ് നമുക്ക് കൈമോശം വന്നിരിക്കുന്നു.

ഹ്രസ്വകാലവിളകൾക്കാണ് പ്രധാനമായും കീടനാശിനി ഉപയോഗിച്ചുവരുന്നത്. വാഴ, പച്ചക്കറി എന്നിവയ്ക്ക് അമിതമായ കീടനാശിനി പ്രയോഗിക്കുന്നതിനാൽ ഉല്പന്നങ്ങളുടെ ഗുണനിലവാരം മോശമാകുന്നു. ശാസ്ത്രീയമായി കീടനാശിനി തളിക്കുന്നതിനും വളം പ്രയോഗിക്കുന്നതിനും കർഷകർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്.

## കാർഷികോപകരണങ്ങൾ

ആദ്യകാലങ്ങളിൽ നിലമുഴുന്നതിന് ഉഴവുകാളകളേയും (മൂരി) പോത്തുകളേയുമാണ് ഉപയോഗിച്ചിരുന്നത്. ട്രില്ലർ, ട്രാക്ടർ എന്നീ കാർഷികയന്ത്രങ്ങൾ പ്രചാരത്തിൽ വന്നതോടെ നാടൻ രീതിയിലുള്ള ഉഴവ് (പൂട്ട് -ഊർച്ച) അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. സ്വന്തം ആവശ്യത്തിന് അപൂർവം കർഷകർ ഇന്നും ഉഴവുകാളകളെ ഉപയോഗിക്കുന്നുണ്ട്. കന്നുപൂട്ടി ഉപജീവനം കഴിച്ചിരുന്ന അനേകങ്ങൾക്ക് തൊഴിലില്ലാതായിട്ടുണ്ട്. എന്നാൽ നവീനരീതിയിലുള്ള കാർഷികോപകരണങ്ങളുടെ ഉപയോഗം പ്രചാരമായതോടെ ഉല്പാദന വർദ്ധനവിൽ ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ട്.

## പാടശേഖരസമിതി

പഞ്ചായത്തിൽ 6 പാടശേഖര സമിതികൾ നിലവിലുണ്ടെന്ന് സർക്കാർ രേഖകൾ പറയുന്നു. കർഷകരുടെ കൂട്ടായ്മ ഉറപ്പുവരുത്തുന്നതിനായി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ രൂപീകൃതമായിട്ടുള്ള സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രധാന പാടശേഖരസമിതികൾ 1. ഉള്ളണം തെക്കുംപാടം, 2. കോണിപ്പാടം, 3. പൂരപ്പുഴ, 4. ഉള്ളണം പടിഞ്ഞാറുംഭാഗം 5. കുണ്ടുംപാടം പച്ചരിപ്പാടം 6. ഉള്ളണം കിഴക്കുംപാടം എന്നിവയാണ്.

എട്ടാം പദ്ധതിക്കാലത്ത് കൃഷിഭവൻ മുഖേന പഞ്ചായത്തിൽ വിതരണം ചെയ്ത വിവിധ സഹായങ്ങളുടെ വിവരം പട്ടിക 5-ൽ കൊടുത്തിരിക്കുന്നു.

1991-ലെ സെൻസസ് അനുസരിച്ച് 527 കർഷകരും 1263 കർഷകത്തൊഴിലാളികളും ഈ പഞ്ചായത്തിലുണ്ട്. കർഷകരിൽ 507 പുരുഷന്മാരും 20 സ്ത്രീകളുമാണ്. കർഷകത്തൊഴിലാളികളിൽ 1049 പുരുഷന്മാരും 214 സ്ത്രീകളും ഉണ്ട് കാർഷികമേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. കൊയ്യാനും കറ്റകെട്ടി വയലിന് പുറത്തെത്തിക്കാനുമാണ് ഏറെ വിഷമം. നെൽകൃഷി പാടെ ഉപേക്ഷിക്കാനോ കൃഷിത്തട്ടകം മാറ്റിച്ചവിട്ടാനോ കർഷകനെ നിർബന്ധിതനാക്കുന്ന ഏറ്റവും പ്രധാനഘടകം തൊഴിലാളികളെ കിട്ടാനുള്ള പ്രയാസം തന്നെയാണ്. കാർഷികവൃത്തിയോടുള്ള താല്പര്യക്കുറവും തൊഴിൽ മനോഭാവത്തിൽത്തന്നെ വന്ന മാറ്റവും കാർഷികരംഗത്തെ തൊഴിലാളികളുടെ ദൗർലഭ്യത്തിന് മുഖ്യകാരണമാണ്. തൊഴിലാളികളെ ലഭിക്കാത്തതിനുള്ള മറ്റൊരു കാരണം വയലുകളിൽ നിരന്തരം കീടനാശിനികൾ ഉപയോഗിക്കുന്നതുകൊണ്ട് ചെടികളും മണ്ണുമായുള്ള നിത്യസമ്പർക്കത്തിലേർപ്പെടുമ്പോൾ തൊഴിലാളിക്ക് ശരീരത്തിൽ ചൊറി അനുഭവപ്പെടുന്നു. ഇതൊരു പുതിയ രോഗമാണെന്ന് വിശ്വസിക്കപ്പെടുന്നു. തൊഴിലാളികളുടെ കൂലിനിരക്ക് പുരുഷന്മാർക്ക് ശരാശരി 110 രൂപയും സ്ത്രീകൾക്ക് 60 രൂപയുമാണ്. നിരക്കിൽ പ്രാദേശികമായി ഏറ്റക്കുറച്ചിലുകളുണ്ട്.

## കാർഷികവായ്പ

പരപ്പനങ്ങാടി കോ-ഓപ്പ്. സർവീസ് ബാങ്കിന്റെ ചെട്ടിപ്പടി, ഉള്ളണം ശാഖകൾ ഉൾപ്പെടെ 7 ധനകാര്യസ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. കാർഷികവികസനബാങ്കിന്റെ ചെമ്മാട് ശാഖയിൽനിന്നും കാർഷികവായ്പ ലഭ്യമാകുന്നുണ്ട്.

## പട്ടിക 3
## രാസവളം– കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റ പേര് | 1993–94 രാസവളം കിലോ | 1993–94 കീടനാശിനി ദ്രവം ലി | 1993–94 കീടനാശിനി ഖരം കി | 1994–95 രാസവളം കിലോ | 1994–95 കീടനാശിനി ദ്രവം ലി | 1994–95 കീടനാശിനി ഖരം കി | 1995–96 രാസവളം കിലോ | 1995–96 കീടനാശിനി ദ്രവം ലി | 1995–96 കീടനാശിനി ഖരം കി |
|---|---|---|---|---|---|---|---|---|---|---|
| | സഹകരണം | | | | | | | | | |
| 1 | പരപ്പനങ്ങാടി കോ ഓപ്പറേറ്റീവ് സഹകരണ ബാങ്ക് | 74000 | 42.200 | 4000 | 75000 | 46.500 | 4250 | 87000 | 50.750 | 4500 |
| | സ്വകാര്യം | | | | | | | | | |
| 2 | സഫ ഏജൻസീസ്, പരപ്പനങ്ങാടി | 95000 | 26.550 | 50.300 | 102750 | 44.750 | 167.100 | 102250 | 51.300 | 214.500 |
| 3 | സി. ഹരിഹരൻ ചെട്ടിപ്പടി | 40000 | 20 | 250 | 50000 | 30 | 320 | 50000 | 15 | 200 |
| 4 | അച്ചുമ്പാട്ട് ഏജൻസീസ്, പുത്തരിക്കൽ | 175000 | 80.200 | 3800 | 190000 | 95.100 | 4250 | 107500 | 90.500 | 4725 |

*(അവലംബം : സെക്കണ്ടറി ഡാറ്റ)*

## പട്ടിക 4
## കൃഷിഭവൻ മുഖേന വിതരണം ചെയ്ത കാർഷികോപകരണങ്ങൾ

| വാർഡ് | ഉഴവ് ഉപകരണങ്ങൾ: ട്രാക്ടർ | ഉഴവ് ഉപകരണങ്ങൾ: ട്രില്ലർ | ഉഴവ് ഉപകരണങ്ങൾ: നാടൻ കലപ്പ | മരുന്നുതളി ഉപകരണങ്ങൾ: റോക്ക് സ്പ്രെയർ | മരുന്നുതളി ഉപകരണങ്ങൾ: നാപ്സ്റ്റാക്ക് സ്പ്രെയർ | മരുന്നുതളി ഉപകരണങ്ങൾ: മറ്റുള്ളവ | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബൾ പമ്പ്സെറ്റ് |
|---|---|---|---|---|---|---|---|---|---|
| പഞ്ചായത്തിൻ മൊത്തം | 4 | 1 | 30 | 8 | 50 | - | 1 | 4 | 252 |

*(അവലംബം : കൃഷിഭവൻ രേഖ)*

## പട്ടിക 5
## കൃഷിഭവൻ സഹായങ്ങൾ

| ക്രമനമ്പർ | പദ്ധതി | വർഷം | തുക (രൂപ) |
|---|---|---|---|
| 1 | പൊതുഞാറ്റടി | 1992-93 | 10,000 |
| 2 | മേത്തരം നെൽവിത്ത് വിതരണം | 1993-94 | 1630 |
| 3 | കീടനാശിനികൾ | 1991-92 | 21580 |
| | | 1992-93 | 23047 |
| | | 1993-94 | 12941 |
| 4 | ഉപകരണങ്ങൾ | 1991-92 | 3400 |
| | | 1992-93 | 25100 |
| | | 1993-94 | 22200 |
| 5 | രാസവളം | 1991-92 | 10662 |
| | | 1992-93 | 4184 |
| 6 | ബോണസ് | 1993-94 | 33700 |
| | | 1994-95 | 87610 |
| | | 1995-96 | 26624 |
| 7 | സമഗ്ര നാളികേര വികസനം | 1994-95 | 38585 |
| | | 1995-96 | 262500 |
| 8 | കമ്പോസ്റ്റ് നിർമ്മാണം | 1992-93 | 1500 |
| | | 1993-94 | 1150 |
| | | 1994-95 | 3350 |
| | | 1995-96 | 2500 |

തുടരുന്നു

## പട്ടിക 5
## കൃഷിഭവൻ സഹായങ്ങൾ
## തുടർച്ച

| | | | |
|---|---|---|---|
| 9 | കശുമാവ് കൃഷി വികസനം | 1993-94 | 4800 |
| | | 1994-95 | 5280 |
| | | 1995-96 | 1920 |
| 10 | കണിക ജലസേചനം | 1992-93 | 15000 |
| | | 1993-94 | 25000 |
| 11 | സുഗന്ധവിള കൃഷി വികസനം | 1994-95 | 11822 |
| | | 1995-96 | 12525 |
| 12 | പ്രകൃതിക്ഷോഭ ദുരിത സഹായം | 1993-94 | 269415 |
| | | 1994-95 | 54443 |
| | | 1995-96 | 26452 |
| 13 | ഹരിജനങ്ങൾക്കുള്ള പദ്ധതി | 1992-93 | 29960 |
| | | 1993-94 | 20000 |
| | | 1995-96 | 27838 |
| 14 | ഇൻഷൂറൻസ് | 1995-96 | 97270 |

എന്നാൽ ഈ ധനകാര്യസ്ഥാപനങ്ങളിൽനിന്നും നൽകപ്പെടുന്ന കാർഷികവായ്പകളിൽ ഭൂരിഭാഗവും കാർഷികേതരാവശ്യങ്ങൾക്കാണ് ഉപയോഗിക്കപ്പെടുന്നത് എന്നതൊരു പരസ്യമായ രഹസ്യമാണ്. പലിശനിരക്ക് കുറവായതുകൊണ്ടാണ് മറ്റാവശ്യങ്ങൾക്കായി കാർഷികവായ്പ ആളുകൾ വാങ്ങുന്നത്.

## കോക്കനട്ട് നഴ്സറി

നാളികേരം, പച്ചക്കറി തുടങ്ങിയവയുടെ ഗുണ മേന്മയുള്ള വിത്തുകളും ചെടികളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി പ്രവർത്തിച്ചുവരുന്ന ചെരമംഗലത്തെ കോക്കനട്ട് നഴ്സറി കാർഷികരംഗത്തെ പ്രധാനസ്ഥാപനമാണ്. ഇതിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം പട്ടിക 6-ൽ കാണുക.

### പട്ടിക 6
### കോക്കനട്ട് നഴ്സറിയെക്കുറിച്ചുള്ള വിവരങ്ങൾ

| | |
|---|---|
| 1. സ്ഥാപിച്ച വർഷം | : 1962 |
| 2. വിസ്തീർണം | : 8.4 ഹെക്ടർ |
| 3. റോഡും കെട്ടിടവും - വിസ്തീർണം | : 0.4 ഹെക്ടർ |
| 4. പ്രവർത്തിക്കുന്ന ഓഫീസുകൾ | : കോക്കനട്ട് നഴ്സറി, കൃഷിഭവൻ, അഡീ. അഗ്രി. ഡയരക്ടറുടെ ഓഫീസ്, പാരസൈറ്റ് ബ്രീഡിങ്സ്റ്റേഷൻ |
| 5. ജീവനക്കാരുടെ എണ്ണം | : 11 |
| 6. സ്ഥിരം തൊഴിലാളികളുടെ എണ്ണം | : 37 (17+20) |
| 7. അസ്ഥിരതൊഴിലാളികളുടെ എണ്ണം | : 15 (5+10) |
| 8. ഉല്പാദനം | (1995-96) |
| a. WCT തെങ്ങിൻതൈകൾ | : 183266 |
| b DxT തെങ്ങിൻതൈകൾ | : 19233 (മലപ്പുറം, കോഴിക്കോട്, കണ്ണൂർ |
| c Seqregant | : 4706 കേന്ദ്രങ്ങളിൽനിന്ന് ശേഖരിക്കപ്പെട്ടത്) |
| d കുരുമുളകുവള്ളികൾ | : 52400 |
| 9. കൃഷിവിവരം | |
| തെങ്ങ് | : 6 ഹെക്ടർ |
| കശുമാവ് | : 1.5 ഹെക്ടർ |
| 10. നഴ്സറി | |
| തെങ്ങ് | : 4.5 ഹെ. |
| കശുമാവ് | : 0.1 ഹെ. |
| കുരുമുളക് | : 0.1 ഹെ. |
| പയർ | : 1 ഹെ. |
| കച്ചോലം | : 0.2 ഹെ. |
| 11. ഈ വർഷത്തെ ഉല്പാദനവിവരം | |
| a. വിത്തുതേങ്ങ | : 2,71, 738 എണ്ണം |
| b. നേന്ത്രവാഴകന്ന് | : 1500 എണ്ണം |
| c. പാളയംകോടൻ | :1183 കിലോ |
| d. റോബസ്റ്റ | : 555.5 കിലോ |
| e. നേന്ത്രൻ | : 368.5 കിലോ |
| f. കശുവണ്ടി | : 929 കിലോ |
| g. മരച്ചീനി | : 1432 കിലോ |
| h. തേങ്ങ | :11355 എണ്ണം |
| i. പച്ചക്കറികൾ | : 50 കിലോ |

12. പാരസൈറ്റ് ബ്രീഡിങ് സ്റേഷൻ ഉല്പാദനം : 30,000 പ്രാണികൾ/പ്രതിമാസം

## ജലസേചനം

പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചാണ് കൃഷി നടക്കുന്നത്. അതുകൊണ്ടുതന്നെ ആവശ്യമായ ജലസേചനസംവിധാനങ്ങൾ പഴയ കർഷകർ സ്വയം കണ്ടെത്തിയിരുന്നു. നെൽപാടങ്ങളിൽ ഓരോ കർഷകനും സ്വന്തം മുക (കുളം) ഉണ്ടായിരുന്നു. വയൽ കണ്ടങ്ങളുടേയും മുകയിലെ ജലവിതാനത്തിന്റെയും ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് പനമ്പട്ട കഷണം കൊണ്ടോ തൊടുപ്പുകൊണ്ടോ കൃഷിയുടെ ആദ്യഘട്ടങ്ങളിൽ ജലസേചനം നടത്തിപ്പോന്നു. അവസാനഘട്ടമാകുമ്പോൾ ഏത്തമുപയോഗിക്കപ്പെട്ടു. 70-കളുടെ അവസാനം വരേയും ഇതു തന്നെയായിരുന്നു സ്ഥിതി. പിന്നീടാണ് പമ്പുസെറ്റുകൾ പ്രചാരത്തിലായത്. ഇന്ന് ഏത്തമുപയോഗിച്ച് ജലസേചനം നടത്തുന്നവർ വിരലിലെണ്ണാവുന്ന കൂടി ഉണ്ടാവില്ല.

കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം കാരണം അപ്രതീക്ഷിതമായ നഷ്ടം കർഷകർക്കുണ്ടാകുന്നു. മഴയുടെ ദൗർലഭ്യം പലപ്പോഴും ഭീഷണിയാകുന്നു. പഞ്ചായത്തിലെ കാർഷികമേഖലയായ കിഴക്കൻ പ്രദേശത്തെ ആവശ്യങ്ങൾക്ക് കടലുണ്ടിപ്പുഴയിൽനിന്നുള്ള വെള്ളമാണ് പ്രധാനആശ്രയം.

മതിയായ ജലസേചനസൗകര്യങ്ങളുടെ അഭാവംനിമിത്തം കാർഷികമേഖലയിൽ ഏറെ പ്രയാസമനുഭവപ്പെടുന്നു. കാർഷികാഭിവൃദ്ധി ലക്ഷ്യംവച്ച് വർഷങ്ങൾക്കുമുമ്പ് തുടങ്ങിവച്ചതും മുടങ്ങിക്കിടക്കുന്നതുമായ ജലസേചനപദ്ധതികൾ പഞ്ചായത്തിലെ കർഷകരോടുള്ള വെല്ലുവിളിയായി ഇന്നും ശേഷിക്കുന്നു.

ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേജ് -1, ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേജ് -2 എന്നീ രണ്ട് ചെറുകിട ജലസേചനപദ്ധതികളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. പഞ്ചായത്തിലെ ഒരേയൊരു പൊതുകുളം 2-ാം വാർഡിലെ പുതുക്കുളമാണ്. ഇതടക്കം 35 ചെറുതും വലുതുമായ കുളങ്ങൾ വിവിധവാർഡുകളിലായി നിലനിൽക്കുന്ന ജലസ്രോതസ്സുകളാണ്. കാർഷികാവശ്യത്തിനായി ശാസ്ത്രീയവും ഫലപ്രദവുമായ രീതിയിൽ ഇവ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. പുതുക്കുളം ഒഴികെ മറ്റെല്ലാം സ്വകാര്യഉടമസ്ഥതയിലാണ് എന്നതാണ് പ്രധാനപരിമിതി.



പട്ടിക 7

## വറ്റാത്ത കുളങ്ങൾ

| നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | പള്ളിക്കുളം | 1 |
| 2. | കാരക്കുളം | 1 |
| 3. | ആവിക്കുളം | 3 |
| 4. | ഊർപ്പായിചിറ | 5 |
| 5. | പള്ളിക്കുളം | 5 |
| 6. | നുള്ളക്കുളം | 4 |
| 7. | നീർനായക്കുഴി കുളം | 12 |
| 8. | തണ്ടാൻപാടംകുളം | 8 |
| 9. | പോത്തിനക്കുളം | 11 |
| 10. | പൊട്ടക്കുളം | 11 |
| 11. | ചേരിക്കുളം | 11 |
| 12 | ചെള്ളിക്കുളം | 11 |
| 13. | കടയറക്കുളം | 11 |
| 14. | കോയംകുളം | 15 |
| 15. | ചാരക്കുളം | 11 |

വിവിധവാർഡുകളിലായി 25-ഓളം തോടുകൾ ഉണ്ടെങ്കിലും സ്ഥിരമായി വെള്ളം ലഭിക്കാൻ ഇവയൊന്നും പര്യാപ്തമല്ല. മഴക്കാലങ്ങളിൽ ഒഴുകിയെത്തുന്ന വെള്ളം സംഭരിച്ച് വ്യാപകമായ തോതിൽ ഉപയോഗപ്പെടുത്താനും കഴിയുന്നില്ല.

ജനസാന്ദ്രത കൂടിവരുന്നതിനാൽ പാർപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതിന് നിലവിലുള്ള ഭൂമി ചെറിയ കഷണങ്ങളായി വിഭജിക്കപ്പെടുന്നതിനാൽ പൂർവീകമായി നിലനിന്നുപോന്ന മരങ്ങൾ വെട്ടിമാറ്റപ്പെടുന്നു. മരങ്ങൾ സംരക്ഷിക്കപ്പെടാതെ പോകുന്ന സ്ഥലങ്ങളിൽ മണ്ണൊലിപ്പുണ്ടാകുന്നു. മണ്ണ്-ജല സംരക്ഷണത്തിനായുള്ള പ്രകൃതിപരമായ സംവിധാനങ്ങൾ താറുമാറാകുന്നത് വലിയൊരു ഭീഷണിയാണ്.

## വെള്ളപ്പൊക്കനിയന്ത്രണം

ഇന്നാട്ടുകാരുടെ ഓർമയിൽ മായാത്തമുറിവുണ്ടാക്കിയ വെള്ളപ്പൊക്കമാണ് 1994-ൽ ഉണ്ടായത്. അതിനുമുമ്പ് 1960-കളുടെ അവസാനത്തിൽ ഒരു വെള്ളപ്പൊക്കമുണ്ടായി. പക്ഷേ, പരപ്പനങ്ങാടിയെ സംബന്ധിച്ചിടത്തോളം രൂക്ഷമായത് 1994-ലേതാണ്. വളരെ സുരക്ഷിതമെന്ന് കരുതപ്പെട്ടിരുന്ന ഇരുനിലകെട്ടിടങ്ങളിൽനിന്നുപോലും താമസക്കാർക്ക് ഒഴിഞ്ഞുപോകേണ്ടിവന്നു. (19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലേ ഈവിധം വിനാശകരമായ ഒരു പക്ഷേ, ഇതിലും രൂക്ഷമായൊരു വെള്ളപ്പൊക്കത്തെക്കുറിച്ച് പഴമക്കാർ അവരുടെ മുൻതലമുറ പറഞ്ഞുകേട്ടതായി ഓർക്കുന്നുള്ളൂ. അന്ന് മലവെള്ളപ്പാച്ചിലിന്റെ ശക്തിയിൽ റെയിൽപാളങ്ങൾ പൊട്ടിയൊലിച്ച്പോയി എന്നാണ് കേട്ടറിവ്.)

കിഴക്കൻ മലകളിലെ മഴവെള്ളം ചാലിയാർ, കടലുണ്ടിപ്പുഴകളിലൂടെ തീരസമതലങ്ങളിലെത്തുമ്പോൾ തിങ്ങിക്കവിയുന്ന വെള്ളം പെട്ടെന്ന് ഒഴിഞ്ഞ് കടലിലെത്തിച്ചേരാനുള്ള തടസ്സങ്ങളാണ് വെള്ളപ്പൊക്കകാരണമാകുന്നത്. കടലുണ്ടിപ്പുഴയിലൂടെത്തുന്ന വെള്ളം കീരാനെല്ലൂർ പുഴയായും പിന്നീട് പൂരപ്പുഴയായും ഒഴുകി കടലിലെത്തുന്നു. ഈ പുഴയോട് ബന്ധപ്പെട്ട് നിരവധി കൈത്തോടുകൾ ഗ്രാമത്തിലെമ്പാടുമുണ്ട്. എന്നാൽ മണ്ണിനോടുള്ള മനുഷ്യന്റെ ആർത്തിമൂലം പലതും തൂർക്കപ്പെട്ട് അവരവരുടെ ഭൂമിയോട് കൂട്ടിച്ചേർത്തിയിട്ടിരിക്കുകയാണ്. പാലത്തിങ്ങൽ – കീരാനെല്ലൂർ പുഴക്ക് വെള്ളപ്പൊക്കത്തെ നിയന്ത്രിക്കാനും ആവശ്യമായ വെള്ളം കുറെയൊക്കെ സംഭരിച്ച് നിർത്താനുമായി ഉണ്ടാക്കിയ കീരാനെല്ലൂർ റഗുലേറ്ററിന്റെ ക്ഷമതാപരിധിയിലും അതേപോലെ ഇതേ ഉദ്ദേശ്യത്തോടെതന്നെ നിർമിക്കപ്പെട്ടിട്ടുള്ള കെട്ടുങ്ങൽ ചീർപ്പെന്ന് നാട്ടുകാർ വിളിക്കുന്ന പൂരപ്പറമ്പ് ലോക്കിന്റെ പരിധിയിലും കവിഞ്ഞ വെള്ളപ്പൊക്കമുണ്ടാവുമ്പോൾ വെള്ളം പൗരാണികമായ തോടുകളിലൂടെ ഒഴിഞ്ഞുപോകുമായിരുന്നു. ആ വിധമൊഴിഞ്ഞുപോകുന്ന വെള്ളം താഴ്ന്നനിലങ്ങളിൽ തടയപ്പെട്ടും കുറെയൊക്കെ വെള്ളപ്പൊക്കം നിയന്ത്രിക്കപ്പെട്ടിരുന്നു. എന്നാൽ ഈവിധമുള്ള താഴ്ന്നനിലങ്ങളിൽ ഭൂരിഭാഗവും മണ്ണിട്ട് തൂർത്ത് കെട്ടിടങ്ങൾ നിർമിക്കപ്പെട്ടതുകൊണ്ടും പല തോടുകളും നാമാവശേഷമായതുകൊണ്ടും നിലവിലുള്ളവതന്നെ ഒട്ടെക്കെ തൂർന്നുകിടക്കുന്നതുകൊണ്ടും വെള്ളം എളുപ്പത്തിൽ ഒഴിഞ്ഞുപോകുന്നില്ല.

കെട്ടുങ്ങൽ ചീർപ്പിന്റെ ഭാഗത്ത് കീരാനെല്ലൂർ

## പട്ടിക 8
## ചെറുകിട ജലസേചന വകുപ്പിന്റെ കീഴിൽ അടുത്ത് പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിവരം

| | | |
|---|---|---|
| I | പൂർത്തിയായവ | |
| 1 | കഞ്ഞിത്തോട് പാർശ്വസംരക്ഷണം | 2 ലക്ഷം രൂപ ചെലവ് |
| 2 | ഉള്ളണം എൽ.ഐ. സ്കീമിന്റെ ഇടതുകര കനാൽ റോഡ് | 1.83 ലക്ഷം രൂപ ചെലവ് |
| 3 | അട്ടക്കുളങ്ങര റോഡ് | 1.87 ലക്ഷം രൂപ ചെലവ് |
| II | പ്രവൃത്തി പുരോഗതിയിലുള്ളത് | |
| 1 | മുറിക്കൽ തോടിന് കുറുകെ ഒരു വി.സി.ബി. നിർമ്മാണം<br>(16.25 ഹെക്ടറിന് ഗുണം ചെയ്യും) | 2.64 ലക്ഷം രൂപ ചെലവ് |
| III | പ്രവൃത്തിക്ക് ഉത്തരവായവ തുടങ്ങാനിരിക്കുന്നത് | |
| 1 | മണ്ണുംപുറത്ത് ഒരു എസ്.ഇ.വി.സി.ബി. യുടെ നിർമ്മാണം<br>(17 ഹെക്ടറിന് ഗുണം ചെയ്യും) | 3.85 ലക്ഷം രൂപ ചെലവ് |
| 2 | കൊട്ടംതല ഹരിജൻ കോളനി ടാങ്ക് | 1.25 ലക്ഷം രൂപ ചെലവ് |
| IV | നടപ്പിലാക്കേണ്ട പ്രവൃത്തികൾ | |
| 1 | കുണ്ടംപാടം ഡ്രെയിനേജ് സ്കീം (285 ഹെക്ടറിന് ഗുണം ചെയ്യും) | 30 ലക്ഷം രൂപ ചെലവ് |
| 2 | മീൻ കുഴി തോടിന് കുറുകെ വി.സി.ബി. നിർമ്മാണം<br>(40 ഹെക്ടറിന് ഗുണം ചെയ്യും) | 8 ലക്ഷം രൂപ ചെലവ് |
| 3 | മുതലമട വി.സി.ബി. നിർമ്മാണം (40 ഹെക്ടറിന് ഗുണം ചെയ്യും) | 8 ലക്ഷം രൂപ ചെലവ് |
| 4 | ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വാളക്കുണ്ട് കനാൽ റോഡ് 1ാം ഘട്ടം | 4 ലക്ഷം രൂപ ചെലവ് |
| 5 | ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വാളക്കുണ്ട് കനാൽ റോഡ് 2ാം ഘട്ടം | 4 ലക്ഷം രൂപ ചെലവ് |

പുഴ ഒരു വലിയ വളവായി വീതികുറഞ്ഞാണ് ഒഴുകുന്നത്. അതുകൂടി പരിഹരിച്ച് എളുപ്പത്തിൽ വെള്ളം ഒഴിഞ്ഞുപോകുന്നതിനാണ് വെള്ളപ്പൊക്ക നിയന്ത്രണപദ്ധതി എന്നനിലയിൽ കീരാനെല്ലൂർ-പൂരപ്പുഴ നദിക്ക് കുറുകെ ഒരു പുതിയ തോട് വെട്ടുക എന്ന പ്രവൃത്തിയും അതിന്റെ അനുബന്ധ പ്രവൃത്തിയായി ഒരു റഗുലേറ്റർ കം ബ്രിഡ്ജ് നിർമാണം എന്ന പ്രവൃത്തിയും 1972-ൽ ജലസേചനവകുപ്പ് ആരംഭിച്ചത്. എന്നാൽ എസ്റ്റിമേറ്റിൽ വന്ന നോട്ടപ്പിശകും (തോടുവെട്ടിയാൽ അക്കരയുമായുള്ള ബന്ധം മുറിഞ്ഞുപോകുമെന്നതുകൊണ്ടും) കരാറുകാരുടെ പിടിപ്പുകേടും സാമഗ്രികൾ യഥാസമയം ലഭ്യമാക്കാൻ സർക്കാരിന് കഴിയാതെപോയതും നാട്ടുകാർ പദ്ധതിയിൽ ഒന്നിലേറെ തവണ വ്യതിയാനങ്ങൾ ആവശ്യപ്പെട്ട് സമ്മർദ്ദം ചെലുത്തിയതും ഒക്കെയായി 1996 ആയിട്ടും ഈ പ്രവൃത്തി പകുതിയോളമേ ആയിട്ടുള്ളൂ. റഗുലേറ്റർ ഇനി അധികമായി വരുന്ന വെള്ളം മുകളിലൂടെ കവിഞ്ഞൊഴുകിപ്പോകുംവിധം (റഗുലേറ്റർ കം വെയർ) രൂപാന്തരപ്പെടുത്തി പണി മുഴുമിപ്പിക്കേണ്ടതുണ്ട്. അതുപോലെ മേൽഭാഗത്ത് ഒരു പുതിയ നടപ്പാലം (ഫുട്ബ്രിഡ്ജ്) പണി പകുതിയിലേറെ ആയിരിക്കുന്നു. ഈ പ്രവൃത്തി കഴിഞ്ഞെങ്കിലേ 70 മീ. നീളമുള്ള ബണ്ട് വെട്ടിമാറ്റി കീരാനെല്ലൂർ-പുരപ്പുഴ നദിയുടെ ഗതിമാറ്റി ഒഴുക്കാനും വെള്ളപ്പൊക്കം നിയന്ത്രണവിധേയമാക്കാനുമാകൂ.

## പ്രശ്നങ്ങൾ (ഗ്രാമസഭ ചർച്ചകളിൽ ഉയർന്നുവന്നത്)

+ വർദ്ധിച്ച ഉല്പാദന ചെലവ്, ഉല്പാദനക്ഷമതയില്ലായ്മ, കർഷകതൊഴിലാളികളുടെ കടുത്ത ദൗർലഭ്യം എന്നിവ കാരണം കാർഷിക രംഗം പ്രത്യേകിച്ച് നെൽകൃഷി ലാഭകരമല്ലാതായിരിക്കുന്നു.

+ ചില ഭാഗങ്ങളിൽ ജലസേചന സൗകര്യം തീരെയില്ല.

+ കൽപുഴയുടെ തെക്ക് ഭാഗങ്ങൾ, കറുകയിൽപാടം, തൊള്ളാപ്പള്ളി പാടം, കുണ്ടുങ്ങൽ റോഡ് പാടം, തച്ചനാടിപാടം, കുണ്ടംപാടം, ചെറുകുറ്റി പാടം, പുഞ്ചപ്പാടം (മീനേടത്ത്), വെള്ളിലത്താഴം പാടം എന്നിവയിൽ ആഗസ്റ്റ്-നവംബർ മാസങ്ങളിൽ നീർക്കെട്ട് അനുഭവപ്പെടുന്നതുകൊണ്ട് മുണ്ടകൻ കൃഷി ഫലവത്തായി ചെയ്യാനാകുന്നില്ല. ഊർപ്പായിചിറയിലും നീർക്കെട്ടുകൊണ്ട് വിഷമങ്ങളുണ്ട്.

+ അട്ടക്കുളങ്ങര പള്ളിക്കടുത്തുള്ള ഉള്ളണം ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേജ് – 2 പദ്ധതി പ്രവർത്തനരഹിതമായി കിടക്കുന്നു.

+ കുണ്ടൻകടവ് ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേജ് - 1 പദ്ധതിയുടെ മോട്ടോർ പമ്പുകൾ പൂർണമായി പ്രവർത്തനക്ഷമമല്ല. ഇതോടനുബന്ധിച്ചുള്ള കനാലിലൂടെ വെള്ളം ശരിയായി ഒഴുകുന്നില്ല.

+ ഉള്ളണം ഭാഗത്തും (പാലത്തിങ്കൽ മേഖല) ചിറമംഗലം പുഞ്ചപ്പാടത്തും (തണ്ടാൻപാടം തോട്) ഉപ്പുവെള്ളം കയറുന്നത് കൃഷിക്ക് വലിയ നാശം വരുത്തുന്നു.

+ നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ടും വയലുകൾ നികത്തി വീടുവെക്കുന്നതുകൊണ്ടും വയലുകളുടെ വിസ്തീർണം കുറഞ്ഞിരിക്കുന്നു. ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുന്നു.

+ കർഷകത്തൊഴിലാളികൾക്ക് യഥാവസരം പെൻഷൻ കിട്ടുന്നില്ല. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കുള്ള ഈ ക്ഷേമപദ്ധതിപ്രകാരമുള്ള പെൻഷൻ മാസാമാസം കൃത്യമായി ലഭിക്കാനുള്ള സംവിധാനമുണ്ടാകണം.

## നിർദേശങ്ങൾ

I ചെറുകിട ജലസേചനപദ്ധതികൾ

1. ലിഫ്റ്റ് ഇറിഗേഷൻ സ്കീം - സ്റ്റേജ് 2 (ഉള്ളണം ഏലാ പദ്ധതി)

ഈ പദ്ധതി വർഷങ്ങളായി പ്രവർത്തനരഹിതമാണ്. ഇത് പ്രവർത്തനക്ഷമമായാൽ മൂന്ന് പൂവലും കൃഷി നടത്താനാകും. ഈ പദ്ധതിയുടെ വലിയൊരു ഭാഗം കനാൽ അറ്റകുറ്റപണികൾ തീർന്നിട്ടുണ്ട്. ബാക്കി ഭാഗം അറ്റകുറ്റപ്പണികൾ തീർക്കണം. പമ്പ്ഹൗസ് കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും കേടുപാടില്ല. കരിങ്കല്ലത്താണി കടന്ന് തെക്കോട്ട് പോകുന്ന കനാലിന്റെ ശാഖ കൊട്ടന്തല, മീൻകുഴി പാടം വരെ നീട്ടുകയാണെങ്കിൽ ആ പ്രദേശത്ത് ഏകദേശം 250 ഏക്കർ നിലം മൂന്നുപൂവലും കൃഷി നടത്താം. എന്നാൽ ചെറുകിടജലസേചനവകുപ്പ് ഇനിയും ഈ പദ്ധതി ഏറ്റെടുത്തിട്ടില്ല. അതു

കൊണ്ടുതന്നെ വർഷംതോറും ഗണ്യമായ തുക ലാപ്സായിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതി ഏറ്റെടുക്കാൻ അടിയന്തരസംവിധാനം വേണം.

2. ലിഫ്റ്റ്ഇറിഗേഷൻ സ്കീം സ്റ്റേജ് - 1 (കുണ്ടൻപാടം)

പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ഏക പദ്ധതിയാണിത്. ഈ പദ്ധതിയിൽ നിലവിലുള്ള മൂന്ന് പമ്പുസെറ്റുകളും പ്രവർത്തനസജ്ജമാക്കുകയും ഒരേസമയം രണ്ട് പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുകയും വേണം. നിലവിലുള്ള കനാലിന്റെ ലെവൽ ശരിപ്പെടുത്തി വാളക്കുണ്ട് വരെ വെള്ളം സുഗമമായി എത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം. വാളക്കുണ്ട് തോടിലേക്ക് മാത്രം ആഴ്ചയിൽ രണ്ടുദിവസം പമ്പ് പ്രവർത്തിപ്പിക്കുകയും വേണം. ഇടക്കാലത്ത് ഈ കനാലിന്റെ ഒരു ഭാഗം ആവശ്യത്തിലേറെ ഉയർത്തിയതിനാൽ വെള്ളം കയറാതിരിക്കുകയും കനാൽ ഭാഗികമായി തകരുകയും ചെയ്തു. ഇപ്പോഴും ഈ ഭാഗം പ്രവർത്തനക്ഷമമല്ല. ഈ ഭാഗം പഴയ കനാൽ പുനഃസ്ഥാപിച്ചാൽ മുമ്പത്തേപ്പോലെ ജലസേചനസൗകര്യം ലഭ്യമാകും. കോട്ടത്തറ മുതൽ കൽപുഴ ഫിഷ് സീഡ് ഫാം വരെ ഒരു പുതിയ കനാൽ ഈ പദ്ധതിയോടനുബന്ധിച്ച് നിർമിക്കണം.

3. കിഴക്കുംപാടം വടക്കുംപാടം ഭാഗത്ത് 12-13 വാർഡുകളിലെ ജലസേചനസൗകര്യമില്ലാത്ത കൃഷിനിലങ്ങൾക്ക് സംയോജിതമായി ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം തയാറാക്കി പൂർത്തിയാക്കിയാൽ 3 പൂവലും കൃഷിചെയ്യാനാകും. ഇതോടൊപ്പം കടലുണ്ടിപ്പുഴയുടെ കരയിൽ ഈ ഭാഗത്ത് വൈദ്യുതി എത്തിക്കാനുള്ള പദ്ധതികളും ഉണ്ടാകേണ്ടതുണ്ട്.

4. കടലുണ്ടിപ്പുഴയിൽ മുരിക്കറ എന്ന സ്ഥലത്ത് ചെക്ക് ഡാം പണിയുക

## II തോടുകളുമായി ബന്ധപ്പെട്ടവ

1. വാലാൻതോടിന്റെ പാർശ്വഭാഗങ്ങൾ ഭിത്തികെട്ടി സംരക്ഷിച്ച് തോടിന് ആഴം കൂട്ടുകയും ആവശ്യമായ ഭാഗങ്ങളിൽ വി.സി.ബി. നിർമിക്കുകയും ചെയ്യുന്നതോടൊപ്പം നിലവിലുള്ള വി.സി.ബി. പ്രവർത്തനക്ഷമമാക്കുകയും വേണം. ഈ തോടിന് കുറുകേ മീൻകുഴി ഭാഗത്ത് ഒരു നടപ്പാലം നിർമിക്കുന്നത് ഇരുവശത്തുമുള്ള കൃഷിസ്ഥലങ്ങളിലേക്കുള്ള ഗതാഗതം സുഗമമാക്കും.

2. പത്താംവാർഡിലാരംഭിച്ചു 15-ാവാർഡിലവസാനിക്കുന്ന താമരപ്പുഴ - തണ്ടാണിപ്പുഴ - ഇരഞ്ഞിപ്പുഴ - കൽപ്പുഴ - കുണ്ടൻപാടം എന്നിവ സ്പർശിച്ചുകൊണ്ട് പണ്ടേ നിലവിലുണ്ടായിരുന്ന തോട് ആഴവും വീതിയും കൂട്ടി ആവശ്യമായ ഇടങ്ങളിൽ തടയിണകൾ / ചീപ്പുകൾ, സ്ലൂയിസ്സുകൾ എന്നിവ നിർമിക്കുകയും മഴക്കാലത്ത് തോട്ടിൽ എത്തിപ്പെടുന്ന അധികജലം കല്ലുങ്ങൽ എന്ന സ്ഥലത്ത് വലിയ പമ്പുസെറ്റ് സ്ഥാപിച്ച് പമ്പിംഗ് നടത്തി പുഴയിലേക്ക് ഒഴിവാക്കാനും വേനൽക്കാലത്ത് തിരിച്ച് തോട്ടിലേക്ക് പമ്പിംഗ് നടത്താനുമുള്ള സംവിധാനമുണ്ടാവുകയും ചെയ്താൽ വെള്ളം ഒഴിഞ്ഞുപോകുന്നതിനും (വെള്ളപ്പൊക്ക നിയന്ത്രണം) കൃഷിക്ക് ഉപയുക്തമാക്കുന്നതിനും സാധിക്കും. ഉദ്ദേശം 5 കി.മീ. നീളം വരുന്ന ഈ തോട് ഒരു പൂവൽ നിലങ്ങളെ ഇരുപ്പൂവലാക്കാൻ സഹായിക്കും. തോട് ആഴവും വീതിയും കൂട്ടുമ്പോൾ ലഭ്യമാകുന്ന മണ്ണ് തോടിന്റെ ഇടതുകരയിൽ നിക്ഷേപിച്ച് റോഡാക്കി മാറ്റിയാൽ കർഷകർക്ക് ഗതാഗതത്തിന് ഏറെ സൗകര്യപ്രദമായിരിക്കും.(ഇത് കുണ്ടൻപാടം ഡ്രൈനേജ് സ്കീം എന്നപേരിൽ ചെറുകിട ജലസേചനവകുപ്പിൽ നിലവിലുണ്ട്.)

3. കുണ്ടൻപാടം തോടിന്റെ കല്ലുങ്ങൽ പ്രദേശത്ത് നിലവിലുള്ള വി.സി.ബി.യുടെ കേടുവന്ന പലകകൾ പുതുക്കണം.

4. മുറിത്തോടിന്റെ ഇരുവശവും ഭിത്തികെട്ടിയാൽ മണ്ണൊലിപ്പ് തടയാനാകും. ഈ തോടിലേക്ക് അടിക്കടി ഉപ്പുവെള്ളം കയറുന്നത് തടയണം.

.5 താമരപ്പുഴ, ഇരഞ്ഞിപ്പുഴ, ആഞ്ഞിൽത്തോട്, തണ്ടാംപാടം തോട്, മധുരംകാട് തോട് എന്നിവ ആഴവും വീതിയും കൂട്ടി പാർശ്വങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുക.

6. ചിറമംഗലം പുഞ്ചപ്പാടത്ത് വി.സി.ബി. നിർമിച്ച് ഉപ്പുവെള്ളം കയറുന്നത് തടയണം.

7. കഞ്ഞിത്തോടിന് ചീർപ്പ് നിർമിക്കണം.

## III. കുളങ്ങളുമായി ബന്ധപ്പെട്ടവ

ഉടമകളുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് എല്ലാ സ്വകാര്യകുളങ്ങളും ചളിവാരി ആഴംകൂട്ടി

പാർശ്വങ്ങൾ കെട്ടി സംരക്ഷിക്കണം. അതിൽ

a. തണ്ടാൻപാടം കുളം നന്നാക്കി പാർശ്വങ്ങൾ കെട്ടി സംരക്ഷിക്കണം.

b. പൂവാച്ചിക്കുളം ചളിവാരി പാർശ്വങ്ങൾ കെട്ടി സംരക്ഷിക്കണം.

c. ആവികുളം എന്ന വറ്റാത്ത വലിയ കുളം നന്നാക്കിയെടുത്താൽ സമീപപ്രദേശത്തെ ഉദ്ദേശ്യം 20 ഏക്കർ സ്ഥലത്തെ നെൽകൃഷിക്ക് പ്രയോജനപ്പെടും.

d. ചെറുകുറ്റിക്കുളവും ചാരൻകുളവും മരക്കാട്ട്നിലത്തെ വലിയ കുളവും വൃത്തിയാക്കി പാർശ്വങ്ങൾ കെട്ടി സംരക്ഷിക്കണം.

e. കൂമുള്ളിക്കാട്ടിൽ പാടത്ത് കുളം കുഴിക്കണം.

IV. <u>കൃഷിഭവനുമായി ബന്ധപ്പെട്ടവ</u>

1. കൃഷിഭവൻ ഓഫീസ് പരപ്പനങ്ങാടി ടൗണിലേക്ക് മാറ്റി സ്ഥാപിക്കുക

2. മണ്ണുപരിശോധന സംവിധാനം കാര്യക്ഷമമാക്കുകയും പഞ്ചായത്തിലെ എല്ലാ ഭാഗഹത്തും പരിശോധന നടത്തിക്കുകയും വേണം.

3. കൃഷിഭവനിലൂടെ നൽകിവരുന്ന ആനുകൂല്യങ്ങളെപ്പറ്റി ഭൂരിഭാഗം കർഷകരും വേണ്ടത്ര ബോധമുള്ളവരല്ല. ഇക്കാരണംകൊണ്ടുതന്നെ പല ആനുകൂല്യങ്ങളും യഥാർത്ഥഗുണഭോക്താക്കളുടെ കൈകളിലെത്തുന്നില്ല. ശരിയായ ബോധവൽക്കരണംകൊണ്ടേ ഇതിനൊരു പരിഹാരമുണ്ടാകൂ. ആവശ്യമായ അറിയിപ്പുകൾ ജനങ്ങളിലെത്തിക്കാൻ വായനശാലകൾ, ക്ലബ്ബുകൾ, വില്ലേജ് ഓഫീസുകൾ, പഞ്ചായത്ത് ഓഫീസ് എന്നിവയിലൂടെ സംവിധാനമുണ്ടാകണം.

4. നെൽകൃഷി ബോണസ് ഏക്കർ ഒന്നിന് 100 രൂപ എന്നത് ചുരുങ്ങിയത് 500 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുകയും വളം സബ്സിഡി പുനഃസ്ഥാപിക്കുകയും വേണം.

5. കാർഷികോപകരണങ്ങൾ, വിത്ത്, വളം, കീടനാശിനി തുടങ്ങിയവ ദാരിദ്ര്യരേഖക്ക് താഴെയുള്ള കർഷകർക്ക് സൗജന്യനിരക്കിൽ ലഭ്യമാക്കണം. കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്താൻ കന്നുകാലി കർഷകരിൽനിന്നും ശേഖരിച്ച് അവ പൊതുവിപണനത്തിനും ബയോഗ്യാസ് നിർമാണത്തിനും പദ്ധതി ആവിഷ്കരിക്കണം.

6. സർക്കാർ ഉദ്ദേശിച്ച തരത്തിലുള്ള ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഫലവത്തായി നടക്കുന്നില്ല. കൂടുതൽ ഫലപ്രദമായി ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായതൊക്കെ ചെയ്യണം. കൂടുതൽ പ്രദേശങ്ങൾ ഗ്രൂപ്പ് ഫാമിംഗ് പരിധിയിൽ കൊണ്ടുവരണം. വർഷങ്ങൾക്കുമുമ്പ് രൂപീകരിക്കപ്പെട്ട സമിതികളാണിന്ന് ഇന്നും നിലവിലുള്ളത്. പ്രവർത്തനം ഊർജിതപ്പെടുത്താൻ ഈ സമിതികൾ ഫലവത്തായി പുനഃസംഘടിപ്പിക്കണം.

7. നെൽകൃഷി കൂടുതലുള്ള 9 മുതൽ 15 കൂടിയ വാർഡുകളിലെ കർഷകരെ യോജിപ്പിച്ചുകൊണ്ട് ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയണം. ഇവിടെ പൊതു ഞാറ്റടിക്കുള്ള സംവിധാനമുണ്ടാക്കണം.

8. ഉഴവുയന്ത്രം, മെതിയന്ത്രം എന്നിവ പഞ്ചായത്തുതലത്തിൽ ലഭ്യമാക്കിയാൽ കൃഷിക്കാർക്ക് നാമമാത്ര വാടകയ്ക്ക് പൊതുവായി ഉപയോഗിക്കാൻ കഴിയും.

9. നെല്ല് സംസ്കരണകേന്ദ്രമാരംഭിച്ച് നെല്ല് അരിയായും അവിലായും മാറ്റാനുള്ള യന്ത്രോപകരണങ്ങൾ പഞ്ചായത്തിൽ പൊതുവായി സ്ഥാപിക്കണം.

10. തിരുവമ്പാടി മാതൃകയിൽ ഒരു കൊപ്രസംസ്കരണയൂനിറ്റ് ആരംഭിച്ചാൽ നാളികേരോല്പന്നങ്ങൾക്ക് ഇവിടെത്തന്നെ വിപണനസൗകര്യം ഒരുക്കാനാകും.

11. പച്ചക്കറികൾക്ക് പൊതുവിപണനകേന്ദ്രങ്ങൾ ആരംഭിക്കണം.

12. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും കൂൺകൃഷി ആരംഭിക്കാനുള്ള പദ്ധതികൾ ഉണ്ടാകണം.

13. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രചരിപ്പിക്കുകയും ഈ സംവിധാനത്തിന് സാധ്യതയുള്ളേടത്ത് പ്രായോഗികമാക്കുകയും വേണം. വായ്പകളും സബ്സിഡികളും ലഭ്യമാക്കണം.

14. സ്ത്രീകൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് അലങ്കാരച്ചെടികളും പൂക്കളും (കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ്) ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനാവശ്യമായ പദ്ധതികളാവിഷ്കരിക്കുക.

ഇതോടൊപ്പംതന്നെ തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യണം.

15. ഔഷധസസ്യകൃഷിയുടെ സാധ്യത ആരായുകയും പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

16. ശീമക്കൊന്ന, ഡെയിഞ്ച, ആരിയ, പയൻ (പെരുമ്പയൻ) എന്നിവ കൃഷി ചെയ്യാനാവശ്യമായ പ്രോത്സാഹനം നൽകി പച്ചിലവളക്ഷാമം പരിഹരിക്കാനാവശ്യമായത് ചെയ്യുക.

17. പഞ്ചായത്ത് തൂപ്പുകാർ ശേഖരിക്കുന്ന ചപ്പുചവറുകൾ കമ്പോസ്റ്റ് വളനിർമാണത്തിന് ഉപയുക്തമാക്കുന്നതിന് സംവിധാനമുണ്ടാക്കണം.

18. പഞ്ചായത്തിൽ എല്ലായിടത്തും തെങ്ങിൻതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യാനുള്ള സംവിധാനമുണ്ടാക്കണം.

19. കൃഷിഭവൻ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ പൂർണമായും ഉദ്ദേശിക്കപ്പെട്ട രീതിയിൽ ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തണം.

20. കിണറുകൾ കുഴിക്കാനും പമ്പുസെറ്റുകൾ സ്ഥാപിക്കാനുമുള്ള നിർദിഷ്ട സഹായങ്ങൾ തുടർന്നും നൽകാൻ സാധിക്കണം.

21. പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളിൽ പലതും സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ പകുതിപോലും വായ്പയായി ഇന്നാട്ടുകാർക്ക് തിരിച്ചു നൽകുന്നില്ല. ഇവിടെനിന്നും സ്വരൂപിക്കപ്പെടുന്നതിന്റെ 80% എങ്കിലും തിരിച്ച് വായ്പയായി ഇവിടെത്തന്നെ വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം

22. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കാൻ ഇന്നുള്ള നടപടിക്രമങ്ങൾ ഏറെ ദുഷ്കരവും സമയദൈർഘ്യമേറിയതുമാകയാൽ യഥാസമയം വായ്പ ലഭ്യമാകാത്തതിനാൽ ഉദ്ദേശിക്കപ്പെട്ട ഫലം ലഭിക്കാതെ കർഷകർ കഷ്ടപ്പെടുന്നു. നടപടിക്രമങ്ങൾ ലഘൂകരിക്കാനുള്ള സംവിധാനമുണ്ടാക്കണം.

23. ഇളനീർപന്തലുകൾ ഗ്രാമത്തിലുടനീളം സ്ഥാപിക്കാൻ കൃഷിഭവൻ മുഖേന പഞ്ചായത്ത് മുൻകൈ എടുക്കണം.

24. പ്രകൃതിക്ഷോഭനാശനഷ്ടങ്ങൾക്കുമാത്രമേ നിലവിലുള്ള നിയമപ്രകാരം ഇപ്പോൾ ഇൻഷുറൻസ് ലഭിക്കുന്നുള്ളൂ. പകരം എല്ലാ വിളകൾക്കും ഏതുവിധേനയുമുള്ള നാശനഷ്ടങ്ങളായാലും ഇൻഷുറൻസ് ലഭിക്കുന്നതിനാവശ്യമായ ഭേദഗതികൾ നിയമത്തിൽ വരുത്താനുള്ള നടപടി വേണം.

25. ഉല്പാദനശേഷി കൂടുതലുള്ള വാഴക്കന്നുകൾ വിതരണം ചെയ്യാൻ കൃഷിഭവൻമുഖേന പദ്ധതിവേണം.

26. പച്ചക്കറിവിത്തുകൾ യഥേഷ്ടം ലഭ്യമാക്കാനുള്ള സംവിധാനമേർപ്പെടുത്തണം.

27. വിദ്യാർത്ഥികൾക്കും സന്നദ്ധപ്രവർത്തകർക്കും നഴ്സറിയിൽ കൃഷിസംബന്ധമായ പ്രായോഗികപരിശീലനം നൽകാനുള്ള ഒരു കർമപരിപാടി ആസൂത്രണം ചെയ്യണം.

28. വിത്തുതേങ്ങകൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് കൃഷിവകുപ്പുദ്യോഗസ്ഥർ വ്യക്തിതാല്പര്യത്തിനും മറ്റ് സ്വാധീനതകൾക്കുമടിപ്പെട്ട് വിവേചനം കാണിക്കുന്നുവെന്ന പഴക്കമുള്ള ആരോപണങ്ങൾക്കതീതമായി ഗുണമേന്മയുള്ള വിത്തുകൾ മാത്രം സംഭരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം.

29. വാഴകൃഷിക്ക് സബ്സിഡി അനുവദിക്കണം.

30. കാർഷികോല്പന്നങ്ങളിൽ പച്ചക്കറി, വാഴ, ഇടവിളകൃഷികളായ ചേമ്പ്, ചേന, കപ്പ, കാവുത്ത് എന്നിവയ്ക്ക് പഞ്ചായത്ത് കേന്ദ്രീകരിച്ച് പൊതുവിപണനകേന്ദ്രം ഏർപ്പെടുത്തുക. ആഴ്ചച്ചന്തകൾ നടപ്പിൽ വരുത്തുക. ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് കർഷകന് ആശ്വാസം കിട്ടാൻ ഇതേറെ ഉപകരിക്കും.

31. നാളികേരം ശേഖരിക്കുന്നതിന് പഞ്ചായത്ത് കേന്ദ്രീകരിച്ച് പൂൾ കലക്ടിങ് സെന്റർ സ്ഥാപിക്കണം. (Pool Collecting Centre)

32. കയർരംഗത്ത് അർധയന്ത്രവൽകൃതയൂനിറ്റുകൾ ആരംഭിക്കണം. (Semi Menchanised model unit)

33. ചിരട്ട, ചകിരി എന്നിവകൊണ്ടുള്ള കരകൗശലനിർമാണത്തിനാവശ്യമായ ട്രെയ്നിംഗ് നൽകാനുള്ള സംവിധാനമുണ്ടാകണം.

34. നാളികേരം ചിരകി ഉണക്കി കാറ്റു കടക്കാത്ത പോളിത്തീൻ പാക്കറ്റുകളിലാക്കി സൂക്ഷിച്ച് വെക്കാവുന്ന രീതിയിലുള്ള ഉല്പാദനം ആരംഭിക്കാൻ യൂനിറ്റ് തുടങ്ങണം.

35. നാളികേരവെള്ളം ഉപയോഗിച്ച് സോഫ്ട്ഡ്രിങ്ക്സ് നിർമാണയൂനിറ്റ് വേണം.

V വെള്ളപ്പൊക്കകെടുതികളുമായി ബന്ധപ്പെട്ടവ

1. ഇപ്പോൾ ന്യൂകട്ടിനോട് ബന്ധപ്പെട്ടു നടന്നുവരുന്ന റഗുലേറ്റർ പ്രവൃത്തിക്ക് താഴെയായി പാറയിൽ എന്ന സ്ഥലത്ത് ഒരു അണക്കെട്ട് പണിതാൽ ഉപ്പുവെള്ളം തടയാനും വെള്ളപ്പൊക്കം നിയന്ത്രിക്കാനും ആ പ്രദേശത്തെ മുഴുവൻ കൃഷിയാവശ്യത്തിനുമുള്ള വെള്ളം സംഭരിക്കാനും കഴിയും. (നിലവിലുള്ള പദ്ധതി പൂർത്തിയാകുന്നതോടെ ഇപ്പോൾ നിർദേശിക്കപ്പെട്ടിട്ടുള്ള പദ്ധതിയുടെ ആവശ്യവും നിറവേറ്റപ്പെടും എന്നോ അതല്ല ഇപ്പോൾ നിർദേശിക്കപ്പെട്ടിട്ടുള്ള പുതിയ പ്രവൃത്തികൂടി വേണമെന്നോ തീരുമാനിക്കേണ്ടത് സാങ്കേതികവിദഗ്ധരാണ്. ഗ്രാമസഭയിൽ അടിവരയിട്ട് ഊന്നിപ്പറഞ്ഞത് ഉപ്പുവെള്ളം കയറുന്നത് ശാശ്വതമായി തടയാൻ 'പാറയിൽ ഡാമി'നേ ആകൂ എന്നാണ്.)

2. അന്യാധീനപ്പെട്ട തോടുകൾ കണ്ടെത്തി ആഴവും വീതിയും കൂട്ടി പാർശ്വങ്ങൾ സംരക്ഷിച്ചാൽ വെള്ളപ്പൊക്കനിയന്ത്രണത്തിന് സഹായകരമാവുകയും ജലസേചനത്തിന് ആക്കം കൂടുകയും ചെയ്യും.

3. കടലുണ്ടിപ്പുഴയുടെ 5.90 കി.മീ. നീളം വരുന്ന ഇടതുകരയിൽ നാമ മാത്രമായ ഭാഗമേ ഭിത്തികെട്ടി സംരക്ഷിക്കപ്പെട്ടിട്ടുള്ളൂ. ബാക്കി ഭാഗം കൂടി ഭിത്തികെട്ടി സംരക്ഷിക്കണം. അതിൽതന്നെ

a. അട്ടക്കുളങ്ങര പള്ളിയുടെ സമീപഭാഗത്തും

b. എടത്തുരുത്തിക്കടവിലും അടിയന്തരമായും ഈ പ്രവൃത്തി നടത്തണം. ഈ ഭാഗത്തുള്ള കുളിക്കടവുകൾ പുതുക്കി നിർമിക്കുകയും ആവശ്യമായ മറ്റിടങ്ങളിൽ പുതിയ കുളിക്കടവുകൾ നിർമിക്കുകയും വേണം.

VI പൊതുനിർദേശങ്ങൾ

1. കൃഷിസ്ഥലങ്ങളിലേക്കുള്ള നിലവിലുള്ള റോഡുകൾ വിപുലപ്പെടുത്തുകയും പുതിയ റോഡുകൾ നിർമിക്കുകയും വേണം. വിത്ത്, വളങ്ങൾ കൊണ്ടുപോകാനും കറ്റയും വൈക്കോലും കൊണ്ടുവരാനും റോഡുകൾ അത്യാവശ്യമാണ്.

2. വയലുകൾ തൂർത്ത് തെങ്ങുകൃഷി ചെയ്യുന്നതിനെതിരെ നിലവിലുള്ള നിയമം കർശനമാക്കാൻ നടപടി വേണം.

3. ജലസേചനവകുപ്പിന്റേതായി പാലത്തിങ്ങൽ അങ്ങാടിയിലുള്ള പഴയ കെട്ടിടം പഞ്ചായത്തിന് വിട്ടുകിട്ടാൻ ആവശ്യമായ നടപടികളുണ്ടാവണം.

4. കീടനാശിനികളുടേയും രാസവളങ്ങളുടേയും പ്രയോഗം കാരണമായി നിത്യവും നെൽകൃഷിയോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് കണ്ടുവരുന്ന ചൊറിച്ചിൽ സംബന്ധമായി ആരോഗ്യവകുപ്പ് നടപടികൾ കൈക്കൊള്ളണം.



കിാന്പ്പൂ ന്യൂ കട്ട്



# മത്സ്യബന്ധനവും മൃഗസംരക്ഷണവും

പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ അറബിക്കടലോരം വടക്ക് വലിയാൽ മുതൽ തെക്ക് പൂരപ്പുഴ കടലിൽ ചേരുന്ന അഴിമുഖം വരെ 6.8 കി.മി. ദൈർഘ്യമുള്ളതാണ്. 2697 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന ഒരു വലിയ മേഖലയാണിത്. അറബിക്കടലിന്റെ ഇടതടവില്ലാത്ത ഇരമ്പൽ ഒരു താരാട്ടുപോലെ കേട്ടുറങ്ങുകയും ഒരു പ്രഭാതഗീതം പോലെ കേട്ടുണരുകയും ചെയ്യുന്ന ഒരു ജനത. അനുഭവസമ്പത്തിന്റെ പിൻബലം ഒന്നുകൊണ്ടു മാത്രം ഋതുഭേദങ്ങളുടെ വ്യത്യാസമില്ലാതെ, ഈ കുടുംബങ്ങളുടെ തൊഴിലറിയുന്ന ഏവരും ഇരതേടിയിറങ്ങുന്നു. കടലും മാനവും നൽകുന്ന സൂചനയിൽ ഇരയെവിടെയെന്ന് മനക്കണ്ണ് കൊണ്ട് തിട്ടപ്പെടുത്തുന്ന വിദഗ്ധർ. പൂർവ്വികർ തലമുറകളായി പകർന്നുനൽകിയ അറിവുകൊണ്ടും കായികമായ കഠിനാദ്ധ്വാനം കൊണ്ടും ജീവിതസമരത്തിൽ അതിജീവിക്കാനായി പോരാടുന്നവർ. ഇടക്കിടെ എതിരായി പ്രതികരിക്കുന്ന പ്രകൃതിയുടെ ആക്രമണത്തിൽ ജീവനും സ്വത്തും പലതവണ ബലികഴിക്കേണ്ടിവന്നിട്ടും അവർ പോരാട്ടം തുടരുന്നു- ഒരു നിയോഗം പോലെ.

ആദ്യകാലങ്ങളിൽ ചകിരനാര് , ചാക്ക് നാര് എന്നിവകൊണ്ടുണ്ടാക്കിയ കടുങ്ങാണി വലകളും നാടൻതോണികളും ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തിയത്. കടുങ്ങാണി വലകൾ നിർമ്മിച്ചിരുന്നത് പ്രായം ചെന്ന പുരുഷന്മാരായിരുന്നു. പിന്നീട് പരുത്തിനൂലുകൊണ്ടുള്ള വലകൾ ഉപയോഗത്തിൽ വന്നു. നൂൽ മുറുക്കുക എന്നറിയപ്പെട്ടിരുന്ന അത്തരം വലനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നത് മുഖ്യമായും സ്ത്രീകളായിരുന്നു. മത്സ്യബന്ധനത്തിനും അനുബന്ധപ്രവർത്തനങ്ങളിലും പ്രായഭേദമന്യേ സ്ത്രീകളും പുരുഷന്മാരും ഒരു പോലെ സഹകരിച്ച് പോന്നു. കാറ്റിന്റെ ഗതിയെ മാത്രം ആശ്രയിച്ച് തുണിപ്പായ കെട്ടിയ നാടൻ തോണികളിൽ പോയാണ് മുൻകാലത്ത് മത്സ്യബന്ധനം നടത്തിയിരുന്നത്. കാറ്റ് പ്രതികൂലമാകുമ്പോൾ ചുക്കാനും തണ്ടും വലിച്ച് തോണി നിയന്ത്രിച്ച് പോന്നു. ഏറെ പാടുപെട്ട് തോണിക്കള്ളി നിറയെ

മത്സ്യവുമായി, തൊപ്പിക്കുട ചൂടിയ കടലിന്റെ മക്കൾ തണ്ട് വലിക്കനുസരിച്ച് പാട്ടും ആരവവുമായി തോണി കരക്കടുപ്പിക്കുന്ന കാഴ്ച ആവേശകരമായിരുന്നു, ഇന്നതൊരു ഓർമ്മ മാത്രമാണെങ്കിലും.

അക്കാലത്ത് എല്ലാതരം മത്സ്യങ്ങളും അതത് കാലത്തിനനുസരിച്ച് ലഭിച്ചിരുന്നു. പ്രധാനമത്സ്യങ്ങൾ അയല, മത്തി, ചെമ്മീൻ, കരിക്കാടി എന്നിവയായിരുന്നു. അവ പച്ചയായും പുഴുങ്ങിയും ഉണക്കിയും വിപണനം നടത്തിയിരുന്നു. കാലം പുരോഗമിച്ചതിനനുസരിച്ച് ഹാന്റ് പ്രസ്സ് ഉപയോഗിച്ച് മത്സ്യം ആട്ടി എണ്ണയെടുത്ത് വിറ്റിരുന്നു.

ഭൂരിഭാഗം തൊഴിലാളികൾക്കും അക്കാലങ്ങളിൽ സ്വന്തമായി മത്സ്യബന്ധന ഉപകരണങ്ങൾ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നവർ മറ്റെവിടെയുമെന്നപോലെ ഇല്ലാത്തവരെ ചൂഷണം ചെയ്തു വന്നു. രണ്ടു തോണികൾ സംയുക്തമായി നടത്തിയിരുന്ന മത്സ്യബന്ധന സംവിധാനമായ 'ഒറ്റവലപ്പോക്കി'ൽ ചൂഷണത്തിന് സാധ്യതകളേറെയായിരുന്നു.

പെയ്ത്താൻ വല, ചാളവല, കൊല്ലിവല എന്നീ വിഭാഗം വലകൾ അതാത് സാഹചര്യത്തിനനുസരിച്ച് മുൻകാലങ്ങളിൽ ഉപയോഗപ്പെടുത്തി വന്നു. നീളൻ കയറുകളിൽ കോർത്തൊരുക്കിയ ചൂണ്ടകളും മത്സ്യബന്ധനത്തിന് ഉപയോഗിച്ചിരുന്നു.

മത്സ്യത്തൊഴിലാളികൾക്കിടയിൽ പരസ്പര സൗഹാർദവും യോജിപ്പും സഹകരണവും മാതൃകാപരമായി നിലനിന്നുപോന്നു. കാരണവന്മാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന 'നാട്ടുകൂട്ടം' ഇവർക്കിടയിൽ ഉണ്ടാകുന്ന തർക്കങ്ങൾ പറഞ്ഞു തീർക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള വേദിയായിരുന്നു. തൊഴിലുമായി ബന്ധപ്പെട്ട് അയൽ നാട്ടുകാരുമായി ഉണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് 'കടക്കുടി' എന്ന സമിതിയും പ്രവർത്തിച്ചുവന്നു.

എഴുപതുകളുടെ ആദ്യപകുതിയിൽ നൈലോൺ വലകളും റോപ്പും പ്രചാരത്തിൽ വന്നതോടെ മത്സ്യബന്ധനരീതികളിൽ ഏറെ മാറ്റം വന്നു തുടങ്ങി. എൺപതുകളിൽ യന്ത്രവൽക്കരണത്തിന് കൂടി തുടക്കം കുറിച്ചതോടെ തൊഴിലവസരങ്ങൾ വർദ്ധിക്കുകയും മത്സ്യത്തൊഴിൽ മേഖലയാകെ പരിവർത്തന വിധേയമാവുകയും തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുകയും ചെയ്തു. ചുണ്ടൻ വള്ളങ്ങളുടെ ആവിർഭാവം ഈ തൊഴിലിൽ കൂട്ടായ്മയുടെ മേന്മ എടുത്തുകാട്ടി.

കടലും മനുഷ്യസമൂഹത്തിന്റെ വളർച്ചയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്.ആദ്യകാലത്തെ കടൽ മാർഗ്ഗേനയുള്ള വ്യാപാരം കേരളീയരുടെ സാംസ്കാരികവും സാമ്പത്തികവുമായ അഭിവൃദ്ധിയിൽ വലിയൊരു പങ്ക് വഹിച്ചു.പൊന്നാനി, കോഴിക്കോട് എന്നീ ചെറുതുറമുഖങ്ങളിൽ എത്തിയിരുന്ന ഉപ്പ് നാടൻ ഉരു ഉപയോഗിച്ച് പരപ്പനങ്ങാടിയിൽ കൊണ്ടുവന്നു ശേഖരിക്കുകയും വിവിധസ്ഥലങ്ങളിലേക്ക് കരമാർഗ്ഗം എത്തിക്കുകയും ചെയ്തിരുന്നു. ഉപ്പ് സൂക്ഷിച്ച് വെച്ചിരുന്നതിനാലാണ് ചാപ്പപ്പടിയിലെ ഉപ്പൂട്ടുലിന് ആ പേര് ലഭിച്ചത്.

പഞ്ചായത്തിലെ 1 മുതൽ 7 കൂടിയ വാർഡുകളാണ് കടലോരഭാഗം. ഈ ഭാഗത്ത് കടലിൽനിന്ന് പ്രധാനമായും അയല, മത്തി, ചെമ്മീൻ, അയക്കൂറ,സ്രാവ്, മാന്തൾ,ആവോലി, ചൂത, ചെമ്പാൻ, മെത്തൽ തുടങ്ങിയ മത്സ്യങ്ങൾ ലഭിച്ചു വരുന്നു. ജൂൺ, ജൂലായ്, ആഗസ്ത് മാസങ്ങളിലാണ് മത്സ്യങ്ങളുടെ പ്രജനനകാലം. പഞ്ചായത്തിലെ പ്രധാന തൊഴിലുകളിലൊന്നാണ് മത്സ്യബന്ധനം. കടൽ മത്സ്യബന്ധനത്തിന് പുറമേ ഉൾനാടൻ ജലാശയങ്ങളിൽ നിന്നുള്ള മീൻപിടുത്തവും നടന്നുവരുന്നു. മത്സ്യസംസ്കരണവും വിപണനവുമാണ് അനുബന്ധതൊഴിലുകൾ.

പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ വിവരം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

മത്സ്യത്തൊഴിലാളിക്ഷേമത്തിനായി 'മത്സ്യഫെഡി'ന്റെ കീഴിൽ നാല് സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയിലൊന്ന് വള്ളിക്കുന്ന് പഞ്ചായത്ത് കൂടി പ്രവർത്തനപരിധി ഉൾക്കൊള്ളുന്നതാണ്. മത്സ്യഫെഡ് മുഖനകുറഞ്ഞ നിരക്കിൽ മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും തൊഴിലാളികളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും ചെറിയ തോതിലുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനും സംഘങ്ങൾക്ക് സാധിക്കുന്നു. ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്ത മത്സ്യബന്ധനോപകരണങ്ങളുടെ വിവരം പട്ടിക 2ൽ ചേർക്കുന്നു.

മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിനായി സാമൂഹ്യക്ഷേമ

## പട്ടിക 1
## മത്സ്യത്തൊഴിലാളികളുടെ എണ്ണം (1995)

| വാർഡ് | കടൽ മത്സ്യബന്ധനം | | അനുബന്ധ മേഖല | | | ആകെ |
|---|---|---|---|---|---|---|
| | മുഖ്യതൊഴിൽ | ഭാഗികം | വിപണനം | വലനന്നാക്കൽ | സംസ്കരണം | |
| 1 | 230 | 100 | 50 | 15 | 105 | 500 |
| 2 | 275 | 120 | 60 | 10 | 185 | 650 |
| 3 | 220 | 70 | 30 | 10 | 70 | 400 |
| 4 | 235 | 120 | 75 | 15 | 90 | 535 |
| 5 | 185 | 110 | 60 | 30 | 60 | 445 |
| 6 | 340 | 140 | 45 | 20 | 110 | 655 |
| 7 | 170 | 30 | 10 | 5 | 35 | 250 |
| ആകെ | 1655 | 690 | 330 | 105 | 655 | 3435 |

അവലംബം സെക്കണ്ടറി ഡാറ്റ

## പട്ടിക 2
## സംഘങ്ങൾ മുഖേന നൽകിയ ഉപകരണങ്ങൾ (1995)

| നമ്പർ | സംഘത്തിന്റെ പേര് | ഉപകരണങ്ങളുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | ചുണ്ടൻവള്ളം | ഫൈബർവള്ളം | എഞ്ചിൻ | വല | ആകെ |
| 1 | പരപ്പനങ്ങാടി-പുത്തൻ കടപ്പുറം മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണസംഘം | – | 3 | 11 | – | 14 |
| 2 | അരയൻകടപ്പുറം മത്സ്യതോഴിലാളി വികസന ക്ഷേമ സഹകരണസംഘം ഒട്ടുമ്മൽ | – | 8 | 26 | 3 | 37 |
| 3 | അരിയല്ലൂർ ബീച്ച് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണസംഘം ആലുങ്ങൽ | 1 | 2 | 10 | – | 13 |
| 4 | പരപ്പനങ്ങാടി-കടലുണ്ടി ബീച്ച് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണസംഘം ആലുങ്ങൽ | – | – | – | – | – |

*അവലംബം സെക്കണ്ടറിഡാറ്റ*

വകുപ്പിന്റെ കീഴിൽ വനിതാ വികസന കോർപ്പറേഷന്റെ സഹായത്തോടെ 1995 ൽ ആരംഭിച്ച തീരദേശ വനിതാ മത്സ്യത്തൊഴിലാളി സംഘങ്ങൾ 2 എണ്ണം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഒട്ടുമ്മൽ, പുത്തൻകടപ്പുറം എന്നീ പ്രദേശത്തെ ഈ മത്സ്യ സംസ്ക്കരണ വിപണന യൂണിറ്റുകളിൽ 50 വീതം വനിതകൾ അംഗങ്ങളാണ്. വിവിധതരം മത്സ്യഅച്ചാറുകൾ, കട്‌ലെറ്റ്, ഡ്രൈഫിഷ്. തുടങ്ങിയവ ഇവിടെ ഉണ്ടാക്കി വിപണനം നടത്തുന്നു.

മത്സ്യഫെഡ് പോലെയുള്ള സർക്കാർ എജൻസികൾ ഉപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും മൊത്തം ആവശ്യം നിറവേറ്റാൻ കഴിയുന്നില്ല. 20 മുതൽ 30 വരെ അംഗങ്ങളായി ഓഹരിയെടുത്ത് വാങ്ങുന്ന ചുണ്ടൻവള്ളങ്ങൾ ഉപയോഗിക്കുന്നതിനാൽ സ്വകാര്യ ചൂഷണം ഒഴിവാക്കാനാവുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസിലെ കണക്ക് (1995)പ്രകാരം യന്ത്രവൽകൃത വള്ളങ്ങൾ 440 ഉം യന്ത്രം ഘടിപ്പിക്കാത്തവ 70 എണ്ണവും ഉപയോഗത്തിലുണ്ട്. അവയുടെ വാർഡ് തിരിച്ചുള്ള വിവരം പട്ടിക 3 ൽ ചേർക്കുന്നു.

ഫൈബർ ബോട്ടുകളടക്കമുള്ള പുതിയ വള്ളങ്ങൾ നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും ആവശ്യമായ സാങ്കേതിക പരിജ്ഞാനം നേടിയ ആരും മത്സ്യത്തൊഴിലാളികളുടെ കൂട്ടത്തിൽ ഇല്ല. ഈ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് മറ്റു പ്രദേശങ്ങളിൽ നിന്നും വിദഗ്ദ്ധരെ കൊണ്ടുവരേണ്ടി വന്നു.

മത്സ്യം സുലഭമായി ലഭിക്കുന്ന കാലങ്ങളിൽ ഇവയുടെ മാർക്കറ്റിംഗ് വലിയൊരു പ്രശ്നമാണ്. അധികമായി ലഭിക്കുന്ന മത്സ്യം സംസ്ക്കരിക്കുവാൻ ശാസ്ത്രീയസംവിധാനങ്ങളില്ല. ചാപ്പപ്പടിയാണ് പഞ്ചായത്തിലെ പ്രധാന മത്സ്യബന്ധന വിപണന കേന്ദ്രം. ഇവിടെ ഫിഷ് ലാന്റിംഗ് സെന്റർ ഇല്ലാത്തതിനാൽ മത്സ്യാവശിഷ്ടങ്ങളും മലിനജലവും കെട്ടിനിന്ന് പരിസ്ഥിതി ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നു. മറ്റൊരു കേന്ദ്രമായ ആലുങ്ങൾ ബീച്ചിലെയും അവസ്ഥ ഇതുതന്നെയാണ്.

അപകടസാധ്യത ഏറെയുള്ള തൊഴിൽ മേഖലയായതുകൊണ്ട് ഈ രംഗത്തെ ഇൻഷൂറൻസ് പദ്ധതികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. തൊഴിലാളികൾ വ്യക്തിഗത ഇൻഷൂറൻസിൽ ചേരുന്നുണ്ടെങ്കിലും പ്രീമിയം തുക വർദ്ധിച്ച നിരക്കിലായതിനാൽ മത്സ്യബന്ധനോപകരണങ്ങൾ ഇൻഷൂർ ചെയ്യുവാൻ അവർ പൊതുവെ തല്പരരല്ല.

മത്സ്യത്തൊഴിലാളികൾക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ധാരാളം തൊഴിലാളികൾ ഇനിയും അംഗങ്ങളായി ചേരാത്തവരായുണ്ട്. അംഗങ്ങളായവർ പ്രതിവർഷം 35രൂപ അടയ്ക്കുന്നു. ക്ഷേമനിധി ആനുകൂല്യങ്ങൾ ഏറെയാണെങ്കിലും അവയൊന്നും യഥാസമയം കിട്ടുന്നില്ല. ഈ കാലതാമസം ഒഴിവാക്കിയെങ്കിൽമാത്രമെ തൊഴിലാളികളെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ കഴിയൂ. ഇതുവരെ അംഗങ്ങളായവരുടെ വിവരം പട്ടിക 4 ൽ നോക്കുക.

പരമ്പരാഗത രീതിയിലുള്ള സമ്പ്രദായത്തിൽ നിന്നും മാറി യന്ത്രവൽക്കരണത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് പുതിയ തലമുറയെ സാങ്കേതിക പരിജ്ഞാനമുള്ളവരാക്കി തീർക്കുന്നതിനും പരിപാടികൾ ആസൂതണം ചെയ്യേണ്ടിയിരിക്കുന്നു. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എൻജിനുകൾ വിദേശ കമ്പനികളിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയാണ്. ഇവയുടെ അസംബ്ലിങ്ങുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി സാങ്കേതിക പരിശീലന സംരഭങ്ങൾക്ക് സാധ്യതകളേറെയാണ്.

മാർച്ചുമുതൽ ജൂലായ് വരെയുള്ള കാലയളവിൽ മീനിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ജീവിതമേറെ ദുസ്സഹമാകുന്നു. ട്രോളിംഗ് കാരണമായും മത്സ്യക്ഷാമം അനുഭവപ്പെടുന്നുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വൻകിട ബോട്ടുകൾ അവർക്കു നിശ്ചയിച്ച ദൂരപരിധി ലംഘിക്കുന്നതിന്റെ ഫലമായി പരമ്പരാഗത തൊഴിലാളികൾക്ക് മീൻ ലഭിക്കുന്നില്ല. ഈ ദൂരപരിധി പരിശോധിക്കുവാൻ നിയുക്തരായ അധികൃതർ അവരുടെ ചുമതല നിർവ്വഹിക്കുന്നതിൽ അലംഭാവം കാണിക്കുന്നു. ഈ പരിശോധന കാര്യക്ഷമമാക്കണം.

തീരദേശ സംരക്ഷണ നിയമം മൂലം ഈ മേഖലയിൽ അത്യാവശ്യ നിർമ്മാണപ്രവർത്തനങ്ങൾ പോലും മുടങ്ങിക്കിടക്കുന്നു. ജനങ്ങൾ തിങ്ങി താമസിക്കുന്ന ഇവിടെ ഈ നിയമംകൊണ്ട് പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് പഞ്ചായത്തിൽ നിന്ന്

## പട്ടിക 3
## ഉപകരണങ്ങളുടെ വിവരം

| ക്രമ നമ്പർ | ഇനം | വാർഡ് | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | ആകെ |
| 1 | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | 70 | 60 | 60 | 80 | 70 | 70 | 30 | 440 |
| 2 | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ | 10 | 15 | 5 | 15 | 10 | 10 | 5 | 70 |

## പട്ടിക 4
## ക്ഷേമനിധി അംഗത്വം

| നമ്പർ | ഏരിയ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | ആലുങ്ങൽ | 1661 | 52 | 1713 |
| 2 | അരയൻ കടപ്പുറം | 1036 | 34 | 1070 |
| 3 | പരപ്പനങ്ങാടി | 1046 | 32 | 1078 |
| | ആകെ | 3743 | 118 | 3861 |

*അവലംബം സെക്കണ്ടറി ഡാറ്റ*

കെട്ടിട നമ്പറിട്ട് കൊടുക്കുന്നില്ല. ഇക്കാരണത്താൽ വൈദ്യുത കണക്ഷനും റേഷൻ കാർഡ് ലഭിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും തടസ്സം നേരിടുന്നു. പാർപ്പിട - സൗകര്യങ്ങളുടെ കാര്യത്തിലും ആരോഗ്യ-ശുചീകരണ മേഖലയിലും ഒട്ടേറെ പ്രയാസങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്.

മൊത്തം 6.8 കി.മീ വരുന്ന കടലോരത്ത് 4.6 കി.മീ ഭാഗം ഭിത്തികെട്ടി സംരക്ഷിച്ചിട്ടുണ്ട്. 1.8 കി.മീ വിവിധ ഭാഗങ്ങളിലെ ഫിഷ് ലാന്റിംഗ് ഗ്യാപ്പാണ്. ബാക്കി 400 മീറ്റർസ്ഥലത്ത് ഇനിയും ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതാണ്.

200 നടുത്ത് മത്സ്യവിതരണ തൊഴിലാളികളും ഈ മേഖലയിൽ ജോലി ചെയ്യുന്നു. ഇവർക്ക് യാതൊരാനുകൂല്യങ്ങളും ലഭിക്കുന്നില്ല. മത്സ്യബന്ധന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഇവർക്കും ലഭ്യമാക്കേണ്ടതാണ്.

## ഉൾനാടൻ മത്സ്യബന്ധനം

പഞ്ചായത്തിൽ കടലുണ്ടി പുഴയുടെ ഇടതുകര 5.9 കി.മീ.യും കീരനല്ലൂർ പുഴയുടെ 3.75 കി.മീ.യും പൂരപ്പുഴയുടെ 2.7 കി.മീയും ഉൾപ്പെടെ മൊത്തം 12.35 കി.മീ. നദീതിരമുണ്ട്. ഈ പുഴകൾക്കു പുറമെ ഉള്ളണം കൽപുഴ, ചെറുതും വലുതുമായ 35 കുളങ്ങൾ, 24 തോടുകൾ എന്നിവയാണ് മുഖ്യ ഉൾനാടൻ ജലാശയങ്ങൾ.

ഈ മേഖലയിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 300ലധികം പേർ പണിയെടുക്കുന്നു. നാടൻതോണി, വീശുവല, തടവല, ഒറ്റൽ, ചൂണ്ട എന്നിവ ഉപയോഗിച്ചാണ് മീൻ പിടിക്കുന്നത്. വാള, മാലാൻ, മുഴി, പൂഴാൻ, വരാൽ, ചെമ്പല്ലി, കൊഞ്ച് തുടങ്ങിയ മത്സ്യങ്ങൾ പുഴയിൽ നിന്ന് ലഭിക്കുന്നു. എല്ലാ സമയത്തും ഇവ ലഭ്യമല്ലാത്തതിനാൽ കടൽ മത്സ്യങ്ങളെ അപേക്ഷിച്ച് ഉൾനാടൻ മത്സ്യങ്ങൾക്ക് മാർക്കറ്റിൽ പ്രിയം കൂടുതലാണ്.

## ഉള്ളണം ഫിഷ് സീഡ് ഫാം

ഗുണമേന്മയുള്ള വളർത്തു മത്സ്യങ്ങൾ ഉല്പാദിപ്പിക്കുന്ന ഒരു ഫിഷ് സീഡ് ഫാം ഉള്ളണത്ത് പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം FFDA യുടെ മേൽനോട്ടത്തിലുള്ള ഈ സ്ഥാപനം 17 ഏക്കർ വിസ്തൃതിയുള്ള കൽപ്പുഴയുടെ തീരത്താണ്. മത്സ്യകുഞ്ഞുങ്ങളെ വളർത്തുന്നതിനായി 21 കുളങ്ങൾ ഫാമിലുണ്ട്. ഇതുവരെ മലമ്പുഴ ഫാമിൽ നിന്നും മത്സ്യങ്ങളെ കൊണ്ടുവന്ന് വളർത്തുകയായിരുന്നു. എന്നാൽ പുതിയ ബ്രീഡിംഗ് ഹാച്ചറി പവർത്തന സജ്ജമായിട്ടുണ്ട്. ആയതിനൽ ഇവിടെനിന്നുതന്നെ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുവാനും കഴിയും.

കട്ട്ള., റോഹു, മൃഗാല, സൈപ്രനസ് ലേബിയോ ഗ്രാസ് കാർപ്പ്, സിൽവർ കാർപ്പ് എന്നീ ഇനത്തിൽ പെട്ട മത്സ്യങ്ങളെയാണ് ഇവിടെ വളർത്തുന്നത്. പ്രകൃതി രമണീയമായ ഫാമും തടാകവും ടൂറിസത്തിന് സാധ്യത നൽകുന്നവയാണ്. ഇതോടനുബന്ധിച്ച് ഒരു ഫിഷ് അക്വേറിയം സ്ഥാപിച്ച് ഇതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താനാവും

## പ്രശ്നങ്ങൾ

1. കടൽതീരം പൂർണ്ണമായും ഭിത്തി കെട്ടി സംരക്ഷിച്ചിട്ടില്ല.

2. ഫിഷ് ലാന്റിംഗ് സെന്ററുകൾ ഇല്ലാത്തതിനാൽ വിപണന കേന്ദ്രങ്ങളിൽ പ്രയാസമനുഭവപ്പെടുന്നു.

3. പഞ്ഞ മാസങ്ങളിൽ മത്സ്യക്ഷാമം രൂക്ഷമാകുന്നതിനാൽ ദാരിദ്ര്യം അനുഭവപ്പെടുന്നു.

4. മത്സ്യബന്ധന ഉപകരണങ്ങൾ ലഭിക്കുവാൻ കാലതാമസം നേരിടുന്നു.

5. ആവശ്യമായ മണ്ണെണ്ണ കുറഞ്ഞനിരക്കിൽ പെർമ്മിറ്റ് മുഖേന ലഭിക്കുന്നില്ല. മറ്റു ജില്ലകളിൽ നൽകുന്ന പോലെ ക്വാട്ട മലപ്പുറം ജില്ലയ്ക്ക് അനുവദിക്കുന്നില്ല. മണ്ണെണ്ണ പുറത്തുനിന്ന് വാങ്ങേണ്ടിവരുന്നതിനാൽ അധിക ചെലവ് ഉണ്ടാകുന്നു.

6. മത്സ്യസമ്പത്ത് കാലക്രമേണ കുറഞ്ഞുവരുന്നു. ഇതിന്റെ അടിസ്ഥാന കാരണം കണ്ടെത്താനുള്ള നടപടികൾ ഉണ്ടാവുന്നില്ല.

7. വികസനപ്രവർത്തനങ്ങൾക്ക് ഭീഷണിയായി തീരദേശ പരിപാലന നിയമം നിൽക്കുന്നു.

8. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്ന സർക്കാർ സഹായം അപര്യാപ്തമാണ്.

9. മത്സ്യ സംസ്ക്കരണ സംവിധാനം വേണ്ടത്ര പ്രചാരത്തിലില്ല.

10.പഞ്ചായത്തിന്റെ പൊതു മത്സ്യമാർക്കറ്റ് ഉപയോഗശൂന്യമായി കിടക്കുന്നു. മറ്റു പ്രദേശങ്ങളിലും മാർക്കറ്റുകൾ ഇല്ല. റെയിൽവെ സ്റ്റേഷൻ പരി

സരത്തും പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലും റോഡ് വക്കിലാണ് മത്സ്യ വില്പന. ഇതിനാൽ അങ്ങാടികൾ ദുർഗന്ധ പൂരിതമാവുകയും മലിനമാക്കപ്പെടുകയും ചെയ്യുന്നു.

11. സാധ്യതൾ ഏറെയുള്ള മത്സ്യകൃഷി മേഖല പാടെ അവഗണിക്കപെട്ടു കിടക്കുന്നു.

## നിർദ്ദേശങ്ങൾ

1. ഫിഷ് ലാന്റിംഗ് സെന്റർ

രണ്ടു പ്രധാന മത്സ്യബന്ധന വിപണന കേന്ദ്രങ്ങളായ ചാപ്പപ്പടി, ആലുങ്ങൽ എന്നിവിടങ്ങളിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കണം. മലപ്പുറം ജില്ലയിലെ വിവിധ കടൽ തീരപ്രദേശങ്ങളിൽ നിന്നും മത്സ്യബന്ധനം നടത്തുന്ന വള്ളങ്ങൾ മത്സ്യവുമായി ചാപ്പപ്പടിയിൽ കരയ്ക്കടുപ്പിക്കാറുണ്ട്. ഇവിടെ കരമാർഗവും പലസ്ഥലങ്ങളിൽ നിന്നായി മത്സ്യമെത്തുന്നു. ഇവയുടെ വിപണനത്തിനാവശ്യമായ ആധുനിക സൗകര്യങ്ങളൊന്നും തന്നെ ചാപ്പപ്പടിയൽ ഇല്ല.

ആലുങ്ങൽ പ്രദേശത്തെ ജുമഅത്ത് പള്ളിയുടെ പടിഞ്ഞാറുഭാഗത്ത് ഒരു ലാന്റിംഗ് സെന്റർ അനിവാര്യമാണ്. 35 കോരുവള്ളങ്ങളും നൂറ്റിയമ്പതോളം ചെറുതോണികളും ഇവിടെ കരയ്ക്കെത്താറുണ്ട്.

2. കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ നിർമ്മിക്കുകയും കേടുവന്നത് നന്നാക്കുകയും വേണം..കടലാക്രമണം ഫലപ്രദമായി തടയാൻ സാധിക്കുന്ന ഉയരം കടൽഭിത്തിക്ക് ഉണ്ടാവേണ്ടതുണ്ട്.

3. കടലാക്രമണം തടയുന്നതിനായി ഇരുപത്തഞ്ച് മീ. ഇടവിട്ട് കരിങ്കൽ ഗ്രോയൻസ് (പുളിമുട്ടുകൾ) നിർമ്മിക്കുക.

4. ഫിഷിംഗ് ഹാർബർ നിർമ്മിക്കുക വഴി കടൽ, ഉൾനാടൻ മത്സ്യബന്ധന സാധ്യതകൾ വർദ്ധിപ്പിക്കുക.

5. ഫൈബർ ബോട്ട് നിർമ്മാണ യൂനിറ്റ് സ്ഥാപിക്കുക.

6. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുകയും മത്സ്യബന്ധനോപകരണങ്ങൾ സംഘം മഖേന ആവശ്യാനുസരണം വിതരണം നടത്തുകയും ചെയ്യുക.

7. ലിക്വിഡേറ്റ് ചെയ്യപ്പെട്ട പരപ്പനങ്ങാടി റീജിനൽ ഫിഷ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിലുണ്ടായിരുന്ന അരയൻ കടപ്പുറത്തെ ഇപ്പൂട്ടിയിലുള്ള ഒരേക്കർ ഭൂമിയും ഐസ് പ്ലാന്റ് കെട്ടിടവും ഉപയോഗശൂന്യമായി കിടക്കുകയാണ്. അരയൻ കടപ്പുറം മത്സ്യതൊഴിലാളി സഹകരണ സംഘത്തിന് ഇവ കൈമാറുന്ന പക്ഷം NCDC, KFC, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികളിൽനിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ച് ഐസ് പ്ലാന്റ് കാര്യക്ഷമമാക്കാൻ കഴിയും.

8. പഞ്ഞമാസങ്ങളിലും തൊഴിലെടുക്കുന്നതിനായി മത്സ്യതൊഴിലാളികൾക്ക് മറ്റ് ഉപതൊഴിലുകളിൽ ആവശ്യമായ പരിശീലനം നൽകുക.

9. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി സബ്സിഡിയോടും കുറഞ്ഞ പലിശയോടും കൂടിയ വായ്പാ പദ്ധതി ആവിഷ്കരിക്കുക.

10. മണ്ണെണ്ണ ക്വാട്ട ആവശ്യമായ തോതിൽ വർദ്ധിപ്പിക്കുക.

11. മത്സ്യതൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ട് ഏർപ്പെടുത്തുകയും കപ്പലുകൾ, കസ്റ്റംസ് ബോട്ടുകൾ, തുറമുഖ ബോട്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട നിയമനങ്ങളിൽ ഇവരുടെ മക്കൾക്ക് സംവരണമേർപ്പെടുത്തുകയും ചെയ്യുക.

12. ആലുങ്ങൽ ചൊക്കിടി കടപ്പുറത്തെ തോടിന് സമീപം മണൽ മാറ്റി വശം കെട്ടിയാൽ മത്സ്യകൃഷി ചെയ്യാനാവും. ആവശ്യമായ സാമ്പത്തിക സഹായമനുവദിക്കുക.

13. ആലുങ്ങൽ പ്രദേശത്തെ കരയിൽ നിന്നും ഒരു കി. മീ ദുരത്ത് കടലിലെ പാറകളിൽ വളരുന്ന കക്കകൾ ശേഖരിക്കാൻ പ്രയാസമനുഭവപ്പെടുന്നു. വെള്ളത്തിനടിയിൽ കിടക്കുന്ന ഈ പാറകൾക്ക് മുകളിൽ പൊങ്ങുകൾ സ്ഥാപിച്ച് അവയിൽ കക്ക വളർത്തിയെടുക്കാനും വേഗം ശേഖരിക്കാനും സാധിക്കും. ഇതു വഴി പുതിയ തൊഴിൽ മേഖല സൃഷ്ടിക്കാം.

14. ഒഴിഞ്ഞുകിടക്കുന്ന സർക്കാർ പുറംമ്പോക്ക് ഭൂമിയും ഫിഷറീസ് ഭൂമിയും ഭവനരഹിതരായ മത്സ്യതൊഴിലാളികൾക്ക് നാലു സെന്റ് വീതം പതിച്ച് കൊടുക്കുക.

15. കുടിലുകളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് കൊടുക്കുക.

16. സാനിറ്റേഷൻ സൗകര്യങ്ങൾ കുറവായ വീടുകളിലും ഫീഷറീസ് കോളനികളിലും കക്കൂസുകൾ സൗജന്യമായി പണിയുക.

17. തീരദേശ ആരോഗ്യ പദ്ധതി പ്രകാരമുള്ള ഫണ്ട് ഉപയോഗിച്ച് ഫിഷറീസ് ആശുപത്രി സ്ഥാപിക്കുക.

18. അപകടങ്ങളിൽപ്പെട്ട് കേടുപാട് വരുന്ന മത്സ്യബന്ധനോപകരണങ്ങൾ റിപ്പയർ ചെയ്യാൻ സഹായം നല്കേണ്ടതാണ്.

20. ആവശ്യമായ സ്ഥലങ്ങളിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക.

21. തീരദേശ മേഖലയിലും ഉൾനാടൻ ജലാശയങ്ങളിലും ചെമ്മീൻകൃഷി പ്രചാരത്തിൽ വരുത്തുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

22. ഉള്ളണം, പൂരപ്പുഴ, കൽപ്പുഴ, പുത്തരിപ്പാടം, ചാലിപ്പാടം തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യ വളർത്തൽ കേന്ദ്രം ആരംഭിക്കുക.

23. ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി ഉള്ളണം ഫിഷ് സീഡ് ഫാമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മത്സ്യകുഞ്ഞുങ്ങളെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക. ഫാമിനോടനുബന്ധിച്ച് ഒരു ഫിഷ് അക്വേറിയവും സ്ഥാപിക്കുക.

24. ഉൾനാടൻ ജലാശയങ്ങളിലുണ്ടാവുന്ന മത്സ്യരോഗങ്ങൾ തടയുന്നതിനായി പ്രതിരോധ നടപടികൾ കൈകൊള്ളുക.

25. വല നിർമ്മാണത്തിനാവശ്യമായ നൂൽ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുക.

26. പട്ടികജാതി കോളനിയിൽ ലഭിക്കുന്നതുപോലെയുള്ള സൗകര്യങ്ങൾ ഫിഷറീസ് കോളനികളിലും ലഭ്യമാക്കുക.

## മൃഗസംരക്ഷണം

കാർഷികമേഖലയുമായി ബന്ധപ്പെട്ടാണ് ഗ്രാമീണർ കന്നുകാലികളെ വളർത്തുന്നത് കാർഷികാവശ്യങ്ങൾക്കുള്ള ഉഴവുകാളകളായും, വീട്ടാവശ്യത്തിനുള്ള പാൽലഭ്യതക്കായും വളർത്തുമൃഗങ്ങളെ ഉപയോഗിച്ചു വരുന്നു. വ്യാപകമായ ഗതാഗത സൗകര്യമില്ലാത്ത ആദ്യകാലങ്ങളിൽ യാത്രയ്ക്കും ചരക്കുകൾ കൊണ്ടുപോവുന്നതിനും വളർത്തുമൃഗങ്ങളെ ആശ്രയിച്ചിരുന്നു. കാർഷിക ഗതാഗത ആവശ്യങ്ങൾക്ക് പുറമെ ഈ നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ ജീവിതോപാധിയായും വീടുകളിൽ മൃഗങ്ങളെ വളർത്തിപ്പോന്നു.

എന്നാൽ കൃഷിഭൂമിയുടെ ലഭ്യത കുറയുകയും ഗതാഗതരംഗങ്ങളിൽ ആധുനിക സൗകര്യങ്ങൾ നിലവിൽ വരികയും ചെയ്തതോടെ ഈ മേഖലയിലുള്ള അവയുടെ ഉപയോഗം നാമമാത്രമാവുകയും ഗ്രാമീണ ജനതയുടെ ഒരു ഉപ തൊഴിൽ മേഖലയായി മാത്രം ഇന്ന് നിലനിൽക്കുകയും ചെയ്യുന്നു. പശു, ആട്, എരുമ, പോത്ത് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തുപക്ഷികളിൽ ഏറ്റവും കൂടുതൽ കോഴികളാണ്.

1987 ലെ ലൈവ് സ്റ്റോക്ക് സെൻസസ് പ്രകാരം സങ്കരയിനങ്ങളേക്കാൾ നാടൻ ഇനങ്ങളാണ് കൂടുതൽ (പട്ടിക 1) എന്നാൽ ലഭ്യമായ ഏറ്റവും പുതിയ കണക്കുപ്രകാരം നാടൻഇനങ്ങൾക്കുപകരം സങ്കരയിനം പശുക്കളാണ് കൂടുതലായി കാണപ്പെടുന്നത്. സങ്കരയിനം ആടുകൾ നമ്മുടെ പ്രദേശങ്ങളിൽ പ്രചാരത്തിലായിട്ടില്ല. പകരം മലബാറി ഇനത്തിൽപ്പെട്ട നാടൻ തരങ്ങളാണ് ഉള്ളത്. മുട്ട ഉൽപ്പാദന രംഗത്ത് ഏറെ പ്രചാരത്തിലുള്ള മേത്തരം കോഴി ഇനങ്ങൾ ഇവിടെ കുറവാണ് എന്നാണ് മേൽ സെൻസസ് റിപ്പോർട്ട് നൽകുന്ന സൂചന. താറാവു വളർത്തലിന് വേണ്ടത്ര പ്രചാരമായിട്ടില്ല. ഏറെ ആദായകരമായ മുയൽ, പന്നി വളർത്തൽ ഇവിടെ ഒട്ടും തന്നെയില്ല.

1991 ലെ സെൻസസ് പ്രകാരം 2990 പേർ മൃഗസംരക്ഷണ-മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവരാണ്. ഇതിൽ 2947 പേർ പുരുഷന്മാരും 43 പേർ സ്ത്രീകളുമാണ്. എന്നാൽ സംസ്ഥാനടിസ്ഥാനത്തിൽ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ 64 ശതമാനം പേരും സ്ത്രീകളാണെന്നിരിക്കെ നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളെ ഈ മേഖലകളിലേക്ക് ആകർഷിക്കാൻ ശ്രമങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

അകിടുവീക്കം, വന്ധ്യത, പരാദ രോഗങ്ങൾ, കുളമ്പുരോഗം, ത്വക്ക് രോഗങ്ങൾ, പോഷകക്കുറവു

## പട്ടിക 1
## വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും കണക്ക്

| നമ്പർ | ഇനം | 1931 ലെ റവന്യൂ സെറ്റിൽമെന്റ് രേഖ (എണ്ണം) | 1987 ലെ ലൈവ് സ്റ്റോക്ക് സെൻസസ് (എണ്ണം) |
|---|---|---|---|
| 1 | നാടൻ പശു | 371 | 932 |
| 2 | സങ്കരയിനം പശു | - | 532 |
| 3 | കാള, പോത്ത് | 509 | 158 |
| 4 | എരുമ | 56 | 59 |
| 5 | കന്നുകുട്ടി | 195 | - |
| 6 | ആട് | 749 | 2891 |
| 7 | കാളവണ്ടി | 20 | - |
| 8 | ഉഴവുകാള | 395 | - |
| 9 | നായ | - | 353 |
| 10 | നാടൻ കോഴി | - | 19532 |
| 11 | മേത്തരം കോഴി | - | 1032 |
| 12 | താറാവ് | - | 545 |
| 13 | മറ്റുള്ളവ | - | 51 |
| | ആകെ | 2295 | 26085 |

## പട്ടിക 2
## പാൽ വിതരണം സംബന്ധിച്ച വിവരം

| നമ്പർ | സംഘം | 1991-92 ലിറ്റർ | 1992-93 ലിറ്റർ | 1993-94 ലിറ്റർ | 1994-95 ലിറ്റർ | 1995-96 ലിറ്റർ |
|---|---|---|---|---|---|---|
| 1 | പരപ്പനങ്ങാടി സെൻട്രൽ ക്ഷീരോൽപ്പാദക സഹകരണസംഘം | 317595 | 343112 | 370011 | 381866 | 384940 |
| 2 | ഉള്ളണം ക്ഷീരോൽപ്പാദക സഹകരണ സംഘം | 68725 | 74157 | 92289 | 88503 | 86064 |

മൂലമുള്ള തളർച്ച, വിളർച്ച, കോഴിവസന്ത, കോഴി വസൂരി എന്നിവയാണ് പ്രധാന രോഗങ്ങൾ.

കൃഷിഭൂമിയുടെ ദൗർലഭ്യം മൂലം വൈക്കോലിന്റെയും തീറ്റപ്പുല്ലിന്റെയും ലഭ്യതയിലുണ്ടായ കുറവ്, കാർഷിക യന്ത്രോപകരണങ്ങളുടെ കടന്നു കയറ്റം, കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധന തുടങ്ങിയവ ഈ മേഖലയ്ക്ക് ഭീഷണി ഉയർത്തുന്നു. വളർത്തുമൃഗങ്ങളുടെ കുറവ് കാരണം ഉണ്ടാകുന്ന ജൈവവളത്തിന്റെ ദൗർലഭ്യം കാർഷികരംഗത്ത് രാസവളത്തിന്റെ ആധിക്യത്തിന് കാരണമാക്കിയിട്ടുണ്ട്.

പരപ്പനങ്ങാടി സെന്റർൽ ക്ഷീരോൽപ്പാദക സഹകരണ സംഘം, ഉള്ളണം ക്ഷീരോൽപ്പാദക സഹകരണ സംഘം എന്നിവയാണ് പഞ്ചായത്തിലെ പാൽ സൊസൈറ്റികൾ. ഈ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ ശേഖരിച്ച് വില്പന നടത്തുന്ന പാൽ സംബന്ധിച്ച വിവരം പട്ടിക 2 ൽ ചേർക്കുന്നു.

പ്രസ്തുത സംഘങ്ങൾ മുഖേന ശരാശരി 1300 ലി. പാൽ പ്രതിദിനം ശേഖരിക്കുന്നുണ്ടെങ്കിലും 75% പാൽ മാത്രമാണ് പഞ്ചായത്തിൽ തന്നെ വിൽപ്പന നടത്തുന്നത്. ബാക്കിയുള്ളത് പുറത്തേക്ക് അയക്കുന്നു. ശേഖരിക്കപ്പെടുന്ന പാൽ മുഴുവനും പഞ്ചായത്തിൽ തന്നെ വിതരണം ചെയ്താലും ആവശ്യം നിറവേറ്റാൻ മിൽമാപാൽ, പാൽപ്പൊടി തുടങ്ങിയ മറ്റു മാർഗങ്ങൾ സ്വീകരിക്കേണ്ടി വരുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ പെടാത്ത അരിയല്ലൂർ, കൊടക്കാട്, വള്ളിക്കുന്ന് എന്നീ ഭാഗങ്ങളിൽ നിന്നും വരുന്ന പാല് സൊസൈറ്റികൾ ശേഖരിക്കുന്നുണ്ടെങ്കിലും പാലത്തിങ്ങൽ, കൊട്ടന്തല ഭാഗങ്ങളിലെ കർഷകരിൽ നിന്നും പാൽ ശേഖരിക്കാൻ ഈ സംഘങ്ങൾ തയ്യാറാവുന്നില്ല എന്ന പരാതിയും നിലനിൽക്കുന്നു.

1993-96 കൂടിയ കാലയളവിൽ ക്ഷീരോൽപ്പാദന മേഖലയിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾ പട്ടിക 3 ൽ

മുൻകാലങ്ങളിൽ മിക്ക വീടുകളിലും സ്ത്രീകൾ മുൻകൈ എടുത്ത് കോഴിവളർത്തൽ സമ്പ്രദായം നിലനിന്നിരുന്നു. ഇത് ഓരോ കുടുംബത്തിന്റെയും മുട്ട-മാംസ ആവശ്യത്തിന് പര്യാപ്തമായിരുന്നു. പക്ഷെ ഇന്ന് ഇറച്ചി ആവശ്യത്തിനും കോഴിമുട്ടക്കും ഇറക്കുമതിയെ ആശ്രയിക്കേണ്ടി വരുന്നു.

സംസ്ഥാനത്ത് 98% ജനങ്ങളും മാംസഭുക്കുകളാണ്. പഞ്ചായത്തിലെ സ്ഥിതിയും ഇക്കാര്യത്തിൽ വിഭിന്നമല്ല. ദിനംപ്രതി മാംസാവശ്യത്തിനായി ഒട്ടേറെ ആടുമാടുകൾ കശാപ്പു ചെയ്യപ്പെടുന്നുണ്ടെങ്കിലും ഇവയിൽ സിംഹഭാഗവും ഇറക്കുമതി ചെയ്യപ്പെടുന്നവയാണ്. ഇവയാകട്ടെ പലവിധ രോഗങ്ങൾ ബാധിച്ചവയുമാണ്. മാംസാവശ്യത്തിനായി ആടുമാടുകളെ വളർത്താൻ കർഷകരെ പ്രേരിപ്പിച്ച് പാലുൽപ്പാദക സഹകരണ സംഘങ്ങൾ പോലെ മാംസോൽപ്പാദക സഹകരണ സംഘങ്ങൾ സ്ഥാപിച്ചാൽ കർഷകർക്ക് ന്യായമായ വിലയും മാർക്കറ്റും ലഭ്യമാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നു ഒഴിവാക്കാനാവും.

കശാപ്പുമൃഗങ്ങളെ അറവിന് മുൻപും ശേഷവും വെറ്റിനറി പരിശോധനയക്ക് വിധേയമാക്കപ്പെടുന്നില്ല. ശാസ്ത്രീയമായ അറവുരീതി നടപ്പിലാക്കുകയോ അവശിഷ്ടങ്ങൾ ശരിയായ രീതിയിൽ സംസ്ക്കരിക്കപ്പെടുകയോ ചെയ്യുന്നില്ല. ഇറച്ചിക്കടകളിൽ വിൽക്കപ്പെടുന്ന മാംസം രോഗാതുരമായവയുടേതല്ല എന്ന് ഉറപ്പുവരുത്തുവാനുള്ള സംവിധാനം നിലവിലില്ല. മാംസ വിൽപ്പന ഏറ്റവും അപരിഷ്കൃതവും വൃത്തിഹീനവുമായ രീതിയിലാണ്. ഇതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ വിവരണാതീതമാണ്.ആധുനിക സൗകര്യങ്ങളോടു കൂടിയ അറവുശാലകൾ നിർമ്മിച്ച് വെറ്റിനറി മാംസ പരിശോധന നടപ്പിലാക്കി ശാസ്ത്രീയമായ രീതിയിൽ ലൈസൻസുള്ള ആളുകളെ കൊണ്ട് സ്റ്റാളുകൾ വഴിമാത്രം മാംസ വിൽപ്പന നടത്തിക്കുക മാത്രമാണ് ഇത്തരം പ്രശ്നങ്ങൾക്കുള്ള പരിഹാരം.

പഞ്ചായത്തിലെ മൃഗാശുപത്രിയുടെ സൗകര്യങ്ങൾ ഏറെ പരിമിതമായതിനാൽ ഇതിന്റെഗുണം മൃഗപരിപാലകർക്ക് ഉദ്ദേശിച്ച വിധം ലഭ്യമാകുന്നില്ല. ദശാബ്ദങ്ങൾ പഴക്കമുള്ള ഈ ആശുപത്രി ഇന്നും ജീർണ്ണിച്ച വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ആശുപത്രിക്ക് സമാനമായ കാലയളവിൽ നിലവിൽവന്ന തൊട്ടടുത്ത പഞ്ചായത്തിലെല്ലാം സ്വന്തമായ കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ തന്നെയുള്ള സർക്കാർ വക സ്ഥലം ഈ ആവശ്യത്തിനായി ലഭ്യമാക്കി

## പട്ടിക 3
## പരപ്പനങ്ങാടി ക്ഷീര വികസന യൂണിറ്റിന്റെ പ്രവർത്തനങ്ങൾ

| നമ്പർ | ഇനം | 1993–94 | | 94–95 | | 95–96 | | 96–97 | |
|---|---|---|---|---|---|---|---|---|---|
| | | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | സംഖ്യ | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | സംഖ്യ | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | സംഖ്യ | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | സംഖ്യ |
| 1 | മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം | - | - | - | - | 10 | 12500 | 18 | 22500 |
| 2 | മാതൃകാ ഡയറി ഫാം യൂണിറ്റ് | 1 | 7000 | - | - | 1 | 7000 | 3 | 21000 |
| 3 | തീറ്റപ്പുൽ കൃഷി വികസന പദ്ധതി | ഹെക്ടർ 20 | 13500 | ഹെക്ടർ 21 | 13800 | ഹെക്ടർ 21 | 13800 | ഹെക്ടർ 15 | 14300 |
| 4 | ബ്ലോക്ക് തല കന്നുകാലി പ്രദർശനം | 2 | 1800 | 2 | 1800 | 1 | 900 | - | - |
| 5 | കർഷക സമ്പർക്ക പരിപാടി | 5 | 1000 | 18 | 3600 | 20 | 4000 | 18 | 3600 |
| 6 | പാലുൽപ്പന്ന നിർമ്മാണ പ്രദർശനം | 5 | 500 | 18 | 1800 | 20 | 2000 | 18 | 1800 |
| 7 | നാടൻ ക്ഷീരോൽപ്പാദക നിർമ്മാണ യൂണിറ്റ് | - | - | 1 | 22000 | 9 | 198000 | - | - |
| 8 | ധാതു ലവണ മിശ്രിത വിവരണം | 100kg | 800 | 100kg | 800 | 100kg | 800 | 100kg | 800 |
| 9 | വൈറ്റമിൻ സപ്ലിമെന്റ് | 30 | 840 | 30 | 840 | 60x500ml | 1680 | 60x500ml | 1680 |
| 10 | ശുദ്ധമായ പാലുൽപ്പാദന കിറ്റ് | - | - | - | - | 100 | 6500 | 80 | 4800 |
| 11 | ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | - | - | 1 | 4000 | 2 | 4200 | 1 | 5000 |
| 12 | പ്രത്യേക ഘടക പദ്ധതി/ പ്രത്യേക കേന്ദ്ര സഹായ പദ്ധതി | - | - | - | - | 5 | 32500 | 10 | 70000 |
| 13 | വൈക്കോൽ യൂറിയ സംപുഷ്ടീകരണം | 6 | 1200 | 20 | 10000 | 27 | 13500 | - | - |
| 14 | ഹെ മേയ്ക്കിംഗ് | - | - | - | - | 2 | 400 | - | - |
| 15 | വാണിജ്യാടിസ്ഥാനത്തിലുള്ള പുൽകൃഷി | - | - | ഹെക്ടർ 1 | 14500 | - | - | - | - |
| 16 | കർഷക പരിശീലന പരിപാടി | 5 | 500 | 5 | 500 | 5 | 500 | - | - |

*അവലംബം: സെക്കണ്ടറി ഡാറ്റ*

ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മൃഗാശുപത്രി ഇവിടെ നിലവിൽ വരേണ്ടിയിരിക്കുന്നു. മൃഗാശുപത്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ജനങ്ങളുടെ അജ്ഞത ഈ രംഗത്തെ ഏറ്റവും വലിയ പരിമിതികളിൽ ഒന്നാണ്. ആശുപത്രി മുഖേന നൽകുന്ന ആനുകൂല്യങ്ങൾ ജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ ഒട്ടും പര്യാപ്തമല്ല.

കർഷകന്റെ വീട്ടുമുറ്റത്ത് ചികിത്സ എത്തിക്കുവാനും പ്രതിരോധ കുത്തിവെപ്പുകൾ, ചികിത്സാ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, വന്ധ്യതാ പരിശോധന ക്ലാസുകൾ തുടങ്ങിയവ മൃഗാശുപത്രി വഴി വിവിധ ഭാഗങ്ങളിലെ കർഷകർക്ക് ലഭ്യമാക്കാനും ആശുപത്രിക്ക് മാത്രമായി ഒരു സ്ഥിരം വാഹനം ഏർപ്പെടുത്തേണ്ടതുണ്ട്.

അലഞ്ഞുതിരിയുന്ന നായ്ക്കൾ നിരവധിയാണ്. ഈ തെരുവുനായ്ക്കൾ മൃഗങ്ങൾക്കെന്ന പോലെ മനുഷ്യർക്കും ഭീഷണിയാണ്. ഇവയെ നശിപ്പിക്കാനോ വ്യാപകമായ രീതിയിൽ പ്രതിരോധ കുത്തിവെപ്പുകൾ നടത്താനോ നിലവിൽ സംവിധാനമൊന്നുമില്ലാത്തതിനാൽ പേ നായക്കളുടെ എണ്ണം പെരുകുന്നു.

പഞ്ചായത്തിലെ സാമ്പത്തിക മേഖലയിൽ ഗണ്യമായ പുരോഗതി നേടാനും ഗ്രാമീണജനതയ്ക്ക് തൊഴിൽപരമായും ദൈനംദിന വരുമാനത്തിനും ഏറെ നേട്ടങ്ങൾ കൈവരിക്കാനുമായി മൃഗസംരക്ഷണമേഖലയിൽ ഏറെ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. മൃഗാശുപത്രി പ്രവർത്തനം അപര്യാപ്തമാണ്. സൗകര്യങ്ങൾ പരിമിതമാണ്.

2. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ക്രമാതീതമായ വിലവർദ്ധന, വൈക്കോലും തീറ്റപ്പുല്ലും ലഭിക്കാനുള്ള പ്രയാസം.

3. മരുന്നുകളുടെ അനിയന്ത്രിതമായ വിലവർദ്ധന. പകർച്ചവ്യാധികൾ തടയാനുള്ള പ്രവർത്തനങ്ങളുടെ അപര്യാപ്തത.

4. പാൽവിപണനത്തിനും പാലുൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുമുള്ള ബുദ്ധിമുട്ടുകൾ.

5. ബാങ്ക് വായ്പ ഉല്പാദനമുള്ള മൃഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

6. സൊസൈറ്റിയിൽ നിന്നും കാലിത്തീറ്റ മൃഗാശുപത്രി വഴി മുട്ടക്കോഴികൾ തുടങ്ങിയവ യഥാസമയം ലഭിക്കുന്നില്ല.

7. ശുദ്ധമായ മാംസോൽപ്പാദനമില്ല. കശാപ്പു ചെയ്ത മൃഗങ്ങളുടെയും കോഴികളുടെയും അവശിഷ്ടങ്ങൾ സംസ്ക്കരിക്കാനുള്ള സംവിധാനമില്ല.

8. വീട്ടാവശ്യങ്ങൾക്ക് വേണ്ട നല്ലൊരു ശതമാനം ഇന്ധനം ലഭ്യമാക്കാൻ കഴിയുന്ന ഗോബർ ഗ്യാസ് പ്ലാന്റ് പ്രചാരത്തിലില്ല.

9. വിള ഇൻഷൂറൻസ് പോലെ കന്നുകാലികൾക്ക് സൗജന്യ ഇൻഷൂറൻസ് ലഭ്യമല്ല.

10. തെരുവ് നായ്ക്കളെ നശിപ്പിക്കാനും പേവിഷബാധ നിയന്ത്രണത്തിനും വേണ്ട പ്രവർത്തനങ്ങൾ നടക്കുന്നില്ല.

11. മൃഗപരിപാലനത്തിലെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെയും, പരിശീലന സൗകര്യങ്ങളുടെയും അപര്യാപ്തത

12. തൊഴിൽ രഹിതരായ യുവതീ-യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിപ്പിച്ച് പ്രോത്സാഹനം നൽകുന്ന പദ്ധതികളുടെ അഭാവം

## നിർദ്ദേശങ്ങൾ

1. മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടം ആധുനികരീതിയൽ ഉണ്ടാക്കി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. മരുന്നുകൾ, ചികിൽസോപകരണങ്ങൾ, ഫർണ്ണീച്ചറുകൾ, ടെലഫോൺ സൗകര്യം തുടങ്ങിയവ ഏർപ്പെടുത്തി ആശുപത്രി നവീകരിക്കുക.

കൃത്രിമ ബീജസങ്കലനം വ്യാപകമായും ഫലപ്രദമായും പഞ്ചായത്തിന്റെ എല്ലാ കോണിലും എത്തിക്കുവാനും കർഷകന്റെ വീട്ടുമുറ്റത്ത് ആവശ്യമായ എല്ലാ ഘട്ടങ്ങളിലും ചികിത്സ ലഭ്യമാക്കാനും പ്രതിരോധ കുത്തിവെയ്പ്പുകൾ, രോഗനിർണ്ണയക്യാമ്പുകൾ, പദ്ധതി നടത്തിപ്പ് തുടങ്ങിയ ദൈനംദിന പ്രവർത്തനങ്ങൾക്കായും ഒരു വാഹനം നൽകുക. ആവശ്യമായ ജീവനക്കാരെ നിയമിക്കുക. ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുക.

2. അത്യുൽപ്പാദനശേഷിയുള്ള പശുക്കൾക്ക്

കാലിത്തീറ്റ സബ്സിഡിയായി വിതരണം ചെയ്യുക. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ വളർത്തി പ്രസവിച്ച പശുക്കളെയും, 8 ലിറ്ററിൽ കുറയാത്ത പാൽ തരുന്ന ഇതര പശുക്കളെയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തണം. ബ്രോയിലർ- ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

അടുക്കളമുറ്റത്തെ കോഴിവളർത്തൽ കുടുംബത്തിന്റെ പോഷകാവശ്യം നിറവേറ്റുന്നതിന് പര്യാപ്തമാണ്. അതിനാൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകി CBNP, മഹിളാസമാജങ്ങൾ തുടങ്ങിയ സന്നദ്ധസംഘങ്ങൾ വഴി കോഴിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കണം. മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെടുത്തി കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുക. തീറ്റപ്പുൽ ഇടവിളയായും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ഇറിഗേഷൻ സൗകര്യങ്ങളേർപ്പെടുത്തിയും കൃഷി ചെയ്യാൻ സാധാരണ കർഷകർക്ക് പ്രോൽസാഹനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.

3. അനുദിനം പെരുകിക്കൊണ്ടിരിക്കുന്ന രോഗങ്ങൾ കന്നുകാലി കർഷകനെ തളർത്തുന്ന മുഖ്യഘടകങ്ങളിലൊന്നാണ്. ചികിത്സാ ചെലവുകൾ അവർക്ക് താങ്ങാവുന്നതിനുമപ്പുറത്താണ്. ആനുകൂല്യത്തിന് അർഹരായ കർഷകർക്ക് ഒരേ അസുഖത്തിന്റെ തുടർച്ചയായ ചികിത്സാമരുന്നുകൾക്ക് 500 രൂപയിൽ കവിയുന്ന ചെലവ് ആവശ്യമായ നിബന്ധനകൾക്ക് വിധേയമായി തിരിച്ചുകിട്ടാനുള്ള പദ്ധതി ആവിഷ്കരിക്കണം. പ്രതിരോധകുത്തിവെയ്പ്പിനുള്ള വാക്സിൻ യഥാസമയം ആശുപത്രിയിൽ ലഭ്യമാക്കി അത് കാര്യക്ഷമമായി നടത്താനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകണം.

4. നിലവിലുള്ള ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിച്ച് നിശ്ചിത പരിധിക്കുള്ളിലെ പാൽ മുഴുവനും സംഭരിക്കാനും വിപണനം കഴിഞ്ഞ് ബാക്കി വരുന്ന പാൽ ഉപയോഗിച്ച് പാലുൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുവാനുമുള്ള സൗകര്യമുണ്ടാക്കണം. തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് പാലുൽപ്പന്ന നിർമ്മാണ പരിശീലനം നൽകണം. പഞ്ചായത്തിൽ രണ്ട് ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ മാത്രമാണ് നിലവിലുള്ളത്. പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലും ഇത്തരം സംഘങ്ങൾ സ്ഥാപിച്ച് കർഷകർ ഇന്ന് പാൽവിപണനത്തിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

5. കറവമാടുകൾക്ക് ലഭിക്കുന്ന വായ്പ അവയുടെ ഉൽപ്പാദനഘട്ടങ്ങളിൽ മാത്രമേ ഇന്ന് അനുവദിക്കുന്നുള്ളൂ. എന്നാൽ കിടാരി, കിടാവ്, ആറുമാസം പ്രായം പിന്നിട്ട ആടുകൾ തുടങ്ങിയവക്കും ഈ ആനുകൂല്യം ലഭ്യമായാൽ കർഷകർക്ക് ഏറെ പ്രയോജനകരമായിരിക്കും.

6. ക്ഷീരസഹകരണ സംഘങ്ങൾ, മൃഗാശുപത്രികൾ തുടങ്ങിയവ വഴി വിതരണം ചെയ്യുന്ന കാലിത്തീറ്റ, മുട്ടക്കോഴികൾ എന്നീ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാണെങ്കിൽ പഞ്ചായത്തിൽ തന്നെ അവ സഹകരണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനുമുള്ള പുതിയ സംരംഭങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആവശ്യങ്ങൾക്ക് ഫീഡ് മിക്സിംഗ് യൂണിറ്റ്, മുട്ടവിരിയിക്കാനുള്ള ഇൻക്യുബേറ്ററുകൾ എന്നിവ ബാങ്ക് വായ്പയായി താഴ്ന്ന വരുമാനക്കാർക്ക് ലഭ്യമാക്കുന്നതിന് സഹായങ്ങൾ ചെയ്ത് കൊടുക്കേണ്ടതാണ്.

7. ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത അറവശാല നിർമ്മിക്കണം. കശാപ്പുമൃഗങ്ങളുടെ ആന്റി മോർട്ടം, പോസ്റ്റ്മോർട്ടം പരിശോധനയും നിർബന്ധമാക്കണം. മാംസാവശ്യത്തിനായി മാടുകളെ വളർത്തുന്ന കർഷകരുടെ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. ഇത് കർഷകർക്ക് ന്യായവില ലഭിക്കാനും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് രക്ഷനേടാനും സഹായകമാവും. എല്ല്, പല്ല്, കുളമ്പ്, കൊമ്പ് തുടങ്ങിയ വ്യവസായിക പ്രാധാന്യമുള്ള ഭാഗങ്ങൾ ഈ ആവശ്യത്തിനായി വിപണനം ചെയ്യാവുന്നതാണ്. അറവുശാലയ്ക്കൊപ്പം ഗോബർഗ്യാസ് പ്ലാന്റും സ്ഥാപിച്ച് വിസർജ്യാവശിഷ്ടങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വ്യാവസായിക ആവശ്യത്തിനായി തോലും പന്നികളുടെ തീറ്റ നിർമ്മാണത്തിനായി ഇതര അവശിഷ്ടങ്ങളും വിപണനം നടത്താവുന്നതാണ്. ഫെതർ ക്രഷിംഗ് മെഷീൻ ഉപയോഗിച്ച് കോഴികളുടെ തുകൽ, ചിറക് മുതലായവ വേർതിരിച്ച് കിടക്ക, ഷട്ടിൽ കോർക്ക്

തുടങ്ങിയവയുടെ നിർമ്മാണത്തിനായി കയറ്റുമതി ചെയ്യുകയോ, പഞ്ചായത്തിൽ തന്നെ കുടിൽ വ്യവസായമായി നിർമ്മിക്കുകയോ ചെയ്യാവുന്നതാണ്.

8. പാചക ഇന്ധനത്തിനുള്ള ഗോബർഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് ഖാദി ബോർഡിന്റെ സഹായം തേടാവുന്നതാണ്.

9. വിവിധ ഇനം വിളകൾക്ക് സൗജന്യ ഇൻഷൂറൻസ് ഏർപ്പെടുത്തിയതുപോലെ വളർത്തു മൃഗങ്ങൾക്കും ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

10. സമഗ്ര പേവിഷബാധ നിയന്ത്രണ യജ്ഞം പഞ്ചായത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ നടത്തേണ്ടതാണ്. മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയുടെ സഹകരണത്തോടെ സർവ്വേ, തെരുവുനായ്ക്കളെ നശിപ്പിക്കൽ, പ്രതിരോധ കുത്തിവെപ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്.

11. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ പരിശീലനകേന്ദ്രത്തിലേക്ക് കർഷകരെ തെരഞ്ഞെടുത്ത് അയക്കുന്നതോടൊപ്പം വെറ്ററിനറി ഡോക്ടറുടെ മേൽ നോട്ടത്തിൽ പഞ്ചായത്തിൽ തന്നെ പരിശീലന ക്യാമ്പുകൾ നടത്താവുന്നതുമാണ്. ഈ രംഗത്തു തൊഴിൽ തേടുന്നവർക്ക് ഇത് ഏറെ ഗുണകരമായിരിക്കും.

ഉദാ. 1. പാൽ കറവയിൽ പരിശീലനം.

2. ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ.

3. രോഗങ്ങൾക്കുള്ള പ്രാഥമിക ചികിത്സ.

4. കോഴികളിലെ പ്രതിരോധ കുത്തിവെയ്പ്.

ഇത്തരത്തിലുള്ള പരിശീലനത്തിനൊപ്പം മൃഗപരിപാലനരംഗത്തെ ശാസ്ത്രീയ കാര്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ ഈ രംഗത്ത് ഇന്ന് അജ്ഞതമൂലം കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സഹായകമാവും.

12. തൊഴിൽ രഹിതരായ യുവതീയുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ വിവിധ പദ്ധതികൾക്ക് രൂപം നൽകി ധനസഹായം നൽകേണ്ടതാണ്.

ഉദാ: **a. ആടുവളർത്തൽ യുണിറ്റ്** - ആറ് മുതൽ പന്ത്രണ്ട് മാസം വരെയുള്ള രണ്ട് പെണ്ണാടിൻകുട്ടികളെയും ഒരു മുട്ടനാടിനെയും നൽകുക.

**b. മിനി ഹീഫർ യൂണിറ്റ്** - ഒന്ന് മുതൽ ഒന്നര വയസ്സുവരെയുള്ള പശു/ എരുമ കുട്ടികളെ നൽകുക.

**C. ബ്രോയിലർ മുയൽ വളർത്തൽ:** ഇറച്ചി ആവശ്യത്തിനായി മുയലുകളെ വിതരണം ചെയ്യുക. മുയലിറച്ചി, മുയൽ കുഞ്ഞുങ്ങൾ, മുയലിന്റെ തോൽ എന്നിവ ഏറെ വിപണന സാധ്യതയുള്ളതാണ്.

**d. താറാവു വളർത്തൽ :** സാധ്യതയുള്ള സ്ഥലങ്ങളിൽ നടപ്പിലാക്കാനുള്ള സഹായം നൽകുക.

**e. അടുക്കളമുറ്റത്തെ കോഴിവളർത്തൽ :** സ്ത്രീകൾ, സ്കൂൾ വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്.

**f. ബ്രോയിലർ കോഴി വളർത്തൽ യൂണിറ്റ്-** ബാങ്ക് വായ്പാ സൗകര്യം ഉപയോഗപ്പെടുത്തി ചെയ്യാവുന്നതാണ്.

മൃഗസംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഏറ്റവും നല്ല മൃഗസംരക്ഷകന് 'അവാർഡ്' പഞ്ചായത്തിലെ 'മൃഗസംരക്ഷണമേള' തുടങ്ങിയവയും സംഘടിപ്പിക്കേണ്ടതാണ്.

ഗ്രാമീണ ജനതയുടെ തൊഴിൽ പരമായുള്ള വളർച്ചയ്ക്കും സംസ്ഥാനത്തെ പാൽ മുട്ട മാംസോൽപ്പാദന മേഖലയിൽ സ്വയം പര്യാപ്തമാക്കി, പോഷകഹാര കുറവുമൂലമുണ്ടാകുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങളിൽ നിന്ന് മുക്തമാക്കുവാനും മാരകമായ ജന്തുജന്യ രോഗങ്ങളിൽ നിന്നും മോചനം ലഭ്യമാക്കാനും മൃഗസംരക്ഷണ മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി പ്രയോജനപ്രദമായ പദ്ധതികൾക്ക് രൂപം നൽകാനും ജനകീയ ആസൂത്രണ പരിപാടിയിലൂടെ നമുക്ക് സാധ്യമാവട്ടെ.






# വിദ്യാഭ്യാസം

ഔപചാരിക വിദ്യാഭ്യാസം നേടുന്നതിനുള്ള വ്യവസ്ഥാപിതമായ സംവിധാനങ്ങളില്ലാതിരുന്ന പണ്ട്കാലങ്ങളിൽ പ്രാദേശികാടിസ്ഥാനത്തിൽ വിദ്യാഭ്യാസ തത്പരരായ വ്യക്തികൾ മുൻകൈ എടുത്ത് സ്ഥാപിച്ച് പള്ളികൂടങ്ങളായിരുന്നു പരപ്പനങ്ങാടിയിൽ നിലവിലുണ്ടായിരുന്നത്.

പുത്തരിക്കൽ ഏന്തീൻകുട്ടി മുല്ലയുടെ സ്കൂൾ, ഇന്നത്തെ എൻ.സി.സി. റോഡിന് സമീപമുണ്ടായിരുന്ന വെളുത്തമണ്ണ് പറമ്പ് സ്കൂൾ, അഞ്ചപ്പുരയ്ക്ക് പടിഞ്ഞാറു ഭാഗം കോയക്കുട്ടി മുസ്ല്യാരുടെ സ്കൂൾ, പയനിങ്ങൽ അങ്ങാടിയിലെ ഉമ്മർ മുസ്ല്യാരുടെ സ്കൂൾ, അഞ്ചപ്പുരയിലെ രാമാനുജം സ്കൂൾ, തൊട്ട് എതിർ വശത്ത് മറ്റൊരു മുസ്ലീം ഗേൾസ് സ്കൂൾ, പാലത്തിങ്ങൽ മരയ്ക്കാർ മുസ്ല്യാരുടെ സ്കൂൾ, ഇന്നത്തെ നെടുവ യുവജനസംഘം വായനശാലയ്ക്ക് സമീപം മറ്റൊരു ഹിന്ദു എൽ.പി. സ്കൂൾ, ഉള്ളണം തയ്യിലപ്പടിയിലെ ഡിസ്ട്രിക് ബോർഡ് എൽ.പി.സ്കൂൾ എന്നിവയായിരുന്നു ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ. കാലക്രമേണ ഇവ നാമാവശേഷമായി.

മലബാറിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ മുഖ്യ പങ്കുവഹിച്ച ബാസൽ ഇവാഞ്ചലിക്കൽ മിഷന്റെ കീഴിലുള്ള ഇന്നത്തെ ബി.ഇ.എം. സ്കൂളാണ് ആദ്യത്തെ ഔപചാരിക വിദ്യാലയം. 1904 ൽ സ്ഥാപിച്ച ഈ വിദ്യാലയത്തിന്റെ പേര് പരപ്പനങ്ങാടി അപ്പർ പ്രൈമറി സ്കൂൾ എന്നായിരുന്നു. ശങ്കുണ്ണി ചേലക്കാട്ടാണ് (വള്ളിക്കുന്ന്) ഇവിടെ പ്രവേശനം ലഭിച്ച ആദ്യത്തെ വിദ്യാർത്ഥി. 1910ൽ ഈ സ്ഥാപനം ബി.ജി.എം. (ബാസൽ ജർമ്മൻ മിഷൻ) എലിമെന്ററി സ്കൂൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇക്കാലത്തുതന്നെ നെടുവ ഭാഗത്ത് പരപ്പനങ്ങാടി എജുക്കേഷൻ സൊസൈറ്റി എന്ന പേരിൽ ഒരു സംഘം പ്രവർത്തിച്ചിരുന്നു. ഈ സംഘത്തിന് മദ്രാസ് ഗവൺമെന്റ് അനുവദിച്ചുകൊടുത്ത ഹൈസ്ക്കൂൾ ബാസൽ മിഷന് കൈമാറുകയും 1942-43 വർഷത്തിൽ എൽ.പി.വിഭാഗം വേർപ്പെടുത്തി സമീപത്തുതന്നെ പ്രത്യേകം ഒരു സ്കൂളായി മാറ്റപ്പെടുകയും ചെയ്തു.

സമൂഹത്തിന്റെ വിവിധ തുറകളിൽ സേവന മനുഷ്ഠിച്ച പഞ്ചായത്തിലെയും സമീപപ്രദേശങ്ങളിലെയും ഒട്ടേറെ മഹത് വ്യക്തികൾ ഈ സ്ഥാപനത്തിന്റെ സന്തതികളാണ്. മുൻ ഉപമുഖ്യമന്ത്രി കെ. അവുക്കാദർകുട്ടിനഹ, കേന്ദ്ര സാഹിത്യ അക്കാദമി അവർഡ് ജേതാവും പ്രമുഖ സാഹിത്യകാരനുമായ എൻ.പി.മുഹമ്മദ്, മുൻ ജില്ലാ കലക്ടർ കെ.പി. ബാലകൃഷ്ണൻ, ചരിത്ര പണ്ഡിതന്മാരായ ഡോ. എം.ജി.എസ് നാരായണൻ, ഡോ. എം.ഗംഗാധരൻ, മുൻ പി.എസ്.സി അംഗം കൃഷ്ണൻ കാരങ്ങാട് തുടങ്ങിയവർ അവരിൽ പ്രധാനികളാണ്.

പഴയകാലങ്ങളിൽ അറബി മലയാളത്തിൽ അധ്യയനം നടത്തിയിരുന്ന ഓത്ത് പള്ളികളുടെ ഭാഗമായും വിദ്യാലയങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

1920 ൽ സ്ഥാപിച്ച ഉള്ളണം എ.എം.യു.പി. സ്കൂൾ കാട്ടിൽ പീടിയേക്കൽ മുഹമ്മദ് മൊല്ല നടത്തിയിരുന്ന ഓത്തു പള്ളിയോടബന്ധിച്ചാണ് പ്രവർത്തിച്ചിരുന്നത്. 1942 ന് ശേഷം പ്രസ്തുത സ്കൂൾ ഇന്നത്തെ മാനേജ്മെന്റിന് കൈമാറുകയാണുണ്ടായത്. പാലത്തിങ്ങൽ എ.എം.എൽ.പി സ്കൂൾ, ചെറമംഗലം നെടുവ സൗത്ത് എ.എം.എൽ.പി സ്കൂൾ എന്നിവയും ഇങ്ങനെ സ്ഥാപിക്കപ്പെട്ട വിദ്യാലയങ്ങളാണ്. അങ്ങാടി ജി.എം.എൽ.പി. സ്കൂൾ പഴയ ഡിസ്ട്രിക് ബോർഡ് സ്കൂളായിരുന്നു. ആനപ്പടി ജി.എൽ.പി.സ്കൂൾ ഏകാധ്യാപകവിദ്യാലയമായാണ് പ്രവർത്തനം ആരംഭിച്ചത്.

ടൗൺ ജി.എം.എൽ.പി.സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന കെ.വി. കുഞ്ഞഹമ്മദ് മാസ്റ്റർ, അഞ്ചപ്പുരയിലെ പഴയ രാമാനുജം സ്കൂൾ സ്ഥാപിച്ച പി.വി. അച്ചുതൻമാസ്റ്റർ, എം.സി.സി. സഹോദരന്മാർ, പി.ഒ. മൊയ്തീൻകുട്ടി മാസ്റ്റർ, കേശവൻമാസ്റ്റർ, ചെറിയക്കൻ വൈദ്യർ, എൻ രാമൻ മാസ്റ്റർ, എ.കെ. കുട്ടായി മാസ്റ്റർ തുടങ്ങി നിരവധി വ്യക്തികൾ പരപ്പനങ്ങാടി വിദ്യാഭ്യാസ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ആകെയുള്ള 15 സ്കൂളുകളിലായി 11331 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. ഗവ. യു.പി. സ്കൂൾ 1, ഗവ.എൽ.പി.സ്കൂൾ 6, എയ്ഡഡ് ഹൈസ്കൂൾ 2, യു.പി. രണ്ട്, എൽ.പി.നാല് എന്നിങ്ങനെയാണ് വിദ്യാലയങ്ങളുടെ എണ്ണം. ആകെയുള്ള വിദ്യാർത്ഥികളിൽ 5612 ആൺകുട്ടികളും 5719 പെൺകുട്ടികളുമാണ്. മൊത്തം 335 അദ്ധ്യാപകരിൽ 155 പേർ പുരുഷന്മാരും 180 പേർ സ്ത്രീകളുമാണ്. ഓരോ സ്കൂളിലെയും വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരുടെവിവരം പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകൾക്കു പുറമെ രണ്ട് അൺ എയ്ഡഡ് വിദ്യാലയങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. 14ാം വാർഡിലെ പരപ്പനാട് കോവിലകം ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, 10ാം വാർഡിലെ അവുക്കാദർ കുട്ടിനഹ മെമ്മോറിയൽ എൽ.പി. സ്കൂൾ എന്നിവയാണവ. മൊത്തം വിദ്യാർത്ഥികളുടെ 3.02% കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിവരം പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ ആകെയുള്ള 15 സ്കൂളുകളിൽ 7 എണ്ണം സർക്കാർ ഉടമസ്ഥതയിലാണ്. ഇതിൽ ഒന്ന് യു.പി സ്കൂളും മറ്റുള്ളവ എൽ.പി. സ്കൂളുകളുമാണ്. മൊത്തം വിദ്യാർത്ഥികളിൽ 3940 പേർ (34.8%) സർക്കാർ സ്കൂളുകളിലാണ് പഠിക്കുന്നത്. 335 അദ്ധ്യാപകരിൽ 113 (33.73%) പേർ ജോലി ചെയ്യുന്നതും ഈ സ്കൂളുകളിലാണ്.

1980-90 കാലഘട്ടങ്ങളെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ ഇടയ്ക്കുവെച്ചുള്ള കൊഴിഞ്ഞുപോക്ക് ഒരളവോളം കുറഞ്ഞുവന്നിട്ടുണ്ടെങ്കിലും ഈ അവസ്ഥ പൂർണ്ണമായി മാറ്റപ്പെട്ടിട്ടില്ല. ഇത്തരം കുട്ടികളെ പഠനത്തിന് പ്രേരിപ്പിക്കാൻ ആവശ്യമായ സംവിധാനമില്ലാത്തതിനാൽ ഈ നില തുടർന്നു കൊണ്ടേയിരിക്കുന്നു. രക്ഷിതാക്കൾ വേണ്ടത്ര ബോധവാന്മാരല്ലാത്തതും മറ്റൊരു കാരണമാണ്. തീരദേശമേഖലയിൽ നിന്നുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലാണ് ഈ പ്രവണത കൂടുതലായി കണ്ടുവരുന്നത്. 1995-96 അധ്യയന വർഷത്തിൽ കൊഴിഞ്ഞുപോയ കുട്ടികളുടെ വിവരം പട്ടിക 3 ൽ കൊടുക്കുന്നു.

1991 ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ 5.54% പട്ടികജാതി പട്ടികവർഗവിഭാഗങ്ങളിൽ പെട്ടവരാണ്. മൊത്തം വിദ്യാർത്ഥികളിൽ 4.86% ഈ വിഭാഗത്തിൽ പെടുന്നു. അവരുടെ വിവരം

## പട്ടിക 1. ഓരോ സ്കൂളിലെയും അധ്യാപകർ, വിദ്യാർത്ഥികൾ

| | സ്കൂൾ | ക്ലാസ്സ് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ* | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | B.E.M.H.S. | UP | എയ്ഡഡ് | 323 | 329 | 1276 | 12 | 22 | 34 |
| | | HS | | 299 | 325 | | | | |
| 2 | S.N.M.H.S. | HS | എയ്ഡഡ് | 803 | 936 | 1739 | 46 | 23 | 69 |
| 3 | A.M.U.P.S, Ullanam | LP | എയ്ഡഡ് | 368 | 368 | 1280 | 22 | 18 | 40 |
| | | UP | | 258 | 286 | | | | |
| 4 | A.U.P.S. Chiramangalam | LP | എയ്ഡഡ് | 207 | 216 | 1085 | 13 | 14 | 27 |
| | | UP | | 315 | 347 | | | | |
| 5 | G.U.P.S, Neduva | LP | ഗവൺമെന്റ് | 174 | 171 | 1504 | 15 | 29 | 44 |
| | | UP | | 585 | 574 | | | | |
| 6 | G.F.L.P.S, Parappanangadi | LP | ഗവൺമെന്റ് | 249 | 254 | 503 | 6 | 4 | 10 |
| 7 | GLPS, Chettipadi | LP | ഗവൺമെന്റ് | 198 | 188 | 386 | 5 | 7 | 12 |
| 8 | GLPS, Anappadi | LP | ഗവൺമെന്റ് | 95 | 92 | 187 | 3 | 3 | 6 |
| 9 | GMLPS, Parappanangadi (Angadi) | LP | ഗവൺമെന്റ് | 146 | 127 | 273 | 2 | 8 | 10 |
| 10 | GMLPS, Puthankadappuram | LP | ഗവൺമെന്റ് | 325 | 291 | 616 | 10 | 6 | 16 |
| 11 | GMLPS, Parappanangadi Town | LP | ഗവൺമെന്റ് | 237 | 234 | 471 | 7 | 8 | 15 |
| 12 | BEMLPS, Parappanangadi | LP | എയ്ഡഡ് | 316 | 271 | 587 | 3 | 8 | 11 |
| 13 | AMLPS, Neduva South | LP | എയ്ഡഡ് | 226 | 219 | 445 | 5 | 8 | 13 |
| 14 | AMLPS, Palathingal | LP | എയ്ഡഡ് | 245 | 260 | 505 | 2 | 12 | 14 |
| 15 | AMLPS, Kottanthala | LP | എയ്ഡഡ് | 243 | 231 | 474 | 4 | 10 | 14 |
| | Total | | | 5612 | 5719 | 11331 | 155 | 180 | 335 |

അവലംബം: സെക്കന്ററി ഡാറ്റ
* എ.ഇ.ഒ. ഓഫീസ് രേഖകൾ

## പട്ടിക 2. അൺ എയ്ഡഡ് സ്കൂൾ സംബന്ധിച്ച വിവരം

| | സ്കൂൾ | ക്ലാസ്സ് | വിദ്യാർത്ഥികൾ | | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | എസ്.സി | ആകെ | ആൺ | പെൺ | ആകെ |
| 1 | പരപ്പനാട് കോവിലകം | LP | 86 | 95 | 4 | | | | |
| | ഇംഗ്ലീഷ് മീഡിയം | UP | 34 | 24 | 5 | 249 | 2 | 13 | 15 |
| | സ്കൂൾ | HS | 1 | – | – | | | | |
| 2 | അവുക്കാദർകുട്ടിനഹ | | | | | | | | |
| | മെമ്മോറിയൽ സ്കൂൾ | LP | 56 | 36 | 2 | 94 | – | 4 | 4 |
| | ആകെ | | 177 | 155 | 11 | 343 | 2 | 17 | 19 |

## പട്ടിക 3. 1995–'96 വർഷത്തിൽ കൊഴിഞ്ഞു പോയവരുടെ വിവരം

അവലംബം: സെക്കന്ററി ഡാറ്റ

| വിഭാഗം | എസ്.സി. | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എൽ.പി | – | – | – | 46 | 27 | 73 |
| യു.പി. | 3 | 1 | 4 | 49 | 27 | 80 |
| എച്ച്.എസ് | – | 3 | 3 | 46 | 35 | 84 |
| ആകെ | 3 | 4 | 7 | 81 | 89 | 237 |

## പട്ടിക 4. SC/ST വിദ്യാർത്ഥികൾ

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 5951 | 234 | 3.93 | 3017 | 167 | 5.53 | 2363 | 150 | 6.34 |

പട്ടിക 4ൽ ചേർത്തിരിക്കുന്നു.

മൊത്തം വിദ്യാർത്ഥികളിൽ ആൺകുട്ടികളെ അപേക്ഷിച്ച് 0.95% പെൺകുട്ടികൾ കൂടുതലാണ്. എൽ.പി. യു.പി. ഹൈസ്ക്കൂൾ തലത്തിലെ കുട്ടികളുടെ ആൺ പെൺ തിരിച്ചുള്ള കണക്ക് പട്ടിക 5 ൽ

49.1, 50.9, 53.36 എന്നിവയാണ് യഥാക്രമം എൽ.പി, യു.പി, ഹൈസ്ക്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥിനികളുടെ പങ്കാളിത്ത ശതമാനം.

മിക്ക സ്കൂളുകളിലും അക്കാദമിക് സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഇതുകാരണം പഠനം വളരെ വിരസമാവുകയും നിലവാരം കുറയുകയും ചെയ്യുന്നു. പഴയ സമ്പ്രദായങ്ങളിൽ നിന്നും മാറി പഠനം ലളിതമാക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടിയിരിക്കുന്നു. ക്ലാസ് മുറികളിൽ കുട്ടികളിൽ അനുഭവപ്പെട്ടുവരുന്ന താല്പര്യക്കുറവ് പരിഹരിക്കുവാൻ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും മറ്റുപകരണങ്ങളും സഹായകരമാവും. ആധുനിക സൗകര്യങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളില്ല. അത്യാവശ്യം വേണ്ട ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ പോലും ഭൂരിഭാഗം സ്കൂളുകളിലുമില്ല. ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമവുമല്ല. അക്കാദമിക് സൗകര്യങ്ങളുടെ പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലും ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നു. ആവശ്യമായ കെട്ടിടങ്ങൾ ഇല്ലാത്തതാണ് പ്രധാന പ്രശ്നം. പകുതിയിലധികം സ്കൂളുകളും വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ കഴിയാതെ വീർപ്പുമുട്ടുകയാണ്. പരപ്പനങ്ങാടിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ടൗൺ എൽ.പി.സ്കൂൾ ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. മറ്റു സർക്കാർ സ്കൂളുകൾക്കും മതിയായ ക്യാമ്പസ് സൗകര്യങ്ങളില്ല.

സർക്കാർ സ്കൂളുകളെ പോലെ തന്നെ എയ്ഡഡ് സ്കൂളുകളുടെ സ്ഥിതിയും പൂർണ്ണമായും തൃപ്തികരമല്ല. ഇത്തരം സ്കൂളുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് മാനേജ്മെന്റിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. ചില സ്കൂളുകളിൽ കക്കൂസ് , മൂത്രപ്പുര, കുടിവെള്ളം, പാചകമുറി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളെ സംബന്ധിച്ച വിവരം പട്ടിക 7 ൽ ചേർക്കുന്നു.

ആകെയുള്ള 11331 വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ 15 സ്കൂളുകൾ മാത്രമാണുള്ളത്. സർക്കാർ -എയ്ഡഡ് മേഖലയിൽ 1978 ന്ശേഷം പഞ്ചായത്തിൽ പുതുതായി ഒരു വിദ്യാലയം പോലും തുടങ്ങിയിട്ടില്ല. ലോവർ പ്രൈമറിക്കു ശേഷം തുടർ വിദ്യാഭ്യാസത്തിനായി ഏറെ ദൂരം യാത്ര ചെയ്യേണ്ട പ്രദേശങ്ങളിൽ പ്രയാസങ്ങളനുഭവപ്പെടുന്നുണ്ട്. ആലുങ്ങൽ ബീച്ചിൽ നിന്നും എൽ.പി.ക്ക് ശേഷം മൂന്നും പാലത്തിങ്ങൽ, കൊട്ടന്തല ഭാഗങ്ങളിൽ നിന്നും 2 മുതൽ 8 വരെയും ഉള്ളണത്ത് നിന്നും യു.പി.ക്ക് ശേഷം മൂന്നും കിലോമീറ്ററുകൾ യാത്രചെയ്യേണ്ടിവരുന്നു. പുത്തരിക്കൽ പ്രദേശത്തെ കുട്ടികൾക്ക് സ്കൂളിലെത്താൻ റെയിൽ മുറിച്ച് കടക്കേണ്ടി വരുന്നു. പത്താം വാർഡിലെ അട്ടക്കുഴിങ്ങര പ്രദേശത്ത് നിന്നും എൽ.പി. തല പഠനത്തിന് പോലും രണ്ട് കി.മീ. ദൂരം താണ്ടണം. പാലത്തിങ്ങൽ, പുത്തരിക്കൽ ആലുങ്ങൽ അട്ടകുഴങ്ങര എന്നിവിടങ്ങളിലെ പിഞ്ചുകുട്ടികളുടെ യാത്രാദുരിതം വിവരണാതീതമാണ്.

വിവിധ പദേശങ്ങളിൽ നിന്നായി ആയിരത്തിനടുത്ത് വിദ്യാർത്ഥികൾ പഞ്ചായത്തിന് പുറത്തുള്ള സ്കൂളുകളിൽ പഠിക്കുന്നുണ്ട്. യു.പി, ഹൈസ്ക്കൂൾ പഠനത്തിനാണ് ഇങ്ങനെ സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്. ആലുങ്ങൽ ബീച്ച്, ചെറമംഗലം, പാലത്തിങ്ങൽ, കൊട്ടന്തല എന്നീ പ്രദേശങ്ങളിൽ നിന്നും അരിയല്ലൂർ, താനൂർ, ചിറക്കൽ, തൃക്കുളം, ചെമ്മാട്, തിരൂരങ്ങാടി, മൂന്നിയൂർ എന്നിവിടങ്ങളിലെ വിദ്യാലയങ്ങളിലേക്കാണ് കുട്ടികൾ പോവുന്നത്. പാലത്തിങ്ങൽ, കൊട്ടന്തല, കരിങ്കല്ലത്താണി ഭാഗങ്ങളിൽ നിന്നു തന്നെ 500 നടുത്തു കുട്ടികൾ പഞ്ചായത്തിനു പുറത്ത് പഠനം നടത്തുന്നവരാണ്. വിദ്യാർത്ഥികളുടെ വർദ്ധനവിനനുസൃതമായി പുതിയ വിദ്യാലയങ്ങൾ അനുവദിക്കേണ്ടതിന്റെയും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെയും ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

വിദ്യാർത്ഥികളുടെ പഠന നിലവാരം വളരെ ശോചനീയമാണ്. ഓൾ പ്രമോഷൻ സമ്പ്രദായം നിലനിൽക്കുന്നതിനാൽ പഠിച്ചാലും ഇല്ലെങ്കിലും ഓരോ

## പട്ടിക 5. LP, UP, HS വിഭാഗം വിദ്യാർത്ഥികളുടെ കണക്ക്

| ആകെ വിദ്യാർത്ഥികൾ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 11331 | 3029 | 2922 | 5951 | 1481 | 1536 | 3017 | 1102 | 1261 | 2363 |

## പട്ടിക 6. അക്കാദമിക് സൗകര്യങ്ങൾ

| | സൗകര്യങ്ങൾ | ഉള്ളസ്കൂളുകളുടെ എണ്ണം | ഇല്ലാത്തസ്കൂളുകളുടെ എണ്ണം |
|---|---|---|---|
| 1 | ലൈബ്രറി | 12 | 2 |
| 2 | ലബോറട്ടറി | 7 | 8 |
| 3 | പഠനോപകരണങ്ങൾ | 14 | 1 |
| 4 | റേഡിയോ | 1 | 14 |
| 5 | ടേപ്പ്റിക്കോർഡർ | 1 | 14 |
| 6 | ടിവി സെറ്റ് | – | – |
| 7 | സിനിമാ പ്രൊജക്ടർ | – | – |
| 8 | സ്ലൈഡ് പ്രൊജക്ടർ | – | – |
| 9 | ഓവർ ഹെഡ് പ്രൊജക്ടർ | – | – |
| 10 | കമ്പ്യൂട്ടർ | – | – |
| 11 | ബ്ലാക്ക് ബോർഡ് (ആവശ്യമുള്ള സ്കൂളുകൾ) | 8 | 7 |
| 12 | മാതൃ,സംഗമം സജീവം | 15 | – |
| 13 | പി.ടി.എ. പ്രവർത്തിക്കുന്നു | 15 | – |

## പട്ടിക 7. സ്കൂളുകളുടെ ഭൗതികസൗകര്യങ്ങൾ

| സ്കൂൾ | | ക്യാമ്പസ് വിസ്തൃതി (സെ) | സ്റ്റാഫ് റൂം | മൂത്ര പ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി | പാചക മുറി | കളി സ്ഥലം |
|---|---|---|---|---|---|---|---|---|---|
| 1 | B.E.M.H.S. | 100 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | S.N.M.H.S. | 350 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3 | A.M.U.P.S, Ullanam | 300 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | A.U.P.S. Chiramangalam | 40 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5 | G.U.P.S, Neduva | 80 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 6 | G.F.L.P.S, Parappanangadi | 40 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 7 | GLPS, Chettipadi | 85 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 8 | GLPS, Anappadi | 54 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9 | GMLPS, Parappanangadi | 68 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 | GMLPS, Puthankadappuram | 61 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല് | ഇല്ല | ഉണ്ട് | ഇല്ല |
| 11 | GMLPS, Parappanangadi Town | Rented | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 12 | BEMLPS, Parappanangadi | 50 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 13 | AMLPS, Neduva South | 75 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 14 | AMLPS, Palathingal | 340 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 15 | AMLPS, Kottanthala | 180 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |

വിദ്യാർത്ഥിക്കും 10ാം ക്ലാസിലെത്തുവാൻ കടമ്പ കളധികം കടക്കേണ്ടിവരുന്നില്ല. പഞ്ചായത്തിന്റെ മൊത്തം വിദ്യാഭ്യാസ നിലവാരം മനസ്സിലാക്കുവാൻ എസ്.എസ്.എൽ.സി. ഫലം തന്നെ ധാരാളമാണ്. രണ്ട് ഹൈസ്ക്കൂളുകളിലേയും വിജയശതമാനം ഒട്ടും ആശാവഹമല്ല. ഓരോ വർഷവും വിജയശത മാനം കുറഞ്ഞുവരികയാണ്. കഴിഞ്ഞ നാലു വർഷത്തെ SSLC വിജയശതമാനവും 96-97 വർഷത്തെ ഒന്നാം പാദ പരീക്ഷയുടെ ഫലവും പട്ടിക 8,9 എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കെട്ടിടം, കക്കൂസ്, കിണർ തുടങ്ങിയവ നിർമ്മിക്കുന്നതിനും ഉച്ചക്കഞ്ഞി പാചകം ചെയ്യുന്ന തിനുള്ള പാത്രങ്ങൾ വാങ്ങുന്നതിനു മറ്റും കഴിഞ്ഞ 5 വർഷങ്ങൾക്കിടയിലായി വിവിധ സ്കൂളുകൾക്ക് പഞ്ചായത്തു മുഖേന ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങ ളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകളും പാവപ്പെട്ട കുട്ടികൾക്ക് കുട വാങ്ങു ന്നതിനുള്ള ധനസഹായവും ഓരോ വർഷവും നൽകിവരുന്നുണ്ട്. SSLC പരീക്ഷയിൽ മികച്ച വിജയം നേടുന്നവർക്ക് വിവിധ സംഘടനകളുടെ വകയായി അവാർഡുകളും പ്രോത്സാഹനോപഹാ രങ്ങളും നൽകി വരുന്നു.

സർക്കാർ നല്കുന്ന വിവിധ സ്കോളർഷിപ്പു കൾ 95-96 വർഷത്തിൽ 27.85% വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ട്. പട്ടിക 10 കാണുക.

കലാ കായിക മത്സരങ്ങളിൽ ചില സ്കൂളു കൾക്കെങ്കിലും സംസ്ഥാന ജില്ലാതലത്തിൽ നല്ല പ്രകടനം കാഴ്ചവെക്കാനായിട്ടുണ്ട്. ഈ രംഗത്ത് കൂടുതൽ പ്രതിഭകളെ വളർത്തിക്കൊണ്ടുവരാനുള്ള പ്രോത്സാഹന സംരംഭങ്ങൾ കാര്യക്ഷമമാക്കേണ്ട താണ്.

ഗവൺമെന്റ്, എയ്ഡഡ് മേഖലകളിൽ SSLC പാസാകുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തി നുള്ള സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. ഭൂരി ഭാഗത്തിനും ആശ്രയം തിരൂരങ്ങാടി പി.എസ്.എം.ഒ കോളേജ് മാത്രമാണ്. ഫറോക്ക്, കോഴിക്കോട്, തിരൂർ തുടങ്ങിയ പ്രദേശങ്ങളിലെ സ്ഥാപനങ്ങ ളിലും ഇവിടുത്തെ വിദ്യർത്ഥികൾ പഠനം നടത്തി വരുന്നു.

ഉന്നതപഠനത്തിനുതകുന്ന കലാലയങ്ങളും സാങ്കേതിക തൊഴിൽ പഠന കേന്ദ്രങ്ങളും നിലവി ലില്ലാത്തതിനാൽ തല്പരരായ വിദ്യാർത്ഥികളുടെ ഉപരിപഠനം ഏറെ ചെലവേറിയതും പ്രയസകരവു മായിത്തീരുന്നു.

പത്താം ക്ലാസിനുശേഷമുള്ള ഉപരിപഠന ത്തിന് തിരൂരങ്ങാടി താലൂക്ക് കോ- ഓപ്പറേറ്റീവ് എജുക്കേഷൻ സൊസൈറ്റിയുടെകീഴിൽ പ്രവർത്തി ക്കുന്ന പരപ്പനങ്ങാടി കോ ഓപ്പറേറ്റീവ് കോളേജ് മാത്രമാണ് അർദ്ധ സർക്കാർ മേഖലയിലെ ഏക സ്ഥാപനം. പ്രീഡിഗ്രി, ഡിഗ്രി കോഴ്സുകളിലായി നാനൂറിനടുത്ത് വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. ഇതിനു പുറമെ മൂന്ന് പാരലൽ കോളേജ്, ഒരു അറ ബിക് കോളേജ്, ഒരു സ്വകാര്യ കമ്പ്യൂട്ടർ പഠന കേന്ദ്രം, ഒൻപത് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, മറ്റൊരു സ്വകാര്യ പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെനിംഗ് സെന്റർ എന്നിവയും പരപ്പനങ്ങാടിയുടെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. കൂടാതെ മുസ്ലിം മത പഠന കേന്ദ്രങ്ങളായ 36 മദ്രസകളും പഞ്ചായത്തിലുണ്ട്. ഇവയ്ക്ക് പുറമെ അഞ്ചപ്പുര, പാലത്തിങ്ങൽ എന്നിവിടങ്ങളിൽ രണ്ട് പാരലൽ സ്കൂളുകളും പ്രവർത്തിച്ച് വരുന്നു. ഈ സ്കൂളുക ളിൽ മുന്നൂറിനടുത്ത് വിദ്യാർത്ഥികൾ പഠനം നട ത്തുന്നു.

## പ്രീ പ്രൈമറി പഠനം

സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തി ക്കുന്ന അംഗൻവാടികളിൽ തന്നെയാണ് ബഹുഭൂ രിപക്ഷം കുട്ടികളും പ്രീ പ്രൈമറി പഠനം നടത്തി വരുന്നത്. പഞ്ചായത്തിൽ മൊത്തമുള്ള 42 അംഗൻവാടികളിലായി 1848 കുട്ടികളുണ്ട്.

21 അംഗൻവാടികൾക്കു മാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. കളിപ്പാട്ടങ്ങളും മറ്റുപകരണങ്ങളും തീരെയില്ലാത്ത കേന്ദ്രങ്ങളുമുണ്ട്. കുട്ടികളുടെ എണ്ണ ത്തിന് ആനുപാതികമായി ഇനിയും പുതിയ കേന്ദ്ര ങ്ങൾ ചില വാർഡുകളിൽ ആരംഭിക്കണമെന്ന് ഗ്രാമ സഭയിൽ നിർദ്ദേശമുയർന്നിട്ടുണ്ട്.

ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിനും നടപടികൾ ആവശ്യമാണ്.

അംഗൻവാടികളിൽ വരുന്ന കുട്ടികളിലധി കവും സാധാരണക്കാരുടെ മക്കളാണ്. പൊതുവെ സാമ്പത്തികമായി ഉയർന്ന കുടുംബങ്ങളിൽ നിന്നും ഇംഗ്ലീഷ് മീഡിയം നഴ്സറികളിലാണ് കുട്ടികളെ

## പട്ടിക 8. എസ്.എസ്.എൽ.സി വിജയശതമാനം

| സ്കൂളുകൾ | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| BEMHS | 43 | 32 | 27 | 28 |
| SNMHS | 14 | 12 | 8 | 7 |

## പട്ടിക 9. 1996–97–ലെ ഒന്നാം പാദപരീക്ഷ

| ക്ലാസ്സുകൾ | 30% താഴെ മാർക്ക് ലഭിച്ചവർ | 30%–നും 40%–നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40% to 50% ലഭിച്ചവർ | 50% to 60% ലഭിച്ചവർ | 60% മേലെ മാർക്ക് ലഭിച്ചവർ | ആകെ |
|---|---|---|---|---|---|---|
| III | 277 | 301 | 307 | 231 | 204 | 1320 |
| IV | 299 | 313 | 377 | 276 | 250 | 1515 |
| V | 220 | 244 | 254 | 237 | 153 | 1108 |
| VI | 212 | 216 | 315 | 177 | 145 | 1065 |
| VII | 189 | 208 | 225 | 227 | 140 | 989 |
| VIII | 132 | 210 | 312 | 248 | 110 | 1012 |
| IX | 150 | 181 | 209 | 168 | 76 | 784 |
| X | 140 | 103 | 154 | 127 | 65 | 589 |
| Total | 1619 | 1776 | 2153 | 1691 | 1143 | 8382 |

ചേർക്കുന്നത്. സമീപകാലത്തായി ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിത താൽപര്യം കാരണം പഞ്ചായത്തിന് പുറത്തുള്ള ഇത്തരം സ്ഥാപനങ്ങളിലേക്കും നല്ലൊരു ശതമാനം കുട്ടികളെ അയക്കുന്നുണ്ട്. മത-സാംസ്ക്കാരിക-സന്നദ്ധ സംഘടനകളും വ്യക്തികളും നടത്തുന്ന എട്ട് സ്വകാര്യ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ച് വരുന്നു. അവയിലെ കുട്ടികളുടെ വിവരം പട്ടിക 11 ൽ

## വികലാംഗ വിദ്യാലയം

സാമൂഹ്യാധിഷ്ഠിത വികലാംഗ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിവരുന്ന 'ശേഷി' സി.ബി.ആർ പ്രൊജക്റ്റിന്റെ ആസ്ഥാനം പരപ്പനങ്ങാടിയിലാണ്. ബുദ്ധിമാന്ദ്യമുള്ളവരും അംഗവൈകല്യം സംഭവിച്ചവരുമായ കുട്ടികളുടെ പഠനത്തിനും പാഠ്യേതര കാര്യങ്ങൾക്കുമായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ ഒൻപതെണ്ണം ഈ പഞ്ചായത്തിലാണ്. അവയിൽ ഒരു സ്പെഷൽ സ്കൂളും ഉൾപ്പെടും. ഈ ബധിര വിദ്യാലയത്തിന് 95 ജൂണിൽ സർക്കാറിന്റെ സ്ഥിരം അംഗീകാരം ലഭിച്ചിട്ടുണ്ട്. 1 മുതൽ 5 വരെ ക്ലാസുകളിലായി പഞ്ചായത്തിലെയും പുറത്ത് നിന്നുമുള്ള 63 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. സ്വന്തമായ കെട്ടിടവും ഹോസ്റ്റൽ സൗകര്യവുമായിട്ടില്ല. മറ്റു സ്ഥാപനങ്ങളും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.

ജന്മവൈകല്യം കൊണ്ട് സമുഹത്തിന്റെ പൊതുധാരയിൽ നിന്നും അകന്നുമാറി നിൽക്കാൻ വിധിക്കപ്പെട്ട ഹതഭാഗ്യരായ സഹോദരങ്ങൾക്ക് വിദ്യാഭ്യാസത്തിലൂടെ ആത്മവിശ്വാസം വളർത്തി മറ്റുള്ളവരോടൊപ്പം ഉയർത്തിക്കൊണ്ടുവരാൻ 'ശേഷി' നടത്തുന്ന സന്നദ്ധ സേവനം മാതൃകപരമാണ്. സർക്കാറും പഞ്ചായത്തും കാര്യമായ പരിഗണന നൽകേണ്ട മേഖലകൂടിയാണിത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശേഷി സ്ഥാപനങ്ങളുടെ വിവരം 12 ൽ

സാക്ഷരതാ പ്രവർത്തനം വഴി നിരക്ഷരത ഒരളവോളം പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം കാരണം സാക്ഷരരായവർ തന്നെ വീണ്ടും നിരക്ഷരതയിലേക്ക് നീങ്ങിയതായി ഗ്രാമസഭ റിപ്പോർട്ടുകളിൽ കാണുന്നു. ചില വാർഡുകളിൽ മുപ്പത് ശതമാനം വരെ നിരക്ഷരർ ഉള്ളതായും ഗ്രാമസഭ മുഖേന അറിവായിരിക്കുന്നു. ഈ മേഖലയിൽ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുന്നതിനും തുടർ വിദ്യാഭ്യാസം നൽകുന്നതിനും ആവശ്യമായ സംവിധാനങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രൈമറി തലത്തിൽ ചെറിയൊരു ശതമാനത്തിനാണെങ്കിലും വിദ്യാർത്ഥികളിൽ അക്ഷരജ്ഞാനം വേണ്ടത്ര ഇല്ലാതായിട്ടുണ്ട്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്.

വിവിധ കാരണങ്ങളാൽ അധ്യായനദിനങ്ങൾ നഷ്ടമാവുന്നതും നിലവാരത്തകർച്ചയ്ക്ക് ആക്കം കൂട്ടുന്നുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനവും ടെലിവിഷൻ -സിനിമ തുടങ്ങിയ മാധ്യമങ്ങളുടെ അതിപ്രസരവും കാരണം ഭൂരിഭാഗം കുട്ടികളും പഠനം ഗൗരവമായെടുക്കുന്നില്ല. ഹൈസ്ക്കൂൾ തലങ്ങളിലാണ് പഠനത്തോടുള്ള വിമുഖത കൂടുതൽ പ്രകടമാവുന്നത്. SSLC പരീക്ഷയിലെ കൂട്ട തോൽവിക്ക് ഇത് വഴിയൊരുക്കുന്നു.

അനൗപചാരിക വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങൾ വായനശാലകൾ മാത്രമാണ്. പഞ്ചായത്തിലെ മിക്ക വാർഡുകളിലും വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പത്രങ്ങളുടെ എണ്ണം പരിമിതമാണ്. ഗ്രന്ഥശാലാ സംഘത്തിന്റ അംഗീകാരമുള്ള 4 ഗ്രന്ഥാലയങ്ങളും പ്രവർത്തിക്കുന്നു. കൂടാതെ ഉന്നത പഠനത്തിന് സഹായകരമായ ഒരു റഫറൻസ് ലൈബ്രറിയും പഞ്ചായത്തിന്റെ നിർദിഷ്ട സാംസ്ക്കാരിക നിലയത്തോടനുബന്ധിച്ച് തുടങ്ങുവാൻ പദ്ധതിയുണ്ട്. സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിനും പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി (DPEP) യുടെ ഭാഗമായി അക്കാദമിക് നിലവാരവും ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തുവാനുതകുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നുണ്ട്. എല്ലാ സ്കൂളുകളിലും പി.ടി.എ.കളും മാതൃസംഗമങ്ങളും സജീവമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം 40 ശതമാനത്തിൽ താഴെയാണ്.

പഠന നിലവാരമുയർത്തുവാൻ വിദ്യാർത്ഥികളിൽ ആത്മവിശ്വാസവും ചുമതലാബോധവും വളർത്തുകയാണാവശ്യം. ഇതിന് സ്വന്തം മക്കളെ പാകപ്പെടുത്തിയെടുക്കുന്നതിൽ രക്ഷിതാക്കളുടെ പങ്ക് വളരെ വലുതാണ്. പരിമിതമായ സമയത്തിനു

## പട്ടിക 10. 1995–96 വർഷത്തിൽ സാമ്പത്തികാനുകൂല്യം ലഭിച്ചവരുടെ എണ്ണം

| നമ്പർ | സഹായം | ലഭിച്ച കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | മെറിറ്റ് സ്കോളർഷിപ്പ് | 14 |
| 2 | ലംസം ഗ്രാന്റ് (എസ്.സി.) | 579 |
| 3 | മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് | 569 |
| 4 | വികലാംഗ സ്കോളർഷിപ്പ് | 36 |
| 5 | ജവാന്മാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | 3 |
| 6 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | 1950 |
| 7 | മറ്റുള്ളവ | 5 |
| | ആകെ | 3156 |

## പട്ടിക 11. നഴ്സറി സ്കൂൾ വിവരം

| നമ്പർ | വാർഡ് | പേര് | കുട്ടികൾ | | ആകെ | അധ്യാപകർ | | ആകെ |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | | ആൺ | പെൺ | |
| 1 | 5 | തഅ്ലീമുൽ ഇസ്ലാം, അഞ്ചപ്പുര | 40 | 35 | 75 | 1 | 2 | 3 |
| 2 | 7 | ലിറ്റിൽ ഫ്ളവർ, പരപ്പനങ്ങാടി | 13 | 7 | 20 | – | 1 | 1 |
| 3 | 7 | പ്രസന്റേഷൻ, പരപ്പനങ്ങാടി | 16 | 14 | 30 | – | 2 | 2 |
| 4 | 9 | പാസ്സ്, പാലത്തിങ്ങൽ (മലയാളം മീഡിയം) | 14 | 8 | 22 | – | 1 | 1 |
| 5 | 10 | അവുക്കാദർകുട്ടി നഹ മെമ്മോറിയൽ അട്ടക്കുഴിങ്ങരി (മലയാളം മീഡിയം) | 11 | 9 | 20 | – | 1 | 1 |
| 6 | 11 | പരപ്പനങ്ങാടി ഇംഗ്ലീഷ് മീഡിയം | 8 | 5 | 13 | – | 2 | 2 |
| 7 | 13 | ലത്തീഫിയ്യത്ത്, ഉള്ളണം | 16 | 26 | 42 | – | 1 | 1 |
| 8 | 14 | പരപ്പനാട് കോവിലകം ഇംഗ്ലീഷ്മീഡിയം | 54 | 50 | 104 | – | 2 | 2 |
| | | ആകെ | 172 | 154 | 326 | 1 | 12 | 13 |

ളളിൽ ക്ലാസ് മുറികളിൽ വെച്ച് പഠിപ്പിക്കുന്ന പാഠ ഭാഗങ്ങൾ മനസ്സിരുത്തി പഠിക്കുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുന്ന ഗാർഹികാന്തരീക്ഷം ബഹുഭൂരി പക്ഷം കുടുംബങ്ങളിലും ഇല്ലെന്നുള്ളതാണ് ഈ രംഗത്തെ ഏറ്റവും വലിയ പ്രശ്നം. രക്ഷിതാക്കൾ ബോധവാന്മാരാവുകയും സ്വന്തം കുട്ടിയുടെ പഠന കാര്യങ്ങളിൽ നിഷ്കർഷത പുലർത്തുകയും ചെയ്തെങ്കിൽ മാത്രമേ വരും തലമുറ രക്ഷപ്പെടുക യുള്ളൂ. രക്ഷിതാക്കളുടെയും അധ്യാപകരുടെയും കൂട്ടായ്മയോട് കൂടിയുള്ള തീവ്രശ്രമങ്ങൾ വഴി ഒരു പരിധി വരെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്ക് കഴിയും.

## പ്രശ്നങ്ങൾ

1. വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതിനനു സൃതമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വർദ്ധിക്കു ന്നില്ല.

2. മിക്ക സ്കൂളുകളിലും സ്ഥലപരിമിതി കാരണം ഒരു ക്ലാസിൽ പരിധിയിൽ കവിഞ്ഞ് കുട്ടി കൾ വീർപ്പുമുട്ടി പഠിക്കുന്നു.

3. അത്യാവശ്യമായ കെട്ടിടങ്ങൾ പോലും നിർമ്മിക്കപ്പെടുന്നില്ല.

4. മിക്ക പ്രദേശങ്ങളിലും എൽപി.ക്ക് ശേഷ മുള്ള പഠനത്തിന് പോലും രണ്ട്മുതൽ എട്ട് വരെ കിലോമിറ്റർ ദൂരം യാത്ര ചെയ്യേണ്ടി വരുന്നു.

5. ആയിരത്തിനടുത്ത് കുട്ടികൾ സമീപ പഞ്ചായത്തുകളിൽ പഠനം നടത്തുവാൻ നിർബന്ധി തരാവുന്നു.

6. ഉപരിപഠനത്തിനുള്ള സൗകര്യങ്ങൾ ഇല്ല. സാങ്കേതിക തൊഴിൽ പരിശീലന സ്ഥാപനങ്ങളു മില്ല.

7. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കു ന്നില്ല.

8. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമല്ല.

9. സ്കോളർഷിപ്പുകളും ഗ്രാന്റുകളും യഥാ സമയം ലഭിക്കുന്നില്ല. ഇവയുടെ തുക വളരെ പരി മിതം

10. ഭൂരിഭാഗം രക്ഷിതാക്കളും സ്വന്തം കുട്ടി കളുടെ പഠനകാര്യത്തെക്കുറിച്ച് ബോധവാന്മാരല്ല.

11. നിർദ്ധനരായ വിദ്യാർത്ഥികളെ സഹായി ക്കുവാൻ സ്ഥിരം സംവിധാനമില്ല.

12. പഠനത്തിന് സഹായകരമായ അന്തരീക്ഷ മല്ല മിക്ക വിദ്യാലയങ്ങളിലും.

13. തീരപ്രദേശമേഖലയിൽഅടിസ്ഥാന സൗകര്യങ്ങൾ പരിമിതം. കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഈ മേഖലയിൽ കൂടുതലാണ്.

## നിർദ്ദേശങ്ങൾ

ഗ്രാമസഭ റിപ്പോർട്ടുകളുടെയും മറ്റു ചർച്ചക ളുടെയും അടിസ്ഥാനത്തിൽ ഉയർന്നുവന്ന, വിദ്യാ ഭ്യാസ മേഖലയിൽ നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ

1. നെടുവ ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തുക. 1500 ലധികം കുട്ടി കൾ പഠിക്കുന്ന ഈ വിദ്യാലയം പഞ്ചായത്തിലെ ഏക ഗവൺമെന്റ് യു.പി. സ്കൂളാണ്. ഇതു സംബ ന്ധിച്ച നിർദ്ദേശം നേരത്തെ തന്നെ സർക്കാറിന്റെ പരിഗണനയിലുള്ളതാണ്.

2. പാലത്തിങ്ങൽ എ.എം.എൽ.പി. സ്കൂൾ യു.പി. ക്ലാസുകളോട് കൂടിയ ഹൈസ്ക്കൂളായും കൊട്ടന്തല എ.എം.എൽ.പി. സ്കൂൾ യു.പിയായും അപ്ഗ്രേഡ് ചെയ്യുക. ഈ പ്രദേശങ്ങളിൽ നിന്നും 500 നടുത്ത് വിദ്യാർത്ഥികൾ എൽ.പിക്ക് ശേഷ മുള്ള പഠനത്തിനായി രണ്ട് മുതൽ എട്ട് വരെ കിലോ മീറ്ററുകൾ യാത്രചെയ്യേണ്ടതുണ്ട്. സ്കൂളുകളിൽ പ്രവേശനം കിട്ടാൻ പ്രയാസപ്പെടുന്നു. യാത്രാദു രിതം കാരണം പഠനം മുടങ്ങുന്നു. (പ്രത്യേകിച്ച് പെൺകുട്ടികളുടെ)

3. ആലുങ്ങൽ ജി.എഫ്.എൽ.പി. സ്കൂൾ യു.പിയാക്കുക. (തുടർന്നുള്ള പഠനത്തിന് മൂന്ന് കി.മീ. യാത്ര ചെയ്യേണ്ടവരുന്നു. അപ്ഗ്രേഡേഷൻ നേരത്തെ സർക്കാറിന്റെ പരിഗണനയിലുള്ളതാണ്.)

4 ഉള്ളണം എ.എം.യു.പി. സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തുക. (ഹൈസ്ക്കൂൾ പഠ നത്തിന് 3 കി.മീ. യാത്ര ചെയ്യേണ്ടിവരുന്നു)

5. ചെട്ടിപ്പടി ജി.എം.എൽ.പി. സ്കൂൾ യു.പി. ആക്കുകയും ഇതിനോടനുബന്ധിച്ച് ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ സ്ഥാപിക്കുകയും ചെയ്യുക.

6. ചെറമംഗലം എ.യു.പി.എസ് ഹൈസ്ക്കൂ ളാക്കുക, ഇവിടെ കമ്പ്യൂട്ടർ പഠനവും ഏർപ്പെടു ത്തുക.

7. പുത്തൻ കടപ്പുറം ജി.എം.എൽ.പി സ്കൂൾ, ആനപ്പടി ജി.എം.എൽ.പി സ്കൂൾ, നെടു

വത്ത് എ.എം.എൽ.പി. സ്കൂൾ എന്നിവ യു.പിയായി അപ്ഗ്രേഡ് ചെയ്യുക. (പുത്തൻ കടപ്പുറം എൽ.പി അപ്ഗ്രേഡേഷൻ നേരത്തെ സർക്കാരിന്റെ പരിഗണനയിലുള്ളതാണ്.)

8. പുത്തരിക്കൽ, അട്ടക്കുഴിങ്ങര എന്നീ സ്ഥലങ്ങളിൽ പുതുതായി എൽ.പി. സ്കൂൾ തുടങ്ങുക. പുത്തരിക്കൽ നിന്നും റെയിൽ മുറിച്ച് കടന്ന് വേണം കൊച്ചുകുട്ടികൾക്ക് സ്കൂളിലെത്താൻ. അട്ടക്കുഴിങ്ങറയിൽ നിന്നും എൽ.പി പഠനത്തിന് 2 കി.മീ യാത്ര ചെയ്യേണ്ടി വരുന്നുണ്ട്.

9, ആറാം വാർഡിൽ ഒരു എൽ.പി സ്കൂളും നാലാം വാർഡിൽ ഒരു UPയും സ്ഥാപിക്കുക.

10. ഗവൺമെന്റ് സ്കൂളുകളിൽ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ സംബന്ധിച്ച വിവരം പട്ടിക 13ൽ കൊടുത്തിരിക്കുന്നു.

11. ഒന്നാം വാർഡിലെ ഫിഷറീസ് കോളനി, ലക്ഷംവീട് കോളനി എന്നിവിടങ്ങളിലെ കുട്ടികൾക്കായിപുതിയ വിദ്യാലയം വേണം. (1.5 ഏക്കർ സ്ഥലം സർക്കാർ ഭൂമി ഒഴിഞ്ഞ് കിടക്കുന്നു.)

12. പരപ്പനങ്ങാടി ടൗൺ GMLP വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അഞ്ഞൂറിനടുത്ത് വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്കൂളിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്തു സ്വന്തമായ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കണം.

13. ഹൈസ്കൂളുകളോടനുബന്ധിച്ച് സാങ്കേതിക പഠന സൗകര്യങ്ങളും LP സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി പഠനത്തിനാവശ്യമായ സംവിധാനങ്ങളും ഏർപ്പെടുത്തുക.

14. ഹൈസ്കൂളുകളിൽ ഹയർസെക്കണ്ടറി കോഴ്സുകൾ ആരംഭിക്കണം.

15. പരപ്പനങ്ങാടി കോ-ഓപ്പറേറ്റീവ് കോളേജിനോടനുബന്ധിച്ച് ഉന്നതപഠനത്തിനും സാങ്കേതിക-തൊഴിൽ പരിശീലനത്തിനുമുള്ള സംവിധാനമേർപ്പെടുത്തുക.

16. മത്സ്യതൊഴിലാളികളുടെ മക്കൾക്ക് മത്സ്യബന്ധനത്തിനുപയോഗിക്കുന്ന എഞ്ചിന്റെ അസംബ്ലിംഗും, റിപ്പയറിംഗുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനകേന്ദ്രമാരംഭിക്കുക.

17. സ്വയംതൊഴിൽ, സാക്ഷരത, പൊതുജനാരോഗ്യം, കൃഷി, മൃഗപരിപാലനം തുടങ്ങിയ മേഖലകളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനായി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പൊതു വിജ്ഞാനകേന്ദ്രം ( Public Information Centre) തുടങ്ങുക.

18. 12, 14 വാർഡുകളിൽ വികലാംഗ വിദ്യാർത്ഥികൾക്ക് പ്രത്യേക വിദ്യാലയം ആരംഭിക്കുവാൻ നടപടിയെടുക്കുക.

19. ഏഴാം വാർഡിലെ അയ്യങ്കാളി കോളനിയിൽ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.

20. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും യൂണിഫോമും സൗജന്യമായി നൽകുക.

21. ആവശ്യമായിടങ്ങളിൽ സാക്ഷരതാപ്രവർത്തനം പുനരാരംഭിക്കുകയും തുടർ വിദ്യാഭ്യാസത്തിനുള്ള സംവിധാനമേർപ്പെടുത്തുകയും ചെയ്യുക.

22. ആൾ പ്രമോഷൻ എടുത്തുകളയാൻ നടപടികളെടുക്കുകയും നഷ്ടപ്പെടുന്ന അധ്യയന ദിനങ്ങൾ വീണ്ടെടുക്കുവാൻ സംവിധാനമുണ്ടാക്കുകയും ചെയ്യുക.

23. പാഠപുസ്തകങ്ങൾ അധ്യയന വർഷാരംഭത്തിന് മുമ്പ് തന്നെ സ്കൂളിലെത്തിക്കുക.

24. തീരദേശമേഖലയിലെ കൊഴിഞ്ഞുപോക്ക് തടയുവാൻ സന്നദ്ധ പ്രവർത്തകരുടെ സ്ക്വാഡ് രൂപീകരിക്കണം.

25. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക

26. പഠനനിലവാരമുയർത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് മാറുന്ന പാഠ്യപദ്ധതിക്കനുസരിച്ചുള്ള ഇൻസർവ്വീസ് കോഴ്സ് ഏർപ്പെടുത്തുക.

27. മാതൃസംഗമങ്ങൾ സജീവമാക്കുകയും ഹൈസ്കൂളുകളിലെങ്കിലും ക്ലാസ്സ് PTA കൾ നിർബന്ധമായും രൂപീകരിക്കുകയും ചെയ്യുക

28. സ്കൂളുകളുടെ അക്കാദമിക്ക് നിലവാരം പരിശോധിക്കുന്നതിനായി വർഷംതോറും ഇൻസ്പെക്ഷൻ ഏർപ്പെടുത്തുക.

29. അധ്യാപക-വിദ്യാർത്ഥി അനുപാതം കുറക്കുകയും ക്ലാസും പരിസരവും ആകർഷണീയമാക്കുകയും ചെയ്യുക.

പഠനത്തോടൊപ്പംതന്നെ പാഠ്യേതരവിഷയങ്ങളിലും കുട്ടികളിൽ താൽപര്യം ജനിപ്പിക്കേണ്ടതുണ്ട്. സ്കൂൾ പാർലമെന്റ്, ടാലന്റ് ടെസ്റ്റുകൾ,

## പട്ടിക 12 ശേഷി വിദ്യാലയങ്ങളിലെ വിവരം

| നമ്പർ | സ്ഥാപനം | സ്ഥാപിച്ച തീയതി | ഗുണഭോക്താക്കൾ | | ആകെ |
|---|---|---|---|---|---|
| | | | ആൺ | പെൺ | |
| 1 | ബധിരർക്ക് വേണ്ടിയുള്ള പ്രീ-പ്രൈമറി സ്കൂൾ, പരപ്പനങ്ങാടി | 10-12-90 | 16 | 4 | 20 |
| 2 | മന്ദബുദ്ധികളായ കുട്ടികൾക്കുള്ള ഡെ-കെയർ സെന്റർ പരപ്പനങ്ങാടി | 23-10-92 | 6 | 3 | 9 |
| 3 | മന്ദബുദ്ധികളായ കുട്ടികൾക്കുള്ള ഡെ-കെയർ സെന്റർ ചെട്ടിപ്പടി | 20-12-95 | 8 | 3 | 11 |
| 4 | മന്ദബുദ്ധികളായ കുട്ടികൾക്കുള്ള ഡെ-കെയർ സെന്റർ പാലത്തിങ്ങൽ | 15-9-93 | 6 | 2 | 8 |
| 5 | ഫിസിയോ തെറാപ്പി ക്ലിനിക്ക്, പരപ്പനങ്ങാടി | 10-8-92 | 12 | 6 | 18 |
| 6 | മെന്റൽ ഹെൽത്ത് ക്ലിനിക്ക്, പരപ്പനങ്ങാടി | 22-10-94 | 21 | 9 | 30 |
| 7 | ചൈൽഡ് ഗൈഡൻസ് ക്ലിനിക്ക്, പരപ്പനങ്ങാടി | 1-11-95 | 5 | 7 | 12 |
| 8 | എസ്.എസ്.എൽ.സി. കോച്ചിംഗ് സെന്റർ, പരപ്പനങ്ങാടി | 1-6-96 | 3 | 2 | 5 |
| 9 | സെപെഷ്യൽ സ്കൂൾ ഫോർ ഡഫ് (എയ്ഡഡ്) പരപ്പനങ്ങാടി | June 95 | – | – | 63 |
| | | Total | 77 | 36 | 176 |

## പട്ടിക 13
## ഗവ: സ്കൂളുകളിൽ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ

| നമ്പർ | സ്കൂൾ | ആവശ്യമായ ക്ലാസ്സുമുറി | കക്കൂസ് & മൂത്രപ്പുര | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
|---|---|---|---|---|---|---|---|---|
| 1 | GLPS, Anappadi | 8 | 1 | – | 40 | 10 | 4 | 3 |
| 2 | G.F.L.P.S, Parappangadi | 4 | 1 | – | 60 | 10 | 10 | 1 |
| 3 | G.L.P.S, Parappanangadi | 4 | – | – | – | – | 4 | 2 |
| 4 | GMLPS, Parappanangadi | 4 | 1 | – | 100 | 5 | 5 | 2 |
| 5 | GMLPS, Puthan Beach | – | 1 | – | 100 | 5 | 5 | 3 |
| 6 | GMLPS, Parappanangadi Town | – | – | – | 60 | 5 | 5 | 3 |
| 7 | G.U.P.S, Neduva | – | – | 100 | 32 | 4 | 4 | 2 |

അവലംബം : സെക്കണ്ടറി ഡാറ്റ

സയൻസ് ക്ലബ്ബുകൾ, സാഹിത്യസമാജം, കയ്യെഴുത്ത് മാസിക, പഠന-വിനോദ യാത്രകൾ തുടങ്ങിയ പരിപാടികൾ ആകർഷകമായ രീതിയിൽ PTA യുടെ സഹകരണത്തോടെ നടത്താവുന്നതാണ്.

കേവലം തൊഴിൽ ലഭിക്കുവാനുള്ള യോഗ്യത നേടിയെടുക്കുകയെന്ന ഭൗതിക നേട്ടത്തിനപ്പുറം വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിനായി സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാൻ ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായുള്ള ഈ പ്രവർത്തനങ്ങൾ നമുക്ക് പ്രചോദനമേകേണ്ടിയിരിക്കുന്നു.



*കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, നെടുവ*

# കുടിവെള്ളം, പൊതുജന ആരോഗ്യം

## കുടിവെള്ളം

പുതിയ മേച്ചിൽപ്പുറങ്ങന്വേഷിച്ച് നിരന്തരം യാത്രചെയ്തിരുന്ന മനുഷ്യസമൂഹം എന്നാണ് കുടിവെള്ളം കൃതമായി ലഭിക്കത്തക്കവിധം ഒരു കിണർ എന്ന ആശയത്തിലെത്തിയതെന്നറിയില്ല. ജീവിക്കാൻ അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തി അവിടെ സ്ഥിരവാസമാക്കാമെന്ന് തീരുമാനിച്ചതിനു തൊട്ടു പിറകെത്തന്നെ കിണറിനെക്കുറിച്ചും നമ്മുടെ പൂർവ്വീകർ ചിന്തിച്ചുതുടങ്ങിയിരിക്കണം. ആദ്യം അത് ഭൂമിയിലെ വെറുമൊരു കുഴിയായിരുന്നിരിക്കാം. പിന്നീട് ഒരുപാട് രൂപപരിണാമങ്ങൾ വന്ന്, പ്രദേശത്തിനും മണ്ണിനും അനുസരിച്ച് പാറയിൽ കൊത്തിയെടുത്തും, കല്ല് വെട്ടിപടുത്തും, സിമൻറും കമ്പിയുമുപയോഗിച്ചും കുടിവെള്ളം കിണറെന്ന രൂപത്തിൽ സ്വരൂപിക്കപ്പെട്ടുപോന്നു. കിണറുകൾ ഏറെയും വട്ടത്തിലാണെങ്കിലും അപൂർവ്വം ചതുരക്കിണറുകളുമുണ്ട്.

നമ്മുടെ മുമ്പേ പോയവർ കിണറിൽ നിന്ന് വെള്ളമെടുക്കാൻ പാളകുമ്പിളും തുടിയും കയറും പിന്നീട് കപ്പിയും കണ്ടെത്തിയതോടെയാണ് കൂടുതൽ ആവശ്യം വരുന്ന സന്ദർഭത്തിൽ കിണറിൽതന്നെ ഏത്തങ്ങൾ ഉപയോഗിച്ചിരുന്നു. (അടുത്ത കാലം വരെ മുസ്ലീം പള്ളിക്കിണറുകളിൽ സ്ഥാപിച്ചുകണ്ടിട്ടുള്ള ഏത്തം ഓർക്കുക.

അപൂർവ്വം ചില വീട്ടുകാർ ജലസേചനത്തിനായി ഏത്തം കിണറുകളിൽ സ്ഥാപിച്ചിരുന്നു. പ്രത്യേകിച്ചും പറമ്പുകളിൽ വാഴകൃഷി ചെയ്യുമമ്പോൾ.

മോട്ടോർ പമ്പിൻെറ ശാസ്ത്രം സാധാരണക്കാരി

### പട്ടിക 1 കിണറുകളുടെ വിവരം

| | പൊതുകിണർ | | പൊതുടാപ്പ് | |
|---|---|---|---|---|
| വാർഡ് | വെള്ളം കിട്ടുന്നത് | കിട്ടാത്തത് | നല്ലത് | കേടുവന്നത് |
| 1 | 5 | 1 | 3 | 7 |
| 2 | 4 | - | 7 | - |
| 3 | 3 | 1 | 12 | 9 |
| 4 | 2 | 1 | 5 | 3 |
| 5 | 2 | - | 19 | 8 |
| 6 | 3 | - | 10 | 7 |
| 7 | 2 | - | 10 | 3 |
| 8 | 3 | - | 10 | 3 |
| 9 | 2 | - | 14 | 6 |
| 10 | 2 | 1 | 5 | 1 |
| 11 | 6 | (1 വെള്ളം മോശം) | 5 | 2 |
| 12 | 2 | - | 5 | 2 |
| 13 | - | - | 12 | 5 |
| 14 | 1 | - | 3 | 3 |
| 15 | 1 | - | 4 | - |
| ആകെ | 38 | 4 | 124 | 60 |

### പട്ടിക 2 ജലജന്യരോഗങ്ങൾ

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | ജലജന്യരോഗ ങ്ങളുടെ എണ്ണം |
|---|---|---|
| 1 | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ നെടുവ | 302 |
| 2 | പ്രാഥമിക ആരോഗ്യകേന്ദ്രം, പരപ്പനങ്ങാടി | 2119 |
| 3 | ഗവ: ഹോമിയോ ഡിസ്പെൻസറി | 4400 |
| 4 | ഗവ: ആയുർവേദ ഡിസ്പെൻസറി | 925 |
| | ആകെ | 7746 |

ലെത്തിയപ്പോൾ, കിണറുകളിൽ നിന്ന് മോട്ടോർ ഉപയോഗിച്ച് വെള്ളം ഉയരങ്ങളിൽ സംഭരിച്ച് സൂക്ഷിക്കുകയും വീടിൽ കയ്യെത്താവുന്നിടത്തൊക്കെ ടാപ്പുകൾ വഴി ആവശ്യത്തിലേറെ ആർഭാടമോ അലങ്കാരമോ ആയി നാം വെള്ളത്തെ മെരുക്കിയെടുത്ത് ഉപയോഗിക്കുംവിധം കാര്യങ്ങൾ എത്തിനിൽക്കുകയും ചെയ്യുന്നു.

ഇത്രയും കുടിവെള്ളത്തിൻെറ പൊതുരൂപം. എന്നാൽ പഞ്ചായത്തിലെ മൊത്തം കാര്യങ്ങളിലേക്ക് കടക്കുമ്പോൾ നാമറിയുന്നത് 60 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി കിണറില്ലെന്നാണ്. കുടിവെള്ള സംവിധാനം പരിമിതമാണെന്നും ഉള്ളവ തന്നെയും അതിൻെറ ഉദ്ദേശ്യത്തിന് പ്രാപ്തമല്ലെന്നുമറിയാൻ ഇതൊന്നിച്ചുള്ള പട്ടിക-1 കാണുക.

42 പൊതുടാപ്പുകളിൽ നാലും 124 പൊതുടാപ്പുകളിൽ 60 ഉം പ്രവർത്തനക്ഷമമല്ല.

പഞ്ചായത്തിൽ പൊതുവായി ഉപയോഗിക്കുന്ന നാല് കുളങ്ങളാണുള്ളത്. 2-ാം വാർഡിലെ പുതുക്കുളം, 3-ാം വാർഡിലെ ആവിക്കുളം 4-ാം വാർഡിലെ നുള്ളക്കുളം 13-ാം വാർഡിലെ നീർവാഴിക്കുഴി എന്നിവ.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 11,12,13,14,15 വാർഡുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. വയൽ പ്രദേശത്തിൻെറ ഓരത്തായതുകൊണ്ട് ചില വാർഡുകളിൽ കിണർ കുഴിച്ചാലും നല്ല വെള്ളം കിട്ടില്ല. 12,13,14 എന്നീ വാർഡുകളുടെ ചില ഭാഗങ്ങൾ കുന്നിൻപ്രദേശങ്ങളോ ചരിവുകളോ ആണ്. അതുകൊണ്ട് കിണർ കുഴിക്കാൻ ഭാരിച്ച ചെലവ് വരുന്നു. ഏകദേശം 30 മീറ്ററോളം താഴ്ത്തേണ്ട സ്ഥലങ്ങൾ ഉണ്ട്. അക്കാരണത്താൽ കിണറുകൾ കുറവാണ്. ചില ഭാഗങ്ങളിൽ 250 മീ മുതൽ 4 കി.മീറ്റർ വരെ ദൂരത്തു നിന്ന് വെള്ളം കെട്ടികൊണ്ടുവരുന്നു.
2. 1 മുതൽ 6 വരെയുള്ള വാർഡുകൾ തീരപ്രദേശങ്ങളാണ്. അതുകൊണ്ടുതന്നെ ഈ ഭാഗങ്ങളിൽ കിണറുകളിലെ വെള്ളത്തിന് ഉപ്പ് രസമുണ്ട്. ഈ ഭാഗത്തെ ഒരു പ്രധാന തോടായ മുറിത്തോടിയിലേക്ക് കടൽവെള്ളം കയറിവരുന്നതിനാൽ തോടിൻെറ എല്ലാ ഭാഗങ്ങളിലുമുള്ള കിണറുകളിലെ വെള്ളത്തിന് ഉപ്പ് പുളിയാണ്. അതുകൊണ്ട് കിണറുകളുടെ എണ്ണം കുറവാണ്.
3. 8,9 വാർഡുകളിലെ പുഴയോരപ്രദേശങ്ങളിൽ ശുദ്ധജലം കിട്ടുന്നില്ല. അഴിമുഖത്തിലൂടെ എത്തുന്ന കടൽവെള്ളം പുഴവെള്ളത്തിൽ എക്കാലവും ഉപ്പ് കലർത്തുന്നു. അതുകണ്ട് പുഴയോര കിണറുകളിലെ വെള്ളവും കുടിക്കാൻ പറ്റുന്നില്ല.
4. പുത്തരിക്കൽ ടൈൽസ് പരിസരത്തുള്ള പഞ്ചായത്ത് വക പൊതുകിണറിലെ വെള്ളം കുടിക്കാൻ പറ്റിയതല്ല. ആ പ്രദേശത്ത് 50ലേറെ കുടുംബങ്ങൾക്ക് കുടിവെള്ളപ്രശ്നം രൂക്ഷമായിരിക്കുകയാണ്.
5. തണ്ടാണിപ്പുഴയുടെ ഓരത്ത് കരിങ്കല്ലത്താണിക്ക് തെക്കുവശം പട്ടികജാതിക്കാർ തിങ്ങിത്താമസിക്കുന്ന സ്ഥലത്ത് പുഴയ്ക്ക് അക്കരെനിന്ന് വെള്ളം ചുമന്നുകൊണ്ടുവന്നാണ് കുടിക്കാനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്.
6. കൂരിയിൽ പാടത്ത് 55 കുടുംബങ്ങൾ താമസിക്കുന്നിടത്ത് ചുവന്ന വെള്ളമാണ് കിട്ടുന്നത്.

പട്ടിക-2ലെ കണക്ക് സർക്കാർ ആശുപത്രികളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളവ മാത്രമാണ്. സ്വകാര്യ ആശുപത്രികളിലേതും എവിടേയും രേഖപ്പെടുത്തപ്പെടാത്തതും എത്രയെന്ന് കണക്ക് ലഭ്യമല്ല. ജലജന്യരോഗ കേസുകളുടെ പട്ടിക വെച്ചുകൊണ്ടുമാത്രം പഞ്ചായത്തിലെ കുടിവെള്ള സംവിധാനം ഇനിയുമെത്രയോ ഇരട്ടി പുരോഗമിക്കാനുണ്ടെന്ന് വ്യക്തമാവും.

### നിർദ്ദേശങ്ങൾ

1. പൊതുകിണറുകളിലെ വെള്ളം ആരോഗ്യവകുപ്പിൻെറ മേൽനോട്ടത്തിൽ അണുനാശിനി ഉപയോഗിച്ച് ശുചിയാക്കുക.
2. മുറിത്തോട്ടിലൂടെ ഉപ്പുവെള്ളം കയറുന്നത് ശാശ്വതമായി തടയുക. (കൃഷി-ജലസേചനവിഭാഗത്തിൽ ഈ നിർദ്ദേശമുണ്ട്.)
3. എല്ലാ കോളനികളിലും നാലോ അഞ്ചോ വീടുകൾക്കായി പൊതുടാപ്പുകൾ സ്ഥാപിക്കുക.
4. നിലവിലുള്ള പൈപ്പുലൈനുകൾ ആവശ്യമെന്ന്തോന്നുന്ന ഭാഗങ്ങളിലേക്ക് നീട്ടുക. (ഇവയിൽ ചെറുകുളം, കോളനിത്താഴം,ചാപ്പപ്പടി, ഒട്ടുമ്മൽ, മാപ്പൂട്ടിൽപ്പാടം, തട്ടാരുപറമ്പ്, അയ്യങ്കാളി കോളനി, കൂരിയിൽപാടം, പുരപ്പുഴയുടെ പടിഞ്ഞാറുഭാഗങ്ങൾ - പഞ്ചായത്ത് അതിർത്തി വരെ തിരിച്ചിലങ്ങാടി - റെയിൽവേ ഗേറ്റ് ഭാഗങ്ങൾ, മൊയ്തീൻകുട്ടി റോഡ് ഭാഗങ്ങൾ, ചീർപ്പി

ങ്ങൽ ഭാഗം, നായർകുളം പള്ളിഭാഗം, കോണിപ്പാടം, അട്ടകുളങ്ങര, മൂച്ചിക്കൽ, പുത്തരിക്കൽ ഓട്ടുകമ്പനി പ്രദേശം ചുടലപറമ്പ്, മീനേടത്ത്, തെങ്ങു ഗവേഷണകേന്ദ്രം, കോട്ടത്തറ, പഴയതെരു, അയനിക്കാട്. കുന്നുംപാടം എന്നീ പ്രദേശങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടേണ്ടതാണ്.

5. പൈപ്പ് ലൈൻ പോകാത്ത ഇടങ്ങളിലൊക്കെ, എല്ലാ റോഡുകളിലുമുൾപ്പെടെ, പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുക.

6. കോട്ടക്കുന്ന്, പൂവ്വത്താംകുന്ന് എന്നീ ഉയർന്ന പ്രദേശങ്ങൾക്ക് പൊതുവായി കുന്നുംപുറം പ്രദേശത്ത് ഒരു ജലസംഭരണി ഉണ്ടാക്കി, 13-ാം വാർഡിലെ നീർവാഴികുഴി വൃത്തിയാക്കി, ആഴം കൂട്ടി, അതിൽനിന്ന് വെള്ളമടിച്ച് മേൽസംഭരണിയിൽ ശേഖരിച്ച് പൈപ്പ് വഴി വിതരണം ചെയ്യുന്നത് പഞ്ചായത്തിലെ മൊത്തം ഭാഗത്തേക്കുള്ള ആവശ്യങ്ങൾ നിർവ്വഹിക്കുവാനും കുന്നുംപുറം ഭാഗത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാനും സാധ്യമാവും.

7. മുണ്ടിയൻകാവ് അങ്ങാടിയിലെ കുഴൽകിണർ സ്വകാര്യവ്യക്തി മതിൽ കെട്ടിയത് ഒഴിവാക്കി വെള്ളമെടുക്കാൻ സൗകര്യം ചെയ്യുക.

8. പാലത്തിങ്ങൽ-ചീർപ്പിങ്ങൽ പൈപ്പ്ലൈൻ ന്യൂകട്ടിനടുത്ത് പൊട്ടിയത് പഴയപോലെ പ്രവർത്തനക്ഷമമാക്കുകയും കോണിപ്പാടം കോളനിയിലേക്ക് വെള്ളമെത്തിക്കാൻ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്യുക.

9. പരമാവധി കുളങ്ങൾ നന്നാക്കിയെടുക്കുക.

10. എല്ലാ കേടുവന്ന ടാപ്പുകളും നന്നാക്കി പ്രവർത്തനയോഗ്യമാക്കുക.

11. പുതിയ പൊതുകിണറുകൾ (അത്രയും യോജിച്ച സ്ഥലങ്ങളിൽ) കുഴിപ്പിക്കണം. കയ്യറ്റ് ചാലി, 12ാം വാർഡിന്റെ കിഴക്ക് തെക്ക് ഭാഗം എന്നിവ പരിഗണിക്കേണ്ടതാണ്. കിണർ കുഴിക്കാനുള്ള സ്ഥലം ഗ്രാമവാസികൾ വിട്ടുതരാൻ തയ്യാറാണ്.

12. കുടിവെള്ളം പ്രത്യേകിച്ച് കുഴൽവെള്ളം ഉപയോഗിക്കുന്നതിലേറെ പാഴായിപ്പോകുന്നു. ഇതിനെതിരെ ബോധവൽക്കരണം ആവശ്യമാണ്.

## പൊതുജന ആരോഗ്യം

രോഗമുള്ളവർക്കേ വൈദ്യനെക്കൊണ്ടാവശ്യമുള്ളൂ എന്നു വേദപുസ്തകം. പക്ഷെ രോഗമുള്ള എല്ലാവർക്കും വൈദ്യസഹായം എത്തിക്കാനുള്ള സാഹചര്യം നമുക്കുണ്ടോ?

ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും മുതിർന്ന തലമുറയുടെ ഓർമ്മ കടംവാങ്ങിയാൽ പരപ്പനങ്ങാടിയിൽ ആദ്യത്തെ അലോപ്പതി ഡിസ്പെൻസറി പ്രവർത്തിച്ചുതുടങ്ങുന്നത് 1940ന്റെ ആരംഭത്തിലാണ്. മാത്യു എന്ന ഡോക്ടറുടെ കീഴിൽ. അന്ന് പേറ്റിച്ചി എന്ന് വിളിക്കപ്പെട്ട ഒരു നഴ്സും ഒരു കമ്പൗണ്ടറുമായിരുന്നു മറ്റു ജീവനക്കാർ. 1952ൽ പരപ്പനങ്ങാടി പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കപ്പെടുംവരെ ഈ ഒരു ഡിസ്പെൻസറിയും സുകുമാരൻ കമ്പൗണ്ടറുടെ ഇംഗ്ലീഷ് മരുന്നുഷാപ്പുമായിരുന്നു അലോപ്പതിരംഗത്ത് പരപ്പനങ്ങാടിക്കാർക്ക് ആശ്രയം. അതിനുമുമ്പ് നാടൻ ആയുർവ്വേദ ചികിത്സാ രീതിക്കായിരുന്നു പ്രാധാന്യം. അതും പ്രധാനപ്പെട്ട ചില പാരമ്പര്യവൈദ്യന്മാരെ കേന്ദ്രീകരിച്ചായിരുന്നു എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

അലോപ്പതിരംഗത്ത് ഇപ്പോൾ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻററും ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ആറ് സബ്ബ് സെൻററുകളും ആണ് ഗവൺമെൻറ് തലത്തിലുള്ളതാണ്. ആയുർവ്വേദരംഗത്ത് ഒരു ഡിസ്പെൻസറിയും ഹോമിയോ വിഭാഗത്തിൽ ഒരു ഡിസ്പെൻസറിയും കൂടി സർക്കാറിൻേറതായിട്ടുണ്ട്. സ്വകാര്യമേഖലയിലാകട്ടെ മൂന്ന് ആശുപത്രികളും 11 ക്ലിനിക്കുകളും അലോപ്പതിരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഹോമിയോ രംഗത്ത് 4 ക്ലിനിക്കുകളും ആയുർവ്വേദ രംഗത്ത് 10 ക്ലിനിക്കുകളും പാരമ്പര്യ ചികിത്സാ രംഗത്ത് 15 ക്ലിനിക്കുകളും ഉണ്ട്. എന്നാൽ ഇത്രയുമൊക്കെ ഉണ്ടായിട്ടും രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിൽ എത്താൻ സാധിച്ചിട്ടില്ല എന്നതാണ് വസ്തുത. പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്ക് പട്ടിക 1ൽ ചേർത്തിരിക്കുന്നു.

### പ്രശ്നങ്ങൾ

1. പഴയ ഡിസ്പെൻസറി പ്രവർത്തിച്ചുവന്നിരുന്ന അതേ വാടക കെട്ടിടത്തിലാണ് പഞ്ചായത്തിലാദ്യമായി സ്ഥാപിക്കപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രം ഇന്നും പ്രവർത്തിച്ചുവരുന്നത്. രോഗികളുടെ എണ്ണം കൂടുമ്പോൾ ജീവനക്കാർക്ക് പോലും ജോലിചെയ്യാൻ പറ്റാത്തത്ര തീരെ സ്ഥലസൗകര്യമില്ലാത്ത അവസ്ഥയാണ്. ഈയിടെയായി തീരദേശ ആരോഗ്യ പദ്ധതി പ്രകാരം അത്യാവശ്യം മരുന്നുകളും മറ്റും ഈ ആരോഗ്യകേന്ദ്രത്തിന് ലഭിക്കുകയുണ്ടായിട്ടുണ്ട്. ഇന്നാട്ടുകാർക്ക് ഒരേക്കർ ഭൂമി ആരോഗ്യവകു

**പട്ടിക 1 ആരോഗ്യ കേന്ദ്രങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിത വർഷം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഐ.പി.പി. സബ്ബ്സെൻറർ, ചാപ്പപ്പടി | 4 | 1984 | 1 | ഗവ: കെട്ടിടം |
| 2 | " ചിറമംഗലം | 6 | 1996 | 1 | ഗവ: കെട്ടിടം |
| 3 | ഹോമിയോ ഡിസ്പെൻസറി പരപ്പനങ്ങാടി | 8 | 1986 | 4 | വാടകകെട്ടിടം |
| 4 | ഐ.പി.പി. സബ്ബ്സെൻറർ ചെറമംഗലം സൗത്ത് | 9 | 1985 | 1 | ഗവ: കെട്ടിടം |
| 5 | പ്രാഥമികാരോഗ്യകേന്ദ്രം പരപ്പനങ്ങാടി | 11 | 1952 | 19 | വാടക കെട്ടിടം |
| 6 | ഐ.പി.പി. സബ്ബ്സെൻറർ ഉള്ളണം | 12 | 1984 | 1 | ഗവ: കെട്ടിടം |
| 7 | ഗവ. ആയുർവ്വേദ ഡിസ്പെൻസറി ഉള്ളണം | 13 | 1978 | 4 | വാടകകെട്ടിടം |
| 8 | ഐ.പി.പി. സബ്ബ്സെൻറർ പഴയതെരു | 14 | 1984 | 1 | ഗവ: കെട്ടിടം |
| 9 | " പുവത്താം കുന്ന് | 14 | 1984 | 1 | " |
| 10 | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ നെടുവ, ചെട്ടിപ്പടി | 15 | 1965 | 54 | " |

**രോഗികളുടെ കഴിഞ്ഞ 3 വർഷത്തെ പട്ടിക തിരിച്ചുള്ള കണക്ക്.**

**പട്ടിക 2**

| സ്ഥാപനം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| **1993-1994** | | | | |
| സി.എച്ച്.സി. നെടുവ | 256 | 14 | 3 | 106284 |
| പി.എച്ച്.സി. പരപ്പനങ്ങാടി | 1715 | 167 | 3 | 10760 |
| ഹോമിയോ ഡിസ്പെൻസറി | 4000 | 2500 | 400 | 18178 |
| ആയുർവ്വേദ ഡിസ്പെൻസറി | 700 | 300 | 250 | 16631 |
| ആകെ | 6671 | 2981 | 656 | 151853 |
| **1994-1995** | | | | |
| സി.എച്ച്.സി. നെടുവ | 626 | 17 | 5 | 90290 |
| പി.എച്ച്.സി. പരപ്പനങ്ങാടി | 1878 | 464 | 3 | 12756 |
| ഹോമിയോ ഡിസ്പെൻസറി | 6400 | 2500 | 450 | 11540 |
| ആയുർവ്വേദ ഡിസ്പെൻസറി | 850 | 340 | 300 | 15086 |
| ആകെ | 9392 | 3321 | 758 | 129672 |
| **1995-1996** | | | | |
| സി.എച്ച്.സി. നെടുവ | 302 | 19 | 7 | 54490 |
| പി.എച്ച്.സി. പരപ്പനങ്ങാടി | 2119 | 4118 | 4 | 10233 |
| ഹോമിയോ ഡിസ്പെൻസറി | 4400 | 1200 | 320 | 14838 |
| ആയുർവ്വേദ ഡിസ്പെൻസറി | 925 | 400 | 340 | 18749 |
| ആകെ | 7746 | 5737 | 671 | 98310 |

പ്പിന് കൈമാറാനാവാത്തതു കൊണ്ട് മേൽപദ്ധതിപ്രകാരം ഈ കേന്ദ്രത്തിന് ഉണ്ടാക്കിക്കിട്ടേണ്ടതായ സ്വന്തം കെട്ടിടം നഷ്ടപ്പെടാൻ പോവുകയാണ്. അതീവ ഗൗരവമായ ഒരവസ്ഥയാണിത്.

2. ചെട്ടിപ്പടിയിലെ നെടുവ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ 5 വർഷം മുൻപ് നിർമ്മിച്ച കൊയർ വാർഡ് (coir ward) ഇനിയും ഉൽഘാടനം ചെയ്യപ്പെട്ടിട്ടില്ല. വൈദ്യുതി കണക്ഷനും ജലവിതരണസമ്പ്രദായവും ശരിയാക്കിയാൽ തുറന്ന് പ്രവർത്തിക്കാൻ പറ്റുന്ന അവസ്ഥയിലാണ്. ഇപ്പോൾ ഈ വാർഡിലുള്ള കിടക്കകളും മറ്റും ദ്രവിച്ചുകൊണ്ടിരിക്കുന്നു.

3. ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് ആയുർവ്വേദ ഡിസ്പെൻസറിക്ക് വേണ്ടി പണിയുന്ന സ്വന്തം കെട്ടിടത്തിൻെറ ജോലി നടന്നുവരികയാണ്. ഈ സ്ഥാപനത്തിൽ ഒരു ഫാർമസിസ്റ്റിൻെറ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. മരുന്നു വാങ്ങാനായി ഇപ്പോൾ അനുവദിക്കപ്പെടുന്നത് വർഷത്തിൽ കേവലം 15,000 രൂപ മാത്രമാണ്. ഇത് തീരെ അപര്യാപ്തമത്രെ.

4. ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പണിയാനായി 20 സെൻറ് സ്ഥലം ഇപ്പോൾ വകുപ്പിൻെറ അധീനതയിലുണ്ടെങ്കിലും ഡിസ്പെൻസറി പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തിലാണ്. വാടകകെട്ടിടം വേണ്ടത്ര സൗകര്യപ്രദമല്ലതാനും. ജീവനക്കാരും വേണ്ടത്രയില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ വൈദ്യുതി ലഭ്യമല്ല.

5. 1,2,3,5,7,10 എന്നീ വാർഡുകളിൽ ആരോഗ്യപ്രവർത്തനവുമായി ബന്ധപ്പെട്ട ഒരൊറ്റ സ്ഥാപനവും ഇല്ല.

6. ചാപിള്ള ജനനവും മാതൃ മരണനിരക്കും കുറവാണ്. എന്നാൽ ജനനനിരക്ക് 20 ആണ്. അത് കുറച്ചുകൊണ്ടു വരേണ്ടിയിരിക്കുന്നു.

7. 1,2,3,5,6,7,10,12,15 എന്നീ വാർഡുകളിൽ ചർദ്ദി അതിസാരം, വിരശല്യം, കുട്ടികളിൽ കാണുന്ന വിളർച്ച എന്നിവയും പോഷകാഹാരകുറവും കണ്ടുവരുന്നു. 1,2,3,4,11 എന്നീ വാർഡുകളിൽ ബാല ടി.ബി.യും 11ാം വാർഡിൽ ആസ്തമയും കാണുന്നുണ്ട്.

**കക്കൂസ്**

കേരളത്തിലെ ഗ്രാമങ്ങളിൽ ദൂരെനിന്ന് വരുന്ന ബസ്സുകളിലെ യാത്രക്കാർക്കായി നാട്ടിൻപുറത്തെ ഹോട്ടലുകൾ പല്ലുതേക്കാനും മലമൂത്രവിസർജ്ജനത്തിനും കുളിക്കാനും സൗകര്യപ്പെടുത്തിക്കൊടുത്തിരുന്നു. രാവിലത്തെ ഭക്ഷണം ആ ഹോട്ടലിൻ നിന്ന് ബസ് ജീവനക്കാരും യാത്രക്കാരും കഴിക്കാനുള്ള ഒരു ബിസിനസ്സ് ട്രിക്കിൻെറ ഭാഗമായിരുന്നു ആ ഏർപ്പാട്. പക്ഷേ അക്കാലത്ത് അതിന് അതിൻേറതായ വൃത്തിയും വെടിപ്പുമുണ്ടായിരുന്നു. രൂപം മാറിയെങ്കിലും "രാത്രിതങ്ങുന്നതിനും പ്രഭാതവേലകൾക്കും" സൗകര്യമുള്ള ഹോട്ടലുകളുണ്ട്. പക്ഷെ, ആ നാടൻ സമ്പ്രദായത്തിൻെറ ഏഴയലത്തെത്തില്ല, യാത്രക്കാരൻെറ സംതൃപ്തിയുടെ കാര്യത്തിൽ. ആവശ്യക്കാരായ വ്യക്തികളുടെ ബോധം മാറാത്തേടത്തോളം കക്കൂസുകൾ അവ സ്വകാര്യമായാലും പൊതുവായാലും നല്ല നിലയിൽ നിലനിർത്താനാവില്ല. കോഴിക്കോടു പോലുള്ള കോർപ്പറേഷനുകളിലും നമ്മുടെ പഞ്ചായത്തിലും വർഷങ്ങളായി ഈ അവസ്ഥ പ്രകടമാണ്. ശുചിത്വം ഏറ്റവും പാലിക്കപ്പെടേണ്ട ഒന്നാണ് കക്കൂസ് പല രോഗങ്ങളും പകരാൻ ഇടയാക്കും വിധം വൃത്തികേടായി തുടരുന്നുവെങ്കിൽ ഉപയോഗിക്കുന്നവർ ഓരോ പ്രാവശ്യവും അണുക്കളെ വാങ്ങുന്നു എന്നാണർത്ഥം. അതുകൊണ്ടുതന്നെ കുടിവെള്ളപ്രശ്നം കഴിഞ്ഞാൽ ഏറ്റവും ഗൗരവമായി കാണേണ്ടതാണ്. ഇത്. വിരശല്യം മുതലായ അസുഖങ്ങൾ കക്കൂസുകൾ ഇല്ലാത്തതിൻേറയും ശുചിത്വ കുറവിൻേറയും കാരണമായാണുണ്ടാവുന്നത്. ഈ പഞ്ചായത്തിൽ 58 ശതമാനം വീടുകൾക്കേ സ്വന്തമായി കക്കൂസുകളുള്ളൂ എന്നാണ് കണക്ക്. ആകെയുള്ള 7981 വീടുകളിൽ 4626നേ കക്കൂസുകളുള്ളൂ. വിസർജ്ജ്യ നിർമ്മാർജ്ജന സൗകര്യമില്ലാത്ത വീടുകളാണ് ഇവയിലധികവും. വേണ്ടത്ര സ്ഥലമില്ലാത്തതും സാമ്പത്തിക പരാധീനതയുമാണ് ഈ അവസ്ഥയ്ക്ക് കാരണം.

**പരിസരശുചിത്വം**

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ മലിനജലവും ചപ്പുചവറുകളും കെട്ടിക്കിടന്ന് കൊതുക് - ഈച്ചശല്യവും അവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന അസുഖങ്ങളും പെരുകി വരികയാണ്. അഴുക്കുചാൽ പദ്ധതി നിലവിലില്ലാത്തും പൊതുമരാമത്ത് വകുപ്പ് റോഡിൽ പെയ്തിറങ്ങുന്ന വെള്ളം ഒഴിഞ്ഞുപോകുന്നതിന് നിർമ്മിച്ച ചിലയിടങ്ങളിലെ ഗട്ടറുകളിൽ വ്യക്തികളും കച്ചവടസ്ഥാപനങ്ങളും ചപ്പുചവറുകളും രാസമലിനജലവും മൂത്രവുമടക്കം ഒഴുക്കിയെത്തിക്കുന്നത് കെട്ടിക്കിടക്കുന്നതിനാൽ നഗരമധ്യം തന്നെ ദുർഗ്ഗന്ധപൂരിതവും രോഗാണു ഉൽപാദനകേന്ദ്രവുമായി മാറുന്നു. മാപ്പൂട്ടിൽപാടം, തട്ടാരുപറമ്പ്, ഊർപ്പായിച്ചിറക്കും അയ്യപ്പൻകാവിനുമിടക്കുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ഒട്ടുമിക്ക കിണറുകളിലേ

### കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെയ്പ്

| കുട്ടികൾ | BCG | DTP | | | പോളിയോ | | | ഡി.ടി | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | 1D | 2D | 3D | 1D | 2D | |
| 1 വയസ്സിൽത്താഴെ | 827 | 779 | 678 | 576 | 708 | 680 | 587 | | | 727 |
| 1-3 വയസ്സ് | | | | | | | | | | |
| 3-6 വയസ്സ് | | | | | | | | 758 | 758 | |

### ടെറ്റനസ് ടോക്സോയിഡ് (T.T)

| | 1D | 2D | 3D |
|---|---|---|---|
| ഗഭിണികൾ | 279 | 240 | 112 |

| | |
|---|---|
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികൾ | 925 |
| ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികൾ | 1457 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികൾ | 1868 |
| (അവലംബം : ഐ.സി.ഡി.എസ് രേഖ) | |

### പട്ടിക 3

| വാർഡ് | കക്കൂസില്ലാത്ത വീടുകളുടെ എണ്ണം | വാർഡ് | കക്കൂസില്ലാത്ത വീടുകളുടെ എണ്ണം |
|---|---|---|---|
| I | | 259 | IX |
| II | 210 | X | 163 |
| III | 140 | XI | 300 |
| IV | 250 | XII | 165 |
| V | 400 | XIII | 99 |
| VI | 450 | XIV | 150 |
| VII | 300 | XV | 98 |
| VIII | 172 | ആകെ | 3355 |
| (അവലംബം : മെമ്പർമാരിൽ നിന്നുള്ള വിവരം) | | | |

യും വെള്ളം കേടുവരുന്നതിൻെറ പ്രധാനകാരണം ആ പ്രദേശങ്ങളുടെ പരിസരത്ത് മലിനജലം കെട്ടിക്കിടക്കുന്നതുകൊണ്ടാണ്.

വാർഡുകളിൽ ചപ്പുചവറുകൾ വേണ്ടത്ര വേഗതയിലും യഥാവസരങ്ങളിലും നീക്കാൻ സാധിക്കാത്തത് ആവശ്യമായ ജീവനക്കാരുടെ അഭാവവും സംവിധാനരീതിയിലെ തകരാറുകളുമാണ്. ഓരോ വാർഡിലും എട്ടോ പത്തോ വെയ്സ്റ്റ് ബിൻ അതാതിടങ്ങളിലായി സ്ഥാപിക്കുന്നതായാൽ കടകളിൽ നിന്നും വീടുകളിൽ നിന്നും ഒഴിവാക്കുന്ന ചപ്പുചവറുകൾ റോഡ് പരിസരങ്ങളിൽ കുമിഞ്ഞുകൂടി പരിസരമലിനീകരണം ഉണ്ടാക്കുന്നത് തടയാനാവും. വെയ്സ്റ്റ് ബിനുകൾ യഥാസമയം നീക്കിക്കാനുള്ള സംവിധാനം ഉറപ്പുവരുത്തുകയും ചപ്പുചവറുകൾ റോഡിലേക്കെറിയുന്നതിനെ പഞ്ചായത്ത് കർശനമായി നിയന്ത്രിക്കുകയും വേണം.

മത്സ്യ വിപണനം പഞ്ചായത്തിൽ അങ്ങോളമിങ്ങോളം നടക്കുന്നത് പൊതുമരാമത്ത് വകുപ്പിൻെറ പ്രധാന പാതയോരത്താണ്. അങ്ങാടികൾ ഇക്കാരണം കൊണ്ടുതന്നെ മലീമസമാകുന്നു. അറവുശാലയില്ലെങ്കിലും പരസ്യമായി റോഡരികിൽ ഇട്ട്പോലും മൃഗങ്ങളെ കൊല്ലുന്നതു തുടങ്ങി മാംസവിൽപനയുമായി ബന്ധപ്പെട്ടതെല്ലാം നടക്കുന്നത് പൊതുസ്ഥലങ്ങളിലാണ്. ജുഗുപ്സാവഹമായ കാഴ്ചയാണിത്. മറ്റൊരിടത്തും ഈ വിധം കാണുകയുമില്ല. ഉള്ള നിയമങ്ങൾ കർശനമായി ഉപയോഗിക്കാത്തതും ബോധവൽക്കരണത്തിൻെറ അഭാവവുമാണ് ഈ അവസ്ഥക്ക് കാരണം.

മൃഗങ്ങളുടേയും കോഴികളുടേയും മാംസവിൽപനാവശിഷ്ടങ്ങൾ റോഡരുകിലും നഗരപരിസരത്തുള്ള തോടുകൾ കുളങ്ങൾ എന്നിവകളിലും ചിതറികിടന്ന് സൃഷ്ടിക്കുന്ന ദുർഗന്ധം അസഹ്യമാണ്. ഇത് തുടർന്നാൽ, ഈ ഒരു പ്രദേശത്തെ ജനങ്ങളുടെ മുഴുവൻ ആരോഗ്യവും ഭാവിജീവിതവും ഭയാനകമാവും വിധം അപകടപ്പെടും എന്ന കാര്യം തീർച്ച. ഇതിനൊരു ശാശ്വത പരിഹാരം കണ്ടെത്തേണ്ടത് അനിവാര്യമാണ്.

അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന അച്ചാറുകൾ, മിഠായികൾ, ബേക്കറി സാധനങ്ങൾ എന്നിവ രോഗം വിളിച്ചുവരുത്തുന്ന രീതിയിലുള്ള ആഹാരപദാർത്ഥങ്ങളാണെന്ന് നാം കണ്ടറിയുകയും ഇവയ്ക്കെതിരെ പരമാവധി ബോധവൽക്കണം നടത്തുകയും വേണം. ഹോട്ടൽ-കൂൾബാർ തൊഴിലാളികൾക്ക് ആരോഗ്യപരിശോധന ഇപ്പോൾ നടത്തപ്പെടുന്നില്ല. ഇവർക്ക് ഹെൽത്ത് കാർഡ് കൊടുക്കുകയും വർഷം രണ്ടുതവണയെങ്കിലും പരിശോധന നടത്തുകയും വേണം.

### നിർദ്ദേശങ്ങൾ

1. പുത്തരിക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്വന്തം കെട്ടിടനിർമ്മാണത്തിനായി ഒരേക്കർ ഭൂമി വാങ്ങിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
2. ചെട്ടിപ്പടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിലെ കൊയർ വാർഡ് അടിയന്തിരമായി വൈദ്യുതീകരിക്കുകയും ജലവിതരണമേർപ്പെടുത്തുകയും ചെയ്തു രോഗികൾക്ക് തുറന്ന് കൊടുക്കുക.
3. ആയുർവ്വേദ ഡിസ്പെൻസറി കെട്ടിടത്തിൻെറ പണി എത്രയും വേഗം പൂർത്തിയാക്കി സ്ഥാപനം പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങുക.
4. ഈ ഡിസ്പെൻസറിയിൽ ഒഴിഞ്ഞുകിടക്കുന്ന ഫാർമസിസ്റ്റ് തസ്തികയിൽ ആളെ നിയമിക്കുക.
5. മരുന്നുവാങ്ങാനായി ഇപ്പോൾ ഒരു വർഷം അനുവദിച്ചുവരുന്ന 15,000 രൂപ 50,000/- രൂപയാക്കി വർദ്ധിപ്പിക്കുക.
6. ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുക.
7. ഈ സ്ഥാപനത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുക.
8. ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുക.
9. സബ്ബ് സെൻറർ ഇല്ലാത്ത വാർഡുകളിൽ നിർബ്ബന്ധമായും സബ്ബ് സെൻററുകൾ ആരംഭിക്കുക. (കെട്ടിടമുണ്ടാക്കാൻ സ്ഥലം വിട്ടുകൊടുക്കാൻ വ്യക്തികൾ തയ്യാറാണ്.)
10. തീരപ്രദേശങ്ങളിലെ എല്ലാ വാർഡുകളിലും കുടുംബക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
11. എല്ലാ വാർഡുകളിലും മെമ്പർമാരുടെ നേതൃത്വത്തിൽ ആരോഗ്യബോധവൽക്കരണ യൂണിറ്റുകൾ ഉണ്ടാക്കുകയും അവ കൃത്യമായി യോഗം ചേർന്ന് ചിട്ടയായ പ്രവർത്തനങ്ങൾ ഓരോ മാസവും പ്ലാൻ ചെയ്യുകയും വേണം.
12. 5000 ആളുകൾക്ക് ഒരു ആരോഗ്യ പ്രവർത്തകനെയും പ്രവർത്തകയേയും നിയമിക്കുക.
13. കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ എക്സ്റേ യൂണിറ്റും സ്കാനിംഗ് യൂണിറ്റും സ്ഥാപിക്കുക.
14. അവിടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുക.

15. ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കുക.

16. ആയുർവ്വേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

17. 30 കിടക്കകളുള്ള ആശുപത്രിയായി കമ്മ്യൂണിററി ഹെൽത്ത് സെൻറർ ഉയർത്തിയെങ്കിലും അതിനനുസരിച്ച് മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. അതിനാവശ്യമായ സംവിധാനമുണ്ടാകണം. ആവശ്യത്തിന് മരുന്ന് എത്തിക്കുക, അത്യാഹിത വിഭാഗം പ്രവർത്തനക്ഷമമാക്കുക, ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ഗർഭിണികളുടെയും പ്രസവശുശ്രൂഷയുടേയും പോഷകാഹാരക്കുറവിൻേറയും കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുക.

18. കോളനി പ്രദേശങ്ങളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും തെരഞ്ഞെടുക്കപ്പെടുന്ന പ്രധാനകേന്ദ്രങ്ങളിലും പൊതുകക്കൂസുകൾ നിർമ്മിക്കുകയും ഇവയുടെ പരിപാലനത്തിന് ആവശ്യമായ സംവിധാനമുണ്ടാക്കുകയും ചെയ്യുക.

19. സ്വന്തമായി കക്കൂസുകൾ ഉണ്ടാക്കുന്നതിന് സാമ്പത്തികസഹായം അനുവദിക്കുക. ഇതിനായി നിലവിലുള്ള പദ്ധതികൾ ഉദാരവൽക്കരിക്കുക.

20. വിസർജ്ജ്യനിർമ്മാർജന സൗകര്യമില്ലാത്ത വീടുകളെ ഉൾപ്പെടുത്തി നിർദ്ദിഷ്ട ടോട്ടൽ സാനിറ്റേഷൻ പ്രോഗ്രാം എത്രയും വേഗത്തിൽ നടപ്പിലാക്കുക.

21. പഞ്ചായത്തിനാകമാനമായി ഒരു സമഗ്ര അഴുക്കുചാൽ പദ്ധതിക്ക് രൂപം കൊടുത്ത് ഘട്ടം ഘട്ടമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക.

22. എട്ടോ പത്തോ വെയ്സ്റ്റ് ബിൻ (ആവശ്യമായത്ര) ഒരോ വാർഡിലും സ്ഥാപിക്കുക. ആവശ്യമായ സ്വീപ്പർമാരെ നിയമിക്കുകയും ആവശ്യമായത്ര വണ്ടികൾ വാങ്ങിക്കുകയും ചെയ്യുക.

23. ചിറമംഗലം, പുത്തൻ പീടിക, പരപ്പനങ്ങാടി റെ. സ്റ്റേഷൻ പരിസരം, ചെട്ടിപ്പടി, പുത്തരിക്കൽ, ഉള്ളണം നോർത്ത് (മുണ്ടിയൻ കാവ്), പാലത്തിങ്ങൽ എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുക.

24. നിലവിലുള്ള അഞ്ചപ്പുരയിലെ മത്സ്യ മാർക്കറ്റ് ഉപയോഗത്തിനായി കച്ചവടക്കാരെ നിർബ്ബന്ധിക്കുക.

25. കർശനനിയമം മൂലം റോഡരുകിലെ മത്സ്യവിൽപനയും മാംസവിൽപനയും നിയന്ത്രിക്കുക.

26. പഞ്ചായത്തിനാവശ്യമായ വിധത്തിൽ നല്ലതുപോലെ സംവിധാനം ചെയ്ത ഒരു അറവുശാല സ്ഥാപിക്കുക.

27. അറവുകാലികളെ കൊല്ലുന്നതിനുമുമ്പും അറവിനുശേഷം മാംസവും പരിശോധിക്കാൻ നിലവിലുള്ള നിയമം അനുശാസിക്കുംവിധം കർശന സംവിധാനങ്ങൾ ഉണ്ടാക്കുക. ആവശ്യമായ ആരോഗ്യവകുപ്പ് ജീവനക്കാരെ ഇക്കാര്യത്തിനായി പ്രത്യേകം നിയമിക്കുക.

28. ഹോട്ടലുകൾ, ലോഡ്ജുകൾ, സ്വകാര്യ മത്സ്യ-മാംസവിപണനഷാപ്പുകൾ എന്നിവയ്ക്ക് സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ കർശനമാക്കുകയും അവ ഹാജരാക്കുന്നവർക്ക് മാത്രം ലൈസൻസ് അനുവദിക്കുകയും ചെയ്യുക.

29. ഫുഡ് ഇൻസ്പെക്ടർ ഓഫീസിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുക.

30. അന്യസംസ്ഥാനങ്ങളിൽ നിന്ന് പഞ്ചായത്തിലെ വിപണികളിലെത്തുന്ന നിലവാരമില്ലാത്ത അച്ചാറുകൾ, മിഠായികൾ, ബേക്കറി സാധനങ്ങൾ എന്നിവക്കെതിരെ ബോധവൽക്കരണനടപടികൾ കൈകൊള്ളുക.

31. ഹോട്ടൽ - കൂൾബാർ തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തുകയും വർഷത്തിൽ രണ്ടുപ്രാവശ്യം ആരോഗ്യപരിശോധന നടത്തുകയും സ്ഥാപന ഉടമകളെ ഇക്കാര്യത്തിൽ നിർബ്ബന്ധിക്കുകയും വേണം.

32. പഞ്ചായത്തിലെല്ലായിടത്തും ആരോഗ്യബോധവൽക്കരണത്തിനായി ഗൃഹസമ്പർക്ക പരിപാടി നടപ്പിലാക്കുക.

33. ആരോഗ്യസംബന്ധമായ ബോധവൽക്കരണക്ലാസുകൾ ജനങ്ങളിലെത്തുന്നില്ല. ഇതിനായി വായനശാലകൾ, ക്ലബ്ബുകൾ, വില്ലേജ് ഓഫീസുകൾ പഞ്ചായത്ത് ഓഫീസ് എന്നിവയിലൂടെ അറിയിപ്പുകൾ യഥാസമയം വിതരണം ചെയ്യേണ്ടതാണ്.

ഭാവിപ്രവർത്തനങ്ങൾക്കായി കുടിവെള്ളത്തിനോടു ബന്ധപ്പെട്ടും ആരോഗ്യത്തിനോട് ബന്ധപ്പെട്ടും വളരെ നിർദ്ദേശങ്ങങ്ങൾ ഇവിടെ പരാമർശിച്ചിരിക്കുന്നു. ഈ കാര്യങ്ങളിൽ ഊന്നിനിന്നുകൊണ്ട് പ്രവർത്തനത്തിന് രൂപം കൊടുക്കാനായാൽ കുടിവെള്ളത്തിൻെറ കാര്യത്തിലും പൊതുജനാരോഗ്യകാര്യത്തിലും തിരിച്ചറിയാനാവാത്തത്ര പുരോഗതിയുണ്ടാവും; സംശയമില്ല.

## പട്ടിക 4
## ആരോഗ്യരംഗം - വാർഡ്തല സ്ഥിതിവിവരം

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ |
|---|---|---|---|
| | പൊതു | സ്വകാര്യം | |
| I | ഇല്ല | ശാഫിദവാഖാന | ചർദ്ദി, അതിസാരം, വിരശല്യം, പോഷകാഹാരക്കുറവ് മൂലമുള്ള വിളർച്ച, കാഴ്ചക്കുറവ്, തൊലിപ്പുറം കാണുന്ന ചിനതിയും. |
| II | ഇല്ല | വാസുവൈദ്യരുടെ ക്ലിനിക് | " |
| III | ഇല്ല | ഇല്ല | ചർദി, അതിസാരം, വിരശല്യം, പോഷകാഹാരക്കുറവ് മൂലമുള്ള വിളർച്ച, കാഴ്ചക്കുറവ്. |
| IV | ഐ.പി.പി. സബ്ബ് സെൻറർ, ചാപ്പപ്പടി | പി.പി. സൈതലവി എന്നവരുടെ ഒടിവ്, ചതവ് ചികിത്സാകേന്ദ്രം | പനി, ചർദ്ദി, അതിസാരം മുതലായവ. |
| V | ഇല്ല | നഹാസ് ഹോസ്പിറ്റൽ, അഞ്ചുപുര, ഡോ. ശ്രീകുമാരമേനോൻ ക്ലിനിക്ക്, ഡോ. ശിവാനന്ദൻ, ആനന്ദ് ഫാർമസി, ഡോ. പ്രിൻസി ആൻറോ, ദേശീയ ആയുർവേദ ഫാർമസി, ഡോ. മുഹമ്മദലി ക്ലിനിക് | ചർദ്ദി, അതിസാരം, ചെങ്കണ്ണ്, പനി മുതലായവ. |
| VI | ഐ.സി.പി. സബ്ബ് സെൻറർ, ചെറമംഗലം | ഇല്ല | പനി, ചർദ്ദി, അതിസാരം മുതലായവ. |
| VII | ഇല്ല | ബീന ഹോമിയോ ഫാർമസി, മണിവൈദ്യരുടെ ആയുർവേദ ചികിത്സാകേന്ദ്രം, ശ്രീ ശങ്കരവിലാസം ആയുർവേദ ഫാർമസി | പനി, ജലദോഷം, ചെങ്കണ്ണ്, ചർദി അതിസാരം, മഞ്ഞപ്പിത്തം. |
| VIII | ഹോമിയോ ഡിസ്പെൻസറി പരപ്പനങ്ങാടി | വാര്യർ ആയുർവ്വേദ കേന്ദ്രം ചിറമംഗലം, പാരമ്പര്യവൈദ്യശാല | പനി, ചെങ്കണ്ണ് മുതലായവ |
| IX | ഐ.പി.പി. സബ്ബ് സെൻറർ, ചെറ മംഗലം സൗത്ത് | ഡോ. ജിതേന്ദ്രൻ ക്ലിനിക്ക് | പനി, ജലദോഷം, ചർദി, അതിസാരം മുതലായവ. |
| X | ഇല്ല | സുഭാഷ് വൈദ്യരുടെ ചികിത്സാലയം | പനി, ചർദ്ദി, അതിസാരം മുതലായവ. |

പട്ടിക 4
ആരോഗ്യരംഗം - വാർഡ്തല സ്ഥിതിവിവരം

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ |
|---|---|---|---|
| | പൊതു | സ്വകാര്യം | |
| XI | പ്രൈമറി ഹെൽത്ത് സെൻറർ പരപ്പനങ്ങാടി | 2 ഹോമിയോ ക്ലിനിക്കുകൾ, 3 ദന്താശുപത്രി, അലോപ്പതി ക്ലിനിക്ക് 6 ആയുർവ്വേദ ക്ലിനിക്കുകൾ, ഡോ: സി.എം. അബ്ദുൾ അസീസ്, ഡോ: ആനന്ദ് മോഹൻ, ഡോ: വേണുഗോപാൽ | ചർദ്ദി, അതിസാരം, ബാല ടി.ബി, ആസ്ത്മ മുതലായവ |
| XII | ഐ.പി.പി. സബ് സെൻറർ ഉള്ളണം | ഡോ. പ്രസീത് കുമാറിൻെറ ക്ലിനിക്ക് | പനി, ചർദ്ദി, അതിസാരം, കണ്ണുരോഗങ്ങൾ |
| XIII | ആയുർവ്വേദ ഡിസ്പെൻസറി, മുണ്ടിയൻകാവ് | ഡോ. പി.പി. അഹമ്മദ് കുട്ടിയുടെ ക്ലിനിക്ക് (ആർ.എം.പി) ചന്ദ്രൻ വൈദ്യരുടെ ക്ലിനിക്ക് | പനി, ചർദ്ദി, അതിസാരം അഞ്ചാം പനി |
| XIV | ഐ.പി.പി. സബ് സെൻറർ, പഴയ തെരു, ഐ.പി.പി. സബ്ബ് സെൻറർ, പൂവത്താംകുന്ന് | പ്രശാന്ത് ഹോസ്പിറ്റൽ, ശ്രീധരൻ വൈദ്യരുടെ ക്ലിനിക്ക് | പനി, ചർദ്ദി, അതിസാരം, ചെങ്കണ്ണ് |
| XV | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ നെടുവ | നസിയ ഹോസ്പിറ്റൽ, ചെട്ടിപ്പടി ഡോ. ഹരിയുടെ ദന്താശുപത്രി, ഒടിവ്-ചതവ് ചികിത്സാകേന്ദ്രം, 2 ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ | പനി, ചർദ്ദി, അതിസാരം, ചെങ്കണ്ണ്. |

പട്ടിക 5
കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽത്താഴെ | 333 | 318 | 121 | 143 | 15 | 23 | 1 | - |
| 1-3 വയസ്സ് | 471 | 459 | 354 | 338 | 73 | 109 | 2 | 3 |
| 3-6 വയസ്സ് | 613 | 471 | 307 | 349 | 86 | 98 | - | - |



# വ്യവസായം

വ്യാവസായീക മേഖലയിൽ പരപ്പനങ്ങാടി പഞ്ചായത്ത് എടുത്ത് പറയത്തക്ക പുരോഗതിയൊന്നും കൈവരിച്ചിട്ടില്ല. പൊതു മേഖലയിലൊ സ്വകാര്യ മേഖലയിലൊ വൻകിട വ്യവസായങ്ങളൊന്നും തന്നെ ഇല്ല. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഖാദി ബോർഡ് യൂണിറ്റായ പുത്തരിക്കൽ ടൈൽസ് ആണ് പഞ്ചായത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനം. സഹകരണമേഖലയിൽതന്നെ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളും സ്വകാര്യ മേഖലയിലെ വിരലിൽ എണ്ണാവുന്ന സ്ഥാപനങ്ങളും മാത്രമാണ് നിലവിലുള്ളത്. സ്വകാര്യ മേഖലയിൽ പതിനഞ്ച് ഐസ് ഫാക്ടറികളും ആണി കമ്പനി, സ്പോഞ്ച് ബെഡ് കമ്പനി, ക്രഷർ യൂണിറ്റ്, ചെരിപ്പ് കമ്പനി എന്നിവ ഓരോന്നും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ മൊത്തം നൂറിലധികം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്

മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടു പഴയ കാലങ്ങളിൽ ഹാൻറ് പ്രസ്സ് ഉപയോഗിച്ച് മീനെണ്ണ ഉണ്ടാക്കിയിരുന്നു. ഇന്ന് അത്തരം സ്ഥാപനങ്ങൾ ഇല്ല. മത്സ്യ മേഖലയെ ആശ്രയിച്ചാണ് ഐസ് ഫാക്ടറികൾ പ്രവർത്തിക്കുന്നത്. വ്യാസായികാടിസ്ഥാനത്തിൽ തോർത്ത്, തുണിത്തരങ്ങൾ എന്നിവ ഉണ്ടാക്കുന്ന പരപ്പനങ്ങാടി വീവേഴ്സ് കോ -ഓപ്പറേറ്റിവ് സൊസൈറ്റിയും പ്രവർത്തിച്ചുവരുന്നു.

മര വ്യവസായവുമായി ബന്ധപ്പെട്ട് നാല് മില്ലുകൾ പ്രവർത്തിക്കുന്നു. ഖാദി ബോർഡിൻെറ കീഴിലുള്ള ചെട്ടിപ്പടിയിലെ ഒരു വുഡ് ഇൻഡസ്ട്രീസ് അടക്കം എട്ടെണ്ണം ഈ വിഭാഗത്തിൽ പഞ്ചായത്തിലുണ്ട്

പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളുടെ വിവരം പട്ടിക ഒന്നിൽ കൊടുക്കുന്നു

വ്യവസായ വളർച്ചക്കാവശ്യമായ വൈദ്യതിയുടെയും അടിസ്ഥാനസൗകര്യങ്ങളുടെയും അഭാവമാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. ഗൾഫ് മലയാളികൾ ധാരാളമുണ്ടെങ്കിലും ഇവരുടെ സമ്പാദ്യം വ്യാവസായികമേഖലയിൽ നിക്ഷേപിക്കപ്പെടുന്നില്ല ഈ വരുമാനങ്ങൾ അത്രയും ഉൽപാദനപരമല്ലാത്ത മേഖയിൽ ചെ

പട്ടിക - 1

| ന. | സ്ഥാപനം | എണ്ണം | ജോലിക്കാർ | | ആകെ |
|---|---|---|---|---|---|
| | | | ആൺ | പെൺ | |
| 1 | പുത്തരിക്കൽ ടൈൽസ് | 1 | 50 | – | 50 |
| 2 | നെയ്ത്ത് | 1 | 4 | 12 | 16 |
| 3 | വുഡ് ഇൻഡസ്ട്രീസ് | 9 | 48 | – | 48 |
| 4 | കയർയൂണിറ്റ് | 2 | – | 11 | 11 |
| 5 | മരമില്ല് | 4 | 43 | – | 43 |
| 6 | റൈസ്& ഫ്ലോർമിൽ | 17 | 21 | – | 21 |
| 7 | ഹോളോബ്രിക്സ് | 5 | 21 | 8 | 29 |
| 8 | പ്രിൻറിങ്ങ് പ്രസ്സ് | 7 | 31 | 22 | 53 |
| 9 | ക്രഷർ യൂണിറ്റ് | 1 | – | – | – |
| 10 | വെൽഡിംങ്ങ് ഇൻഡസ്ട്രീസ് | 14 | 42 | – | 42 |
| 11 | സോപ്പ് കമ്പനി | 2 | 4 | 1 | 5 |
| 12 | ആണി കമ്പനി | 1 | 3 | – | 3 |
| 13 | ഐസ് ഫാക്ടറി | 15 | 84 | – | 84 |
| 14 | ടയർ റീസോളിങ്ങ് | 2 | 6 | – | 6 |
| 15 | സ്പോഞ്ച് ബെഡ് | 1 | 4 | – | 4 |
| 16 | റിഫൈൻറ് ഓയൽ | 1 | 2 | – | 2 |
| 17 | മത്സ്യ ബന്ധന എൻജിൻ റിപ്പെയർ | 3 | 22 | – | 22 |
| 18 | മോട്ടോർ വർക്ക് ഷാപ്പ് | 4 | 28 | – | 28 |
| 19 | ചെരിപ്പ് കമ്പനി | 1 | 3 | – | 3 |
| 20 | മത്സ്യസംസ്ക്കരണ യൂണിറ്റ് | 2 | – | 100 | 100 |
| 21 | മറ്റുള്ളവ | 18 | 88 | 19 | 107 |
| | ആകെ | 111 | 504 | 173 | 677 |

അവലംബം: മെമ്പർമാരിൽ നിന്നുള്ള വിവരം.

ലവഴിക്കപ്പെടുന്നു. പ്രധാനമായും കെട്ടിട നിർമ്മാണ രംഗത്താണ് പണം വിനിയോഗിക്കുന്നത്.

വ്യവസായ മേഖലയിലുള്ള സാങ്കേതിക പരിജ്ഞാനത്തിൻെറ കുറവും വലിയ ഒരു പരിമിതിയാണ്. എന്ത് റിസ്കും ഏറ്റെടുത്ത് ആത്മവിശ്വസത്തോടെ ഈ രംഗത്തേക്ക് കാല് എടുത്ത് വെയ്ക്കാൻ പൊതുവേ ജനങ്ങൾ തൽപരരല്ല. ഉല്പന്നങ്ങളുടെ മാർക്കറ്റിംഗിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ കാരണം ചെറുകിട വ്യവസായമേഖല മുരടിച്ച് പോകുന്നു. ആവശ്യാനുസരണമുള്ള പ്രവർത്തന മൂലധനകമ്മിയും ചെറുകിട മേഖലയിൽ സംരംഭകനെ തളർത്തുന്നുണ്ട്

ബാങ്ക് വായ്പകൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകളും വ്യവസായം തുടങ്ങുവാൻ സാങ്കേതികമായ ഒട്ടേറെ വൈതരണികളും നേരിടേണ്ടി വരുന്നതിനാൽ ജനങ്ങളെ ഈ മേഖലയിൽ നിന്ന് അകറ്റികളയുന്നു.

മൽസ്യ ബന്ധനമേഖലയിൽ അതുമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങൾക്ക് ഏറെ സാദ്ധ്യതകൾ ഉണ്ടങ്കിലും ഐസ് കമ്പനികൾ ഒഴികെ മറ്റൊന്നും നിലവിലില്ല. സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി മൽസ്യം ലഭിക്കാത്ത കാലങ്ങളിൽ തൊഴിലാളികൾക്ക് ഉപതൊഴിൽ ചെയ്യുന്നതിനുള്ള മാർഗ്ഗം ഒരുക്കാൻ കഴിയും.

ഏകദേശം 2കോടിയിലധികം നാളികേരം വർ

ഷത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ അതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ഒന്നുമില്ല

**നിർദ്ദേശങ്ങൾ:**

### 1. മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്

പഞ്ചായത്തിൽ സൗകര്യപ്രദമായി സ്ഥലമേറ്റെടുത്ത് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിച്ച് സംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുവാൻ സൗകര്യം ഏർപ്പെടുത്തുക.

### 2. വ്യവസായ വികസന സമിതി

വ്യവസായ തല്പരരായ വ്യക്തികളെ കണ്ടെത്തി സാങ്കേതിക പരിശീലനവും മറ്റുസഹായങ്ങളും നൽകുന്നതിനുള്ള സ്ഥിരം സംവിധാനമെന്നോണം പഞ്ചായത്ത് തലത്തിൽ വിദഗ്ധരേയും മററും ഉൾപ്പെടുത്തി വ്യവസായ വികസന സമിതിക്ക് രൂപം നൽകുക.

3.പരമ്പരാഗത വ്യവസായമായ നെയ്ത്തിനെ പ്രോൽസാഹിപ്പിക്കുന്നതിന് തറികൾ സൗജന്യമായി വിതരണം ചെയ്യുക.

4. നാളികേരവുമായി ബന്ധപ്പെട്ട് എണ്ണയാട്ട് മില്ല്, ശീതളപാനീയം യൂനിറ്റ് തുടങ്ങിയ വ്യവസായങ്ങൾ തുടങ്ങുക.

5. മൽസ്യബന്ധനോപകരണങ്ങൾ (വല, വള്ളം വലയ്ക്കുള്ള നൂൽ, ഫൈബർ ബോട്ട് തുടങ്ങിയവ) നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുക.

### 6. സാദ്ധ്യതയുള്ള മറ്റുവ്യവസായങ്ങൾ

1. മീൻ വലം നിർമ്മാണം
2. മൽസ്യ എണ്ണ സംസ്കരണം
3. എല്ല് പൊടി നിർമ്മാണം
4. ചകിരിയിൽ നിന്ന് നാര് ഉണ്ടാക്കുന്ന ഫാക്ടറി
5. കാലിതീറ്റ നിർമ്മാണം
6. തോൽ, തുകൽ സംസ്കരണ യൂണിറ്റ്
7. അലുമിനീയപാത്ര നിർമ്മാണം
8. കളിമൺപാത്ര നിർമ്മാണം(പരമ്പരാഗതം)
9. ഗ്രാമീണ എണ്ണയാട്ട് വ്യവസായം(പരമ്പരാഗതം)
10. പ്ളാസ്റ്റിക്ക് ബാഗ്, ചെരിപ്പ് നിർമ്മാണം
11. ഇഷ്ടിക, ഹോളോ ബ്രിക്സ് നിർമ്മാണം
12 കളിപ്പാട്ട നിർമ്മാണം
13. ഡെക്കറേറ്റീവ് ബൾബ് നിർമ്മാണം
14. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

### 7. ഗ്രാമ സഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. സോപ്പ്, ഡിറ്റർജൻറ്, പൗഡർ നിർമ്മാണം
2. പെയ്ൻറ്, വാർണ്ണീഷ് നിർമ്മാണം
3. സ്ളേറ്റ്, പെൻസിൽ നിർമ്മാണം
4. നോട്ട് ബുക്ക്, പശ, തീപ്പെട്ടി നിർമ്മാണം
5. മെഴുക്തിരി, ചന്ദനത്തിരി നിർമ്മാണം.
6. പേപ്പർപ്ളേയ്റ്റ്, ഡിസ്പോസിബിൾ ഗ്ളാസ്
7. കറി പൗഡർ, ബേക്കറി, ചക്കര നിർമ്മാണം
8. പഴം സംസ്കരണം
9. പായ നെയ്ത്ത്
10. ചിപ്സ്(പൊട്ടാറ്റോ, പഴം, മരച്ചീനി എന്നിവയിൽ നിന്ന്)
11. കശുവണ്ടി സംസ്കരണം
12. സിമൻറ് വാതിൽ, ജനൽ, കട്ടില, സിമൻറ് കാലുകൾ തുടങ്ങിയവ
13. ഔഷധ ചെടി വളർത്തൽ
14. കുട നിർമ്മാണം
15. ഹാർഡ് ബോർഡ് നിർമ്മാണം
16. പപ്പടനിർമ്മാണം

## ടൂറിസം വികസനം

ടൂറിസം വികസനവുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ വിവിധ ഗ്രാമ സഭകളിൽ ഉയർന്ന് വരികയുണ്ടായി.

### 1. ടൂറിസ്റ്റ് കേന്ദ്രം

1. കെട്ടുങ്ങൾ അഴിമുഖ പ്രദേശം നൂറ് കണക്കിന് അളുകളെ ആകർഷിച്ച് വരുന്ന ഒരു പ്രധാന കേന്ദ്രമാണ്. വിനോദ സഞ്ചാരവകുപ്പുമായി ബന്ധപ്പെട്ട് ഈ അഴിമുഖം ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുക.

2. പാലത്തിങ്ങൽ-ചീർപ്പിങ്ങൽ പ്രദേശത്തെ ന്യൂ കട്ടിൽ ബോട്ട് സർവ്വീസ് ഏർപ്പെടുത്തുക. പ്രകൃതിരമണീയമായ ഇവിടെ ടൂറിസ്റ്റ് കേന്ദ്രമാക്കിയാൽ വരുമാന സാധ്യതകൾ ഏറെയാണ്

### 3. ഫിഷ് അക്വേറിയം

മനോഹരമായ ഒരു തടാകം പോലെ കിടക്കുന്ന ഉള്ളണത്തെ കല്പുഴയുടെ സമീപമുള്ള ഫിഷ് സീഡ് ഫാമിനോടനുബന്ധിച്ച് ഫിഷ് അക്വേറിയം സ്ഥാപിക്കുക.




# ഗതാഗതം, ഊർജ്ജം

## ഗതാഗതം

എതൊരു പ്രദേശത്തിൻേറയും വികസനകാര്യത്തിൽ ഗതാഗത സൗകര്യങ്ങൾക്കുള്ള പങ്ക് വളരെ വലുതാണല്ലോ. ജില്ലയിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ പരപ്പനങ്ങാടി മുൻപന്തിയിലാണെന്ന് പറയാം. എന്നിരുന്നാലും ഈ രംഗത്തെ ആവശ്യങ്ങൾ അനുദിനം വർധിച്ചു വരുന്നതായാണ് ഗ്രാമസഭാറിപ്പോർട്ടുകൾ നൽകുന്ന സൂചന.

പരപ്പനങ്ങാടി പഞ്ചായത്തിലെ ഗതാഗതയോഗ്യമായ റോഡുകൾ 64.35 കി.മീറ്ററാണ്. അതിൽ 18.46 കി.മീ. പി.ഡബ്ള്യൂ.ഡി റോഡും 45.89 കീ.മീ. പഞ്ചായത്ത് റോഡുകളുമാണ്. വിവിധതരത്തിൽപ്പെട്ട പഞ്ചയാത്ത് റോഡുകളുടെ എണ്ണം 63 ആണ്. പഞ്ചായത്തിലെ റോഡ് വിവരം അന്യത്ര ചേർക്കുന്നു.

150 ലധികം ബസ്സുകൾ വിവിധ ഭാഗങ്ങളിലേക്ക് പരപ്പനങ്ങാടി ടച്ച് ചെയ്തുപോകുന്നു. ട്രക്കർ, ജീപ്പ്, കാർ, ഓട്ടോറിക്ഷ എന്നിവയും ഉപയോഗിച്ചുവരുന്നു. സ്വന്തമായി വാഹനമുള്ളവയിലധികവും ടൂവിലറുകളാണ്.

സർക്കാർ, പഞ്ചായത്തു ഫണ്ടുകളിൽ നിന്നും നല്ലൊരു ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് ചെലവഴിക്കുന്നത്. റോഡായാൽ എല്ലാമായി എന്ന വികസനം സംബന്ധിച്ച ജനങ്ങളുടെ വികലമായ ധാരണ മാറ്റിയെടുക്കേണ്ടതുണ്ട്.

ടാർ ചെയ്ത റോഡുകളുടെ ശൃംഖല തന്നെയുണ്ടെങ്കിലും മിക്ക റോഡുകളും വീതി കുറവും വളവുതിരിവുകളും കാരണം അപകട സാധ്യത വർധിപ്പിക്കുന്നവയാണ്. നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ചും ഗ്രാമസഭയിൽ പരാതി ഉയർന്നുവന്നിട്ടുണ്ട്.

അധികരിച്ച റോഡുനിർമ്മാണം നമ്മുടെ പ്രദേശത്തിൻെറ വളർച്ചയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ടെങ്കിലും ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഇത് വഴിയൊരുക്കിയിട്ടുണ്ട്. വർഷകാലങ്ങളിൽ വെള്ളം യഥേഷ്ടം ഒഴുകിപ്പോയിരുന്ന ഇടവഴികളെല്ലാം ഇന്ന് റോഡുകളും നടപ്പാതകളുമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. മഴവെള്ളത്തിൻെറ ഒഴുക്കിൻെറ ഗതി തന്നെ മാറുകയു

## PWD റോഡുകൾ

| നമ്പർ | പേര് | വീതി മീറ്റർ | നീളം കി.മീ |
|---|---|---|---|
| 1 | പരപ്പനങ്ങാടി-മലപ്പുറം റോഡ് | 5.5 | 2.76 |
| 2 | തിരൂർ-കടലുണ്ടി റോഡ് | 5.8 | 7.40 |
| 3 | പാലത്തിങ്ങൽ-പൂരപ്പറമ്പ് റോഡ് | 3.8 | 1.20 |
| 4 | പരപ്പനങ്ങാടി-പാറക്കടവ് | 3.8 | 2.20 |
| 5 | തയ്യിലപ്പടി-ഇരുമ്പോത്തിങ്ങൽ റോഡ് | 3.8 | 2.80 |
| 6 | ചേളാരി-പരപ്പനങ്ങാടി റോഡ് | 5.8 | 2.10 |
| | പി.ഡബ്ല്യൂ.ഡി ഏറ്റെടുത്തവ | | |
| 1 | അഞ്ചപ്പുര-ഒട്ടുമ്മൽ-ചാപ്പപടി ഫിഷറീസ് റോഡ് | | |
| 2 | ചെട്ടിപ്പടി- ആലുങ്ങൽ കടപ്പുറം ഫിഷറീസ് റോഡ് | | |
| | അവലംബം: സെക്കണ്ടറി ഡാറ്റ | | |

## പഞ്ചായത്ത് റോഡുകൾ

### a. മൺറോഡുകൾ

| നമ്പർ | പേര് | നീളം.കി.മീ |
|---|---|---|
| 1 | ഹെൽത്ത് സെൻറർ-ഫിഷറീസ് സ്കൂൾ റോഡ് | 1.5 |
| 2 | കെ.പി. അബ്ദുൽ അസീസ് റോഡ് | 0.75 |
| 3 | ലക്ഷം വീട് കോളനി റോഡ് | 0.6 |
| 4 | ഹെൽത്ത് സെൻറർ-റെയിൽവേ ചാമ്പ്ര റോഡ് | 0.3 |
| 5 | കോയം കുളം-മുത്തപ്പൻ കാവ് റോഡ് | 0.5 |
| 6 | അങ്ങാടി ജുമാ മസ്ജിദ്-മുറിത്തോട് റോഡ് | 0.74 |
| 7 | കല്ലിങ്ങൽ-ചെട്ടിപ്പടി റോഡ് | 0.55 |
| 8 | മുണ്ടിയൻകാവ്-എടത്തിരുത്തിക്കടവ് റോഡ് | 0.4 |
| 9 | ഉള്ളണം-വാളക്കുണ്ട് റോഡ് | 0.45 |
| 10 | ശ്രീ കുറുംബഭഗവതിക്കാവ് റോഡ് | 0.45 |
| 11 | പുത്തൻ കടപ്പുറം-പരിയാപുരം റോഡ് | 0.42 |
| 12 | എരഞ്ഞിക്കുളം റോഡ് | 0.4 |
| 13 | കളരിക്കൽ റോഡ് | 0.45 |
| 14 | എൻ.സി.സി.റോഡ് | 1.0 |
| 15 | വി.പി.അച്ചിതൻ റോഡ് | 1.0 |
| 16 | പള്ളിപ്പുറം റോഡ് | 0.75 |
| 17 | ആവിയിൽ കടപ്പുറം-കുറുന്തോട്ടത്തിൽ റോഡ് | 0.8 |
| 18 | ശ്മശാനം റോഡ് | 0.8 |
| 19 | കലങ്ങോട് ഇടവഴി റോഡ് | 0.65 |
| 20 | പൂരപ്പുഴ-പരിയാപുരം റോഡ് | 0.75 |
| 21 | നഴ്സറി റോഡ്-റോയിൽവേ ലൈൻ റോഡ് | 0.45 |
| 22 | മൈതാനം റോഡ് | 1.0 |
| 23 | റെയിൽവേ ലൈൻ കാളികാവ് റോഡ് | 0.5 |

| | | |
|---|---|---|
| 24 | കോടതിക്ക് മുൻവശം തെക്കോട്ടുള്ള റോഡ് | 0.2 |
| 25 | കക്കാട്ട് താഴം റോഡ് | 0.3 |
| 26 | മീൻകുഴി ഹരിജൻ കോളനി റോഡ് | 0.5 |
| 27 | ചാത്തോത്ത് പുവ്വത്തിൽ റോഡ് | 0.75 |
| 28 | വലിയപറമ്പ് റോഡ് | 1.5 |
| 29 | കീച്ചറ-കൽപ്പാലം റോഡ് | 0.24 |
| 30 | കീച്ചറപ്പാടം റോഡ് | 0.4 |
| 31 | ഉള്ളണം-എടവണ്ണത്തറ റോഡ് | 0.3 |
| 32 | ഹരിപുരം വിഷ്ണുക്ഷേത്രം റോഡ് | 0.35 |
| 33 | പച്ചരിപ്പാടം റോഡ് | 0.4 |
| 34 | കോഴിപ്പുറം ഇടവഴി റോഡ് | 0.32 |
| 35 | കാരാട്ട്പ്പടി-കൽപ്പുഴ റോഡ് | 0.76 |
| 36 | കറുത്തേടത്ത് അംഗൻവാടി റോഡ് | 0.3 |
| | ആകെ | 21.53 |

## b-മെറ്റൽ റോഡുകൾ

| | | |
|---|---|---|
| 1 | മുണ്ടിയൻ കാവ് എടത്തിരുത്തിക്കടവ് റോഡ് | 0.5 |
| 2 | കെ.പി. അബ്ദുൽ അസീസ് റോഡ് | 0.5 |
| 3 | പുത്തൻ കടപ്പുറം-പരിയാപുരം റോഡ് | 1.0 |
| 4 | കീച്ചറ കൽപ്പാലം റോഡ് | 0.66 |
| | ആകെ | 2.66 |

## c-ടാർ റോഡുകൾ

| നമ്പർ | പേര് | നീളം കി.മീറ്റർ |
|---|---|---|
| 1 | സീതിക്കോയത്തങ്ങൾ റോഡ് | 0.5 |
| 2 | തലാഞ്ചേരി അബ്ദുറഹിമാൻ റോഡ് | 1.0 |
| 3 | മലയമ്പാട് റോഡ് | 1.0 |
| 4 | അങ്ങാടി ജാറം-മലയമ്പാട് റോഡ് | 1.0 |
| 5 | കെ.പി.എച്ച്. മുഹമ്മദ് നഹ റോഡ് | 0.9 |
| 6 | കുറ്റിയിൽ-വാക്കയിൽ റോഡ് | 0.9 |
| 7 | അഞ്ചപ്പുര-മാർക്കറ്റ് റോഡ് | 0.2 |
| 8 | നമ്പുളം നോർത്ത് റോഡ് | 0.63 |
| 9 | ഒട്ടുമ്മൽ ചാപ്പപ്പടി റോഡ് | 0.5 |
| 10 | ടൗൺ ഹാൾ റോഡ് | 1.025 |
| 11 | ഒട്ടുമ്മൽ-പുത്തൻ കടപ്പുറം റോഡ് | 0.82 |
| 12 | നമ്പുളം സൗത്ത് റോഡ് | 1.5 |
| 13 | അഹമ്മദ് കുരിക്കൾ റോഡ് | 2.0 |
| 14 | മൊയ്തീൻ കുട്ടി എന്ന ചെറീത് റോഡ് | 0.9 |
| 15 | നഴ്സറി റോഡ് | 1.76 |
| 16 | ചുഴലി റോഡ് | 0.105 |
| 17 | സ്റ്റേഡിയം റോഡ് | 0.78 |

| | | |
|---|---|---|
| 18 | കൊട്ടന്തല റോഡ് | 1.5 |
| 19 | പുത്തരിക്കൽ റെയിൽ ചാമ്പ്ര റോഡ് | 0.515 |
| 20 | മുണ്ടിയൻ കാവ്-എടത്തിരുത്തിക്കടവ് റോഡ് | 0.9 |
| 21 | ആനപ്പടി- ഭഗവതിക്കാവ് റോഡ് | 2.44 |
| 22 | ഉള്ളണം - വാളക്കുണ്ട് റോഡ് | 0.28 |
| 23 | ഊർപ്പായിച്ചിറ - വാളക്കുണ്ട് റോഡ് | 0.55 |
| | ആകെ | 21.705 |

പ്രകൃതിയെ സാരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. മിക്ക റോഡുകളും വർഷകാലങ്ങളിൽ സഞ്ചാരയോഗ്യമല്ലാതായി മാറുന്നു.

പഞ്ചായത്തിലെ മിക്ക റോഡുകളോടനുബന്ധിച്ചും ഡ്രൈനേജുകളുണ്ടെങ്കിലും മണ്ണ് വീണു തൂർന്നു കിടക്കുന്നതിനാൽ ഇവയിൽ മലിന ജലം കെട്ടിനിന്ന് കൊതുകുകളുടെ ഇഷ്ടതാവളമായി മാറിയിട്ടുണ്ട്. ചില സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും കക്കൂസ് ടാങ്ക് അഴുക്കുചാലുകളിലേക്ക് തുറന്നുവിടുന്നതിനാൽ അങ്ങാടി ദുർഗന്ധ പൂരിതമാകുന്നു.

## റെയിൽ ഗതാഗതം

1861 മാർച്ച് 12 ന് കമ്മീഷൻ ചെയ്ത ബേപ്പൂർ – തിരൂർ റെയിൽവേ ലൈനാണ് പരപ്പനങ്ങാടിയിലെ ആദ്യത്തെ തീവണ്ടിപ്പാത. പിന്നീട് 1888–ൽ ഇത് കോഴിക്കോട്ടേക്കു ദീർഘിപ്പിച്ചു. 1862–ൽ മദിരാശിയുമായി ബന്ധപ്പെടുത്തിയതോടെ ദീർഘദൂരയാത്രയ്ക്കും ചരക്കു ഗതാഗതത്തിനും സാധ്യതകൾ വർധിച്ചു. തയ്യിലക്കടവ്, കോട്ടക്കടവ് പൂരപ്പുഴ എന്നീ പാലങ്ങൾ വന്നതോടെ സമീപപട്ടണങ്ങളായ കോഴിക്കോട്ടേക്കും തിരൂരിലേക്കുമുള്ള റോഡ് യാത്ര എളുപ്പമായതിനാൽ ഹ്രസ്വദൂര തീവണ്ടിയാത്രക്കാരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. എന്നാൽ വിദൂര സ്ഥലങ്ങളിലേക്കുള്ള യാത്രക്കാരുടെ എണ്ണം ഗണ്യമായി അധികരിച്ചിട്ടുമുണ്ട്.

## ജലഗതാഗതം

എടത്തിരുത്തിക്കടവ്, കുണ്ടൻകടവ് എന്നീ രണ്ട് കടവുകളിൽ സമീപ പഞ്ചായത്തിലേക്ക് യാത്ര ചെയ്യാൻ തോണി സർവ്വീസ് നടത്തുന്നു. ഈ ഇനത്തിൽ പഞ്ചായത്തിന് പ്രതിവർഷം ഏകദേശം 5000 രൂപ വരുമാനമുണ്ട്.

## ഗതാഗതക്കുരുക്ക്

ചെട്ടിപ്പടി, പരപ്പനങ്ങാടി, ചെറമംഗലം എന്നിവിടങ്ങളിലായി മൂന്ന് റെയിൽവേ ഗേറ്റുകളുണ്ട്. പഞ്ചായത്തിൻെറ ഹൃദയഭാഗത്തുള്ള പരപ്പനങ്ങാടിയിലെ ഗേറ്റ് അടവ് കാരണമുണ്ടാകുന്ന ഗതാഗതകുരുക്കുകൊണ്ട് വാഹന .യാത്രക്കാരും കാൽനടയാത്രക്കാരും അനുഭവിച്ചുവരുന്ന പ്രയാസങ്ങൾ വിവരണാതീതമാണ്. വാഹനങ്ങളുടെ നീണ്ട നിരയും കാൽനടയാത്രക്കാരുടെ സാഹസികമായ ഗേറ്റ് കടന്നുപോകലും പരപ്പനങ്ങാടിക്കാരുടെ ഏറ്റവും വലിയ യാത്രാദുരിതത്തിൻെറ പതിവ് ദൃശ്യമാണ്. ഗതാഗത തിരക്കേറിയ പയനിങ്ങൽ ജംഗ്ഷനും ഈ കുരുക്കിന് ആക്കം കൂട്ടുന്നു. എല്ലാ ഭാഗത്തേക്കുമുള്ള ബസുകൾ പഞ്ചായത്ത് ബസ്സ്റ്റാൻഡിൽ ടച്ച് ചെയ്യാത്തതും യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്ന മറ്റൊരു ഘടകമാണ്.

## നിർദ്ദേശങ്ങൾ

1. ഗതാഗതക്കുരുക്കു കൊണ്ട് വീർപ്പുമുട്ടുന്ന പരപ്പനങ്ങാടി റെയിൽവേ ലെവൽ ക്രോസിംഗിന് ഓവർബ്രിഡ്ജ് പണിയുക (ചെട്ടിപ്പടി റെയിൽവേ ഗേറ്റിനും മേൽപ്പാലം പണിയാൻ ഗ്രാമസഭയിൽ നിർദ്ദേശമുണ്ട്)

2. .പരപ്പനങ്ങാടി റെയിൽവെ സ്റ്റേഷനോടനുബന്ധിച്ച് രണ്ടാം പ്ലാറ്റ്ഫോമും പ്ലാറ്റ്ഫോമുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഫുട്ട് ഓവർബ്രിഡ്ജും നിർമ്മിക്കുക.

3. പ്ലാറ്റ്ഫോമിൽ റൂഫിംഗ് ഇല്ലാത്ത ഭാഗങ്ങളിൽ അവ സ്ഥാപിക്കുക.

4. തീവണ്ടികളുടെ എണ്ണം കൂട്ടുകയും വെസ്റ്റ് കോസ്റ്റ് എക്സ്പ്രസിന് സ്റ്റോപ്പ് അനുവദിക്കുകയും ചെയ്യുക.

5. റെയിൽവേ ഡബിൾലൈൻ പണി ത്വരിതപ്പെടുത്തുക.

6. മലബാർ എക്സ്പ്രസ്, കുർള എക്സ്പ്രസ് അടക്കമുള്ള പ്രധാന ട്രെയിനുകൾക്ക് റിസർവേഷൻ ക്വാട്ട വർദ്ധിപ്പിക്കുക.

7. പ്ലാറ്റ് ഫോമിൽ ആവശ്യമായ സ്ഥലങ്ങളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കുക.

8. പുതുതായി റോഡു നിർമ്മിക്കുവാനും നിലവിലുള്ളവ നന്നാക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് പ്രധാനമായും ഗ്രാമസഭ ചർച്ചയിൽ ഉയർന്നുവന്നത്. നടപ്പാതകൾ, നടപ്പാലങ്ങൾ തുടങ്ങിയവക്കും ആവ

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | I | നേതാജി റോഡ് - ഫിഷറീസ് കോളനി<br>ടിപ്പുസുൽത്താൻ റോഡ് എന്നിവയുമായി ബന്ധിപ്പിക്കുക. |
| 2 | | ഹെൽത്ത് സെൻറർ റോഡ് നേതാജി റോഡിലേക്ക്<br>തൊള്ളാപ്പിള്ളി പാടം വഴി ബന്ധിപ്പിക്കുക. |
| 3 | | ഹെൽത്ത് സെൻറർ റോഡ് - നേതാജി റോഡിലേക്കുള്ള ഇടവഴി |
| 4 | | ലക്ഷം വീട് കോളനിയിൽ നിന്നു പടിഞ്ഞാറു ഭാഗത്തേക്കുള്ള ഇടവഴി |
| 5 | II | കല്ലിങ്ങൽ പാടത്തുനിന്നു ടിപ്പുസുൽത്താൻ റോഡിലേക്കു ബന്ധിപ്പിക്കുക. |
| 6 | III | ചേങ്ങോട്ടുപാടം റോഡ് മലയമ്പാട് റോഡുമായി ബന്ധിപ്പിക്കുക. |
| 7 | | ചേങ്ങോട്ടുപാടം റോഡ് ടിപ്പുസുൽത്താൻ റോഡിലേക്കു ബന്ധിപ്പിക്കുക. |
| 8 | | പാലക്കൽ പനയത്തിൽ റോഡ് കടലുണ്ടി റോഡുമായി ബന്ധിപ്പിക്കുക. |
| 9 | | പാലക്കൽ പനയത്തിൽ റോഡ് മലയമ്പാട് റോഡുമായി ബന്ധിപ്പിക്കുക. |
| 10 | | അങ്ങാടി വലിയ ജുമാമസ്ജിദ് മുതൽ മുറിത്തോട് വരെ |
| 11 | IV | ചെറിയകുളം റോഡ് - എരഞ്ഞിക്കാളി തോട് സൈഡിലൂടെ മലയമ്പാട് റോഡ് വരെ |
| 12 | | കെ.പി.എച്ച്. മുഹമ്മദ് നഹ റോഡിൻെറ പടിഞ്ഞാറു ഭാഗത്ത്<br>പൊർന്നൂർ മസ് ജിദിൻെറ വടക്കുഭാഗത്തുള്ള ഇടവഴി |
| 13 | V | മാപ്പൂട്ടിൽ റോഡിൽ നിന്നും ടൗൺഹാൾ റോഡിലേക്കു ബന്ധിപ്പിക്കുക |
| 14 | | ബീച്ച് റോഡിൽ നിന്നും മാപ്പൂട്ടിൽ റോഡിലേക്കു ലിങ്ക് റോഡ് |
| 15 | | വലിയപറമ്പ് റോഡിൽ നിന്നും കെ.പി.എച്ച് റോഡിലേക്കു ബന്ധിപ്പിക്കുക |
| 16 | | കടലുണ്ടി റോഡിൽ നിന്നും കനാലുമായി ബന്ധിപ്പിക്കുന്ന റോഡ് |
| 17 | | ചക്കുങ്ങൽ ഇടവഴി |
| 18 | VI | നമ്പുളം സൗത്ത് റോഡ് ടിപ്പുസുൽത്താൻ റോഡുമായി ബന്ധിപ്പിക്കുക |
| 19 | VII | ചെറമംഗലം എ.യു.പി. സ്കൂളിലേക്കുള്ള ഇടവഴി |
| 20 | | വി.പി. അച്യുതൻ റോഡ് അഹമ്മദ് കുരിക്കൾ റോഡുമായി ബന്ധിപ്പിക്കുക |
| 21 | VIII | കുരിക്കൾ റോഡ് കലങ്ങോട് ചെറീത് റോഡിൽ ബന്ധിപ്പിക്കുക |
| 22 | | ചെറമംഗലം മുതൽ അംബേദ്കർ കോളനി വരെ |
| 23 | | കുന്നത്ത് പറമ്പു മുതൽ ചെറീത് റോഡിലേക്കു ബന്ധിപ്പിക്കുന്ന ഇടവഴി |
| 24 | | തട്ടാൻകണ്ടി ഇടവഴി. നെല്ലിക്കണ്ടി ഭാഗം മുതൽ |
| 25 | | നസീബ് ഇടവഴി (ചെറമംഗലം സൗത്ത്) |
| 26 | IX | പാലത്തിങ്ങൽ അങ്ങാടിക്കു പടിഞ്ഞാറ് കോണിപ്പാടം കോളനിയിലേക്ക് |
| 27 | | കൊട്ടന്തല റോഡ് അവസാനഭാഗം നഴ്സറി റോഡുമായി ബന്ധിപ്പിക്കുക. |
| 28 | | പാലത്തിങ്ങൽ പുറ്റാട്ടുതറ റോഡ് |
| 29 | | വാലാംതോട് ഇടവഴി |
| 30 | X | ഇറിഗേഷൻ റോഡിൻെറ തെക്കുഭാഗവും വടക്കുഭാഗവും<br>പി.ഡബ്യൂ.ഡി. റോഡുമായി ബന്ധിപ്പിക്കുക. |
| 31 | | കുന്നൂർ ഇടവഴി |
| 32 | | വെള്ളിലാവ് ഇടവഴി |
| 33 | | മുങ്ങാത്തുന്തറ നടപ്പാത |
| 34 | | എരന്തപ്പെട്ടി നടപ്പാത |
| 35 | XI | അഞ്ചപ്പുര ഒന്നാം ഓവു മുതൽ കോട്ടത്തറ കനാൽ വരെ |

| | | |
|---|---|---|
| 36 | | പുത്തൻ പീടിക - റെയിൽവേ ഓവുപാലം വഴി കാളികാവ് ക്ഷേത്ര ഇടവഴി പുത്തരിക്കൽ - കാളികാവ, നഴ്സറി - കാളികാവ് റോഡുകളുമായി ബന്ധിപ്പിക്കുക. |
| 37 | | ജയകേരളാ - നഴ്സറി റോഡ് കാളികാവ് ക്ഷേത്രത്തിനു പടിഞ്ഞാറുവശം ഇടവഴിയോട് ബന്ധിപ്പിക്കുക |
| 38 | | റെയിൽവെ ഗേറ്റ് മുതൽ വടക്ക് രണ്ടാം ഓവുവരെ റെയിൽവെ സി.ക്ലാസ് സ്ഥലത്ത് |
| 39 | | നെടുവ ജി.യു.പി. സ്കൂളിന് കിഴക്ക് ഇടവഴി ചാരക്കുളംവരെ |
| 40 | | ചക്യാട്ട് ഇടവഴി കിഴക്കുഭാഗത്ത് വാളക്കുണ്ട് റോഡുമായി ബന്ധിപ്പിക്കുക. |
| 41 | | ഉള്ളണം റോഡിൽ നിന്ന് ചെള്ളിയിൽ താഴം വഴി അഞ്ചപ്പുര വരെ |
| 42 | | കൊടപ്പാളി മുതൽ പിഷാരിക്കൽ അമ്പലം വരെ |
| 43 | | നെടുവ സ്കൂളിന് വടക്കുവശമുള്ള ഇടവഴി കോവിലകം റോഡുമായി ബന്ധിപ്പിക്കുക. |
| 44 | XII | കുന്നത്ത് അത്താണി - താഴത്തുകുറ്റി - കോവിലകം സ്കൂൾ വരെ |
| 45 | | ചാത്തൻ വീടു ഭാഗത്ത് തുടങ്ങി വെള്ളിലാവിക്കടവുവരെ |
| 46 | | കുറിഞ്ഞീരിത്താഴം ഇടവഴി |
| 47 | | കുറിഞ്ഞീരിത്താഴം ഇടവഴി വെള്ളിരിത്താഴം റോഡ് വരെ |
| 48 | XIII | ഊപ്പാട്ടിൽ റോഡ് പാലക്കലാംപുറം വരെ. |
| 49 | | ഊപ്പാട്ടിൽ റോഡ് തെക്കുഭാഗം എടത്തിരുത്തിക്കടവ് വരെ |
| 50 | | നെച്ചിക്കാട്ട് ജുമു അത്ത് പള്ളി റോഡ് പാലക്കൽ മമ്പുറം റോഡുമായി ബന്ധിപ്പിക്കുക. |
| 51 | | താലശ്ശേരി കിഴക്ക് റോഡ് എടത്തിരുത്തിക്കടവിലേക്കു ബന്ധിപ്പിക്കുക. |
| 52 | | ഉള്ളണം ശിവക്ഷേത്രം നടപ്പാത ലാക്കൽപുറായി വരെ |
| 53 | | ചാത്തോത്ത് മുതൽ പായേരിതാഴം വരെയുള്ള ഇടവഴി |
| 54 | | ഉള്ളണം ആശുപത്രി മുതൽ കൊങ്ങശ്ശേരി പാറ വഴി വയൽവരെ |
| 55 | XIV | എടവണ്ണത്തറ കാര്യാട് നടവഴി |
| 56 | | എടവണ്ണത്തറ ഉള്ളണം നടവഴി |
| 57 | | കുന്നുമ്മൽ കൊൽപ്പായി നടവഴി |
| 58 | | കുന്നുമ്മൽ ചെറുകുറ്റി നടവഴി |
| 59 | | കോവിലകം - മുണ്ടിയൻ കാവ് നടവഴി |
| 60 | XV | മൊടുവിങ്ങൽ മുതൽ റെയിൽവെ ലൈൻ വരെ |
| 61 | | കോയംകുളം ഹരിജൻ കോളനി വഴി റെയിൽവെ ലൈൻ വരെ |
| 62 | | കോയംകുളം ക്ഷേത്രപരിസരത്തേക്ക് റോഡ് |
| 63 | | അത്താണി മുതൽ മുതലമട പൊന്മായി വരെ |
| 64 | | മൊടുവിങ്ങൽ റോഡ് കീച്ചറ കൽപ്പാലം റോഡിലേക്ക് ബന്ധിപ്പിക്കുക |
| 65 | | കോയംകുളം റെയിൽവെ ലൈൻ റോഡ് ഞാറ്റിനാഴിത്തറ റോഡിലേക്കു ബന്ധിപ്പിക്കുക |
| 66 | | ബദരിയ്യാ മസ്ജിദ് മുതൽ ഞാറ്റിനായിത്തറ റോഡുമായി ബന്ധിപ്പിക്കുക |

അവലംബം: ഗ്രാമസഭ റിപ്പോർട്ട്

## ആവശ്യമായ നടപ്പാതകൾ

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | IV | പൊറന്നൂർ മസ്ജിദ് മുതൽ മുറിത്തോട് വരെ |
| 2 | V | ബീച്ച് റോഡ് ചക്കുങ്ങൽ ഇടവഴി |
| 3 | VII | എൻ.സി.സി. റോഡിൻെറ [illegible]ിർഭാഗം റെയിൽവെ ലൈൻ വരെ |

| | | |
|---|---|---|
| 4 | XIII | താലശ്ശേറി റോഡിൽ നിന്ന് പള്ളിയിലേക്കു നടപ്പാത |
| 5 | XIV | കോട്ടത്തറ - നമ്പീരിയാട് കോളനി വരെ |
| 6 | | ചെറുകുറ്റി മുണ്ടിയൻകാവ് നടപ്പാതക്കു സ്ലാബ് |
| 7 | XV | അത്താണി മുതൽ ചേറിച്ചമ്മൽ വരെ |
| 8 | | അൽഫ ഐസ് പ്ലാൻറ് മുതൽ മണലി റോഡുവരെ |
| 9 | | ആനപ്പടി ജി.എൽ.പി. സ്കൂൾ മുതൽ റെയിൽവെ ലൈൻ വരെ |

അവലംബം: ഗ്രാമസഭ റിപ്പോർട്ട്

## ആവശ്യമായ നടപ്പാലങ്ങൾ

| നമ്പർ | വാർഡ് | പേര് |
|---|---|---|
| 1 | III | മുറിത്തോടിനു കുറുകെ പാലം |
| 2 | VIII | തണ്ടാംപാടം തോടിനു കുറുകെ നടപ്പാലം |
| 3 | | കാട്ടിൽപ്പാടം തോടിനു കുറുകെ നടപ്പാലം |
| 4 | IX | വാലാംതോടിൻെറ മീൻകുഴി ഭാഗത്ത് നടപ്പാലം |
| 5 | XII | മുന്നിയൂർ - ഉള്ളണം എന്നിവ ബന്ധിപ്പിക്കുന്ന പാലം |

അവലംബം: ഗ്രാമസഭ റിപ്പോർട്ട്

ശ്യമുയർന്നിട്ടുണ്ട്.

9. പുത്തരിക്കൽ നിന്നും ചെള്ളിലത്താഴത്തുള്ള പാടം വഴി റോഡ് കൊണ്ടുവന്ന് പരപ്പനാട് കോവിലകം റോഡുമായി ബന്ധിപ്പിച്ച് പുതിയ റോഡ് നിർമ്മിക്കുന്ന പക്ഷം കിഴക്കുഭാഗത്ത് നിന്നും ചെട്ടിപ്പടി ഭാഗത്തേക്കു പോകുന്നതും തിരിച്ചുവരുന്നതുമായ ചെറിയ വാഹനങ്ങൾക്ക് റെയിൽവെ ലവൽക്രോസ് കടക്കാതെ പോവാൻ കഴിയും. ടൗണിലെ ഗതാഗതത്തിരക്ക് ഒഴിവാക്കാനും സാധിക്കും.

10. ടൗണിൻെറ ഹൃദയഭാഗത്തുള്ള പ്രധാന റോഡുകളോടനുബന്ധിച്ച് ഫുട്ട്പാത്ത് ഉണ്ടാക്കുക.

11 റോഡ് വക്കിൽ മരങ്ങൾ വെച്ചുപിടിപ്പിക്കുക.

12. ഡ്രൈനേജ് ഇല്ലാത്ത റോഡുകൾക്ക് അവ നിർമ്മിക്കുകയും കേടുവന്ന ഡ്രൈനേജുകൾ റിപ്പയർ നടത്തുകയും ചെയ്യുക

13. വാഹനാപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന അശാസ്ത്രീയമായ വളവുതിരിവുകൾ ശരിപ്പെടുത്തി ഗതാഗതം സുഗമമാക്കുക.

14. ഗതാഗതതടസ്സം സൃഷ്ടിക്കുന്ന തരത്തിലുള്ള ഇലക്ട്രിക് പോസ്റ്റ്, ടെലിഫോൺ പോസ്റ്റ് എന്നിവ റോഡരികിൽ നിന്നും മാറ്റി സ്ഥാപിക്കുക.

15. റോഡുകൾക്കു സമീപത്ത് കൈയേറിയ സ്ഥലങ്ങൾ ഒഴിപ്പിക്കുക.

16. ടെലികമ്യൂണിക്കേഷൻസ്, വാട്ടർ അതോറിറ്റി തുടങ്ങിയ ഡിപ്പാർട്ടുമെൻറുകൾ അവരുടെ ആവശ്യങ്ങൾക്കായി റോഡ് വെട്ടിക്കീറാറുണ്ട്. ഇവ ആവശ്യം കഴിഞ്ഞാലുടൻ തന്നെ പൂർവ്വസ്ഥിതിയിലാക്കുവാൻ സ്ഥിരം സംവിധാനമുണ്ടാക്കണം.

17. ഉള്ളണം ഭാഗത്തുനിന്നും കോഴിക്കോട്, തിരൂർ, കുറ്റിപ്പുറം, മലപ്പുറം, മഞ്ചേരി ഭാഗങ്ങളിലേക്കു ബസ് സർവ്വീസ് ഏർപ്പെടുത്തുക.

18. പരപ്പനങ്ങാടിയിൽ നിന്നും (കോട്ടക്കടവ്, തയ്യിലക്കടവ് വഴി) കോഴിക്കോട്ടേക്കു കെ.എസ്.ആർ. ടി.സി. ബസ് സർവ്വീസ് തുടങ്ങുക.

19. പരപ്പനങ്ങാടിയിൽ നിന്ന് ട്രിപ്പ് തുടങ്ങുന്നതും, രാത്രി ഹാൾട്ട് ചെയ്യുന്നതുമായ ബസ്സുകളുടെ സർവ്വീസ് ഉൾപ്രദേശങ്ങളിലേക്കു കൂടി ദീർഘിപ്പിക്കുക. (ഉദാ : ഉള്ളണം, ചീർപ്പിങ്ങൽ, ഒട്ടുമ്മൽ, ആലുങ്ങൽ കടപ്പുറം)

20 റോഡുകൾ യഥാസമയം റിപ്പയർ ചെയ്യുകയും നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമായ സ്ഥലങ്ങളിൽ ഓവുചാലുകൾ നിർമ്മിക്കുകയും ചെയ്യുക

21. പാലത്തിങ്ങൽ– ചീർപ്പിങ്ങൽ ഇറിഗേഷൻ റോഡ് റീ ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക.

22. എല്ലാ ബസുകളും വന്നുപോകുംവിധം ബസ് സ്റ്റാൻഡ് സജ്ജീകരിക്കുക.

## ഊർജ്ജം

ഊർജ്ജാവശ്യങ്ങൾക്കായി പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത് വൈദ്യുതിയെ തന്നെ. വൈദ്യുതിരംഗത്തെ നിലവിലുള്ള പ്രശ്നങ്ങൾ വിലയിരുത്തുമ്പോൾ മലബാറിൻെറ മൊത്തം അവസ്ഥയിൽ നിന്ന് ഒട്ടും ഭിന്നമല്ല പരപ്പനങ്ങാടിയും. പൂർണ്ണമായും വൈദ്യുതി കടന്നുചെല്ലാത്ത പ്രദേശങ്ങൾ പഞ്ചായത്തിൻെറ എല്ലാവാർഡുകളിലുമുണ്ട്. ഉള്ള സ്ഥലങ്ങളിൽ തന്നെ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമവും അനുഭവപ്പെട്ടുവരുന്നു. മണ്ണെണ്ണ വിളക്കുകളെപ്പോലും നാണിപ്പിക്കുന്ന വിധമാണ് വൈദ്യുതിയുടെ ഇന്നത്തെ അവസ്ഥ. വിതരണത്തിലെ തകരാറുകാരണം ഇടയ്ക്കുള്ള കറണ്ട് കട്ടും പതിവായിരിക്കുന്നു.

മലപ്പുറം ജില്ലയിലെ തിരൂർ, കിഴിശ്ശേരി എന്നീ സബ്സ്റ്റേഷനുകളിൽ നിന്നാണ് പഞ്ചായത്ത് പ്രദേശത്തേയ്ക്ക് വൈദ്യുതി എത്തുന്നത്. ഇതിന് പുറമെ കോഴിക്കോട് ജില്ലയിലെ നല്ലളത്ത് നിന്നും (ചെട്ടിപ്പടി ഏരിയ) വൈദ്യതി ലഭിക്കുന്നുണ്ട്. പരപ്പനങ്ങാടി ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ് മുഖേനയാണ് വൈദ്യുതിയുടെ വിതരണം നടക്കുന്നത്. ഈ ഓഫീസിനു കീഴിലായി 5308 (69%) ഗാർഹികം, 2012 (26.17%) വ്യാപാരം, 129 (1.68%) വ്യവസായികം, 242 (3.15%) കാർഷികം എന്നിങ്ങനെ പഞ്ചായത്തിൽ മൊത്തം 7691 ഉപഭോക്താക്കളുണ്ട്.

വള്ളിക്കുന്ന്, തിരൂരങ്ങാടി, മുന്നിയൂർ എന്നീ പഞ്ചായത്തുകളിലെ ഏതാനും പ്രദേശങ്ങളും പരപ്പനങ്ങാടി മേജർ സെക്ഷനു കീഴിലാണ്. ഈ പ്രദേശങ്ങളിൽ നിന്നടക്കം മൊത്തം പതിനൊന്നായിരത്തിലധികം ഉപഭോക്താക്കൾ ഈ ഓഫീസിൻെറ പരിധിയിൽ ഉണ്ട് കൂടാതെ താനൂർ സെക്ഷൻ ഓഫീസും പരപ്പനങ്ങാടി മേജർ സെക്ഷൻെറ പരിധിയിൽ ഉൾപ്പെടും. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യപ്തമായ സംവിധാനവും ഇവിടെയില്ല. വേണ്ടത്ര ജോലിക്കാരില്ലാത്തതിനാൽ അടിയന്തിര റിപ്പയർ പ്രവൃത്തികൾക്ക് പോലും ദിവസങ്ങൾ വേണ്ടിവരുന്നു.

പഞ്ചായത്തിലെ വൈദ്യതി വിതരണത്തിനായി നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വിവരവും അവയുടെ കപ്പാസിറ്റിയും പട്ടിക ഒന്നിൽ കാണുക

പഞ്ചായത്തിലേക്ക് വൈദ്യുതി എത്തുന്ന സബ് സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകളുടെ ദൂരം അധികമായതിനാലും തിരൂർ സബ് സറ്റേഷൻെറ കപ്പാസിറ്റി കുറവായതിനാലും കടുത്ത വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്നു മലപ്പുറം 110KV സബ് സറ്റേഷനിൽ നിന്നും എടരിക്കോട് വഴി തിരൂർ സബ് സ്റ്റേഷനിലേക്ക് വൈദ്യതി എത്തുന്ന കണ്ടക്ടറിൻെറ ശേഷി കുറവാണ്. ഇത് കാരണം പീക്ക് ലോഡ് സമയങ്ങളിൽ 5.5 കെ.വി. മാത്രമെ തിരൂരിൽ എത്തുന്നുള്ളൂ. തൻമൂലം തിരൂരിൽ നിന്നും താനൂർ വഴി പരപ്പനങ്ങാടിയിലേക്കുള്ള 23 കി.മി ദൂരം വരുന്ന 11 കെ.വി. ലൈനിലൂടെ പകുതി ശേഷിയുള്ള കറണ്ട് മാത്രമാണ് ഇവിടെ എത്തുന്നത്. ഇതിൻെറ ഫലമായി 230 വോൾട്ടിന് പകരം 70–80 വോൾട്ട് മാത്രമെ ലഭിക്കുന്നുള്ളു. ട്രാൻസ്ഫോർമറുകളിൽ നിന്നുള്ള എൽ.ടി ഫീഡറുകളുടെ ദൂരവും വോൾട്ടേജ് ക്ഷാമത്തിനുള്ള മറ്റൊരു പ്രധാന കാരണമാണ്.

25ന് അടുത്ത് കി.മീ. ദൂരത്തിൽ നിന്നും എച്ച്.ടി. ലൈൻ വരുന്നത് കാരണം ഈ ദൂരപരിധിക്കിടയിലെവിടെയെങ്കിലും വിവിധ കാരണങ്ങളാൽ വല്ല തടസ്സവും നേരിടുമ്പോൾ പഞ്ചായത്ത് പ്രദേശമൊന്നടങ്കം ഇരുട്ടിലാവുന്നു.

പരപ്പനങ്ങാടിയിലെ നിർദ്ദിഷ്ട സബ്സ്റ്റേഷൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ അനിശ്ചിതത്വത്തിലാണിന്ന്. അനുയോജ്യമായ സ്ഥലം കണ്ടെത്തി എത്രയും വേഗം ഇത് യാഥാർത്ഥ്യമാക്കിയാൽ പരപ്പനങ്ങാടിക്കാരുടെ വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാനാവും.

തെരുവ് വിളക്കുകൾ മിക്കതും നേരാംവണ്ണം പ്രകാശിക്കുന്നില്ല. 334 ബൾബുകളും 32 സോഡിയം വേപ്പർ ലാമ്പുകളും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയിൽ നല്ലൊരു ഭാഗം എപ്പോഴും കേടുവരുന്നു. പ്രതിമാസം 7512 രൂപ ഈ ഇനത്തിൽ പഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡിന് നൽകേണ്ടിവരുന്നുണ്ട്. പുതിയ കണക്ഷൻ കിട്ടാനും കാലതാമസമേറെയാണ്. സാങ്കേതികമായ ഒട്ടേറെ സങ്കീർണ്ണതകളും സാധനസാമഗ്രികളുടെ ദൗർലഭ്യവും കാരണം സാധാരണക്കാർ പ്രയാസപ്പെടുന്നു. ഉദ്യോഗസ്ഥൻമാരുടെ അലംബാവവും മാറേണ്ടതാണ്.

അശാസ്ത്രീയമായ സ്ലാബ് സമ്പ്രദായം കാരണം ഉപയോഗിക്കാത്ത വൈദ്യുതിക്കും പണമടക്കേണ്ടിവരുന്നു. കേടായ മീറ്ററുകൾ യഥാസമയം മാറ്റിസ്ഥാപിക്കാത്തതിനാൽ ബോർഡിന് വൻനഷ്ടം സംഭവിക്കുന്നുമുണ്ട്. ഇതിനുപുറമെ വിവിധ കാരണങ്ങളാൽ പ്രസരണനഷ്ടവും ഏറെയാണ്.

പാചകാവശ്യത്തിന് ബഹുഭൂരിഭാഗവും വീടുകളിലും വിറകുതന്നെയാണിന്നും ഉപയോഗിക്കുന്നത്. പണ്ടത്തെപ്പോലെ വിറകുസുലഭമല്ലാത്തതിനാലും കൂടു

## പട്ടിക1
## ട്രാൻഫോർമറുകളുടെ വിവരം

| നമ്പർ | കപ്പാസിറ്റി KVA | പേര് |
|---|---|---|
| 1 | 100 | ചെട്ടിപ്പടി-1 |
| 2 | 160 | സംഘം ഐസ് |
| 3 | 63 | ഫിഷർമെൻ കോളനി |
| 4 | 100 | ആലുങ്ങൽ |
| 5 | 100 | താഹാ ഐസ് |
| 6 | 100 | അറഫ ഐസ് |
| 7 | 160 | ഒട്ടുമ്മൽ ബീച്ച് |
| 8 | 75 | ചെട്ടിപ്പടി-2 |
| 9 | 63 | കൊടപ്പാളി |
| 10 | 160 | ശ്രീ മൂകാംബിക |
| 11 | 63 | ഡങ്കൻ ഫോം |
| 12 | 160 | അഞ്ചപ്പുര-1 |
| 13 | 160 | അഞ്ചപ്പുര-2 |
| 14 | 100 | നഹാ ഐസ് |
| 15 | 250 | റെയിൽവേ സ്റ്റേഷൻ |
| 16 | 100 | പുത്തൻ പീടിക |
| 17 | 100 | കുരിക്കൾ റോഡ് |
| 18 | 100 | അഞ്ചപ്പുര-3 |
| 19 | 100 | പരിയാപുരം |
| 20 | 50 | പൂരപ്പുഴ |
| 21 | 100 | കോക്കനട്ട് നേഴ്സറി |
| 22 | 63 | പാലത്തിങ്ങൽ-2 |
| 23 | 100 | പാലത്തിങ്ങൽ നെയിൽസ് |
| 24 | 100 | കൊട്ടന്തല |
| 25 | 100 | പുത്തരിക്കൽ |
| 26 | 160 | കോർട്ട് റോഡ് |
| 27 | 100 | വാട്ടർ അതോറിട്ടി |
| 28 | 63 | ഏലം |
| 29 | 160 | മുണ്ടിയൻ കാവ് |
| 30 | 160 | മുള്ളൻ കുഴി |
| 31 | 100 | ഉള്ളണം നോർത്ത് |
| 32 | 100 | കോയം കുളം |
| 33 | 63 | ഫിഷ് സീഡ് ഫാം |
| 34 | 100 | കോട്ടത്തറ |
| 35 | 250 | ഉള്ളണം |

തൽ സൗകര്യങ്ങൾ പരിഗണിച്ചും പാചകഗ്യാസ് ഉപയോഗം സമീപകാലത്തായി കൂടിയിട്ടുണ്ട്. 1990-ൽ തുടങ്ങിയ ചെട്ടിപ്പടിയിലെ ഗ്യാസ് ഏജൻസിയാണ് ഇതിനായുള്ള പഞ്ചായത്തിലെ ഏക സ്ഥാപനം. മറ്റു പഞ്ചായത്തുകളും ഇതിൻെറ പരിധിയിൽ ഉണ്ട്. പാചകാവശ്യത്തിനു തന്നെ ഇലക്ട്രിക്ക് ഹീറ്ററുകൾ അപൂർവ്വം വീടുകളിലെങ്കിലും ഉണ്ട്. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നവരും കുറവല്ല എന്നാൽ ആവിശ്യാനുസരണം മണ്ണെണ്ണ കിട്ടാതെ വരുന്നുണ്ട്. പതിനാറ് റേഷൻഷാപ്പുകൾക്ക് പുറമെ രണ്ട് മണ്ണെണ്ണ വിതരണ ഏജൻസിയും ഒരു പെട്രോൾ പമ്പും ഇവിടെ പ്രവർത്തിച്ചുവരുന്നു.

1974ൽ ആരംഭിച്ച പെട്രോൾ പമ്പിൽനിന്നും പ്രതിമാസം ഏകദേശം 60,000 ലിറ്റർ പെട്രോളും, 1,80,000 ലിറ്റർ ഡീസലും 4000 ലിറ്റർ ഓയിലും ഊർജ്ജമായി മാറുന്നുണ്ട്. പഞ്ചായത്തിലേയും പുറത്തേയും വാഹനങ്ങൾക്കു പുറമെ മൽസ്യബന്ധനാവശ്യങ്ങൾക്കുംപെട്രോളിയം ഉല്പന്നങ്ങൾ ഉപയോഗിച്ചുവരുന്നു

**പ്രശ്നങ്ങൾ:**

1. പഞ്ചായത്തിലേക്ക് വൈദ്യുതി എത്തിക്കുന്ന സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകളുടെ ദൂരം വളരെ കൂടുതലും പ്രസരണശേഷി കുറവുമാണ്

2. നിർദ്ദിഷ്ട പരപ്പനങ്ങാടി സബ് സ്റ്റേഷൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ അനിശ്ചിതാവസ്ഥയിലാണ്

3. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി കുറഞ്ഞവയാണ്

4. സറ്റെപ്പ് അപ്പ്ൻെറ ഉപയോഗം ഏറിവരുന്നു

5. വൈദ്യുതി പ്രതിസന്ധികാരണം പുതിയ വ്യവസായങ്ങൾ ഉണ്ടാകുന്നില്ല

6. സ്ട്രീറ്റ് ലൈറ്റ്കൾ നേരാംവണ്ണം പ്രവർത്തിക്കുന്നില്ല

7. വൈദ്യുതിയുടെ ദുരുപയോഗം തടയാൻ ഫലപ്രദമായ മാർഗ്ഗങ്ങളില്ല

8. വൈദ്യുതി ലൈനുകളിൽ വൃക്ഷശിഖിരങ്ങളും മറ്റും ബന്ധപ്പെട്ടുകിടക്കുന്നതിനാൽ പ്രസരണനഷ്ടം

## പട്ടിക 2

## വൈദ്യുതി കണക്ഷൻ ലഭിച്ചവരുടേയും ലഭിക്കാനുള്ളവരുടേയും എണ്ണം.

| നമ്പർ | ഇനം | ലഭിച്ചവർ | | ആകെ | ലഭിക്കാനുള്ളവർ |
|---|---|---|---|---|---|
| | | 95–96 | 96–97 | | |
| 1 | ഓർഡിനറി | 116 | 12 | 128 | 186 |
| 2 | ഒ.ടി.പി | 121 | 28 | 149 | 15 |
| 3 | ഒ.വൈ.ഇ.സി | 293 | 133 | 426 | 140 |
| | ആകെ | 530 | 173 | 703 | 341 |

(അവലംബം : KSEB കണക്കുകൾ)

വർദ്ധിക്കുന്നു

9. പുതിയ കണക്ഷൻ ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നു

10. വൈദ്യുതി കടന്നുചെല്ലാത്ത പ്രദേശങ്ങൾ എല്ലാവാർഡിലുമുണ്ട്

11. വോൾട്ടേജ് ഇംപ്രൂവ്മെൻറ്ന് വേണ്ടി ആവിഷകരിച്ചിട്ടുള്ള പദ്ധതികൾ വിവിധ കാരണങ്ങളാൽ മുടങ്ങികിടക്കുന്നു

12. പുതിയ തീരദേശനിയമം കാരണം വീടുകൾക്ക് പഞ്ചായത്ത് നമ്പർ ലഭിക്കുന്നില്ല. തന്മൂലം ആ മേഖലയിലുള്ളവർക്ക് വൈദ്യതി കണക്ഷന് അപേക്ഷിക്കുവാൻ കഴിയുന്നില്ല

13. ടി.വി, ഫ്രിഡ്ജ് തുടങ്ങിയ ഗൃഹോപകരണങ്ങൾ വ്യാപകമാകുന്നതിനാലും മറ്റും വൈദ്യതി ഉപയോഗം കൂടുന്നു

14. പാചകാവശ്യത്തിന് ആവിശ്യമായ തോതിൽ മണ്ണെണ്ണ കിട്ടുന്നില്ല

15. ഏറെ കാത്തിരിപ്പിന് ശേഷമേ പാചകഗ്യസ് കണക്ഷൻ ലഭിക്കുന്നുള്ളു

### നിർദ്ദേശങ്ങൾ:

1. പരപ്പനങ്ങാടിയിലെ നിർദ്ദിഷ്ട സബ് സറ്റേഷന് സ്ഥലം ലഭ്യമാക്കി യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കുക.

2. വോൾട്ടേജ് ഇംപ്രൂവ്മെൻറ് ലക്ഷ്യംവെച്ച് ആരംഭിച്ച എടപ്പാൾ-തിരൂർ സബ് സറ്റേഷനുകളുടെ ഇൻറർലിങ്കിങ്ങ് പ്രവൃത്തി എട്ട് വർഷമായിട്ടും പൂർത്തീകരിച്ചിട്ടില്ല. ടവർഫിറ്റിങ്ങും ലൈൻവലിക്കലും ഉടൻ പൂർത്തീകരിച്ച് പരപ്പനങ്ങാടി ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

3. തിരൂർ, താനൂർ, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ തീരദേശപ്രദേശത്തെ വൈദ്യുതി ലൈനുകളുടെ ഇൻറർ ലിങ്കിംഗ് പ്രവർത്തിയും പനങ്ങാട്ടൂർ ഇൻറർലിങ്കിംഗ് പ്രവർത്തിയും പൂർത്തിയാക്കി വോൾട്ടേജ് വർദ്ധിപ്പിക്കുവാനും വിതരണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുവാനും നടപടികൾ എടുക്കുക

4. തീരൂർ സബ് സറ്റേഷനിലേക്ക് വൈദ്യുതി എത്തുന്ന കണ്ടക്ടർ മാറ്റി സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുക

5. തിരൂർ സബ് സ്റ്റേഷൻെറ കപ്പാസിറ്റിയും കൂട്ടുക

6. പഞ്ചായത്തിൽ വൈദ്യുതി എത്താത്തപ്രദേശങ്ങളിൽ അവ എത്തിക്കാനുള്ള സംവിധാനമുണ്ടാക്കുക

7. വൈദ്യതിയുടെ ദുരുപയോഗം കർശനമായി തടയുകയും പ്രസരണനഷ്ടം ഒഴിവാക്കുകയും ചെയ്യുക

8. 6.8 കി.മി. ദൂരം കടലോരമുള്ള ഈ പഞ്ചായത്തിൽ സൂര്യപ്രകാശത്തിൽ നിന്നും കാറ്റിൽ നിന്നും തിരമാലകളിൽ നിന്നും വൈദ്യതി ഉല്പാദിപ്പിച്ച് പ്രാദേശികമായി വിതരണം ചെയ്യുക. ഇതിനായി പഞ്ചായത്തിൽ ANERT ൻെറ ഒരു കേന്ദ്രവും ആവശ്യമാണ്.

9. ആവശ്യമായിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

10. കടലോരത്ത് മത്സ്യബന്ധനത്തിന് സഹായകരമായ ഗൈഡ് ലൈറ്റ് സ്ഥാപിക്കുക.

11. ഗോബർ ഗ്യസ് പ്ളാൻറ് പ്രചാരത്തിൽ വരുത്തുകയും സ്ഥാപിക്കാനാവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

12. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലുള്ള കാലപ്പഴക്കം ചെന്ന ലൈനുകൾ മാറ്റി സ്ഥാപിച്ച് അപകട സാദ്ധ്യത ഒഴിവാക്കുക.

## പുതുതായി ലൈൻവലിച്ച് വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ

| | |
|---|---|
| 1 | ആറാം വാർഡിലെ കൂരിയിൽ മൂല മുതൽ പടിഞ്ഞാറോട്ട് |
| 2. | ചിറ്റപ്പുറം ഭാഗത്തേക്ക് |
| 3. | 14-ാം വാർഡിലെ കീച്ചറ ഹരിജൻ കോളനി |
| 4. | കോട്ടത്തറ നമ്പിരിയാട് ഹരിജൻ കോളനി |
| 5. | എട്ടുള്ളിത്തറ ഹരിജൻകോളനി |
| 6. | കാരാട്ട്പടി കൽപുഴ റോഡ് |
| 7. | ഒൻപതാം വാർഡിലെ മീൻകുഴി ഹരിജൻ കോളനി |
| 8. | പാലത്തിങ്ങൽ കോണിപ്പാടത്തെ വീടുകൾക്ക് |
| 9. | മുണ്ടിയാം കാവിന്റെ പടിഞ്ഞാറ് ഭാഗം |
| 10. | അംബേദ്കർ കോളനിയിലെ എട്ട് വീടുകൾക്ക് |
| | അവലംബം : ഗ്രാമസഭ റിപ്പോർട്ട് |

13. എല്ലാ വാർഡുകളിലും ആവശ്യമായ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുകയും കത്താത്ത തെരുവ് വിളക്കുകൾ സ്ഥിരമായി കത്തിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.

14. വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ത്രീഫെയ്സ് ലൈനുകൾ വലിക്കുക.

### ത്രീഫെയ്സ് ലൈൻ വലിക്കേണ്ടവ

| | |
|---|---|
| 1 | കോടതിക്ക് മുൻവശം തെക്കോട്ടുള്ള റോഡ് |
| 2 | 5ാം വാർഡിലെ മില്ല് മൂലയിൽ നിന്നും ഒട്ടുമ്മൽ വരെ |
| 3 | കുറ്റിയിൽ വാക്കയിൽ നിന്നും കിഴക്ക്ഭാഗത്തേക്ക് |
| 4 | വലിയപറമ്പ് നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് |
| 5 | തച്ചറാട്ട് പറമ്പ് ലൈൻ |
| 6 | അഞ്ചപ്പുര ബീച്ച് റോഡ് മുതൽ കടപ്പുറം വരെ |
| 7 | ആലുങ്ങൽ നിന്നും പുതുക്കുളം വഴി തലാഞ്ചേരി റോഡ് |
| 8 | വലിയപറമ്പ് നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് |
| 9 | ഒൻപതാം വാർഡിലെ മീൻകുഴി ഹരിജൻ കോളനി റോഡ് |
| | അവലംബം: ഗ്രാമസഭാ റിപ്പോർട്ട്. |

15. വർഷത്തിലൊരിക്കലെങ്കിലും മീറ്റർ പ്രവർത്തനക്ഷമത പരിശോധിക്കുക.

16. 10 ാം വാർഡിലെ അട്ടകുഴിങ്ങര ഭാഗത്ത് വയലിലൂടെ പോകുന്ന ലൈൻ ഇറിഗേഷൻ കനാലിന് സമീപത്തേക്ക് മാറ്റി സ്ഥാപിക്കുക.

### പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| | |
|---|---|
| 1. | ചൊക്കിടികടപ്പുറം ഭാഗത്ത് |
| 2. | പൂത്തൻപീടിക ഭാഗത്ത് |
| 3. | ചാപ്പപടിയിൽ |
| 4. | കുരിക്കൾ റോഡ് ഏരിയ |
| 5. | ചെറമംഗലം അങ്ങാടി |
| 6. | ചെറമംഗലം സൗത്ത് |
| 7. | മീൻകുഴി ഹരിജൻകോളനി ജംഗ്ഷൻ |
| 8. | പൂത്തൻ കടപ്പുറം |
| 9. | 12-ാം വാർഡിലെ വാട്ടർ അതോറിറ്റി പമ്പ് ഹൗസിനടുത്ത് |
| 10. | ഉള്ളണം ആയുർവ്വേദ ആശുപത്രിക്ക് അടുത്ത് |
| 11. | ആനപ്പടി മൂലയ്ക്കൽ വളവിൽ |
| 12. | ചെട്ടിപ്പടി അത്താണി വളവിൽ |
| 13 | അഞ്ചാം വാർഡിലെ അച്ചുതൻറോഡ് ജംഗ്ഷൻ |
| 14 | അഞ്ചാം വാർഡിലെ ബീച്ച്റോഡ് പരിസരം |
| | അവലംബം: ഗ്രാമസഭ റിപ്പോർട്ട് |

17. വിറക് മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനും വേണ്ട പ്രചാരണങ്ങൾ സംഘടിപ്പിക്കുക.

18. പാചക ഗ്യാസ് കണക്ഷൻ ഉദാരമായി നൽകുക.

## പുതുതായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | I | ചൊക്ലി കടപ്പുറം മുതൽ കോളനി വരെ |
| 2 | | ഫിഷറീസ് സ്കൂൾ മുതൽ ഹെൽത്ത് സെൻറർ വരെ |
| 3 | | ടിപ്പുസുൽത്താൻ റോഡ് |
| 4 | | നേതാജി റോഡ് |
| 5 | | ലക്ഷം വീട് കോളനി റോഡ് |
| 6 | III | തലാഞ്ചേരി റോഡ് |
| 7 | | മലയമ്പാട് റോഡിൽ നിന്നും വടക്കോട്ടുള്ള റോഡ്. |
| 8 | | പനയത്തിൽ റോഡ് |
| 9 | | പുതുക്കുളം ജംഗ്ഷൻ മുതൽ തെരിയത്ത് വരെ |
| 10 | | ചേങ്ങോട്ട് റോഡ്- മലയമ്പാട് റോഡ് |
| 11 | IV | കെ.പി.എച്ച് റോഡ് മുതൽ ചാപ്പപ്പടി വരെ. |
| 12 | VIII | നെല്ലിക്കണ്ടി- മണ്ണാരക്കൽ |
| 13 | | മൊയ്തീൻ കുട്ടി എന്ന ചെറീത് റോഡ് |
| 14 | | അഹമ്മദ് കുരിക്കൾ റോഡ് |
| 15 | | മുരിക്കൽ റോഡ് |
| 16 | | പൂരപ്പുഴ പരിയാപുരം റോഡ് |
| 17 | | കലങ്ങോട് റോഡ് |
| 18 | | നഴ്സറി റോഡ് മുതൽ റെയിൽവെ ചാമ്പ്രവരെ |
| 19 | IX | പാലത്തിങ്ങൽ നിന്നും ചീർപ്പിങ്ങലേക്കുള്ള ഇറിഗേഷൻ റോഡ് |
| 20 | | കൊട്ടന്തല പഞ്ചായത്ത് റോഡ് |
| 21 | | മീൻകുഴി- ഹരിജൻ കോളനി റോഡ് |
| 22 | | നഴ്സറി റോഡ് (അറ്റത്തങ്ങാടി വരെ) |
| 23 | X | സ്റ്റേഡിയം റോഡ് |
| 24 | XI | ജയകേരള റോഡ് |
| 25 | | ഊർപ്പായിച്ചിറ- വാളകുണ്ട് റോഡ് |
| 26 | | അയ്യപ്പൻകാവ് ക്ഷേത്ര പരിസരം ഇടവഴി |
| 27 | | അഞ്ചപ്പുര മുതൽ കോട്ടത്തറ വരെ |
| 28 | | കാളികാവ് ഇടവഴി |
| 29 | | നെടുവ സ്കൂളിൻെറ വടക്ക് ഇടവഴി |
| 30 | | കടലുണ്ടി റോഡിൽ നിന്നും ചക്യാട് ഇടവഴി |
| 31 | XII | മുണ്ടിയാൻ കാവ് കുണ്ടൻ കടവ് വരെയും കോട്ടത്തറവരെയും |
| 32 | | കക്കാട്ട് താഴം റോഡ് |
| 33 | | അത്താണി മുതൽ കൊളോണിപ്പാടം വരെ |
| 34 | | കുറിഞ്ഞിയിൽ താഴം റോഡ് |
| 35 | | കുറുപ്പത്ത് റോഡ് |
| 36 | | മുണ്ട്യാൻകാവ് മുതൽ എടത്തിരുത്തികടവ് വരെ |

| | | |
|---|---|---|
| 37 | XIII | മുണ്ട്യാൻകാവ് മുതൽ ഊപ്പാട്ടിൽ താഴം വരെ |
| 38 | | വലിയ പറമ്പ് നാടാംതോട് റോഡ് |
| 39 | | മുണ്ടിയാംകാവ് ആശുപത്രി റോഡ് |
| അവലംബം: ഗ്രാമസഭാ റിപ്പോർട്ട്. | | |

## മാർക്കറ്റ്

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൊതുമാർക്കറ്റ് സംവിധാനമേർപ്പെടുത്തുവാൻ ശ്രമങ്ങളുണ്ടായിരുന്നെങ്കിലും അവ പരാജയപ്പെടുകയായിരുന്നു. റോഡുവക്കിലും പൊതുസ്ഥലങ്ങളിലും യഥേഷ്ടം വില്പന നടത്താമെന്ന ജനങ്ങളുടെ മനോഭാവമാണ് ഇതിനു പ്രധാന കാരണം.

പഞ്ചായത്തിൽ ഒരു മത്സ്യ- മാംസ വില്പന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവിടെ വെച്ച് വില്പന നടക്കുന്നില്ല. ടൗണിൽ നിന്നും അല്പം മാറി സ്ഥിതി ചെയ്യുന്നതിനാലാണിത്.

പണ്ട് കാലങ്ങളിൽ തീവണ്ടിമാർഗ്ഗം ഉണക്കമത്സ്യം കയറ്റി അയച്ചിരുന്നു. ചൂടിപിരി വ്യാപകമായിരുന്ന അക്കാലത്തു തന്നെ അവ വിപണനം നടത്തുന്ന പാണ്ടിക ശാലയും പരപ്പനങ്ങാടിയിലുണ്ടായിരുന്നു. കൊച്ചി- കോഴിക്കോട് ഭാഗങ്ങളിൽ നിന്നും പുഴ മാർഗ്ഗം തോണിയിൽ ചരക്കുകൾ കൊണ്ട് വന്ന് വില്പന നടത്തിയിരുന്നു. കടൽ മാർഗ്ഗം ഉപ്പ് കൊണ്ട് വന്ന് ശേഖരിച്ച് ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്കെത്തിച്ചിരുന്നതും പരപ്പനങ്ങാടിയിൽ നിന്നു തന്നെയായിരുന്നു.

കാലക്രമത്തിൽ തൊഴിൽ മേഖലയിലുണ്ടായ മാറ്റവും ആധുനിക ഗതാഗത സൗകര്യങ്ങൾ നിലവിൽ വരികയും ചെയ്തതിന്റെ ഫലമായി ഇവ അപ്രത്യക്ഷമായി.

സ്വർണ്ണം, അരി, വസ്ത്രം, എന്നീ വ്യാപരങ്ങൾക്ക് പേരുകേട്ട പരപ്പനങ്ങാടി ഇന്നും ആ പ്രശസ്തി നില നിർത്തി പോരുന്നു. സമീപ പ്രദേശങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ ആളുകൾ പരപ്പനങ്ങാടിയിലെ വ്യാപാര മേഖലയെയാണ് ആശ്രയിക്കുന്നത്.

മാർക്കറ്റുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്.

1. മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത കേന്ദ്രങ്ങളിൽ അവ സ്ഥാപിക്കുക.

2. പഞ്ചായത്ത് കേന്ദ്രമായി ആഴ്ച ചന്തയുടെ മാതൃകയിൽ ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കുക.

3. ഉള്ളണം, ചെട്ടിപ്പടി, പാലത്തിങ്ങൽ, ചെറമംഗലം, പുത്തരിക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യ- മാംസ വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. കാർഷികോൽപ്പന്നങ്ങൾക്ക് മാത്രമായി പ്രത്യേക വിപണന കേന്ദ്രം തുടങ്ങുക.

5. സഹകരണാടിസ്ഥാനത്തിൽ ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക.

6. പഞ്ചായത്തിലെ ചെറുകിട, കുടിൽ, വനിതാ വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ സഹയാകരമായ സംവിധാനമുണ്ടാക്കുക.





# സാമൂഹ്യക്ഷേമം, പാർപ്പിടം

ഒരു പ്രദേശത്തിന്റെ പുരോഗതി വിലയിരുത്തുന്നതും ഭരണകൂടത്തിന്റെ പുരോഗമന സ്വഭാവം നിർണ്ണയിക്കുന്നതും, സാമൂഹ്യക്ഷേമരംഗത്ത്, പ്രത്യേകിച്ചും കുട്ടികൾ, സ്ത്രീകൾ, വൃദ്ധന്മാർ, വികലാംഗർ എന്നിവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനത്തിൽ എത്രത്തോളം പുരോഗതിയുണ്ടായി എന്നതു പരിഗണിച്ചാണ്. ഈ രംഗങ്ങളിലെ നമ്മുടെ ഉയർന്ന പ്രതിബദ്ധതയാണ് അഭിമാനകരമായ കേരള മാതൃകയിലേക്ക് നമ്മുടെ വികസനത്തെ വളർത്തിയത്.

ശിശുവികസനരംഗത്തും വനിതാക്ഷേമപ്രവർത്തനങ്ങളിലും ആരോഗ്യരംഗത്തുമുള്ള "ഉൽപാദനക്ഷമമല്ലാത്ത" നിക്ഷേപം, 'മാനവശേഷി'യ്ക്കുവേണ്ടി നടത്തുന്ന മഹത്തായ നിക്ഷേപമാണെന്ന തിരിച്ചറിവ് നമുക്കുണ്ട്. ചൈനയെപ്പോലൊരു രാജ്യം മാനവവിഭവശേഷി അടിസ്ഥാനമാക്കി വികസനരംഗത്ത് നടത്തിയ കുതിച്ചുചാട്ടവും നമ്മൾകാണുന്നു. ഈയൊരു വെളിച്ചത്തിലാണ് സാമൂഹ്യക്ഷേമരംഗത്തെ ജനാഭിലാഷങ്ങളെ നമ്മൾ സമീപിക്കുന്നത്.

ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ, സാമൂഹ്യക്ഷേമപദ്ധതികൾ തൊഴിൽ മേഖലയിൽ നിലവിലുള്ള വിവിധക്ഷേമനിധികൾ വിവിധ പെൻഷൻ പദ്ധതികൾ എന്നിവയാണ് ഈ രംഗത്ത് നിലവിലുള്ളത്. ദാരിദ്ര്യനിർമ്മാർജനയത്നത്തിൽ ഏർപ്പെട്ട വിവിധ വകുപ്പുകളും ഏജൻസികളും ഇവയാണ്.

### പട്ടിക(i)-ൽ
### ഐ.ആർ.ഡി.പി.

ഈ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ ഗ്രാമവികസനവകുപ്പ് നടത്തുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ സ്ഥിതി വിവരങ്ങൾ ലഭ്യമാണെങ്കിലും സംസ്ഥാനതല ഏജൻസികൾ ഈ പഞ്ചായത്തിൽ നടത്തുന്ന ദാരിദ്ര്യ നിർമ്മാർജന പരിപാടികളുടെ സ്ഥിതിവിവരങ്ങൾ ലഭ്യമല്ല. പ്രസ്തുത സ്കീമുകളുടെ നടത്തിപ്പിന് സുതാര്യത തീരെയില്ലെന്നതും ഖേദകരമാണ്.

കഴിഞ്ഞ വർഷങ്ങളിൽ പഞ്ചായത്ത് തലത്തിൽ IRDP പദ്ധതി പ്രകാരം നൽകിയ ധനസഹായത്തി

## പട്ടിക 1

| | വകുപ്പ് | പദ്ധതി | സേവനം ലഭിക്കുന്ന മേഖലകൾ |
|---|---|---|---|
| 1 | ഗ്രാമവികസന വകുപ്പ് | ഐ.ആർ.ഡി.പി. | വിവിധ ട്രേഡുകൾ |
| 2 | " | ട്രൈസം | തൊഴിൽപരിശീലനം |
| 3 | " | ടൂൾകിറ്റ് | പണിയായുധ വിതരണം |
| 4 | " | ഡി.ഡബ്ലിയു.സി.ആർ.എ. | തൊഴിൽ-ഗ്രൂപ്പ് ആക്റ്റിവിറ്റി |
| 5 | സാമൂഹ്യക്ഷേമവകുപ്പ് | അശരണരായ സ്ത്രീകൾ | തൊഴിലവസരങ്ങൾ |
| 6 | പട്ടികജാതി വികസനം | തൊഴിലിനു സഹായം | തൊഴിലവസരങ്ങൾ |
| 7 | വനിതാവികസന കോർപ്പറേഷൻ | സ്റ്റെപ്പ് (STEP) | സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ |
| 8. | " | പിന്നോക്കവിഭാഗകോർപ്പറേഷൻെറ സ്വയംതൊഴിൽ പദ്ധതി | പിന്നോക്കവിഭാഗസ്ത്രീകൾക്ക് തൊഴിലവസരങ്ങൾ |

**(മൂന്ന് വി.ഇ.ഓ. സർക്കിളുകളിലെ കണക്ക്)**

| വർഷം | അടങ്കൽ | സബ്സിഡി | വായ്പ |
|---|---|---|---|
| 1992-93 | 813599 | 3,42720 | 4,70879 |
| 1993-94 | 807557 | 297833 | 5,09724 |
| 1994-95 | 983149 | 314500 | 668649 |
| 1995-96 | 1124203 | 259259 | 864944 |
| ആകെ | 3728508 | 1214312 | 2514196 |

ൻെറ വിശദാംശങ്ങൾ അന്യത്ര.

യഥാർത്ഥ ആവശ്യത്തിൻെറ വളരെ ചെറിയ ഒരു ശതമാനമേ ഓരോ വർഷവും ഈ സ്കീമിൽ ജനങ്ങൾക്കെത്തുന്നുള്ളൂ എന്നു കാണാം. 1992ൽ നടത്തിയ സർവേയിലാണ് IRDP ഗുണഭോക്താക്കളെ കണ്ടെത്തിയത്. ദരിദ്രരുടെ എണ്ണത്തിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പിന്നീട് സർവ്വേ നടക്കാത്തതുകൊണ്ട് അതൊന്നും ലിസ്റ്റിൽ വന്നിട്ടില്ല.

## ഡി.ഡബ്ലിയു.സി.ആർ.എ.

### (ഡെവലപ്മെൻറ് ഓഫ് വിമൻ ആൻറ് ചിൽഡ്രൻ ഇൻ റൂറൽ എരിയ)

വനിതാ-ശിശുവികസനത്തിനുള്ള ഒരു സമഗ്രപാക്കേജായി വിഭാവനം ചെയ്യപ്പെട്ട ഡി.ഡബ്ലിയു.സി. ആർ.എ. യൂണിറ്റുകൾ പഞ്ചായത്തിൽ 12 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ശിശുക്കളുടെ വികസനത്തിനുവേണ്ടിക്കൂടി വിഭാവനം ചെയ്യപ്പെട്ട ഈ പദ്ധതി വെറുമൊരു ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയായി മാറിയതാണ് നാം കണ്ടത്. യൂണിറ്റുകളാരംഭിച്ച തൊഴിൽ സംരംഭങ്ങളിൽ പലതും നിന്നുപോവുകയോ ഫലപ്രദമല്ലാതാവുകയോ ചെയ്തു. 'ശിശുക്ഷേമപ്രവർത്തനങ്ങൾ സ്കീമിൽ നിന്നും അകന്നുപോയത് അക്കാര്യത്തിന് മറ്റൊരു ഏജൻസി (ഐ.സി.ഡി.എസ്) നിലവിലുള്ളതുകൊണ്ടാണെന്നൂഹിക്കാം. രണ്ട് ഏജൻസികളും പരസ്പര ബന്ധമില്ലാതെ പ്രവർത്തിക്കുന്നതുകൊണ്ട് സ്കീമിന് ഫലപ്രാപ്തിയുണ്ടായിട്ടില്ല. ഈ രംഗത്ത് സേവനങ്ങളുടെ സംയോജനം (Integration) അത്യാവശ്യമാണ്.

DWCRA യൂണിറ്റുകളുടെ 'ലോൺ തിരിച്ചടയ്ക്കൽ' നല്ലനിലയിൽ നടന്നിട്ടുണ്ടെന്നു കാണുന്നു. എന്നിട്ടും യൂണിറ്റുകൾ രക്ഷപ്പെടാത്തത് നടത്തിപ്പിൽ വരുന്ന അപാകതകളും ഉല്പന്നങ്ങളുടെ വിപണനത്തിന് സംവിധാനമില്ലാത്തതും കൊണ്ടാണ്.

## ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ചെറുപ്പക്കാരെ സ്വന്തം കാലിൽ നിൽക്കുന്നതിന് പ്രാപ്തരാക്കാൻ വിഭാവനം ചെയ്യപ്പെട്ട ഈ പദ്ധതിപ്രകാരം ട്രെയിനിങ്ങ് ലഭിക്കുന്ന പലരും തൊഴിൽ കണ്ടെത്തുന്നതിന് താൽപര്യമുള്ളവരല്ല എന്നത് ഒരു ദുരന്തമാണ്. താൽക്കാലികമായി ലഭിക്കുന്ന സ്റ്റൈപ്പൻറ് മോഹിച്ചെത്തുന്നവരാണ് കൂടുതൽ. അഞ്ചപ്പുരയിലെ പട്ടികജാതി കരകൗശല സൊസൈററിയിൽ നിന്നും പരിശീലനം കിട്ടി പുറത്തുവന്നവരിൽ പലരും സ്വകാര്യ സ്ഥാപനങ്ങളിൽ നല്ല നിലയിൽ തൊഴിൽ ചെയ്തുവരുന്നു.

പിൽക്കാലത്ത് തൊഴിൽ സംരംഭങ്ങൾ തുടങ്ങാനും, തൊഴിൽ ചെയ്യാനും താല്പര്യമുള്ളവർക്കുമാത്രം 'ട്രൈസ'ത്തിലൂടെ ട്രെയിനിങ്ങ് നൽകുന്നതാണ് അഭികാമ്യം.

## ഗ്രാമീണ കരകൗശലവിദഗ്ധർക്ക് ടൂൾകിറ്റ്

ഈ പദ്ധതി പ്രകാരം കരകൗശലവിദഗ്ധർക്ക് (ആശാരിമാർ, കൊല്ലന്മാർ, കുശവർ തുടങ്ങിയവർക്ക്) 1800 ക സബ്സിഡിയോടെ ടൂൾകിറ്റ് നൽകുന്നു. DRDAയിലുണ്ടായ വീഴ്ചകൾ മൂലം മൂന്നു വർഷം മുമ്പ് വ്യക്തിഗത ഷെയറായി ഡിമാൻറ് ഡ്രാഫ്റ്റ് അയച്ചവർക്ക് തന്നെ ടൂൾകിറ്റ് വിതരണം ചെയ്യുകയോ ഡ്രാഫ്റ്റ് തിരിച്ചു നൽകുകയോ ചെയ്തിട്ടില്ല. വീഴ്ച ഏതുതലത്തിലായാലും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പദ്ധതി പരാജയമാണ്. പഞ്ചായത്ത് പ്രദേശത്ത് ഇതുവരെ 44 ടൂൾകിറ്റ് വിതരണം ചെയ്തതായി അറിയുന്നു. 55 അപേക്ഷകൾ ഇനിയും പരിഗണിക്കാനുണ്ട്.

അശരണരായ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകുന്ന സാമൂഹ്യക്ഷേമവകുപ്പിൻെറ പദ്ധതിയുടെ കീഴിൽ വിരലിലെണ്ണാവുന്ന സ്ത്രീകൾക്ക് നാമമാത്രമായ ധനസഹായം (500ക) കിട്ടിയിട്ടുണ്ട്. ഈ സ്കീം ഒരു ഗ്രൂപ്പ് ആക്റ്റിവിറ്റിയാക്കിമാറ്റി തുക വർദ്ധിപ്പിച്ചെങ്കിലേ ഫലപ്രദമാകൂ.

## ഇന്ത്യാഗവർമ്മെൻറിൻെറ സ്റ്റെപ്പ് (STEP) പ്രോഗ്രാം

സംസ്ഥാന വനിതാവികസന കോർപ്പറേഷൻ സ്പോൺസർ ചെയ്ത ഇന്ത്യാഗവർമ്മെൻറിൻെറ STEP (Social Training and Employment Programme) പ്രോഗ്രാമനുസരിച്ച് രണ്ട് മത്സ്യസംസ്കരണ-വിപണന യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. സൊസൈറ്റീസ് ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഈ സംഘങ്ങളിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 100 സ്ത്രീകൾക്ക് മത്സ്യസംസ്ക്കരണത്തിൽ ട്രെയിനിങ്ങ് നൽകിയിട്ടുണ്ട്. വിപണനത്തിനുള്ള സംവിധാനം ശരിയാവുമ്പോൾ തീരപ്രദേശത്ത് 100 സ്ത്രീകൾക്ക് തൊഴിലവസരം ലഭ്യമാവുകയും സംഘങ്ങൾക്ക് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വരെ ഏറ്റെടുത്തു നടത്താൻ പ്രാപ്തി വരികയും ചെയ്യും. അന്താരാഷ്ട്രനിലവാരത്തിൽ ഫിഷ്/പ്രോൺ പിക്കിളുകൾ, ഫിഷ് കട്ലറ്റ്, പായ്ക്കു ചെയ്ത ഡ്രൈഫിഷ് എന്നിവ ഉണ്ടാക്കുന്നു

**IRDP സർവേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ (വിവരം 1991-92)**

| വാർഡ് നമ്പർ | സർവേ കണ്ടെത്തിയ ആകെ കുടുംബ ങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബ ങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബ ങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖ യ്ക്കു മുകളി ലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| I | 430 | - | 18 | - | | |
| II | 372 | 11 | 33 | 6 | | |
| III | 525 | - | 14 | - | | |
| IV | 218 | | | | | |
| V | 115 | | | | | |
| VI | 322 | 1325 | 119 | 7 | | |
| VII | 268 | | | 7 | | |
| VIII | 402 | | | 14 | | |
| IX | 188 | 16 | 25 | 8 | 21 | 4 |
| X | 213 | 23 | 28 | 3 | 26 | 2 |
| XI | 144 | 11 | 17 | - | 17 | - |
| XII | 122 | 32 | 39 | 20 | 38 | 1 |
| XIII | 149 | 11 | 25 | 8 | | |
| XIV | 223 | 36 | 25 | 3 | | |
| XV | 260 | 3 | 30 | 2 | 28 | 2 |
| മൊത്തം | 3953 | 143 | 373 | 78 | 130 | 9 |

(അവലംബം : V.E.O സർക്കിളുകളിലെ രജിസ്റ്ററുകൾ)

## DWCRA യൂണിറ്റുകൾ

| വർഷം | യൂണിറ്റ് | ഗുണ ഭോക്താ ക്കൾ | സബ് സിഡി | വായ്പ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1988 - 89 | ഫിഷ്പ്രോസസിങ്ങ് ആലുങ്ങൽ | 14 | 12432 | 37324 | പ്രവർത്തിക്കുന്നില്ല |
| " | പിക്കിൾ-ചെറമംഗലം | 15 | 14538 | 29085 | പ്രവർത്തിക്കുന്നില്ല |
| 1989-90 | ചെട്ടിപ്പടി കയർ യൂണിറ്റ് | 10 | 30000 | 30000 | നിലവിലുണ്ട് |
| " | ഡയറി യൂണിറ്റ് | 13 | 39000 | 78000 | നിലവിലുണ്ട് |
| 1990-91 | പരപ്പനങ്ങാടി-ഡയറി | 13 | 39000 | 78000 | നിലവിലുണ്ട് |
| 1991-92 | കയർ-നെയ്തല്ലൂർ | 15 | 30705 | 30720 | നിലവിലുണ്ട് |
| 1992-93 | ഡയറി-പരപ്പനങ്ങാടി | 10 | 30000 | 67000 | നിലവിലുണ്ട് |
| " | ആടുവളർത്തൽ | 15 | 30000 | 30000 | നിലവിലുണ്ട് |
| 1993-94 | ഉള്ളണം-ഡയറി | 11 | 33000 | 86350 | നിലവിലുണ്ട് |
| " | ചെറമംഗലം-ആട് | 6 | 17100 | 17100 | (Non farmal group) |
| 1994-95 | പരപ്പനങ്ങാടി - പാത്രനിർമ്മാണം | 10 | 40000 | 80000 | ഉണ്ട് |
| " | ഡയറി | 10 | 40000 | 106000 | " |
| 1996-97 | മുണ്ടിയൻകാവ്-ഡയറി | 10 | 40000 | 135000 | നിലവിലുണ്ട് |
| | ആകെ | 152 | 395775 | 732579 | |

അവലംബം - സെക്കണ്ടറി ഡാറ്റ

**ട്രൈസം - പരിശീലനം**

| നം. | പരിശീലനം ലഭിച്ച ട്രേഡ് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | ബുക്ക് ബൈൻറിംഗ് | 4 | 3 | 1 | - |
| 2 | കമ്പോസിംഗ് | 5 | 2 | 1 | 2 |
| 3 | പ്രിൻറിംഗ് & കമ്പോസിംഗ് | 7 | 3 | 3 | 1 |
| 4 | പ്ലാസ്റ്റിക്ക് വർക്സ് | 6 | 3 | 1 | 2 |
| 5 | ടൈലറിംഗ് & ഗാർമെൻറ് മേക്കിംഗ് | 10 | 6 | 3 | 1 |
| 6 | സ്പിന്നിംഗ് | 3 | 1 | 2 | - |
| 7 | റക്സിൻ ബാഗ് മേക്കിംഗ് | 2 | 2 | - | - |
| 8 | വുഡ് കട്ടിംഗ് | 6 | 3 | 1 | 2 |
| 9 | കാർപെൻററി | 1 | 1 | - | - |

**സ്റ്റെപ്-മത്സ്യസംസ്ക്കരണ-വിപണന യൂണിറ്റുകൾ**

| നം | യൂണിറ്റിൻെറ പേര് | മത്സ്യസംസ്കരണത്തിൽ ട്രെയിനിങ്ങ് ലഭിച്ച സ്ത്രീകൾ | പ്രവർത്തന മൂലധനം | ഇപ്പോഴത്തെ നില |
|---|---|---|---|---|
| | | | | |
| 1. | ഒട്ടുമ്മൽ തീരദേശ വനിതാ മത്സ്യത്തൊഴിലാളി സംഘം | 50 | 1,75,000/- | പ്രവർത്തിക്കുന്നു |
| 2. | പുത്തൻകടപ്പുറം തീരദേശ വനിതാ മത്സ്യത്തൊഴിലാളി സംഘം | 50 | 1,75,000/- | പ്രവർത്തിക്കുന്നു. |
| | | 100 | 3,50,000/- | |
| അവലംബം : മലപ്പുറം ജില്ലാ തീരദേശ വനിതാ മത്സ്യത്തൊഴിലാളി സംഘത്തിൽ നിന്നും ലഭിച്ച കണക്ക് | | | | |

ണ്ട്. സംഘം മറ്റു അച്ചാറുകളും ഫുഡ് പായ്ക്കിങ്ങും തുടങ്ങാനുദ്ദേശിക്കുന്നുമുണ്ട്.

സംസ്ഥാന വനിതാവികസന കോർപ്പറേഷൻ ഗ്രാൻറായി 8.8. ലക്ഷം രൂപ നൽകേണ്ടിയിരുന്നുവെങ്കിലും അതിൻെറ പകുതിയോളം മാത്രമേ ഇതുവരെ നൽകിയിട്ടുള്ളൂ. വിപണനശൃംഖലയും, ബാക്കി പ്രവർത്തനമൂലധനവും ലഭിക്കുന്നതോടെ രണ്ടു സംഘങ്ങളിലായി 100 വനിതകൾക്ക് തൊഴിലവസരം ലഭിക്കുമെന്ന് അറിയുന്നു.

## മറ്റു ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

**സി.ബി.എൻ.പി**

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഒരു പുതിയ വഴിത്താരയായി രണ്ടു വർഷം മുമ്പ് തുടങ്ങിയ സി.ബി.എൻ.പിയ്ക്ക് ഭാവനാ രാഹിത്യം കൊണ്ടും, സംഘാടനശേഷിയുടെ അഭാവം കൊണ്ടും ഫലം സൃഷ്ടിക്കാൻ കഴിയാതെ പോവുന്നു. ഗ്രാമീണ തലത്തിൽ വനിതകളുടെ ഏറ്റവും നല്ല നെറ്റ്വർക്ക് ഉള്ള ഈ പദ്ധതിയുടെ കീഴിൽ 41 അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കാൻ പറ്റിയെങ്കിലും അതിൽ 11 എണ്ണം ഇപ്പോൾത്തന്നെ നിഷ്ക്രിയമായിക്കഴിഞ്ഞു.

41 അയൽക്കൂട്ടങ്ങളിലായി 425 സ്ത്രീകളെ മെമ്പർമാരാക്കാൻ സാധിച്ച ഈ പ്രസ്ഥാനം നാളിതുവരെ സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള ഒരു പദ്ധതിപോലും ആവിഷ്ക്കരിച്ചിട്ടില്ല. (ക്ഷീരോൽപന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് ആലുങ്ങലിൽ തുടങ്ങാനുദ്ദേശിക്കുന്നതായി മനസ്സിലാവുന്നു.)

425 വനിതകളെ ത്രിഫ്റ്റ് ഡെപ്പോസിറ്റ് സ്കീമിൽ ചേർത്തി 1,26114 രൂപ ഡെപ്പോസിറ്റുണ്ടാക്കുകയും 72587 ലോണായി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമീണവനിതകളുടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് വിഭാവനം ചെയ്യപ്പെട്ട ഈ സ്കീമിലെ മെമ്പർമാർക്ക് ത്രിഫ്റ്റ് ഡെപ്പോസിറ്റിൽ നിന്നും നൽകുന്ന വായ്പയ്ക്ക് 100 രൂപയ്ക്ക് 2 രൂപ നിരക്കിൽ പലിശ വാങ്ങുന്നതായി പരാതിയുണ്ട്. ഡെപ്പോസിറ്റിന് ലഭിക്കേണ്ട പലിശ ലഭിക്കുന്നില്ല എന്നതുകൂടി പരിഗണിക്കുമ്പോൾ 'ബ്ലേഡ്' പലിശ ഈടാക്കുന്ന പ്രസ്ഥാനമായി ഈ വനിതാക്ഷേമപദ്ധതി (?) മാറുന്നു. സി.ബി.എൻ.പിയുടെ സംഘാടകരായ വനിതകൾക്ക് യാത്രക്കൂലിയോ നാമമാത്രവേതനമോ പോലും ലഭിക്കുന്നില്ല എന്നത് കൂടി പരിഗണിക്കുമ്പോൾ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നുള്ള അകൽച്ച പ്രകടമാവുന്നു.

**സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ - എന്തുകൊണ്ട്?**

ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീജനസംഖ്യ കുടുംബത്തിന് വരുമാന വർദ്ധനവുണ്ടാക്കുന്നതിൽ വിജയിക്കുന്നില്ല എന്നത് വസ്തുതയാണ്. സമൂഹത്തിൻെറ എല്ലാ തുറകളിലുമുള്ള വികസനത്തിന് സ്ത്രീയുടെ സാമൂഹ്യമായ ചലനാത്മകത (Social mobility) അനിവാര്യമാണ്. അരക്ഷിതാവസ്ഥയിലുള്ള നമ്മുടെ സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉയർച്ചയ്ക്ക് അവരെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ദാരിദ്ര്യനിർമ്മാർജനപദ്ധതികൾക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്. നാമമാത്രമായ വരുമാനം സ്ത്രീകൾക്കുലഭിച്ചാൽപോലും ചോർച്ചയില്ലാതെ കുടുംബത്തിലും സമൂഹത്തിലും അതിൻെറ ഗുണവശങ്ങൾ എത്തിച്ചേരുമെന്നത് യാഥാർത്ഥ്യമാണ്.

സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ വിവിധ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികൾ ഏകീകരിച്ച് കൊച്ചുകൊച്ചു ഗ്രൂപ്പ് സംരംഭങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ:**

1. അറുപതുകളിൽ സാമാന്യം വിജയത്തിലെത്തിയ മഹിളാ സമാജങ്ങളുടെ മാതൃകയിൽ വാർഡുകൾ തോറും കഴിയുന്നത്ര മഹിളാ സംഘങ്ങൾ രജിസ്റ്റർ ചെയ്യുക. കഴിയുന്നത്ര അങ്കണവാടികളോട് ബന്ധപ്പെടുത്തി അവയുടെ പ്രവർത്തനം ചിട്ടപ്പെടുത്തുക.
2. 10 മുതൽ 15 വരെ അംഗങ്ങളെ ഉൾപ്പെടുത്തി സ്ത്രീകളുടെ വരുമാന വർദ്ധനവിന് ഉപകരിക്കുന്ന കൊച്ചുകൊച്ചു പദ്ധതികൾ ആവിഷ്ക്കരിക്കുക. പ്രാദേശിക കാർഷിക വിഭവങ്ങളുടെ സംസ്ക്കരണം, (അച്ചാറുകൾ, അവിൽ, നാളികേര വിഭവങ്ങൾ, ബനാന ചിപ്സ് തുടങ്ങിയവ) ഫുഡ് പായ്ക്കിങ്ങ്, ടെയ്ലറിങ്ങ് ആൻറ് ഗാർമെൻറ് മേക്കിങ്ങ്, മെഴുകുതിരി നിർമ്മാണം, ഇലക്ട്രോണിക് സാധനങ്ങളുടെ അസംബ്ലിങ്ങ്, പച്ചക്കറിക്കൃഷി, ബ്രോയ്ലർ ഫാം, പശുവളർത്തൽ, ആട് വളർത്തൽ തുടങ്ങിയ ട്രേഡുകൾ പരിഗണിയ്ക്കാവുന്നതാണ്.
3. DWCRA യ്ക്കു പുറമെ, പട്ടികജാതി വികസന വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കേന്ദ്രഗവർമ്മെൻറിൻെറ Woman and Child Welfare Dept., സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നിവയുടെ സ്ത്രീകൾക്കു വേണ്ടിയുള്ള പദ്ധതികൾ പഞ്ചായത്ത് വികസനസമിതി വഴി ഏറ്റെടുത്തു നടത്തുക.
4. ട്രൈസം, താനൂരിലുള്ള കേന്ദ്രഗവർമ്മെൻറു സ്ഥാപനമായ സ്റ്റെഡ്, കൂട്ടായിയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, CIFT (മൊബൈൽ യൂ

ണിറ്റ്), കമ്മ്യൂണിറ്റി പോളി എന്നിവ വഴി സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുക.

5. മേൽ സംഘങ്ങളുടെ നിയന്ത്രണത്തിനും, സാധനങ്ങളുടെ വിപണനത്തിനും ഒരു അപെക്സ് സൊസൈറ്റി രൂപീകരിക്കുക.

6. കേന്ദ്ര ഗവർമ്മെൻറ് ഈയിടെ ആവിഷ്ക്കരിച്ച 'വനിതാ സഹകരണ സംഘ'ങ്ങൾക്കുള്ള ധനസഹായം സ്ത്രീകൾക്കെത്തിക്കുക.

7. ദേശീയ മൈനോറിറ്റി കോർപ്പറേഷൻ ആൻറ് ഫിനാൻസ് കമ്മീഷൻെറ 'ന്യൂനപക്ഷങ്ങളിലെ പരമ്പരാഗത തൊഴിലാളി'കൾക്കുള്ള പദ്ധതി (ഗ്രാൻറ്) പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾ ഉൾപ്പെടുന്ന വനിതാ സംഘങ്ങൾക്ക് ലഭ്യമാക്കുക.

8. മലപ്പുറം ജില്ലയിലെ ഇത്തരത്തിലുള്ള ആദ്യത്തെ യൂണിറ്റ് ഇപ്പോൾ രജിസ്റ്റർ ചെയ്ത സംഘം നിലവിലുള്ള ആലുങ്ങൽ കടപ്പുറത്ത് സ്ഥാപിക്കാൻ മുൻകയ്യെടുക്കുക.

## ക്ഷേമപദ്ധതികൾ

**സംയോജിത ശിശുവികസന സേവന പദ്ധതി:**

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾക്കുപുറമേ സമൂഹത്തിൻെറ അടിത്തട്ടിലുള്ളവർക്കും കുട്ടികൾക്കും വികലാംഗർക്കും വേണ്ടിയുള്ള ഒട്ടനവധി ക്ഷേമപദ്ധതികൾ നിലവിലുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് പഞ്ചായത്ത് മുഴുവനായി കവർ ചെയ്യുന്ന സംയോജിത ശിശുവികസന സേവന പദ്ധതിയാണ്. 1985-86ൽ ആരംഭിച്ച ഈ പദ്ധതിയുടെ കീഴിൽ പരപ്പനങ്ങാടി പഞ്ചായത്തിൽ 42 അങ്കണവാടികളാണ് സ്ഥാപിക്കപ്പെട്ടത്. 1996 മെയ് മാസത്തിൽ നടത്തിയ ഐ.സി.ഡി.എസ്. സർവ്വെ അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 55814 ആണ്. ആയിരം ജനസംഖ്യയ്ക്ക് ഒരു സെൻറർ എന്ന കേന്ദ്രഗവർമ്മെൻറ് മാനദണ്ഡം അനുസരിച്ച് 56 അങ്കണവാടികളാണ് പഞ്ചായത്തിൽ ആവശ്യമായിട്ടുള്ളത്. ആ നിലയ്ക്ക് 10 അങ്കണവാടികൾ കൂടി പുതിയതായി അനുവദിച്ചു കിട്ടേണ്ടതുണ്ട്.

അങ്കണവാടി നടത്താനുള്ള പ്രാഥമിക സൗകര്യങ്ങളും (സ്ഥലം, കെട്ടിടം) അത്യാവശ്യ കളിപ്പാട്ടങ്ങളും പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൻെറ നിലവാരമുയർത്താനുള്ള അധിക പരിശീലനവും പ്രാദേശിക തലത്തിൽ തന്നെ ഏർപ്പെടുത്തേണ്ടതുണ്ട്. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ ഗ്രാമതലത്തിലുള്ള വിതരണകേന്ദ്രമായി അങ്കണവാടികളെ രൂപപ്പെടുത്തേണ്ടതുണ്ട്.

അങ്കണവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് പ്രവർത്തകരുടെ അസന്തുഷ്ടി മാറ്റേണ്ടതുണ്ട്. പുതിയ വിദ്യാഭ്യാസ നയത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളായി അംഗീകരിക്കപ്പെട്ട അങ്കൺവാടികളിൽ സൗകര്യങ്ങൾ കുറവാണെന്നു മാത്രമല്ല പരിമിതികൾ ധാരാളമാണ്. അശാസ്ത്രീയവും പൊങ്ങച്ച സംസ്ക്കാരത്തിൻെറ ഭാഗമായിത്തീർന്നതുമായ ഇംഗ്ലീഷ് മീഡിയം നഴ്സറികളോട് ചെറുത്തുനിൽക്കാൻ അങ്കൺവാടികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഗ്രാമസഭാ അഭിലാഷങ്ങളുടെ കൂടി അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണന അർഹിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ കെട്ടിടങ്ങളില്ലാത്ത അങ്കൺവാടികൾക്ക് കെട്ടിടങ്ങൾ ഉണ്ടാക്കണം (സ്റ്റേറ്റ്മെൻറ് അനന്യത്ര)

2. പരപ്പനങ്ങാടി പഞ്ചായത്തിലെ വാർഡ് 2-ലും 3-ാം വാർഡിലെ വളപ്പിൽ എന്ന സ്ഥലത്തും 12-ാം വാർഡിലെ തയ്യിലപ്പടിയിലും 13-ാം വാർഡിലെ താലശ്ശേരി ജങ്ഷനിലും ഓരോ അങ്കൺവാടികൾ പുതുതായി ആരംഭിക്കേണ്ടതുണ്ട്.

3. അങ്കൺവാടികൾക്ക് കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കണം.

4. അങ്കൺവാടികളുടെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

5. 34-ാം നമ്പർ അങ്കൺവാടിയ്ക്ക് ലഭിച്ച സ്ഥലത്തിന് വഴി ശരിയാക്കണം.

6. 58-ാം നമ്പർ അങ്കൺവാടിയുടേയും കോവിലകം സ്കൂൾ പരിസരത്തുള്ള (നെടുവ) 51-ാം നമ്പർ അങ്കൺവാടിയുടേയും ശോചനീയാവസ്ഥ പരിഹരിക്കണം.

7. അങ്കൺവാടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കണം.

8. 13-ാം വാർഡിലെ (ആയുർവ്വേദ ആസ്പത്രിക്കടുത്ത്) അങ്കൺവാടിയ്ക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലം കിട്ടുമെന്നതുകൊണ്ട് അത് ലഭ്യമാവുന്ന സ്ഥലത്തേയ്ക്കു മാറ്റണം.

9. അൺടൈഡ് ഫണ്ടിൽ നിന്നോ, മറ്റേതെങ്കിലും ഫണ്ട് ഉപയോഗിച്ചോ കെട്ടിടങ്ങളുണ്ടാക്കാനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾക്കും പദ്ധതിയുണ്ടാവണം.

10. പഞ്ചായത്തിലെ 46 അങ്കൺവാടികൾക്കും പ്ലേ കിറ്റ് വിതരണം ചെയ്യുന്നതിന് 800 രൂപ വീതം അനുവദിക്കണം.

## പരപ്പനങ്ങാടി പഞ്ചായത്തിലെ അങ്കൺവാടികൾ

(അവലംബം : ഐ.സി.ഡി.എസ്. രേഖകൾ)

| ക്രമ നമ്പർ | വാർഡ് | അങ്കൺവാടി കളുടെ എണ്ണം | അങ്കൺവാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടവും സ്ഥലവും ഇല്ലാത്തത് |
|---|---|---|---|---|---|---|
| 1 | 1 | 3 | 36, 42, 48 | 50, 26, 50 | 1 | 2 |
| 2 | 2 | 2 | 59, 32 | 56, 54 | 1 | 1 |
| 3 | 3 | 3 | 25, 56, 46 | 50, 32, 39 | 1 | 2 |
| 4 | 4 | 4 | 40, 45, 50, 54 | 55, 65, 60, 50 | 2 | 2 |
| 5 | 5 | 2 | 35, 57 | 52, 32 | 2 | - |
| 6 | 6 | 4 | 34, 37, 53, 60 | 70, 50, 50, 48 | 3 | 1 (സ്ഥലമുണ്ട്) |
| 7 | 7 | 3 | 33, 23, 43 | 25, 35, 50 | 2 | 1 |
| 8 | 8 | 3 | 28, 55, 21 | 23, 50, 59 | 2 | 1 |
| 9 | 9 | 3 | 27, 38, 39 | 48, 50, 59 | 1 | 2 |
| 10 | 10 | 2 | 30, 47 | 53, 73 | 1 | 1 |
| 11 | 11 | 3 | 26, 44, 58 | 30, 40, 25 | 2 | 1 |
| 12 | 12 | 2 | 24, 49 | 54, 35 | 1 | 1 |
| 13 | 13 | 2 | 52, 61 | 27, 38 | – | 2 |
| 14 | 14 | 3 | 20, 31, 51 | 23, 40, 21 | 2 | 1 |
| 15 | 15 | 3 | 22, 29, 41 | 35, 42, 32 | – | 3 |
| ആകെ | | 42 | | | 21 | 20+1 |

അടിയന്തിരഘട്ടങ്ങളിൽ പാവപ്പെട്ടവരെ സഹായിക്കാനും പാവപ്പെട്ടവർക്ക് മാരകരോഗങ്ങൾ വരുമ്പോൾ ചികിത്സിക്കാനും ഒരു പൊതുനിധി പഞ്ചായത്തു തലത്തിൽ സ്വരൂപിയ്ക്കണമെന്ന് 5-ാം വാർഡ് ഗ്രാമസഭ ആവശ്യപ്പെട്ടത് പരിഗണിക്കേണ്ടതാണ്.

അഗതിമന്ദിരം, വികലാംഗകേന്ദ്രം, മന്ദബുദ്ധികൾക്കുള്ള സ്ഥാപനം, വൃദ്ധമന്ദിരം എന്നിവ പഞ്ചായത്തിൽ ഉണ്ടാവേണ്ടതിൻെറ ആവശ്യകത ഉന്നയിക്കപ്പെട്ടിട്ടുണ്ട്. വികലാംഗർക്കും മന്ദബുദ്ധികളായ കുട്ടികൾക്കും വേണ്ടി 'ശേഷി' എന്ന സ്ഥാപനം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ നടത്തുന്ന അവരുടെ സ്പെഷ്യൽ സ്ക്കൂളിൻെറയും മറ്റു സ്ഥാപനങ്ങളുടെയും പ്രവർത്തനം കുറ്റമറ്റ രീതിയിൽ വിപുലീകരിക്കാൻ പഞ്ചായത്തിന് മുൻകൈ എടുക്കാവുന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പ് മലപ്പുറത്ത് തുടങ്ങുന്ന വൃദ്ധന്മാർക്കുള്ള സ്ഥാപനത്തെ ആവശ്യമെങ്കിൽ പഞ്ചായത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

## വികലാംഗർ

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 586 വികലാംഗരുണ്ടെന്ന് കണക്കാക്കപ്പെടുന്നു. മുതിർന്നവരിൽ ഉള്ളത്ര അംഗവൈകല്യം കുട്ടികളിൽ കാണുന്നില്ല എന്നത് ആശ്വാസകരമാണ്.

വികലാംഗക്ഷേമ രംഗത്ത് സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനും സാമൂഹ്യക്ഷേമവകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഉപകരണങ്ങൾ ആവശ്യമുള്ള വികലാംഗർക്ക് വീൽചെയർ, മുച്ചക്രവണ്ടി, ക്രെച്ചസ്, ഹിയറിങ്ങ് എയിഡ് തുടങ്ങിയവ വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നു സംഘടിപ്പിച്ച് മെഡിക്കൽ ക്യാമ്പുകളിലൂടെ വിതരണം ചെയ്യണം. രണ്ടു വർഷം മുമ്പ് വികലാംഗർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യാൻ പഞ്ചായത്ത് മുൻകയ്യെടുക്കുകയും നൂറിലേറെപ്പേർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിരുന്നു.

### പെൻഷനുകൾ

വികസനത്തിൻെറ പുതിയ ഭൂമികയിൽ പെൻഷനുകൾക്ക് പ്രാധാന്യം ഇല്ലെങ്കിലും ഒരു ക്ഷേമ പഞ്ചായത്തിൽ ദുർബ്ബലർക്കുവേണ്ടിയുള്ള പെൻഷൻ പദ്ധതികൾ കാര്യക്ഷമമായി നടത്തിയേ പറ്റൂ.

ഇതിന്നുപുറമെ പഞ്ചായത്തിൽ 416 ആളുകൾക്ക് മത്സ്യത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതായും കണക്കാക്കപ്പെടുന്നു.

വിവിധ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ വല്ലാതെ കാലതാമസം നേരിടുന്നു. വികലാംഗർക്ക് അംഗവൈകല്യത്തിൻെറ തോത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് മഞ്ചേരിയിൽ നിന്നാണ് ഇപ്പോൾ ലഭിക്കുന്നത്. താലൂക്ക് ആസ്പത്രിയിൽ നിന്നും ഈ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള സംവിധാനമുണ്ടാവണം. പെൻഷനുകൾ ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചപ്പോൾ കാലതാമസം നേരിടുന്നതായുള്ള പരാതിയും പരിഹരിക്കപ്പെടേണ്ടതാണ്. കർഷകത്തൊഴിലാളി പെൻഷന് അർഹത നിർണ്ണയിക്കുന്നത് ഗ്രാമസഭകളിലൂടെ വേണമെന്നഭിപ്രായമുണ്ട്.

### തൊഴിലില്ലായ്മാ വേതനം

പഞ്ചായത്ത് അതിർത്തിയിൽ വിതരണം ചെയ്യപ്പെടുന്ന തൊഴിലില്ലായ്മ വേതനം പ്രതിവർഷം ഒരു വലിയ സംഖ്യ വരുന്നു. സാമ്പത്തിക ഭദ്രതയുള്ളവരും, നല്ല വരുമാനമുള്ള സർക്കാറേതര തൊഴിലുകളിൽ ഏർപ്പെട്ടവരും തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരായുണ്ട്. അർഹതപ്പെട്ടവർക്ക് മാത്രമായി തൊഴിലില്ലായ്മ വേതനം നിജപ്പെടുത്തുന്ന കാര്യം ഈ പഞ്ചായത്ത് തലത്തിൽ ആലോചിക്കാവുന്നതല്ലെങ്കിലും ഈ വൻതുക പ്രത്യുൽപാദനപരമായ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള ഒരു ചിന്ത സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതുണ്ട്.

### ക്ഷേമനിധികൾ

മത്സ്യത്തൊഴിലാളി ക്ഷേമനിധി, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, ആഭരണത്തൊഴിലാളി ക്ഷേമനിധി തുടങ്ങി ഒരു പാട് ക്ഷേമനിധികൾ നിലവിലുണ്ട്. പല ക്ഷേമനിധികളുടേയും വ്യവസ്ഥകൾ പഴഞ്ചനും ഗുണഭോക്താക്കൾക്ക് ലാഭകരമല്ലാത്തതുമാണ്. ചില ബാങ്കു സ്കീമുകളുമായി താരതമ്യം ചെയ്യുമ്പോൾ പല ക്ഷേമനിധികളും അനാകർഷകങ്ങളായിത്തീരുന്നു.

## പഞ്ചായത്ത് ഇൻഫർമേഷൻ സെൻറർ

സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് ഒരു 'ഇൻഫർമേഷൻ സെൻറർ' പഞ്ചായത്തുതലത്തിൽ ഉണ്ടാക്കണം. വിവിധക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ജനങ്ങൾക്കു മനസ്സിലാവാത്തവിധം വിവിധ പദ്ധതികൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ്, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ വിവരിക്കുന്ന ലഘുലേഖകൾ, ആവശ്യമായ ഫോറങ്ങൾ, സാങ്കേതികോപദേശം എന്നിവ ഈ ഇൻഫർമേഷൻ സെൻറർവഴി ജനങ്ങളിൽ എത്തിയ്ക്കാൻ ശ്രമിക്കേണ്ടതാണ്.

സ്കീമുകളെപ്പറ്റി ബോധവാന്മാരാക്കാനുള്ള സെമിനാറുകൾ വർഷത്തിൽ ഒന്നെന്ന രീതിയിലെങ്കിലും പഞ്ചായത്തുതലത്തിൽ ഏർപ്പാട് ചെയ്യാവുന്നതാണ്.

### പഞ്ചായത്തിലെ വികലാംഗരുടെ വയസ്സു തിരിച്ചുള്ള കണക്ക്

| വയസ്സ് | എണ്ണം |
|---|---|
| 0-5 വയസ്സ് | 56 |
| 5-10 വയസ്സ് | 87 |
| 10-18 വയസ്സ് | 170 |
| 18-25 വയസ്സ് | 79 |
| 25-45 വയസ്സ് | 129 |
| 45-60 വയസ്സ് | 50 |
| 60നു മേൽ | 15 |
| ആകെ | 586 |
| (അവലംബം : ശേഷി) | |

### വിവിധ പെൻഷനുകൾ പഞ്ചായത്തിൽ അനുവദിച്ചതിൻെറ കണക്കുകൾ

| വർഷം | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ |
|---|---|---|---|---|
| 92-93 | 89 | 19 | 15 | 45 |
| 93-94 | 94 | 13 | 19 | 51 |
| 94-95 | 145 | 11 | 7 | 35 |
| 95-96 | 45 | 12 | 7 | 27 |
| (അവലംബം : വില്ലേജ് രേഖകൾ) | | | | |

## പാർപ്പിടം

വീടുകളെ കുറിച്ചുള്ള കേരളീയരുടെ സങ്കല്പം പുതുക്കി പണിയാതെ കേരളത്തിലെ പാർപ്പിടപ്രശ്നത്തിന് പരിഹാരം കാണാനാവില്ലെന്ന് പറഞ്ഞത് ചെലവു കുറഞ്ഞ വീടുകളുടെ പ്രണേതാവും പ്രചാരകനുമായ പ്രശസ്ത വാസ്തുശില്പവിശാരദൻ ലാറി ബേക്കറാണ്. വീടുകളെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം എത്ര വികലമാണെന്നതിന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന ഒരുദാഹരണമുണ്ട്: മൂന്ന് ലക്ഷം രൂപകൊണ്ട് ഒരു ചെലവ് കുറഞ്ഞ വീട് നിർമ്മിച്ചുതരാമോ എന്നന്വേഷിക്കുന്നവരുണ്ട്!

സൗകര്യത്തിലൂന്നിയല്ലാതെ ഒരാൾക്കും ഒരു വീടിനെക്കുറിച്ച് ചിന്തിക്കാനാവില്ല. സൗകര്യത്തിന് അതിരുകളില്ലാതിരിക്കെ, വീടെന്ന ആശയത്തിന് പൂർണ്ണത വരുത്താനുമാവില്ല. അപ്പോൾ ചെയ്യാവുന്നത്, സാമ്പത്തികസ്ഥിതി (വിഭവശേഷി) ക്കനുസരിച്ച് സൗകര്യങ്ങളെ പരിമിതപ്പെടുത്തി രണ്ടും കൂടെ സമന്വയിപ്പിച്ച് ഒരു വീട് പണിയുക എന്നതാണ്.

വിദേശത്ത് പോയി ചോര നീരാക്കി പണം സമ്പാദിക്കുന്ന ഏതൊരാളിൻേറയും മനസ്സിലിരുപ്പ് ഒരു നല്ല വീട് എന്നതാണ്. വർഷങ്ങളുടെ ജീവിതസമ്പാദ്യം മുഴുവൻ ഒരു വീടിൽ മുടക്കി ദേശീയ ദുർവ്യയം ചെയ്യുകയാണ് മിക്കവരും.

വലിയ വീടുകൾ പണിയുന്നതിലെ പ്രധാന ആപത്ത് ആ വീടുകളുടെ സംരക്ഷണത്തിനായി വർഷംതോറും ലക്ഷക്കണക്കിന് രൂപ മുടക്കേണ്ടിവരുന്നു എന്നതാണ്. എന്നു മാത്രവുമല്ല സ്വരൂപിക്കപ്പെടുന്ന വലിയ തുക ഇന്നത്തേയും ഭാവിയിലേയും തലമുറകൾക്ക് ഉപകരിക്കപ്പെടാതെ പോവുകയും ചെയ്യുന്നു. ഒരു പുരുഷായുസ്സിൽ ഈ വിധം പടിപടിയായി നിരവധി പണം ഒരു വീടിൽ നിക്ഷേപിക്കപ്പെടുക എന്നല്ലാതെ ഒരു ചില്ലിക്കാശ് തിരിച്ചുകിട്ടുന്നില്ല.

ഗൃഹനിർമ്മിതിക്കാവശ്യമായ സിമൻറ്, കമ്പി, കടപ്പ, മാർബ്ൾ, ഗ്രാനൈറ്റ് എന്നിവയൊക്കെ ഇവിടെ ഉപയോഗിക്കുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുത്തിയാണ്. അതുകൊണ്ടുതന്നെ അവയുടെ ആത്യന്തിക മെച്ചം ഇവിടെ ലഭ്യമാകുന്നില്ല.

മറിച്ച്, പരിമിതമായ സൗകര്യങ്ങൾക്ക് മാത്രം പണം വിനിയോഗിക്കുകപ്പെടുകയും ഇവിടെ കിട്ടുന്ന സാമഗ്രികൾകൊണ്ട് വീട് ഉണ്ടാക്കുകയും ചെയ്താൽ ഒരളവോളം പാർശ്വമെച്ചങ്ങൾ ഇവിടെതന്നെ വിതരണം ചെയ്യപ്പെടും.

ലഭ്യമായ കണക്കനുസരിച്ച് 7981 വീടുകളാണ് പഞ്ചായത്തിലുള്ളത്. ഇവയിൽ കോൺക്രീറ്റ് വീടുകൾ 1981 ഉം ഓടിട്ടവ 3525 ഉം ഓല മേഞ്ഞവ 2475 ഉം ആണ്. ഇവയിൽ തന്നെ 1750 എണ്ണം മൊസൈക്, കടപ്പ, മാർബ്ൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതും 4654 എണ്ണം സിമൻറ് കൊണ്ടുള്ളതും ബാക്കി മണ്ണുകൊണ്ടുള്ളതുമാണ്. സ്വന്തമായി സ്ഥലവും വീടുമില്ലാത്ത 575 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

പാർപ്പിടപ്രശ്നം വളരെ ഗുരുതരമായ ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. ഗതികേടുകൊണ്ടു മാത്രം വെള്ളക്കുണ്ടുകളിലും ചതുപ്പുകളിലും പുഴയോരത്തും കടപ്പുറത്തും വീടുണ്ടാക്കി താമസിക്കുന്നവർ നിരവധിയാണ്. മഴക്കാലത്തും പ്രകൃതിക്ഷോഭസമയത്തും അവരുടെയൊക്കെ സ്ഥിതി മഹാകഷ്ടമാണ്.

ഇടതിങ്ങിപ്പാർക്കുന്നതുകൊണ്ടും ചുറ്റും വെള്ളം കെട്ടിനില്ക്കുന്നതുകൊണ്ടും സ്വാഭാവികമായും വീടുകൾ വൃത്തിയായി സൂക്ഷിക്കപ്പെടുന്നില്ല. ഈച്ചയും കൊതുകും പെരുകുകയും പകർച്ചവ്യാധികൾ വിരശല്യം എന്നീ രോഗങ്ങളും ശുദ്ധജല ലഭ്യതയുടെ കുറവുകൊണ്ട് ജലജന്യരോഗങ്ങളും ധാരാളമായി കണ്ടുവരുന്നു. പോകാൻ മറ്റൊരിടമില്ലാത്തതുകൊണ്ട്, ഈ ദുർവ്വിധി ഏറ്റുവാങ്ങി ചുറ്റുപാടുകളുമായി സമരസപ്പെട്ടുപോകാൻ ശ്രമിക്കുന്നവരാണിക്കൂട്ടർ.

പാർപ്പിടപ്രശ്നം അനുദിനം രൂക്ഷമായി വരുന്നതുകൊണ്ട് നെൽപ്പാടങ്ങൾ ഒട്ടുമുക്കാലും നികത്തപ്പെട്ടുകൊണ്ടിരിക്കുന്നു.

വീടുണ്ടാക്കുന്നതിനാവശ്യമായ സാമഗ്രികൾ ഉണ്ടാക്കുന്ന വളരെ അപൂർവ്വം സ്ഥാപനങ്ങളെ പഞ്ചായത്തിലുള്ളു. പുത്തരിക്കൽ ടൈൽ വർക്സിൽ ഓടും ചുടുകട്ടയും ഉണ്ടാക്കപ്പെടുന്നുണ്ട്. കല്ലിനു പകരമുപയോഗിക്കാവുന്ന മണ്ണുകൊണ്ടുള്ള ഹോളോബ്രിക്സ് ഇവിടെ ഉണ്ടാക്കുന്നില്ല. ചില സ്ഥാപനങ്ങൾ സിമൻറുകൊണ്ടുള്ള ഹോളോബ്രിക്സും വലിയ സിമൻറുകട്ടകളും നിർമ്മിക്കുന്നുണ്ട്. കല്ല് വെട്ടിയെടുക്കാവുന്ന പറ്റിയ പാറപ്രദേശം പഞ്ചായത്തിലെവിടെയുമില്ല. മരപണിത്തരങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന സ്ഥാപനങ്ങൾ ഇവിടെയുണ്ട്. എന്നാൽ ഈ പ്രദേശത്ത് യഥേഷ്ടം ലഭിക്കുന്ന താരതമ്യേന വിലക്കുറവുള്ള തെങ്ങുകൊണ്ട് വീട് പണിക്കാവശ്യമായ പണിത്തരങ്ങൾ ഉണ്ടാക്കി ഉപയോഗിക്കാൻ നാം അറച്ചുനിൽക്കുന്നു. മൂത്ത തെങ്ങുതടികൾകൊണ്ട് വാതിൽ, ജനൽ തുടങ്ങിയവ വൃത്തിയായി നിർമ്മിക്കാൻ കഴിയും. ഈടിൻെറ കാര്യത്തിൽ മറ്റേത് മരത്തേയും കവച്ചുവെക്കാൻ തെങ്ങിനാവും. വേണ്ടത്ര പ്രചരണം കൊടുത്താൽ വീടുപണിക്ക് തെങ്ങു കൂടുതൽ ഉപയോ

## പട്ടിക - 1

## ഗൃഹനിർമ്മാണ സാമഗ്രികളുടെ വില വിവരം - കൂലിനിരക്ക്

| നമ്പർ | ഇനം | അളവ് | നിരക്ക് രൂപ ക |
|---|---|---|---|
| 1 | ഓട് | 1000ന് | 5,500 00 |
| 2 | ഇഷ്ടിക (ചുടുകട്ട) | ,, | 3000 00 |
| 3 | പൂഴി | ലോഡ് | 500 00 |
| 4 | കരിങ്കല്ല് | 1.5 യൂണിറ്റ് | 2200 00 |
| 5 | ചെങ്കല്ല് | 1000ന് | 7750 00 |
| 6 | സിമൻറ് കട്ടകൾ | ,, | 7,000 00 |
| 7 | ഹോളോബ്രിക്സ് | ,, | 7,500 00 |
| 8 | കമ്പി | ക്വിൻറൽ | 1,600 00 |
| 9 | തേക്ക് തടി | ക്യൂബിക് | 1,400 00 |
| 10 | പ്ലാവ് | ,, | 1,100 00 |
| 11 | തെങ്ങ് | കോൽ | 30 00 |
| 12 | തെങ്ങ് വാതിൽ (കട്ടില, പൊളി) | - | 2,650 00 |
| 13 | പ്ലാവ് വാതിൽ ,, | - | 5,200 00 |
| 14 | തേക്ക് വാതിൽ ,, | - | 6,300 00 |
| | കൂലിനിരക്ക് | | |
| 1. | വിദഗ്ധ തൊഴിലാളി | - | 150 00 |
| | (മേസൺ, ആശാരി) | | |
| 2 | അവിദഗ്ധ തൊഴിലാളി | - | 125 00 |
| 3 | സ്ത്രീ തൊഴിലാളി | - | 75 00 |
| | അവലംബം : സെക്കണ്ടറി ഡാറ്റ | | |

ഗിച്ചു തുടങ്ങാൻ സാദ്ധ്യതയുണ്ട്.

വീടുണ്ടാക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന പ്രധാന ധനകാര്യസ്ഥാപനങ്ങൾ ലൈഫ് ഇൻഷൂറൻസ് കോർപറേഷൻ, എച്ച്.എഫ്.ഡി.സി., കനറാബാങ്ക്, തിരൂർ താലൂക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റി, പരപ്പനങ്ങാടി കോ-ഓപ്പറേറ്റീവ് സർവ്വീസ് ബാങ്ക്, തിരൂർ കാർഷിക വികസനബാങ്ക്, മലപ്പുറം ജില്ലാ സഹകരണബാങ്ക് എന്നിവയാണ്. വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിൽ ഇതുവരെ നിർമ്മിക്കപ്പെട്ട വീടുകൾ 704 ആണ്.

പഞ്ചായത്തിൽ രണ്ട് ലക്ഷംവീട് കോളനികളും മൂന്ന് ഫിഷറീസ് കോളനികളും 10 പട്ടികജാതി കോളനികളുമുണ്ട്.

### പ്രശ്നങ്ങൾ

1. കേന്ദ്രസംസ്ഥാന സർക്കാരുകൾ വ്യത്യസ്ത പദ്ധതികളിലായി ദുർബ്ബല- ഇടത്തരം വിഭാഗങ്ങൾക്കായി നടപ്പാക്കി കൊണ്ടിരിക്കുന്ന ഭവന നിർമ്മാണവായ്പകളും സഹായങ്ങളും വളരെ പരിമിതമാണ്.

2. നിലവിലുള്ള ധനകാര്യസ്ഥാപനങ്ങൾ വഴി നൽകിവരുന്ന വായ്പകൾ ഉദാരമല്ല. വായ്പ ലഭിക്കാൻ സാങ്കേതികമായും മറ്റും സങ്കീർണ്ണമായ ഒട്ടേറെ കാര്യങ്ങൾ ശരിയാക്കേണ്ടി വരുന്നതുകൊണ്ട് യഥാവസരം വായ്പകൾ ലഭിക്കാതെ വരുന്നു.

3. വീടു നിർമ്മിക്കുന്നതിനാവശ്യമായ കരിങ്കല്ല്, വെട്ടുകല്ല്, മരം, മറ്റു സാമഗ്രികൾ എന്നിവയുടെ ക്രമാതീതമായ വിലയും നിർമ്മാണ തൊഴിലാളികളുടെ വർദ്ധിച്ച കൂലിനിരക്കും ഒരു പ്രധാന പ്രശ്നമായിരിക്കുന്നു.

4. പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെടുന്നവർക്കുള്ള സഹായപദ്ധതികളുടെ ഗുണം വളരെ കുറച്ചു പേർക്ക് മാത്രമേ ലഭിക്കുന്നുള്ളു.

5. കേടുപാടുകൾ സംഭവിച്ച വീടുകൾക്കുള്ള സഹായധനപദ്ധതികളും കുറച്ചാളുകൾക്കേ ഉപകരിക്കുന്നുള്ളു.

6. തീരസംരക്ഷണ നിയമം 6.8 കി.മീറ്റർ നീളം കടലോര ഭൂവിഭാഗമുള്ള, ഒരു വലിയ വിഭാഗം ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന പഞ്ചായത്തിൽ സങ്കീർണ്ണമായ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ചെറിയ കുടിൽ കെട്ടി പാർക്കുന്നതിനോ, ഒരു റേഷൻ കാർഡ് ഉണ്ടാക്കുന്നതിനോ ഈ നിയമംമൂലം ഇന്ന് സാദ്ധ്യമല്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നു.

7. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലേയും വീടുകൾ എല്ലാ വർഷവും വെള്ളപ്പൊക്ക ഭീഷണി നേരിടുന്നു.

## നിർദ്ദേശങ്ങൾ

1. നിരവധി ഏജൻസികൾ വഴി നിരവധി പദ്ധതികളിലൂടെ ഇന്ന് നൽകിവരുന്ന ഭവനനിർമ്മാണ സഹായവും വായ്പയും ഗുണഭോക്താക്കൾക്ക് സമാഹരിക്കാൻ സാധിക്കുന്ന തുകയെത്രയെന്ന് ആദ്യമേ തിട്ടപ്പെടുത്തിയും സഹായവും വായ്പയും ലഭിച്ചാൽ വീടുണ്ടാക്കുമെന്ന് അന്വേഷിച്ച് ഉറപ്പുവരുത്തിയും മാത്രം ഇവ അനുവദിക്കുക.

2. ഫിഷറീസ് കോളനികളിൽ താമസിക്കുന്നവർക്കും അയ്യങ്കാളി കോളനിയിൽ താമസിക്കുന്നവർക്കും അർഹത നോക്കി പട്ടയം നൽകുക.

3. ഫിഷറീസ് ഭൂമിയിൽ വീടുണ്ടാക്കി ഇല്ലാത്തവർക്ക് നല്കുക.

4. വിവിധ ഭവനനിർമ്മാണപദ്ധതികൾ ഏകീകരിക്കുകയും നിർമ്മാണചെലവ് കൂടിയ സാഹചര്യത്തിൽ ഇപ്പോൾ അനുവദിക്കുന്ന തുക 50,000 രൂപ വരെയെങ്കിലുമാക്കി വർദ്ധിപ്പിക്കുക.

5. സഹായ-വായ്പ പദ്ധതികൾ മുഖേന വിതരണം ചെയ്യുന്ന തുകകളുടെ ആദ്യഗഡു പകുതി എന്നാക്കി പുനർനിർണ്ണയം ചെയ്യുക.

6. കെട്ടിടനിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് സഹകരണസംഘം സ്ഥാപിക്കുക.

7. സിമൻറ്, കമ്പി എന്നിവ സർക്കാർ തലത്തിൽ വിതരണം ചെയ്യുകയും ദുർബ്ബലർക്കും ഇടത്തരക്കാർക്കും നികുതി ഒഴിവാക്കി നൽകുകയും ചെയ്യുക.

8. 4-ാം വാർഡിലേക്ക് പാസ്സായ ലക്ഷം വീടു കോളനി എത്രയും വേഗം അനുവദിക്കുക.

9. നിലവിലുള്ള ഫിഷറീസ് കോളനികൾക്ക് വീടിൻെറ അറ്റകുറ്റപണികൾക്ക് സാമ്പത്തികസഹായം നൽകുക.

10. കാലവർഷകെടുതിയിലും വെള്ളപ്പൊക്ക കെടുതിയിലും അർഹതപ്പെട്ട പലർക്കും സഹായം ലഭിക്കാതെ പോവുകയും ലഭിച്ചവരുടെ തന്നെ മുഴുവൻ ഗഡുവും വിതരണം ചെയ്യാതിരിക്കുകയും ചെയ്തിട്ടുണ്ട്. അവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

11. വെള്ളപ്പൊക്ക നിരോധനപ്രവർത്തനത്തിനായി ആരംഭിച്ച ന്യൂകട്ട് പദ്ധതി ഉടൻ പൂർത്തിയാക്കി സമീപപ്രദേശത്തിലെ പാർപ്പിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുക.

12. പ്രകൃതിക്ഷോഭ പുനരധിവാസപദ്ധതി വിപുലീകരിക്കുക.

13. അമിതമായ റജിസ്ട്രേഷൻ ഫീസ് കുറക്കുക.

14. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയും മിച്ചഭൂമിയും കണ്ടെത്തി ഭവനരഹിതർക്ക് ഭൂമി ലഭ്യമാക്കി കേന്ദ്ര - കേരളസർക്കാർ ഏജൻസികളുടേയും സന്നദ്ധസംഘടനകളുടേയും നേതൃത്വത്തിൽ വീടുകൾ നിർമ്മിച്ചു കൊടുക്കുക.

15. കേന്ദ്ര - സംസ്ഥാന സർക്കാർ ഏജൻസികളേയും വിദേശ ഏജൻസികളേയും ഉൾപ്പെടുത്തി ഫ്ലാറ്റ് സമ്പ്രദായം നടപ്പിൽ വരുത്തുക.

16. നിലവിലുള്ള വായ്പാ പദ്ധതികൾ ലഭിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുക.

17. 9-ാം വാർഡിലെ ചെറമംഗലം സൗത്തിൽ നൂറ്റമ്പതോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾ ഓലക്കുടിലിൽ ഒരു കോളനി പോലെ താമസിച്ച് വരുന്നു. ഓലവീട് ഓടാക്കുന്നതിനുള്ള സഹായധനം നൽകണം.

18. ഭവനരഹിതരായ ആളുകൾക്ക് വീടുണ്ടാക്കാനും നിലവിലുള്ള ഓലവീട് ഓടാക്കി മാറ്റാനുമായി പഞ്ചായത്ത് തലത്തിൽ വായ്പാ സംവിധാനമുണ്ടാക്കുക. പരപ്പനങ്ങാടി കോ-ഓപ്പറേറ്റീവ് സർവ്വീസ് ബേങ്ക്, റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുമായി സഹകരിച്ച് ലളിതവ്യവസ്ഥകളും ചുരുങ്ങിയ പലിശയുമുള്ള വായ്പാ പദ്ധതിക്ക് രൂപം നൽകേണ്ടതാണ്. പഞ്ചായത്ത് നൽകിവരുന്ന ഭവന നിർമ്മാണ സഹായം വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്. ഈ ഫണ്ടുകൾ മൊത്തം പ്രസ്തുത വായ്പയ്ക്കുള്ള സബ്സിഡിയായി പഞ്ചായത്ത് നൽകുകയും കേന്ദ്ര - കേരള സർക്കാ

റുകളുടെ വിവിധ ഭവന നിർമ്മാണ ഏജൻസികളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയ്ക്ക് വേണ്ട ഫണ്ട് സംഘങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക. ഈ പദ്ധതി പ്രാവർത്തികമാക്കുന്ന പക്ഷം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ തന്നെ മുഴുവൻ ഓലവീടും മാറ്റി പണിയാനാവും.

19. ലക്ഷം വീട് കോളനി, പട്ടികജാതി കോളനി, ഫിഷറീസ് കോളനി, ലെപ്രസി കോളനി എന്നിവിടങ്ങളിലെ പാർപ്പിട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുകയും വീടുകളുടെ റിപ്പയർ യഥാസമയം നടത്തുകയും വേണം.

**പട്ടിക**

**ഭവനലഭ്യതാ വിവരം.**

| നമ്പർ | വി.ഇ.ഒ. സർക്കിൾ | വിവിധ പദ്ധതികളിൽ അനുവദിച്ച എണ്ണം. | പൂർത്തീകരിച്ചവ | പൂർത്തീകരിക്കുവാനുള്ളത് | ഇനിയും ആവശ്യമായത് |
|---|---|---|---|---|---|
| 1 | നെടുവ | 24 | 10 | 14 | 816 |
| 2 | പരപ്പനങ്ങാടി | 16 | 6 | 10 | 156 |
| 3 | ചെറമംഗലം | 29 | – | – | 837 |
| | ആകെ | 69 | 16 | 24 | 1809 |

(അവലംബം : വി.ഇ.ഒ. സർക്കിൾ രേഖ)

"അത്യുന്നതങ്ങളിൽ അർത്ഥമില്ലായ്മയായ്
സൃഷ്ടിച്ചൊരുക്കിയ പദ്ധതിയൊക്കെയും
നാട്ടിന്റെ രീതിക്കു ചേരാത്തഭാവമായ്,
ഭാരമായ് തീർന്നതാം കാലം കഴിഞ്ഞുപോയ്.

ഇന്നലെ നമ്മൾ കിനാക്കളെ പുൽകിയും
വിണ്ണിൽ വിരിയുന്ന നക്ഷത്രമെണ്ണിയും
കാത്തുകാത്തെത്രയോ കാലം കഴിച്ചവർ
നമ്മളിന്നാസൂത്രണത്തിന്റെ ശില്പികൾ"



# സംസ്ക്കാരം

ദേശീയതയുടെ ഭാഗമായി പരപ്പനങ്ങാടിയിലും സാംസ്കാരികമായ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ വർഷങ്ങൾക്കുമുമ്പ് തന്നെ നടന്നു വന്നിരുന്നു.

വിദ്യാഭ്യാസം നേടുന്നതിൽ പോലും അറച്ചു നിന്നിരുന്ന ഒരു കാലഘട്ടത്തിൽ വായിക്കാനും വിജ്ഞാനം നേടാനും വേണ്ടി വായനശാലകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിയിരുന്നു എന്നത് ഈ രംഗത്ത് മുൻതലമുറക്കുണ്ടായിരുന്ന ദീർഘവീക്ഷണവും താല്പര്യവും വിളിച്ചോതുന്നു.

പരപ്പനങ്ങാടിയിൽ മുസ്ലീംകളിൽ നിന്നുള്ള ആദ്യത്തെ ബിരുദധാരിയായ അച്ചമ്പാട്ട് കുഞ്ഞിക്കോയാമുട്ടിയുടെ മകൻ മുഹമ്മദിന്റെ സ്മരണ നിലനിർത്തുന്നതിനു വേണ്ടി 1934 ൽ സ്ഥാപിച്ച മുഹമ്മദ് സ്മാരക വായനശാലയും നെടുവയിൽ പ്രവർത്തനം ആരംഭിച്ച നെടുവ യുവജനസംഘം വായനശാലയും ഈ പ്രദേശത്തെ പഴക്കം ചെന്ന സാംസ്കാരിക സ്ഥാപനങ്ങളാണ്. ഇതിനു പുറമെ രണ്ട് അംഗീകൃത വായനശാലകൾ കൂടി നമുക്കുണ്ട്. ചിറമംഗലം നവജീവൻ വായനശാല, ഉള്ളണം സേവാസമിതി വായനശാല.

പിഷാരിക്കൽ ക്ഷേത്രമുറ്റത്ത് അനേകവർഷങ്ങൾക്കു മുമ്പ് തന്നെ നടന്നുവന്നിരുന്ന പാഠകവും കൂത്തും തുള്ളലും നാടൻ കലകളോട് മുൻതലമുറക്കുണ്ടായിരുന്ന താല്പര്യം പ്രകടമാക്കുന്നു.

ചിറമംഗലം മനയുടെ വിശാലമായ പറമ്പിൽ നാല്പതുകളുടെ അവസാനം കഥകളിയും കൂത്തും നടന്നു വന്നിരുന്നു. അക്കാലത്തു തന്നെ അവിടങ്ങളിൽ പൊറാട്ടു നാടകങ്ങളും വെള്ളരി നാടകങ്ങളും അരങ്ങേറിയിരുന്നു. വലിയ തീപന്തങ്ങളുടെ വെളിച്ചത്തിൽ അരങ്ങേറിയിരുന്ന ഇത്തരം നാടകങ്ങളിൽ മിക്കവയും ഹിന്ദു പുരാണത്തിലെ കഥകളെ ആസ്പദമാക്കിയുള്ളവയായിരുന്നു.

അയ്യപ്പൻ കാവു ക്ഷേത്രപരിസരത്ത് നടത്തിയിരുന്ന മറ്റൊരു നാടൻ കലാപ്രകടനമായിരുന്നു ഐവർകളി.

ഉള്ളണം പ്രദേശത്ത് പട്ടികജാതിക്കാർ അവരുടേതായ ശൈലിയിൽ അവതരിപ്പിച്ചിരുന്ന കോൽക്ക

ളിയും ഏതാണ്ട് ഇതേകാലഘട്ടത്തിൽ തന്നെ മുസ്ലീംക ൾക്കിടയിൽ പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികൾക്കി ടയിൽ നടന്നുവന്നിരുന്ന കോൽക്കളിയും ചടുലതയും മെയ്വഴക്കവും പ്രകടമാക്കുന്നതും ദീർഘകാല പരിശീ ലനം ആവശ്യമായിരുന്നതുമായ നാടൻ കലകളായി രുന്നു. മലപ്പുറം ജില്ലയിൽ തന്നെ അറിയപ്പെട്ടിരുന്ന കോൽക്കളി, വട്ടുകളി ആശാനായിരുന്നു കയ്യ്റ്റ് ചാലികുട്ടായി. അതുപോലെ ദൽഹിയിൽ പോലും ആദരിക്കപ്പെട്ട കോൽക്കളി വിദഗ്ധരായിരുന്നു കുന്നു മ്മൽ സെയ്താലിയും വി.പി. കുഞ്ഞിമരക്കാരും.

മാപ്പിള കലകളായ ഒപ്പനയും മാപ്പിളപ്പാട്ടും വട്ടപ്പാട്ടും കല്യാണസദസ്സുകളിലെ ഒഴിവാക്കാൻ പറ്റാത്ത കലാപ്രകടനങ്ങളായിരുന്നു. അക്ഷരശ്ലോക ത്തിൻെറ മാതൃകയിൽ താളം മുട്ടി കൈകൊട്ടിപാട്ട് പാടിയിരുന്ന കലാകാരന്മാരെ ദൂരസ്ഥലങ്ങളിൽ നിന്നു പോലും കല്യാണാഘോഷങ്ങൾക്ക് അന്വേഷിച്ചെ ത്തുക സാധാരണമായിരുന്നു. മാപ്പിളപ്പാട്ട് രംഗത്ത് ഏറെ സംഭാവന ചെയ്തയാളായിരുന്നു ഡോക്ടർ എം.വി. അബ്ദുറഹിമാൻ.

പ്രസിദ്ധമായ പല മാപ്പിളപ്പാട്ടുകളുടെയും രചയി താവ് 'ഖയ്യാത്ത്' എന്ന തൂലികാനാമത്തിൻെറ ഉടമ പരപ്പനങ്ങാടിക്കാരനായിരുന്നു. ഈ രംഗത്തെ മറ്റൊരു പ്രശസ്തനായ ഗായകനായിരന്നു കമ്മുക്കുട്ടി മരക്കാർ. തെക്കരകത്ത് ബാപ്പാരു കുട്ടിയും കെ.വി. മുഹമ്മദ് കുട്ടിയും ദൽഹിയിൽ ആദരിക്കപ്പെട്ടവരാണ്.

മാപ്പിളപ്പാട്ട് രചയിതാക്കളിൽ പ്രശസ്തരായിരുന്നു കെ.വി. അബൂബക്കർ മാസ്റ്റർ, എം.പി. മുഹമ്മദ്, ചാത്രത്തിൽ മുഹമ്മദ് കുട്ടി(മജ്ലിസ്). നാടൻ പാട്ട് രചയിതാക്കളിൽ പ്രശസ്തരായിരുന്നു സി.പി.കുഞ്ഞ പ്പുവും താഴങ്ങൽ കോരനും.

സാമൂഹ്യ നാടകങ്ങൾ പ്രചാരം നേടുന്നതിന് മുമ്പുള്ള കാലഘട്ടത്തിൽ സംഗീത നാടകങ്ങൾ എഴു തിയ തടത്തിൽ വേലപ്പ മേനോൻ (ചണ്ഡാലീ മോക്ഷം, കൃഷ്ണാർജ്ജുന വിജയം) അറിയപ്പെട്ടിരുന്ന നടനുമായിരുന്നു.

പരപ്പനങ്ങാടിയിലെ കൃഷിക്കാരുടെ ഹരമായി രുന്നു കാളപൂട്ട്. കാളപൂട്ടിനു വേണ്ടി ഉള്ളതെല്ലാം തുലച്ചു കളഞ്ഞവരും പഴയ കാലത്തുണ്ടായിരുന്നു.

അതുപോലെ സമ്പന്നരുടെ വീട്ടുമുറ്റങ്ങളിലെ പഴ യകാല വിനോദമായിരുന്നു പകിടകളി. പട്ടർ കടവൻ അസൈനാർ പകിടകളിക്കാരിൽ പ്രശസ്തനായിരുന്നു.

ഇന്ന് ചെസ്സായി അറിയപ്പെടുന്ന അന്തർദ്ദേശീയ കളി ഗ്രാമത്തിൽ ചതുരംഗം എന്നറിയപ്പെടുകയും പഴയ തലമുറയിലെ പലരും സാർവ്വത്രികമായി വീടുക ളിൽ കളിച്ചു വരികയും ചെയ്തിരുന്നു. കടഞ്ഞെടുത്ത മരക്കരുക്കൾ ലഭ്യമല്ലാത്ത അവസരങ്ങളിൽ 'ഒരു വര വെയ്ക്കാൻ' ഒരു വലിയ വാഴത്തട്ട കൊണ്ട് രണ്ട് സെറ്റ് കരുക്കൾ വെട്ടിയെടുക്കാൻ അറിയുന്നവർ അന്ന് നിരവധി ഉണ്ടായിരുന്നു.

അനാദികാലം മുതൽ വേട്ടയാടൽ മനുഷ്യൻെറ ജീവിതചര്യയായിരുന്നു. കാലം മാറിയതനുസരിച്ച് രീ തിയിൽ വ്യത്യാസം വന്നുവെങ്കിലും നായാട്ട് കമ്പക്കാർ അടുത്തകാലം വരെ പരപ്പനങ്ങാടിയിലുണ്ടായിരുന്നു. അവർക്ക് പരിശീലനം ലഭിച്ച വേട്ടനായ്ക്കളും സ്വന്തമാ യുണ്ടായിരുന്നുവെന്ന് കേട്ടിട്ടുണ്ട്.

ഇക്കാലമത്രയും സംസ്ഥാന യുവജനോത്സവങ്ങ ളിൽ പരപ്പനങ്ങാടിക്ക് ഒരു സ്ഥാനവും ലഭിക്കാത്ത തിൻെറ ദുഃഖം തീർന്നത് 1994- 95 ൽ മാപ്പിളപ്പാട്ടിനും 1995- 96. ൽ മിമിക്രിക്കും സൂപ്പിക്കുട്ടി നഹ മെമ്മോറി യൽ ഹൈസ്കൂളിലെ കെ.പി.അബ്ദുൽ ജലീൽ എന്ന അന്ധവിദ്യാർത്ഥിക്ക് സ്വർണ്ണമെഡലുകൾ ലഭിച്ചപ്പോഴാ ണ്. കലാപരമായ ജന്മവൈഭവം കൊണ്ട് പരപ്പനങ്ങാ ടിക്കാരുടെ അരുമയായിരിക്കുകയാണ് ഈ മിടുക്കൻ.

നാല്പതുകൾക്കും അമ്പതുകൾക്കുമിടയിൽ ശ്രദ്ധേയമായ നാടകങ്ങൾ നെടുവ യുവജനസംഘവും ചിറമംഗലം നവജീവനും അവതരിപ്പിച്ചിരുന്നു. കളരി മുറകളുടെ അഭ്യസനവും ഇക്കാലങ്ങളിൽ തന്നെ നട ന്നു വരികയും ടി.പി. ആലിക്കുട്ടി കുരിക്കളും ശിഷ്യ ന്മാരും അറുപതുകളിൽവരെ തുടരുകയും ചെയ്തി രുന്നു.

എന്നാൽ പുതിയ തലമുറക്ക് കഥകളി, തുള്ളൽ, ഐവർ കളി, കളരി അഭ്യാസം എന്നിവ പറഞ്ഞു കേട്ട കഥകൾ മാത്രമാണിന്ന്. പിൻതലമുറക്ക് ഓർ ക്കാൻ പറ്റുന്ന ഒരു നാടകം പോലും ദേശത്തിൻേറതാ യി എടുത്തുകാണിക്കാൻ ഇന്ന് നമുക്കില്ല.

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവ ലായ ഇന്ദുലേഖ പരപ്പനങ്ങാടിയിൽ വെച്ചാണ് എഴുത പ്പെട്ടത്. പരപ്പനങ്ങാടിയിൽ മുൻസിഫ് ആയിരിക്കെ ഒ. ചന്തുമേനോൻ എഴുതിയതാണ് പ്രസ്തുത കൃതി.

ആധുനിക നോവൽ സാഹിത്യത്തിലെ ശ്രദ്ധേ യനായ ശ്രീ. എൻ. പി. മുഹമ്മദ് പരപ്പനങ്ങാടിയുടെ സന്തതിയാണ്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ 'ദൈവത്തിൻെറ കണ്ണ്' എന്ന കൃതി പരപ്പന ങ്ങാടിയുടെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആത്മക ഥാംശമുള്ള നോവലാണ്.

പ്രമുഖ ചരിത്ര പണ്ഡിതൻ ശ്രീ. എം.ജി.എസ്.

നാരായണൻ, മലബാർ കലാപത്തെക്കുറിച്ചുള്ള പഠനത്തിന് ഡോക്ടറേറ്റ് നേടിയ ശ്രീ. എം. ഗംഗാധരൻ എന്നിവർ പരപ്പനങ്ങാടി സ്വദേശികളാണ്.

യുവകവി സി.പി. വത്സനും ചെറുകഥാകൃത്തുക്കൾ റഷീദ് പരപ്പനങ്ങാടിയും പരപ്പനാട് ഗോപാലകൃഷ്ണനും പുതിയ തലമുറയിലെ ശ്രദ്ധേയരായ എഴുത്തുകാരാണ്.

കാശ്മീർ യുദ്ധത്തിലെ വിശിഷ്ട സേവനത്തിന് വീരചക്രം നേടിയ ബ്രിഗേഡിയർ കെ. വേണുഗോപാൽ, ഇന്ത്യയിലെ ആദ്യ മലയാളി മിലിറ്ററി സെക്രട്ടറിയായിരുന്ന വിശിഷ്ട-അതിവിശിഷ്ട സൈനിക മെഡലുകൾ നേടിയ ലെഫ്. ജനറൽ പി.ഇ. മേനോൻ എന്നിവർ നെടുവക്കാരായിരുന്നു.

ഹിന്ദു- മുസ്ലീം മതവിഭാഗങ്ങളിൽ പെട്ടവരാണ് നിവാസികളിൽ അധികവും. പതിനഞ്ചോളം ക്രിസ്ത്യൻ കുടുംബങ്ങളുമുണ്ട്. വ്യത്യസ്ത മതവിശ്വാസികൾ ഒത്തൊരുമയോടെ കഴിഞ്ഞു വരുന്നു. സാമുദായിക സംഘട്ടനങ്ങളോ വർഗ്ഗീയ കലാപങ്ങളോ നടക്കാത്തതിൻെറ കാരണവും ഇതുതന്നെ. ജനസംഖ്യയിൽ ഭൂരിപക്ഷം മുസ്ലീംകളാണ്.

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ 40 ൽ ഏറെ മുസ്ലീം പള്ളികളും 35 ൽ ഏറെ ക്ഷേത്രങ്ങളും 2 ക്രിസ്ത്യൻ ചർച്ചുകളുമുണ്ട്.

ക്ഷേത്രങ്ങളോടനുബന്ധിച്ച് വർഷം തോറും ഉത്സവങ്ങളും പട്ടികജാതി വർഗ്ഗത്തിൽ പെട്ടവർക്ക് മാത്രമായി കളിയാട്ട മഹോത്സവവും ആഘോഷിക്കുന്നു.

ഹിന്ദുക്കളിൽ പ്രധാനമായി നമ്പൂതിരി, നമ്പീശൻ, നായർ, മേനോൻ, കുറുപ്പ്, തിയ്യ എന്നീ വിഭാഗങ്ങളും, പട്ടികജാതിയും (വിവിധ ഉപവിഭാഗങ്ങൾ) ഉൾപ്പെടുന്നു. കൃസ്ത്യാനികൾക്കിടയിൽ C.S.I, യാക്കൊബാ, കത്തോലിക്ക വിഭാഗങ്ങളുമുണ്ട്.

പരപ്പനങ്ങാടിയിലെ പ്രധാന കലാ കായിക സാംസ്കാരിക സംഘടനകൾ ഇവയാണ്.

1. മുഹമ്മദ് സ്മാരക വായനശാല& ഗ്രന്ഥാലയം.
2. നെടുവ യുവജനസംഘം വായനശാല
3. ചിറമംഗലം നവജീവൻ വായനശാല
4. ഉള്ളണം സേവാസമിതി വായനശാല
5. ചിറമംഗലം ചാരിറ്റബിൾ സൊസൈറ്റി.
6. റെഡ് വെയ്വ്സ് ചിറമംഗലം
7. ഷൂട്ടിംഗ് സ്റ്റാർ സ്പോർട്സ് ക്ലബ്.
8. ചന്ദ്രശേഖർ സ്പോർട്സ് ക്ലബ്
9. ഷാഡോസ് സ്പോർട്സ് ക്ലബ്ബ്
10. ലൗസ്റ്റാർ സ്പോർട്സ് & ആർട്സ് ക്ലബ്
11. ഫിഷർമെൻ സ്പോർട്സ് & ആർട്സ് ക്ലബ്
12. മാസ്ക്(മാപ്പിള കലാപഠന കേന്ദ്രം)
13. രചന കലാകായിക സാംസ്കാരിക വേദി
14. പവർ ക്രിക്കറ്റ് ക്ലബ്ബ്.

ഇവക്കു പുറമെ ധാരാളം സംഘടനകൾ വേറെയും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്.കലാ-കായിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഈ രംഗത്ത് വളർന്ന് വരുന്ന പ്രതിഭകളെ കണ്ടെത്തുകയും അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്ന ഉദ്ദ്യേശത്തോടെ പഞ്ചായത്തിൽ രൂപീകൃതമായ സംഘടനയാണ് 'സാഗ' (Sports Arts & Games Association). സംഘടയുടെ പ്രവർത്തനം മൂലം ലഭ്യമാവുന്ന ആദായത്തിൻെറ 50% ൽ കുറയാത്ത സംഖ്യ പഞ്ചായത്തിൻെറ വിവിധ വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് ചിലവഴിക്കുന്നത്. മറ്റ് പഞ്ചായത്തുകൾക്കുകൂടി മാതൃകയാക്കാവുന്ന ഇത്തരത്തിലുള്ള ഒരു കൂട്ടായ്മ ആദ്യമായി രൂപീകൃതമായതും നമ്മുടെ പഞ്ചായത്തിലാണ്. നാല് വർഷമായി സ്റ്റേഡിയം ഗ്രൗണ്ടിൽ സാഗയുടെ ധനശേഖരണാർത്ഥം അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെൻറ് നടത്തിവരുന്നു. ഇതിൻെറ ആദായം പൂർണ്ണമായും സ്റ്റേഡിയത്തിൻെറ വികസനത്തിനാണ് ഉപയോഗിച്ചു വന്നത്.

ദേശീയതലത്തിൽ നടന്ന പല കലാപ്രകടനങ്ങളിലും പരപ്പനങ്ങാടിയിലെ കലാകാരന്മാർ പങ്കെടുത്തിട്ടുണ്ട്. 1990 ൽ പോണ്ടിച്ചേരി, മാഹി എന്നിവിടങ്ങളിൽ നടന്ന ഫെറ്റ് ഡേ ഫെസ്റ്റ്വലിലും 1991- 92 വർഷങ്ങളിൽ ഡൽഹിയിലെ റിപ്പബ്ലിക്ക് ദിന പരേഡിലും 94 ൽ സാമൂഹ്യക്ഷേമ വകുപ്പിൻെറ ലക്ഷദ്വീപിൽ നടന്ന കൾച്ചറൽ ഫെസ്റ്റിവെലിലും ചെട്ടിപ്പടി മാസ്ക് കലാകാരന്മാർ മാപ്പിളകലകൾ അവതരിപ്പിച്ചിട്ടുണ്ട്.

കളിമൺ പാത്ര നിർമ്മാണം കുലത്തൊഴിലായി അംഗീകരിച്ച ആദി ആന്ധ്രയിൽ നിന്ന് കുടിയേറിപ്പാർത്ത ഏതാനും കുംഭാരന്മാരുടെ കുടുംബങ്ങൾ 10, 11 വാർഡിൽ താമസിച്ച് ഇപ്പോഴും ഈ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടു വരുന്നുണ്ട്.

പഞ്ചായത്തിൽ സ്റ്റഡിയം ഗ്രൗണ്ടിനു പുറമേയുള്ള ഏക കളിസ്ഥലമാണ് ബി.ഇ. എം ഹൈസ്ക്കൂൾ ഗ്രൗണ്ട്- ചുടലപ്പറമ്പ് മൈതാനം.

ചെറമംഗലം മനയ്ക്കൽ കുടുംബം ഹൈസ്ക്കൂളിനു വേണ്ടി വിട്ടുകൊടുത്തതാണ് ഈ സ്ഥലമത്രയും.

ജില്ലയിലെ തന്നെ ഏറ്റവും വിശാലമായ കളി സ്ഥലങ്ങളിലൊന്നാണിത്. ഫുട്ബോൾ രംഗത്ത് മികച്ച പല പ്രശസ്ത താരങ്ങളുടെയും കളിക്കളം ഈ ഗ്രൗണ്ടായിരുന്നു. സംസ്ഥാന- യൂനിവേഴ്സിറ്റി താരങ്ങളായിരുന്ന സി.പി. അബൂബക്കർ കുഞ്ഞി, യു.വി. ശ്രീധരൻ, ഇ. ഹംസക്കോയ തുടങ്ങിയവർ ഇവരിൽ ചിലർ മാത്രമാണ്.

കലാരംഗത്ത് അനേകം പേർക്ക് പരിശീലനം നൽകുകയും നിരവധി പുരസ്കാരങ്ങൾ ഈ രംഗത്ത് നേടുകയും ചെയ്തിരുന്ന ഒരു കേന്ദ്രമായിരുന്നു പരപ്പനങ്ങാടി പീപ്പിൾസ് ആർട്സ് ക്ലബ്ബ്.

## നിർദ്ദേശങ്ങൾ

1. പഴയകാല കലാസമിതികൾ പുനരുദ്ധരിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക.

2. ഒന്നിച്ച് ചിന്തിച്ച് പഴയ തലമുറയുടെ കർശനമായ മേൽനോട്ടത്തിൽ തുള്ളലും കൂത്തും കോൽക്കളിയുമൊക്കെ യുവാക്കളുടെ കൂട്ടായ്മയിലൂടെ ഇനിയും പച്ചപിടിപ്പിക്കാൻ സാധിച്ചാൽ പുതിയ തലമുറ സാംസ്ക്കാരികമായി വഴിതെറ്റി പോകാതിരിക്കാൻ കഴിയും.

3. നിലവിലുള്ള വായനശാലകളും കലാപ്രസ്ഥാനങ്ങളും അതിന് മുൻകയ്യെടുക്കണം.

4. യംഗ്മെൻസ് ലൈബ്രറി & റീഡിംഗ് റൂം പുനരുജ്ജീവിപ്പിക്കുക.

5. നാടൻ പാട്ടുകളും കലകളും ശേഖരിക്കുകയും പഠിക്കുകയും ചെയ്യുന്നതിന് റിസർച്ച് സെൻറർ സ്ഥാപിക്കുക.

6. വായനശാലകൾ ഇല്ലാത്ത സ്ഥലങ്ങളിലൊക്കെ പഞ്ചായത്തിൻെറ കീഴിലോ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലോ അവ സ്ഥാപിക്കുക.

7. അനാശാസ്യ പ്രവർത്തനങ്ങളും അശ്ലീല സിനിമകളും പോസ്റ്ററുകളും മയക്കുമരുന്നു വില്പനയും തടയാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

8. അംഗീകൃത വായനശാലകളിലെല്ലാം കളർ ടി.വി. സ്ഥാപിക്കാനുള്ള ധനസഹായം നൽകുക.

9. പാലത്തിങ്ങൽ ടൗണിലെ ഇറിഗേഷൻ വകുപ്പിൻെറ ഉപയോഗശൂന്യമായ ഇരുനില കെട്ടിടവും സ്ഥലവും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു സാസ്ക്കാരിക നിലയവും ഗ്രന്ഥശാലയും സ്ഥാപിക്കുക.

10. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ ക്ലബ്ബുകളും ഗ്രന്ഥാലയങ്ങളും പഞ്ചായത്ത് ഓഫീസിൽ രജിസ്റ്റർ ചെയ്യാൻ സംവിധാനം ഉണ്ടാക്കുക. അതുവഴി പഞ്ചായത്ത് നടത്തുന്ന മേളകൾക്ക് കൂടുതൽ പങ്കാളിത്തവും പ്രചരണവും ഉറപ്പാക്കാൻ കഴിയും.

11. പഞ്ചായത്തിലെ നഹാ സാഹിബ് സ്മാരക സ്റ്റേഡിയത്തോടനുബന്ധിച്ച് വളരുന്ന പ്രതിഭകൾക്ക് കായിക രംഗത്ത് സ്ഥിരം പരിശീലനത്തിനുള്ള സംവിധാനമുണ്ടാക്കുക. ഇതിന് സാഗക്ക് നേതൃത്വം വഹിക്കാനാവും.

> നിങ്ങൾക്കു സ്വാതന്ത്ര്യത്തിൻെറ ആനന്ദവും ആശ്വാസവും വേണോ? എങ്കിൽ അതിനുള്ള വില കൊടുക്കണം. സ്വാതന്ത്ര്യത്തിൻെറ വില ത്യാഗവും യാതനയുമത്രെ.
>
> \- സുഭാഷ് ചന്ദ്രബോസ്

## പഞ്ചായത്തിൽ നിലവിലുള്ള അംഗീകൃത വായനശാലകൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിത വർഷം | അഫിലി യേഷൻ | കെട്ടിടം | റജി. നമ്പർ | അംഗ ങ്ങൾ | പുസ്ത കങ്ങൾ | പത്ര ങ്ങൾ | ആനുകാ ലികങ്ങൾ | ദിവസ വായനക്കാർ | പുസ്തക വിതരണം (വർഷത്തിൽ) | ഗ്രേഡ് | മറ്റു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | മുഹമ്മദ് സ്മാരക പൊതുജന വായനശാല &ഗ്രന്ഥാലയം പരപ്പനങ്ങാടി- പോസ്റ്റ് | 1934 | സ്റ്റേറ്റ് ലൈബ്രറ കൗൺസിൽ | സ്വന്തം | 2261 | 274 | 9157 | 9 | 14 | 250 | 14000 | എ | പഞ്ചായത്തിലെ അംഗീകൃത കലാസാംസ്കാരിക സംഘടന കളുടെ കേന്ദ്രസംഘടനയായ സാഗ(SAGA)യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. കേളി കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുന്നു. |
| 2 | നെടുവ യുവജന സംഘം വായനശാല-ഗ്രന്ഥശാല- സ്പോർട്സ് ക്ലബ്ബ് ചെട്ടിപ്പടി- പോസ്റ്റ്. | 1936 | ,, | ,, | 1898 | 160 | 7899 | 7 | 18 | 50 | 9550 | ബി. | ——— |
| 3 | നവജീവൻ വായനശാല ചെറമംഗലം | 1952 | ,, | ,, | 2112 | 284 | 7724 | 6 | 17 | 80 | 12060 | എ | സാഗയുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുന്നു. |
| 4 | സേവാസമിതി വായനശാല& ഗ്രന്ഥാലയം, ഉള്ളണം. ഉള്ളണം നോർത്ത്- പോസ്റ്റ്. | 1965 | ,, | വാടക | 3377 | 164 | 3300 | 4 | 10 | 20 | 3199 | ഡി | ——— |



# വനിത

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 27784 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 51.45% വരുന്നു. പട്ടിക ജാതിക്കാരിലും സ്ത്രീകളാണ് കൂടുതൽ 1522 പേർ ആയിരം പുരുഷൻമാർക്ക് 1080 സ്ത്രീകൾ എന്നതാണ് സ്ത്രീപുരുഷാനുപാതം മൊത്തം 7410 കുടുംബങ്ങളിൽ 750 കുടുംബങ്ങൾ വനിതകളുടെ നേതൃത്വത്തിലാണ്. എന്നാൽ ആറ് വയസ്സുവരെയുള്ള കുട്ടികളിൽ ആൺകുട്ടികളാണ് കൂടുതൽ ആൺകുട്ടികൾ 5083 പെൺകുട്ടികൾ 4833

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പുരുഷൻമാരെ അപേക്ഷിച്ച് വളരെ കുറവാണ്. പുരുഷൻമാരുടെ തൊഴിൽപങ്കാളിത്തനിരക്ക് 19.69% ആണെങ്കിൽ സ്ത്രീകളുടേത് വെറും 2.19 മാത്രമാകുന്നു. തൊഴിലില്ലാത്ത സ്ത്രീകളുടെ എണ്ണം 26135 ഉം തൊഴിലുള്ള സ്ത്രീകൾ 466 ഉം ആകുന്നു. കൃഷിസ്ഥലത്തിന്റെ ലഭ്യതകുറവ് തൊഴിലില്ലാത്ത പുരുഷൻമാരുടെ ആധിക്യം വിളവ് കുറവ് കൂലിയിലെ അന്തരം എന്നീ കാരണങ്ങളാൽ സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാകുന്നു. ഒരേ ജോലിയെടുക്കുന്നവരിൽ പുരുഷൻമാർക്ക് ലഭിക്കുന്ന കൂലിയിനത്തിൽ എത്രയോ താഴെയാണ് സ്ത്രീകൾക്ക് കിട്ടുന്നത്. കുടിൽ വ്യവസായത്തിൽ ഒഴിച്ച് ബാക്കി എല്ലാതൊഴിൽ മേഖലകളിലും സ്ത്രീകൾ വളരെ പിന്നോക്കമാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തശതമാനം പട്ടിക ഒന്നിൽ കൊടുക്കുന്നു.

മുൻ കാലങ്ങളിൽ വിദ്യാഭ്യാസ കാര്യത്തിൽ

സ്ത്രീകൾ വളരെ പിന്നോക്കമായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിന് പെൺകുട്ടികളെ അയക്കുന്നതിന് രക്ഷിതാക്കൾ വിമുഖത കാട്ടിയിരുന്നു. എന്നാൽ ഇന്ന് സ്കൂൾ പഠനത്തിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലാണ്. സ്കൂൾ പഠനനിലവാരത്തിലും പെൺകുട്ടികൾ മുന്നോക്കമാണെങ്കിലും ഉന്നത പഠനത്തിൽ ഇവരുടെ സാന്നിദ്ധ്യം കുറഞ്ഞു വരുന്നു.

L. P. വിഭാഗത്തിൽ പഠിക്കുന്ന 5951 കുട്ടികളിൽ 2922 എണ്ണം പെൺകുട്ടികളാണ്. U.P. വിഭാഗത്തിൽ ആകെയുള്ള 3017 വിദ്ധ്യാർത്ഥികളിൽ പെൺകുട്ടികളുടെ എണ്ണം 1536 ആകുന്നു. ഹൈസ്കൂൾ പഠനത്തിനെത്തുന്ന പെൺകുട്ടികളുടെ എണ്ണം 1261, ആൺകുട്ടികളുടെ എണ്ണം 1102 ഹൈസ്ക്കൂളുകളിലേക്ക് ഉപരിപഠനത്തിന് എത്തിപ്പെടാൻ കിലോമീറ്ററുകളോളം യാത്ര ചെയ്യേണ്ടി വരുന്നതിനാൽ U.P. പഠനത്തിന് ശേഷം ഹൈസ്ക്കൂളുകളിലേക്ക് പെൺകുട്ടികളെ പറഞ്ഞയക്കാൻ ഇപ്പോഴും ചില രക്ഷിതാക്കൾ മടികാണിക്കുന്നു. നിരക്ഷരരായ സ്ത്രീകളിൽ കുറെപേരെ സാക്ഷരതപ്രവർത്തനം മുഖേന സാക്ഷരരാക്കുവാൻ സാധിച്ചുവെങ്കിലും തുടർപരിപാടി കാര്യക്ഷമമാകാത്തതിനാൽ അവരിൽ നിരക്ഷരത വീണ്ടും കണ്ടുവരുന്നു. 1991 ലെ കണക്ക് പ്രകാരം സാക്ഷരരായ സ്ത്രീകളുടെ എണ്ണം 18461 ആകുന്നു. ഒന്നാംഘട്ട സാക്ഷരതയുടെ മലപ്പുറം ജില്ലാ പ്രഖ്യാപനം നടത്തിയത് ആലുങ്ങൽ കടപ്പുറത്തെ K.P. സാറാമ്മ ആയിരുന്നു. തുടർ സാക്ഷരതാ പരിപാടി എന്ന നിലയിൽ ആലുങ്ങൽ കടപ്പുറത്ത് " മാസ്ക്ക്

## പട്ടിക I
### സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം

| തൊഴിൽ മേഖല | മൊത്തം | സ്ത്രീകൾ | ശതമാനം |
|---|---|---|---|
| കർഷകർ | 527 | 20 | 3.79 |
| കർഷകതൊഴിലാളികൾ | 1263 | 214 | 16.94 |
| മത്സ്യബന്ധനം മൃഗപരിപാലനം | 2990 | 43 | 1.43 |
| കുടിൽ വ്യവസായം | 340 | 193 | 56.76 |
| ഖനനം | 23 | Nil | 00.00 |
| കുടിലേതര വ്യവസായം | 994 | 63 | 6.33 |
| കെട്ടിടം റോഡ് നിർമ്മാണം | 756 | 15 | 1.98 |
| വാണിജ്യം, വ്യാപാരം | 2313 | 56 | 2.42 |
| ഗതാഗതം, വാർത്താവിനിമയം | 727 | 10 | 1.37 |
| മറ്റു സേവനങ്ങൾ | 1884 | 569 | 30.20 |
| ആകെ | 11815 | 1183 | 10.01 |

(അവലംബം, സെൻസസ് 1991)

" എന്ന സംഘടനയുടെ കീഴിൽ സ്ത്രീകൾക്ക് വേണ്ടി കണ്ടൻസ്ഡ് കോഴ്സ് നടത്തുന്നുണ്ട്. ഇതിൽ 50 ൽ അധികം നലവസാക്ഷരർ പഠിക്കുന്നു. ഇതുപോലുള്ള തുടർ സാക്ഷരത പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലേക്ക് വ്യാപിപ്പി ക്കാവുന്നതാണ്.

മൽസ്യസംസ്കരണ യൂണിറ്റ്, പട്ടികജാതി കര കൗശല സഹകരണസംഘം, കൈത്തറി നെയ്ത്ത്, വനിത ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സംരഭങ്ങൾ മാത്രമാണ് സ്ത്രീകൾ മുൻ കൈ എടുത്ത് പ്രവർത്തിക്കുന്നത്. സർക്കാർ ജോലികളിൽ സ്ത്രീകൾ വളരെ കുറവാണ്. ഒടുമ്മൽ കടപ്പുറത്ത് പ്രവർത്തിക്കുന്ന മൽസ്യസംസ്കരണ വിപണന യൂണിറ്റുകളിൽ 100 ലധികം സ്ത്രീകൾ പ്രവർത്തി ക്കുന്നു. ആവിശ്യമായ ഗ്രാന്റ് ലഭിക്കാത്തതിൽ സ്ത്രീകളുടെ നേതൃത്വത്തിലുള്ള ഈ സ്ഥാപന ങ്ങൾ ഏറെ വിഷമത അനുഭവിക്കുന്നു. മഹിളാ സമാ ജങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ സാമ്പത്തിക പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. വനിതകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് പൊതുജനങ്ങളുടെ സഹകരണം പൂർണ്ണമായും ലഭിക്കുന്നില്ല. മഹിളാസമാജങ്ങളെക്കു റിച്ച വിവരം പട്ടിക 2 കാണുക.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ ത്തിനു വേണ്ടി പ്രവർത്തിക്കുന്ന അംഗനവാടികൾ 42 എണ്ണം പഞ്ചായത്തിലുണ്ട്. ഇവയുമായി ബന്ധ പ്പെട്ട് ഗർഭിണികൾ 935 എണ്ണവും മുലയൂട്ടുന്ന അമ്മ മാരുടെ എണ്ണം 874 ഉം ആകുന്നു.

മൊത്തം അംഗങ്ങളുടെ മൂന്നിലൊന്ന് വനിത കൾക്കായി സംവരണം ചെയ്യപ്പെട്ടതിന്റെ ഫലമായി പഞ്ചായത്ത് ഭരണസമിതിയിൽ അഞ്ച് വനിതാ അംഗങ്ങൾ ഉണ്ട്. ഇവരിൽ ശ്രീമതി. വി. വി. ജമീലാ ടീച്ചർ ബോർഡ് വൈസ്പ്രസിഡണ്ടാണ്. C.B.N.P. വളണ്ടിയർമാരായി സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുപ്രവർത്തന രംഗത്ത് സ്ത്രീകളുടെ പ്രവർത്തനം വളരെ കുറവാണ്. എന്നാൽ പഞ്ചായ ത്തിലെ വിദ്യാലയങ്ങളിൽ സ്ത്രീകളാണ് കൂടുതൽ (അദ്ധ്യാപികമാരുടെ എണ്ണം 188 അദ്ധ്യാപകർ 155). 1956 ൽ നിലവിലുണ്ടായിരുന്ന നെടുവ പഞ്ചായത്ത് ഭരണസമിതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കെ. സി. ഓമല അംഗമായിരുന്നു. 1964 ൽ കെ. സുഹറാബി മാളിയേക്കൽ കുഞ്ഞിമറിയം എന്നി വരും അംഗങ്ങളായി പ്രവർത്തിച്ചിട്ടുണ്ട്. ബഹുജന സംഘടന നേതൃത്വത്തിൽ വനിതാ പങ്കാളിത്തം ഇന്നും പേരിനു മാത്രമേ ഉള്ളു. സാമൂഹികചുറ്റുപാ ടുകൾ തന്നെയാണ് ഇതിനു കാരണം.

**പ്രശ്നങ്ങൾ**

1. തീരദേശ വനിതാ മൽസ്യത്തൊഴിലാളി സംഘത്തിന്റെ കീഴിലുള്ള മത്സ്യ സംസ്കരണ വിപ

പട്ടിക 2

## മഹിളാ സംഘങ്ങളുടെ വിവരം

| വാർഡ് | സംഘത്തിന്റെ വിവരം | രജിസ്ട്രേഷൻ |
|---|---|---|
| 7 | വേലായുധൻ മെമ്മോറിയൽ മഹിളാസമാജം | ഉണ്ട് |
| 8 | ചെറമംഗലം മഹിളാ സമാജം, പൂരപ്പുഴ | ഉണ്ട് |
| 11 | കോട്ടത്തറ മഹിളാസമാജം | ഉണ്ട് |
| 12 | ഉള്ളണം മഹിളാസമാജം | ഉണ്ട് |
| 14 | നെടുവ മഹിളാസമാജം | ഉണ്ട് |
| 14 | ചെട്ടിപ്പടി മഹിളാസമാജം | ഉണ്ട് |
| 1 | ആലുങ്ങൽ തീരദേശ വനിതാ മത്സ്യത്തൊഴിലാളി സംഘം | ഉണ്ട് |
| 4 | ഒട്ടുമ്മൽ തീരദേശ വനിതാ മത്സ്യത്തൊഴിലാളി സംഘം | ഉണ്ട് |
| 4 | പുത്തൻ കടപ്പുറം തീരദേശ വനിതാ മത്സ്യത്തൊഴിലാളി സംഘം | ഉണ്ട് |
| 3 | ചാലിത്തറ മഹിളാ സമാജം | ഇല്ല |
| 9 | കൊട്ടന്തല മഹിളാ സമാജം | ഇല്ല |
| | അവലംബം : – ഐ.സി.സി.എസ്. രേഖ | |

ണനയൂണിറ്റുകൾക്ക് ആവശ്യമായ ഗ്രാന്റ് ലഭിക്കുന്നില്ല.

2. DWCRA യൂണിറ്റ് പ്രകാരം നടത്തുന്ന കയർ സംഘം സഹകരണസംഘമായി പ്രവർത്തിക്കേണ്ടതുണ്ട്.

## പട്ടിക 3

### DWCRA യൂണിറ്റുകളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിവരം

| നമ്പർ | യൂണിറ്റിന്റെ പേര് | ഗുണഭോക്തക്കൾ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1. | ഫിഷ് പ്രൊസസിങ്ങ്, ആലുങ്ങൽ | 14 | പ്രവർത്തിക്കുന്നില്ല |
| 2. | പിക്കിൾ, ചെറമംഗലം | 15 | പ്രവർത്തിക്കുന്നില്ല |
| 3. | ചെട്ടിപ്പടി കയർ യൂണിറ്റ് | 10 | നിലവിലുണ്ട് |
| 4. | പരപ്പനങ്ങാടി ഡയറി യൂണിറ്റ് | 46 | നിലവിലുണ്ട് |
| 5. | കയർ – നെയ്തല്ലൂർ | 15 | നിലവിലുണ്ട് |
| 6. | ആടുവളർത്തൽ | 15 | നിലവിലുണ്ട് |
| 7. | ഉള്ളണം ഡയറി | 11 | നിലവിലുണ്ട് |
| 8. | ചെറമംഗലം ആട് വളർത്തൽ | 6 | നിലവിലുണ്ട് |
| 9. | പരപ്പനങ്ങാടി പാത്രനിർമ്മാണം | 10 | നിലവിലുണ്ട് |
| 10. | മുണ്ടിയൻ കാവ് ഡയറി | 10 | നിലവിലുണ്ട് |

3. പഞ്ചായത്തിൽ ഉദ്യോഗസ്ഥ വനിതകൾക്കുള്ള ഒരു ഹോസ്റ്റലിന്റെ അഭാവം ഉണ്ട്.

4. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലും ആശ്വാസപദ്ധതിയിലും സ്ത്രീകൾക്ക് അർഹമായ പങ്കാളിത്തം ലഭിക്കുന്നില്ല.

5. തൊഴിൽ രംഗത്തേക്ക് സ്ത്രീകൾ കൂടുതൽ കടന്നു വരാൻ തയ്യാറാവുന്നില്ല.

6. നെടുവ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള എട്ടു ബെഡ്ഡുകളുള്ള വാർഡ് സ്റ്റാഫ് ഇല്ലാത്തതുകാരണം പ്രവർത്തിക്കുന്നില്ല. ആരോഗ്യകേന്ദ്രങ്ങളിൽ വേണ്ടത്ര സൗകര്യം ലഭിക്കുന്നില്ല.

7. മത്സ്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് പെൻഷൻ ലഭ്യമാകുന്നില്ല.

8. സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംഘങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ഗ്രാന്റ് ലഭിക്കുന്നില്ല.

9. സ്ഥാപനങ്ങളുടെ നടത്തിപ്പിനെക്കുറിച്ചുള്ള ശരിയായ മാർഗ്ഗ നിർദ്ദേശം ഇവർക്ക് ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. ഗ്രാന്റുകളോ ബാങ്ക് വായ്പകളോ അനുവദിച്ചുകൊണ്ട് സ്ത്രീകൾക്ക് വേണ്ടി തൊഴിൽ സംരം

ഭങ്ങൾ ആരംഭിക്കുക. ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കോഴി വളർത്തൽ കേന്ദ്രം, കയർ വ്യവസായം, തീപ്പെട്ടി കമ്പനി, പായ നെയ്ത്ത്, അച്ചാറ് കമ്പനി, സോപ്പ് നിർമ്മാണയുണിറ്റ്, ചെരിപ്പ് കമ്പനി, വല നെയ്ത്ത്, മെഴുകുതിരി നിർമ്മാണം, കസേര നെയ്ത്ത്, കരകൗശലവസ്തു നിർമ്മാണം, ആടുവളർത്തൽ, പശുവളർത്തൽ, നോട്ടുബുക്കുനിർമ്മാണം എന്നിവ ഈ വിധത്തിൽ തുടങ്ങാവുന്നതാണ്.

2. മഹിളാസമാജങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക. സ്ത്രീകളിൽ ബോധവൽക്കരണം നടത്താൻ ഇവ കൂടുതൽ ഉപകരിക്കും. തൊഴിൽ സംരംഭങ്ങൾ തുടങ്ങുകയുംമാവാം വിദ്യാഭ്യാസകാര്യത്തിലും ശിശുക്ഷേമപ്രവർത്തനങ്ങളിലും മഹിളാസമാജങ്ങൾക്ക് പങ്ക് വഹിക്കാൻ സാധിക്കും.

3. കൂടുതൽ വനിതാസഹകരണ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

4. സ്ത്രീകൾക്ക് വേണ്ടി പ്രത്യേക നേതൃത്വ പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കുക.

5. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. അദ്ധ്യാപികമാരുടെയും ഹെൽപ്പർമാരുടെയും വേതനം വർദ്ധിപ്പിക്കുക.

6. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകമായി പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

7. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേകപരിഗണന നൽകുക.

8. ആലുങ്ങൽ കടപ്പുറത്ത് പ്രവർത്തിക്കുന്നതുപോലെയുള്ള കണ്ടൻസ്ഡ് കോഴ്സുകൾ പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുക.

9. നെടുവ C.H.C. യിലെ സ്ത്രീകൾക്കായുള്ള പ്രത്യേക വാർഡ് ഉടൻ തുടർന്ന് പ്രവർത്തിക്കണം.

10. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുക.

11. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായി ശക്തമായ ബോധവൽക്കരണം നടത്തുക.

12. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ അയൽക്കൂട്ടങ്ങളിലൂടെ നടപ്പാക്കുക.

13. തുല്യജോലിക്ക് തുല്യ വേതനം എന്നതു നടപ്പാക്കുക.

14. സ്ത്രീകൾക്ക് വേണ്ടി നടപ്പാക്കുന്ന ആനുകൂല്ല്യങ്ങളുടെ തുക വർദ്ധിപ്പിക്കുകയും അർഹരായ മുഴുവൻ സ്ത്രീകൾക്കും ഇവ ലഭ്യമാക്കുകയും ചെയ്യുക.

15. നിരാലംഭരായ (വിവാഹം കഴിക്കാത്തതും ആരും സംരക്ഷിക്കാനില്ലാത്തതുമായ) ധാരാളം സ്ത്രീകൾ പഞ്ചായത്തിലുണ്ട്. അവർക്ക് വേണ്ടി ക്ഷേമനിധി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.






# സഹകരണ മേഖല

1904 -ലെ സഹകരണ നിയമത്തിൻെറ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത്. 1921– ലെ മദ്രാസ് നിയമത്തിൻെറ കീഴിൽ കേരളത്തിൽ ഐക്യനാണയ സംഘം രൂപീകരിക്കപ്പെട്ടു. 1917– ൽ കേവലം പതിനൊന്ന് അംഗങ്ങളും പതിനൊന്ന് രൂപ ഓഹരി മൂലധനവുമായി ആരംഭിച്ച വിവിധോദ്ദേശ്യ സഹകരണ സംഘമാണ് പരപ്പനങ്ങാടിയിലെ ആദ്യത്തെ സഹകരണ സ്ഥാപനം. ഈ സംഘം 1937 ൽ സഹകരണ അർബൻ ബേങ്കായി ഉയർത്തിയതോടെ പ്രവർത്തനം വിപുലീകരിക്കപ്പെട്ടു. പിന്നീട് 1964 ൽ ഇപ്പോഴത്തെ പരപ്പനങ്ങാടി കോ- ഓപ്പറേറ്റീവ് സർവ്വീസ് ബാങ്കായി (ക്ലിപ്തം നമ്പർ. എഫ്. 2302) പുനസംഘടിപ്പിച്ച് പ്രവർത്തനം തുടർന്നു വരുന്നു.

1946 ൽ പരപ്പനങ്ങാടി ആസ്ഥാനമായി ഉല്പാദക- ഉപഭോക്തൃ സഹകരണ സംഘം രൂപീകരിക്കുകയുണ്ടായി. അന്നത്തെ തിരൂരങ്ങാടി ഫർക്കയായിരുന്നു സംഘത്തിൻെറ പ്രവർത്തന പരിധി. എഴുപതോളം റേഷൻ ഷാപ്പുകളിലേക്ക് വേണ്ട അരി വിതരണം ചെയ്യലും നെല്ല് സംഭരണവുമായിരുന്നു ഈ സംഘത്തിൻെറ പ്രധാന ഉദ്ദേശ്യം. കേരളത്തിൽ നിന്നും പുറത്ത് നിന്നും നെല്ല് ശേഖരിച്ചിരുന്നു.

പരപ്പനങ്ങാടി കോ- ഓപ്പറേറ്റീവ് സർവ്വീസ് ബേങ്കിൻെറ പ്രഥമ പ്രസിഡൻറായിരുന്ന അഡ്വ.പി. രാമൻ മേനോൻ, പിന്നീട് പ്രസിഡൻറുമാരായിരുന്ന ടി.കൃഷ്ണ മേനോൻ, പരശുരാമയ്യർ, കുഞ്ഞാലൻ കുട്ടി, തിരൂരങ്ങാടി പീ.സി.സി. സൊസൈറ്റിയുടെ ആദ്യത്തെ പ്രസിഡൻറായിരുന്ന അഡ്വ: മുഹമ്മദ് നഹ തുടങ്ങിയവരാണ് ഈ പഞ്ചായത്തിലെ പഴയകാല സഹകാരികൾ.

പരപ്പനങ്ങാടി ആസ്ഥാനമാക്കി വിവിധ മേഖലകളിലുള്ള 24 സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ അഞ്ച് സംഘങ്ങൾ താലൂക്ക് പ്രവർത്തന പരിധിയിലുള്ളതാണെങ്കിലും അവയുടെ ആസ്ഥാനം പരപ്പനങ്ങാടിയിലാണ്. മലപ്പുറം ജില്ലാ

### പട്ടിക. 1.സഹകരണ സംഘങ്ങൾ (ഇനം തിരിച്ച്)

| നമ്പർ | സംഘങ്ങൾ | എണ്ണം |
|---|---|---|
| 1 | സർവ്വീസ് ബേങ്ക് | 1 |
| 2 | ഖാദി ഗ്രാമ വ്യവസായ സംഘം | 3 |
| 3 | ക്ഷീരോദ്പാദക സംഘം | 2 |
| 4 | മത്സ്യതൊഴിലാളി ക്ഷേമ സംഘം | 4 |
| 5 | ഉപഭോക്തൃ സംഘം | 4 |
| 6 | എജുക്കേഷൻ സംഘം | 1 |
| 7 | പട്ടികജാതി/പട്ടികവർഗ്ഗ സംഘം | 3 |
| 8 | വനിതാ സംഘം | 2 |
| 9 | മോട്ടോർ സംഘം | 2 |
| 10 | ഹൗസിംഗ് സംഘം | 1 |
| 11 | നെയ്ത്ത് സംഘം | 1 |
| | ആകെ. | 24 |
| അവലംബം: സെക്കണ്ടറി ഡാറ്റ. | | |

സഹകരണ ബേങ്കിൻെറ ഒരു ബ്രാഞ്ചും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സഹകരണ മേഖലയിൽ ഏറെ സാദ്ധ്യതകളുള്ള ഒരു പ്രദേശം കൂടിയാണ് പരപ്പനങ്ങാടി. പഞ്ചായത്തിലെ മൊത്തം സംഘങ്ങളിലായി ഇരുനൂറിലധികം ജീവനക്കാർ നേരിട്ട് ജോലി ചെയ്യുന്നുണ്ട്. ഇതിലും കൂടുതൽ പേർ അനുബന്ധമായും തൊഴിലെടുത്തു വരുന്നു. ഓരോ മേഖലയിലെയും സംഘങ്ങളുടെ എണ്ണം പട്ടിക 1 ൽ

## സഹകരണ സർവ്വീസ് ബേങ്ക്

പരപ്പനങ്ങാടി പഞ്ചായത്തിലെ ജനങ്ങൾ ഭൂരിഭാഗവും സാമ്പത്തികാവശ്യത്തിന്നായി ആശ്രയിക്കുന്നത് കോ- ഓപ്പറേറ്റീവ് സർവ്വീസ് ബേങ്കിനെയാണ്. മറ്റു ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് കാലതാമസം കൂടാതെ വായ്പ ലഭ്യമാവുകയും അടിയന്തിരഘട്ടങ്ങളിൽ ആവശ്യങ്ങൾ നിറവേറ്റുവാൻ പണം വിനിയോഗിക്കുവാൻ പ്രയാസമില്ലാത്തതിനാലുമാണ് ജനങ്ങളെ പ്രധാനമായും ഈ മേഖലയിലേക്ക് ആകർഷിക്കുന്നത്.

നല്ല നിലയിൽ പ്രവർത്തിക്കുന്ന ജില്ലയിലെ തന്നെ അപൂർവ്വം സഹകരണ ബാങ്കുകളിലൊന്നാണ് പരപ്പനങ്ങാടി കോ-ഓപ്പറേറ്റീവ് സർവ്വീസ് ബേങ്ക്. പഞ്ചായത്തിലെ ഏക സഹകരണ വായ്പാസംഘവും ഇതാണ്. ഹ്രസ്വകാല കാർഷിക- കാർഷികേതര വായ്പയാണ് ഈ ബാങ്ക് മുഖ്യമായും നൽകി വരുന്നത്. പരപ്പനങ്ങാടിയിലെ ഹെഡ് ഓഫീസിനോടനുബന്ധിച്ചുള്ള മെയിൻ ബ്രാഞ്ചിനു പുറമെ ചെട്ടിപ്പടി, ഉള്ളണം (മുണ്ടിയാം കാവ്) എന്നിവിടങ്ങളിൽ ഓരോ ബ്രാഞ്ചും പ്രവർത്തിച്ച് വരുന്നുണ്ട്. 25 രൂപ ഓഹരി വിലയുള്ള 7025 'എ' ക്ലാസ് മെമ്പർമാരാണ് ബാങ്കിനുള്ളത്. സ്വർണ്ണ പണ്ടത്തിന്മേൽ കടം നൽകുന്നതിനായി.പ്രവർത്തനം പരിധിക്കതീതമായി 'സി' ക്ലാസ് മെമ്പർഷിപ്പും നൽകി വരുന്നു.

കാർഷിക വായ്പ, സ്വർണ്ണ പണയ വായ്പ, ഉപഭോക്തൃ വായ്പ എന്നിവക്ക് പുറമെ വിദ്യാഭ്യാസം, സ്വയം തൊഴിൽ, ഭൂസ്വത്ത് വാങ്ങാൻ, മുൻകടം വീട്ടാൻ, വീടുവെക്കാൻ, വിദേശത്ത് പോകാൻ തുടങ്ങിയ ആവശ്യങ്ങൾക്കും ബേങ്ക് വായ്പ നൽകി വരുന്നുണ്ട്. ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ നൽകുന്നു. '96 ജൂൺ 30 വരെ 475 ലക്ഷം രൂപ ബേങ്ക് വായ്പ നൽകിയിട്ടുണ്ട്. വളം ഡിപ്പോ, ഓണച്ചന്ത, സ്റ്റുഡൻസ് മാർക്കറ്റ് എന്നിവയും നടത്തി വരുന്നു

ഏറെക്കാലം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ബേങ്ക് ഭരണസമിതയുടെയും ജീവനക്കാരുടെയും കൂട്ടായ പരിശ്രമങ്ങൾകൊണ്ടും നാട്ടുകാരുടെ സഹകരണം കാരണവും ഇപ്പോൾ ലാഭത്തിലായിട്ടുണ്ട്. മാത്രവുമല്ല, ഒന്നാം ഗ്രേഡിലെത്തിയ ബേങ്ക് ഇപ്പോൾ സ്പെഷൽ ഗ്രേഡ് ആയി ഉയരുവാനുള്ള എല്ലാ മാനദണ്ഡങ്ങളും

## പട്ടിക II. സഹകരണ വായ്പ സംഘങ്ങൾ

| നമ്പർ | പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം രൂപ | ജീവനക്കാർ |
|---|---|---|---|---|---|---|
| 1 | പരപ്പനങ്ങാടി കോ-ഓപ്പറേറ്റീവ് സർവ്വീസ് ബേങ്ക് (ക്ലിപ്തം)നമ്പർ.എഫ് 2302 | പരപ്പനങ്ങാടി പഞ്ചായത്ത് | 1917 | 7025 | 16,01081 | 24 |

### പട്ടിക III കാർഷിക വായ്പ

| വർഷം | സംഖ്യ (രൂപ) |
|---|---|
| 92– 93 | 10,81,710 |
| 93 – 94 | 13,70,600 |
| 94– 95 | 16,82,700 |
| 95– 96 | 14,64,950 |
| 96–Up to Oct. | 4,90,000 |
| ആകെ | 60,89,960 |

പൂർത്തിയാക്കിയിട്ടുണ്ട്. ബേങ്കിൻെറ വിവരങ്ങൾ അന്യത്ര ചേർക്കുന്നു. പട്ടിക 2

കാർഷിക വായ്പകൾക്ക് കുറഞ്ഞ പലിശയും സബ്സിഡിയും മറ്റാനുകൂല്യങ്ങളും ഉള്ളതിനാൽ ആവശ്യക്കാർ അധികമാണ്. മുൻകൂട്ടി തയ്യാറാക്കുന്ന ലിസ്റ്റനുസരിച്ച് നൽകപ്പെടുന്നതിനാൽ വായ്പ പരിമിതപ്പെടുന്നു. ആവശ്യക്കാരെ തൃപ്തിപ്പെടുത്താൻ ബേങ്കിനു കഴിയുന്നില്ല.

കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയിൽ ബേങ്ക് നൽകിയ കാർഷിക വായ്പ വിവരം പട്ടിക IIIൽ

അംഗങ്ങളുടെ വായ്പാവശ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ബാങ്കിൻെറ ഫണ്ടുകൾ വളരെ അപര്യാപ്തമാണ്. ആവശ്യങ്ങളുടെ പകുതി പോലും നിവർത്തിക്കാൻ ബേങ്കിന് കഴിയുന്നില്ല. നിക്ഷേപം വർദ്ധിപ്പിച്ച് വരുന്നുണ്ടെങ്കിലും ധനസഹായ ബാങ്കിൽ നിന്നും നബാഡിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നുമുള്ള സാമ്പത്തിക സഹായത്തിൻെറ തോത് ഈ വർഷം മുതൽ വർദ്ധിപ്പിച്ചിട്ടില്ല.

ബേങ്ക് സമാഹരിക്കുന്ന ഫണ്ട് മുഴുവനും പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുന്നുവെന്നതാണ് സഹകരണ ബേങ്കുകളുടെ ഏറ്റവും വലിയ ഗുണം.

ദേശസാൽകൃത ബാങ്കുകൾ നിക്ഷേപത്തിൻെറ ചെറിയൊരു ശതമാനം മാത്രമെ പ്രാദേശികാടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നുള്ളൂ. പഞ്ചായത്തിലെ പരമാവധി ജനങ്ങളുടെ പണം നിക്ഷേപമായി സഹകരണ ബേങ്കിലെത്തിയെങ്കിൽ മാത്രമെ വായ്പാവശ്യങ്ങൾ നിറവേറ്റാൻ സാധ്യമാവുകയുള്ളൂ.

കാർഷിക മേഖലയിൽ ദീർഘകാല വായ്പകൾ തിരൂർ താലൂക്ക് കാർഷിക വികസന ബേങ്കിൻെറ ചെമ്മാട് ശാഖയിലൂടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. സങ്കീർണ്ണമായ വ്യവസ്ഥകൾ കാരണം ഏറെ കാലതാമസം നേരിടുന്നതിനാൽ കർഷകർക്ക് വായ്പ വിനിയോഗിക്കാൻ കഴിയാതെ വരുന്നു.

## ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം

പഞ്ചായത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനങ്ങളിലൊന്നായ പുത്തിരക്കൽ ടൈൽ വർക്സ് സഹകരണ സംഘം നടത്തുന്ന ടൈൽ ഫാക്ടറിയിൽ 50 തൊഴിലാളികളുണ്ട്. മേത്തരം ഓടുകൾ, പൂച്ചട്ടികൾ, പ്രതിമകൾ, അലങ്കാര വസ്തുക്കൾ തുടങ്ങിയവയാണ് ഇവിടെ നിർമ്മിക്കുന്നത്. മണ്ണ് ലഭിക്കുവാനുള്ള ബുദ്ധിമുട്ട് ഉല്പാദനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഖാദി ബോർഡിൻെറ സഹായത്താൽ പ്രവർത്തിക്കുന്ന മറ്റൊരു സംഘമാണ് പരപ്പനങ്ങാടി ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം. ഈ സംഘത്തിൻെറ കീഴിൽ ചെട്ടിപ്പടിയിൽ ഒരു വുഡൻ ഫർണ്ണിച്ചർ യൂണിറ്റ് പ്രവർത്തിക്കുന്നു. കെട്ടിട നിർമ്മാണത്തിനു വേണ്ട ജനൽ, വാതിൽകട്ടില തുടങ്ങിയ ഉരുപ്പടികൾ നിർമ്മിക്കുകയും കടച്ചിൽ, കൊത്തുപണികൾ തുടങ്ങിയ പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നുണ്ട്. കടുത്ത മത്സരം നേരിടേണ്ടി വരുന്നതിനാൽ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് പ്രയാസകരമായി തീരുന്നു. പ്രവർത്തന മൂലധനം കുറവായതിനാൽ സർവ്വീസ് ജോലികൾ മാത്രമെ കാര്യമായി നടത്താൻ കഴിയുന്നുള്ളൂ. ഇതു കാരണം വായ്പ

പട്ടിക IV ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ

| നമ്പർ | പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗങ്ങളുടെ എണ്ണം. | ഓഹരി മൂലധനം | ജീവനക്കാർ |
|---|---|---|---|---|---|---|
| 1 | പുത്തരിക്കൽ ടൈൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി. ക്ലിപ്തം. കെ.വി. ഐ-എൻ.ഡി(എം)38 | തിരൂരങ്ങാടി, പരപ്പനങ്ങാടി, വള്ളിക്കുന്ന് പഞ്ചായത്ത് | 1981 | 136 | 27800 | 50 |
| 2 | പരപ്പനങ്ങാടി ഗ്രാമ വ്യവ-സായ സഹകരണ സംഘം (ക്ലിപ്തം)നമ്പർ കെ.വി ഐ.എൻ.ഡി(എം)56, ചെട്ടിപ്പടി. | പരപ്പനങ്ങാടി പഞ്ചായത്ത് | 1986 | 69 | 27,750 | 10 |
| 3 | പരപ്പനങ്ങാടി ഖാദി ഗ്രാമ വ്യവസായ സംഘം | | | ലഭ്യമല്ല | | |
| 4 | അങ്ങാടി ഖാദിഗ്രാമ വ്യവസായ സംഘം | | | ലഭ്യമല്ല. | | |

യഥാസമയം തിരിച്ചടക്കുവാൻ സാധിക്കുന്നില്ല. പത്ത് പേർ ഇവിടെ ജോലി ചെയ്യുന്നു.

അങ്ങാടി, പരപ്പനങ്ങാടി എന്നിവിടങ്ങളിൽ ഓരോ സംഘങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും അവ ഇപ്പോൾ ലിക്വിഡേഷനു വെച്ചിരിക്കുകയാണ്. ഖാദി ബോർഡിൻെറ സഹായത്തോടെ പ്രവർത്തനമാരംഭിച്ച മൾബറി സൊസൈറ്റിയും ചലനമറ്റു കിടക്കുന്നു.

## മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം

പഞ്ചായത്തിലെ തീരദേശ മേഖലയിൽ ഇത്തരം നാല് സംഘങ്ങൾ നിലവിലുണ്ട്. മത്സ്യഫെഡ് മുഖേന മത്സ്യബന്ധനോപകരണങ്ങളും തൊഴിലാളികൾക്ക് ചെറുകിട വായ്പകളും ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നുണ്ട്. മത്സ്യഫെഡ്, എൻ.സി.ഡി.സി തുടങ്ങിയ സർക്കാർ ഏജൻസികൾ നൽകുന്ന ഫണ്ട് ഉപയോഗിച്ചാണ് ഈ സംഘങ്ങൾ പ്രവർത്തിക്കുന്നത്.

വർഷങ്ങൾക്കു മുമ്പ് പരപ്പനങ്ങാടിയിൽ പ്രവർത്തിച്ചരുന്ന റീജനൽ ഫിഷ് മാർക്കറ്റിംഗ് സൊസൈറ്റി നടത്തിപ്പിലെ അപാകതകൾ കാരണം ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. എന്നാൽ ഈ സൊസൈറ്റി വകയായി ചാപ്പപ്പടിയിലുള്ള ഐസ് പ്ലാൻറ്, സ്റ്റോറേജ്, എണ്ണ വിതരണ കേന്ദ്രം എന്നിവ നോക്കുകുത്തിയായി ഇന്നും അവശേഷിക്കുന്നു.

## ക്ഷീരോൽപാദക സംഘങ്ങൾ

രണ്ട് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. പരപ്പനങ്ങാടി സെൻട്രൽ ക്ഷീരോൽപാദക സഹകരണ സംഘം ശരാശരി പ്രതിദിനം 1054 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. കൂടുതൽ കറവ മാടുകളെ സംഘം മുഖേന വിതരണം ചെയ്തു ഉല്പാദനം വരുന്ന അഞ്ച് കൊല്ലത്തിനിടയിൽ പ്രതിദിനം 3000 ലിറ്ററാക്കി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

ഉള്ളണം ക്ഷീരോല്പാദക സഹകരണ സംഘം പ്രതിദിനം ശരാശരി 240 ലിറ്റർ പാലാണ് ശേഖരിച്ച് വിപണനം നടത്തുന്നത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇത് 1000 ലിറ്ററായി ഉയർത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കണം.

രണ്ട് സംഘങ്ങളിലുമായി ശേഖരിക്കുന്ന പാലിൻെറ 75 ശതമാനം മാത്രമാണ് ഇവിടെ വിതരണം ചെയ്യുന്നത്.കർഷകർക്ക് കൂടുതൽ വളർത്തു മൃഗങ്ങളെയും കുറഞ്ഞ നിരക്കിൽ കാലിതീറ്റയും നൽകി പാൽ ഉൽപാദനം വർദ്ധിപ്പിച്ച് സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനാവും.

സൊസൈറ്റികളിൽ പാൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടെങ്കിലും അവയുടെ മാർക്കറ്റിംഗ് ശരിയായ

പട്ടിക VI ക്ഷീരോൽപാദക സംഘങ്ങൾ

| നമ്പർ | പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗങ്ങൾ | ഓഹരി മൂലധനം രൂപ. |
|---|---|---|---|---|---|
| 1 | പരപ്പനങ്ങാടി സെൻട്രൽ ക്ഷീരോൽപാദക സഹകരണ സംഘം M.No. 20(D) | 1979 -ലെ 6,8 വാർഡുകൾ | 1979 | 390 | 20,000 |
| 2 | ഉള്ളണം ക്ഷീരോല് പാദക സഹകരണ സംഘം M.No: 45(D) | ഉള്ളണം, മുണ്ടിയാംകാവ്, പാലത്തിങ്ങൽ പ്രദേശങ്ങൾ | 1983 | 154 | 1540 |

പട്ടിക VII ഉപഭോക്തൃ സംഘങ്ങൾ

| നമ്പർ | പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗങ്ങൾ | ഓഹരി മൂലധനം |
|---|---|---|---|---|---|
| 1 | ബി.ഇ.എം.ഹൈസ്കൂൾ സ്റ്റുഡൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ബി.ഇ.എം. എച്ച്.എസ് | 1956 | 90 | 450 |
| 2 | എസ്. എൻ.എം. ഹൈസ്കൂൾ സ്റ്റുഡൻസ് കോ- ഓപ്പറേററീവ് സൊസൈറ്റി | എസ്. എൻ.എം എച്ച്. എസ്. | 1982 | 4664 | 28382 |
| 3 | പരപ്പനങ്ങാടി ടൗൺ ജി.എം.എൽ.പി. സ്കൂൾ യൂണിറ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | പ്രൈമറി വിദ്യാലയങ്ങൾ | 1976 | 120 | 600 |
| 4 | പരപ്പനങ്ങാടി- വേങ്ങര ഉപജില്ല ഗവ: സ്ക്കൂൾ അധ്യാപക സഹകരണ സംഘം | പരപ്പനങ്ങാടി വേങ്ങര ഉപജില്ല | 1989 | 400 | 1ലക്ഷം |

രീതിയിൽ നടക്കുന്നില്ല. വിപണനം മെച്ചപ്പെടുത്തേണ്ടതും കൂടുതൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി സംഘത്തിൻെറ ബിസിനസ്സ് വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമായിരിക്കുന്നു. സംഘം പ്രവർത്തന പരിധിയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കുവാനും നടപടി സ്വീകരിക്കണം.

## ഉപഭോക്തൃ സംഘങ്ങൾ

പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലും ഓരോ സംഘങ്ങൾ വീതം പ്രവർത്തിച്ചു വരുന്നു. ഇവക്ക് പുറമെ ടൗൺ സ്ക്കൂൾ കേന്ദ്രമായും ഉപഭോക്തൃ സഹകരണ സംഘമുണ്ട്. പരപ്പനങ്ങാടി, വേങ്ങര ഉപജില്ലാ പരിധിയിൽ ഒരു ഗവൺമെൻറ് അധ്യാപക സഹകരണ സംഘവും പ്രവർത്തിച്ച് വരുന്നു. പഞ്ചായത്തിലെ സ്കൂളുകൾക്ക് ആവശ്യമായ പാഠ പുസ്തകങ്ങൾ മാത്രമാണ് സ്ക്കൂൾ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നത്. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോം, സ്റ്റേഷനറി, മറ്റു പഠനോപകരണങ്ങൾ തുടങ്ങിയവ കൂടി വിതരണം ചെയ്തു ഈ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനാവും. അദ്ധ്യാപകർക്ക് ചെറുകിട വായ്പകളും ഉത്സവകാല ചന്തകളുമാണ് അദ്ധ്യാപക സഹകരണ സംഘത്തിൻെറ മുഖ്യ പ്രവ

പട്ടികVIII എജ്യൂക്കേഷൻ സംഘം

| പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗങ്ങൾ | ഓഹരി മൂലധനം | ജീവനക്കാരും അധ്യാപകരും |
|---|---|---|---|---|---|
| തിരൂരങ്ങാടി താലൂക്ക് കോ-ഓപ്പറേറ്റീവ് എജ്യൂക്കേഷൻ സൊസൈറ്റി (ക്ലിപ്തം) നമ്പർ എം–515 | തിരൂരങ്ങാടി താലൂക്ക് | 1996 | 70 | 1,18,600 | 13 |

പട്ടിക IX. പട്ടിക ജാതി ക്ഷേമ സംഘങ്ങൾ

| നമ്പർ | പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗങ്ങൾ | ഓഹരി മൂലധനം |
|---|---|---|---|---|---|
| 1 | പരപ്പനങ്ങാടി ഹരിജൻ കരകൗശല വ്യവസായിക(വർക്ക് ഷോപ്പ്) സഹകരണ സംഘം(ക്ലിപ്തം) No. IND(M) 28 | തിരൂരങ്ങാടി തിരൂർ താലൂക്ക് | 1977 | 182 | 83,990 |
| 2 | പരപ്പനങ്ങാടി പട്ടികജാതി സഹകരണ സംഘം(ക്ലിപ്തം) No. F.1717 | പരപ്പനങ്ങാടി–വള്ളിക്കുന്ന് പഞ്ചായത്തുകൾ | 1995 | 1240 | 1,10,417 |
| 3 | പരപ്പനങ്ങാടി ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘം (ക്ലിപ്തം) No. K.V. IND(M)60 | പരപ്പനങ്ങാടി–വള്ളിക്കുന്ന് പഞ്ചായത്തുകൾ | 1987 | 52 | 23,160 |

ർത്തനങ്ങൾ

## എജ്യൂക്കേഷൻ സംഘം

തിരൂരങ്ങാടി താലൂക്ക് കോ- ഓപ്പറേറ്റീവ് എജ്യൂക്കേഷൻ സൊസൈറ്റി പരപ്പനങ്ങാടി ആസ്ഥാനമായി പ്രവർത്തിച്ച് വരുന്നു. ഉന്നത പഠനത്തിനും തൊഴിൽ–സാങ്കേതിക പരിശീലനത്തിനും വേണ്ട സ്ഥാപനങ്ങൾ നടത്തുകയാണ് ഈ സംഘത്തിൻെറ പ്രധാന ലക്ഷ്യം. സംഘത്തിൻെറ കീഴിൽ പരപ്പനങ്ങാടി കോ- ഓപ്പറേറ്റീവ് കോളേജ് എന്ന പേരിൽ ഒരു സ്ഥാപനം നല്ല നിലയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. സ്വന്തം സ്ഥലം കണ്ടെത്തി കെട്ടിടസൗകര്യങ്ങളും മറ്റും ഒരുക്കുന്നതിന്നായി സർക്കാർ സഹായ ധനം ലഭ്യമാക്കേണ്ടതാണ്.

## പട്ടിക ജാതി- പട്ടിക വർഗ്ഗ സംഘം

ആകെയുള്ള മൂന്ന് സംഘങ്ങളിൽ രണ്ടെണ്ണമേ പ്രവർത്തിക്കുന്നുള്ളൂ. 1977 ൽ തുടങ്ങിയ പരപ്പനങ്ങാടി ഹരിജൻ കരകൗശല വ്യാവസായിക സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധി തിരൂരങ്ങാടി, തിരൂർ താലൂക്കുകളാണ്. മരത്തടി കടഞ്ഞുണ്ടാക്കിയ ടേബിൾ ലാമ്പ്, നിലവിളക്ക്, മെഴുകുതിരി സ്റ്റാൻറ്, പെൻ കെയ്സ് തുടങ്ങിയവ ലാക്കർ പോളീഷ് ചെയ്തു സംഘം ഉണ്ടാക്കി വരുന്നു. ഇതിന് പുറമെ ഫർണ്ണിച്ചറുമായി ബന്ധപ്പെട്ട സാധനങ്ങളും ഉണ്ടാക്കുന്നുണ്ട്. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്തതിനാൽ നഷ്ടത്തിലാണ് ഈ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നത്. കിർത്താഡ്സ്, ഖാദിബോർഡ്, വിവിധ സർക്കാർ ഏജൻസികൾ തുടങ്ങിയവ നടത്തുന്ന പ്രദർശനങ്ങളെ മാത്രമാണ് വിപണനത്തിനുള്ള മുഖ്യ ആശ്രയം. പരിമിതമായ വില്പനമാത്രമാണ് നടക്കുന്നത്. പഞ്ചായത്തിൽ ഒരു ഷോറൂം സ്ഥാപിക്കുക വഴി വിപണന സൗകര്യമൊരുക്കി സംഘം അഭിവൃദ്ധിപ്പെടുത്താനാവും.

പരപ്പനങ്ങാടി പട്ടികജാതി സഹകരണ സംഘമാണ് മറ്റൊരു സ്ഥാപനം. അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിച്ച് ചെറുകിട വായ്പകൾ സംഘം മുഖേന നൽകി വരുന്നു. കുടിൽ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച്

പട്ടിക X വനിതാ സംഘങ്ങൾ

| നമ്പർ | പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗങ്ങൾ | ഓഹരി മൂലധനം |
|---|---|---|---|---|---|
| 1 | പരപ്പനങ്ങാടി വനിതാ സഹകരണ സംഘം No.M.485 | പരപ്പനങ്ങാടി പഞ്ചായത്ത് | 1994 | 114 | 15,800 |
| 2 | രചന വനിതാ റെഡിമെയ്ഡ് ഇൻഡസ്ട്രീയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി No.S.(IND) M- 84 | 11.14 വാർഡുകൾ | 1996 | 11 | 55,000 |

അംഗങ്ങൾക്ക് വിതരണം ചെയ്യാനും സംഘത്തിന് ഉദ്ദേശ്യമുണ്ട്. സർക്കാറിൽ നിന്നും ആവശ്യമായ പ്രവർത്തന മൂലധനം ലഭിക്കുന്ന പക്ഷം ഒരു ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുവാനും കഴിയും. 1987 ൽ തുടങ്ങിയ പരപ്പനങ്ങാടി ഹരിജൻ ഗ്രാമവ്യവസായ സഹകരണ സംഘം ഇന്ന് പ്രവർത്തിക്കുന്നില്ല. സർക്കാർ ഗ്രാൻറും വായ്പയും നൽകി സംഘം പ്രവർത്തന സജ്ജമാക്കണം. ഈറ, മുള, തഴപ്പായ തുടങ്ങിയവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ സംഘത്തിന് നടത്താൻ കഴിയും.

## വനിതാ സംഘങ്ങൾ

പരപ്പനങ്ങാടി വനിതാ സഹകരണ സംഘം, രചന വനിതാ റെഡിമെയ്ഡ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയാണ് പഞ്ചായത്തിലെ വനിതാ സഹകരണ സംഘങ്ങൾ. പരപ്പനങ്ങാടി വനിതാ സംഘത്തിൻെറ കീഴിൽ ഒരു തുന്നൽ പരിശീലന കേന്ദ്രം പ്രവർത്തിച്ച് വരുന്നുണ്ട്. കുട്ടികളുടെ കുറവും പ്രായോഗിക ബുദ്ധിമുട്ടുകളും കാരണം പരിശീലന ക്ലാസ്സ് വേണ്ടത്ര വിജയകരമല്ല. കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾ നൽകി മെച്ചപ്പെടുത്താനാവും. ഈ കേന്ദ്രത്തിൽ നിന്നും നല്ല ഇനം റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കി വില്പന നടത്തുന്നുണ്ട്. കടുത്ത മത്സരം കാരണം വിപണിയിൽ പിടിച്ച് നിൽക്കാനാവുന്നില്ല. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ വർഷം രജിസ്ട്രർ ചെയ്ത രചന വനിത സൊസൈറ്റി റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മാണവും വിപണനവും നടത്തുവാനുദ്ദേശിക്കുന്നുണ്ട്. ജില്ലാ ബാങ്കിൻെറ അഫ്ലിയേഷനും സർക്കാർ ഗ്രാൻറും ഓഹരി മൂലധനവും ലഭിച്ചെങ്കിൽ മാത്രമെ നല്ല നിലയിൽ പ്രവർത്തിക്കുവാൻ കഴിയൂ. നോട്ട് ബുക്ക്, അച്ചാർ, കറി പൗഡർ തുടങ്ങിയവയുടെ നിർമ്മാണവും ഈ വനിതാസംഘങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.

## മോട്ടോർ സംഘങ്ങൾ

പരപ്പനങ്ങാടി മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 1986 ലാണ് രൂപീകരിച്ചത്. 55,36700 രൂപയുടെ വാഹന ലോണും 134000 രൂപയുടെ വാഹന റിപ്പയർ ലോണും കൊടുത്തിട്ടുണ്ട്. സ്വന്തമായി ബസ് സർവ്വീസ് ആരംഭിച്ചിരുന്നെങ്കിലും നഷ്ടം കാരണം ബസ് വില്പന നടത്തേണ്ടി വന്നു. നിർധനരും തൊഴിൽ രഹിതരുമായ ടാക്സി ഡ്രൈവർമാർക്ക് തൊഴിലവസരമുണ്ടാക്കുന്നതിന് വാഹനങ്ങൾ വാങ്ങിക്കൊടുക്കുക, വാഹനങ്ങളുടെ റിപ്പേയറിംഗിന് വായ്പ നൽകുക, അപകടം സംഭവിക്കുന്ന പാവപ്പെട്ട മെമ്പർമാരെ സഹായിക്കുക, വാഹന ബ്രോക്കർമാരുടെ ചൂഷണം പരമാവധി ഒഴിവാക്കി, രജിസ്ട്രേഷൻ, ഡെലിവറി തുടങ്ങിയ കാര്യങ്ങൾ അംഗങ്ങൾക്ക് ചെയ്തു കൊടുക്കുക തുടങ്ങിയവയാണ് മറ്റു പ്രവർത്തനങ്ങൾ. തിരൂരങ്ങാടി, താനൂർ, വേങ്ങര വികസന ബ്ലോക്കുകളാണ് സംഘത്തിൻെറ പ്രവർത്തന പരിധി. ഇതിനകം വിവിധങ്ങളായ 80 വാഹനങ്ങൾ വിതരണം ചെയ്തതിൽ 31 എണ്ണം ഈ പഞ്ചായത്തിലാണ് കൊടുത്തിട്ടുള്ളത്.

1993 ൽ രൂപീകരിച്ച തിരൂർ താലൂക്ക് ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പഞ്ചായത്തിലെ മറ്റൊരു സംഘം. ഹയർ പർച്ചേഴ്സ് ലോണായി 20,80,502 രൂപ നൽകിയിട്ടുണ്ട്. ലൈസൻസുള്ള ഡ്രൈവർമാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഈ സ്കീം മുഖേന നാൽപതിനടുത്ത് ഓട്ടോറിക്ഷകൾ വിതരണം ചെയ്തിട്ടുണ്ട്.

## ഹൗസിംഗ് സൊസൈറ്റി

തിരൂർ താലൂക്ക് റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പരപ്പനങ്ങാടിയിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ 202 പേർക്ക് 59,06,000 രൂപ ഭവന വായ്പ കൊടുത്തിട്ടുണ്ട്. പലിശ നിരക്ക്

പട്ടിക XI മോട്ടോർ വാഹന സംഘങ്ങൾ

| നമ്പർ | പേര് | പ്രവർത്തന പരിധി | സ്ഥാപനം | അംഗ ങ്ങൾ | ഓഹരി മൂലധനം |
|---|---|---|---|---|---|
| 1 | പരപ്പനങ്ങാടി മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം No.373 | തിരൂരങ്ങാടി താനൂർ വേങ്ങര ബ്ലോക്കുകൾ | 1986 | 427 | 3,22,500 |
| 2 | തിരൂർ താലൂക്ക് ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) No.M.463 | തിരൂർ-തിരൂരങ്ങാടി താലൂക്കുകൾ | 1993 | 202 | 20,6500 |

പട്ടിക XII ഹൗസിംഗ് സൊസൈറ്റി

| നമ്പർ | പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗ ങ്ങൾ | ഓഹരി മൂലധനം |
|---|---|---|---|---|---|
| 1 | തിരൂർ താലൂക്ക് റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | തിരൂരങ്ങാടി തിരൂർ താലൂക്കുകൾ | 1975 | 2034 | 24,30350 |

പട്ടിക XIII നെയ്ത്ത് സംഘം

| പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗ ങ്ങൾ | ഓഹരി മൂലധനം |
|---|---|---|---|---|
| പരപ്പനങ്ങാടി വീവേഴ്സ് കോ-ഓപ്പറേറ്റീവ് (ഉല്പാദനവും വിപണനവും) സൊസൈറ്റി (ക്ലിപ്തം)No.F- 1294 | പരപ്പനങ്ങാടി പഞ്ചായത്ത് | 1947 | 178 | 1,10700 |

താങ്ങാനാവാത്തതിനാലും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥകളും കാരണം സാധാരണക്കാർ കടമെടുക്കാൻ ഭയപ്പെടുന്നു. ഭവന നിർമ്മാണ ബോർഡ് ദുർബല വിഭാഗങ്ങൾക്കായി നടപ്പിലാക്കി വരുന്ന കുറഞ്ഞ പലിശയും സബ്സിഡിയുമുള്ള പദ്ധതികളുടെ മാതൃകയിൽ(ഉദാ:- രാജീവ് ദശലക്ഷം, മൈത്രി) ലളിതമായ വ്യവസ്ഥകളോട് കൂടിയ പദ്ധതികൾ സംഘം നടപ്പിലാക്കുന്ന പക്ഷം അത് പഞ്ചായത്തിലെ ഭവനരഹിതരായവർക്കും, ഓല വീട് മാറ്റി ഓട് ഇടാൻ ആഗ്രഹിക്കുന്നവരുമായ നൂറുകണക്കിന് വരുന്ന സാധാരണക്കാർക്കും വലിയൊരനുഗ്രഹമാവും. സർക്കാറിൻെറ വിവിധ ഏജൻസികളിൽ നിന്നും ഇതിനു വേണ്ട ഫണ്ട് ലഭ്യമാക്കുകയും നിശ്ചിത ശതമാനം സബ്സിഡി പഞ്ചായത്ത് സംഘങ്ങൾക്ക് നൽകുകയും ചെയ്താൽ ഇത് നടപ്പിലാക്കാനാവും.

## നെയ്ത്ത് സംഘം

ചെട്ടിപ്പടിയിലെ പഴയതെരു എന്നറിയപ്പെടുന്ന പ്രദേശം നെയ്ത്ത്ശാലകളുടെ ഒരു കേന്ദ്രമാണ്. 1947 ൽ സ്ഥാപിച്ച പരപ്പനങ്ങാടി വീവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ഇവിടെയാണ് പ്രവർത്തിക്കുന്നത്. തോർത്ത് മുണ്ട്, കൈത്തറി തുണിത്തരങ്ങൾ എന്നിവ ഈ സംഘത്തിൻെറ കീഴിലുള്ള നെയ്ത്ത് ശാലകളിൽ ഉണ്ടാക്കുന്നു. നന്നായി നടക്കുന്ന ഈ സംഘത്തിൽ നിന്നും തുണിത്തരങ്ങൾ അയൽ പ്രദേശങ്ങളിൽ വിപണനം ചെയ്യുന്നുണ്ട്. സർക്കാറിൽ നിന്നും കിട്ടാനുള്ള റിബേറ്റ് തുക ലഭ്യമാക്കണം.

## കയർ സംഘം

പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന കയർ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തനരഹി

തമാണ്. DWCRA യൂണിറ്റിൻെറ കീഴിലുള്ളതു മാത്രമാണ് ഇപ്പോൾ പ്രവർത്തനത്തിലുള്ളത്. ഇവയെ ഏകോപിപ്പിച്ച് കയർ ബോർഡിൻെറ സഹായത്തോടെ സഹകരണാടിസ്ഥാനത്തിൽ ഒരു സംഘം രൂപീകരിക്കുവാൻ സാധ്യമാവും.

## നിർദ്ദേശങ്ങൾ

1. സഹകരണ മേഖലയിൽ നിക്ഷേപം നടത്തുന്നതിന്നായി ജനങ്ങളെ ബോധവൽക്കരിക്കുക.

2. സഹകരണ പ്രസ്ഥാനത്തിൻെറ യഥാർത്ഥ സ്പിരിറ്റ് ഉൾകൊണ്ട് പ്രവർത്തിക്കുവാൻ സംഘം ഭരണസമിതികൾ തയ്യാറാകണം. രാഷ്ട്രീയാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നതാണ് എല്ലാ സംഘങ്ങളുടെയും ഭരണസമിതികൾ. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ മേഖലയിൽ ഇന്ന് കണ്ടുവരുന്ന സങ്കുചിത താൽപര്യങ്ങൾ ഒഴിവാക്കപ്പെടണം.

3. സഹകരണ ബേങ്ക് മുഖേന നൽകുന്ന കാർഷിക വായ്പ പരമാവധി പേർക്ക് ലഭിക്കുവാൻ നടപടിയുണ്ടാവണം.

4. വിവിധ സംഘങ്ങൾക്ക് സർക്കാർ ഓഹരിയും പ്രവർത്തന മൂലധനവും യഥാസമയം ലഭ്യമാക്കുക.

5. ഖാദിസംഘങ്ങൾ പ്രഥമവായ്പ തിരിച്ചടച്ചതിന് ശേഷമെടുക്കുന്ന ലോണിന് 15 ശതമാനം പലിശ ഈടാക്കുന്നുണ്ട്. ഇതുകാരണം വായ്പ തിരിച്ചടക്കാൻ താൽപര്യം കുറയുന്നു. ആദ്യം നൽകിയ പലിശ നിരക്കിൽ തന്നെ വായ്പ ലഭ്യമാക്കുക. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാൻറ് ഏർപ്പെടുത്തുക.

6. സഹകരണ സംഘങ്ങൾ ഉണ്ടാക്കുന്ന വിവിധ തരം ഉൽപന്നങ്ങൾക്ക് വിൽപനനികുതി ഇളവ് അനുവദിക്കുക.

7. സംഘങ്ങൾ മുഖേന ഉണ്ടാക്കുന്ന ഉൽപന്നങ്ങൾക്ക് മൊത്തമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വിപണന കേന്ദ്രം സ്ഥാപിക്കുക.

8. പഞ്ചായത്തിലെ സഹകാരികളെ കൂട്ടി യോജിപ്പിച്ച് ഒരു സഹകരണ സെൽ രൂപീകരിക്കുക.

9. പരപ്പനങ്ങാടി സർവ്വീസ് സഹകരണ ബാങ്കിന് ഒരു ഈവനിംഗ് ബ്രാഞ്ച്, പാലത്തിങ്ങൽ, ചെറമംഗലം എന്നിവിടങ്ങളിൽ ഓരോ ബ്രാഞ്ചും ആരംഭിക്കണമെന്ന് വിവിധ ഗ്രാമസഭകളിൽ നിർദ്ദേശമുയർന്നിട്ടുണ്ട്.

10. 9 ാം വാർഡിലെ ഒരു വനിതാ പട്ടികജാതി സഹകരണ സംഘം രൂപീകരിക്കുക.(ഇവിടെ രണ്ട് SC കോളനികളുണ്ട്.

## പഞ്ചായത്തിൽ പുതുതായി ആരംഭിക്കാവുന്ന സഹകരണ സ്ഥാപനങ്ങൾ

### a.മത്സ്യബന്ധന മേഖല

കോടിക്കണക്കിന് രൂപയുടെ മത്സ്യബന്ധനോപകരണങ്ങൾ വർഷംതോറും തൊഴിലാളികൾ വാങ്ങുന്നുണ്ട്. ഈ സംഖ്യയത്രയും പുറം നാടുകളിലേക്കാണ് ഒഴുകുന്നത്. വള്ളം, വല, എൻഞ്ചിൻ, റോപ്പ് തുടങ്ങിയ ഉപകരണങ്ങളുടെ വിപണനത്തിനായി ഒരു സംഘം രൂപീകരിക്കുക. (നിലവിലുള്ള മത്സ്യ തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ മത്സ്യഫെഡിൽ നിന്നുള്ള ഉപകരണങ്ങളുടെ വിതരണ ഏജൻസികൾ മാത്രമാണ്.കൂടുതൽ ഫണ്ട് ലഭ്യമാക്കി ഇവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയാലും ഈയാവശ്യം നിറവേറും.)

### b.കെട്ടിട നിർമ്മാണം.

നിർമ്മാണ തൊഴിലാളികളെ കൂട്ടിയോജിപ്പിച്ച് സാധന സാമഗ്രികൾ ഉണ്ടാക്കുന്നതിനും വീട് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനുമായി സംഘം രൂപീകരിക്കാം. ഈ സംഘത്തിന് തന്നെ സർക്കാറും പഞ്ചായത്തും നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളും ഏറ്റെടുക്കാൻ കഴിയും.

### c.പാർപ്പിടം.

സാധാരണക്കാരായ ആളുകളെ മാത്രം ഉദ്ദേശിച്ച് ഭവനരഹിതർക്ക് വീട് ഉണ്ടാക്കുന്നതിനു മാത്രമായി ഒരു സംഘം ആവശ്യമാണ്. ചുരുങ്ങിയ പലിശയും സബ്സിഡിയും ഉദാരവ്യവസ്ഥകളുമടങ്ങിയ വായ്പ പദ്ധതി ഈ സംഘത്തിന് നടപ്പിലാക്കാൻ കഴിയണം. സർക്കാറിൻെറ വിവിധ ധനകാര്യ ഏജൻസിളിൽ നിന്നും ഇതിനുള്ള ഫണ്ട് ലഭ്യമാക്കുകയും സബ്സിഡി പഞ്ചായത്ത് വകയായി നൽകുകയും ചെയ്യുക.

### d.കാർഷിക മേഖല

ഏകദേശം പ്രതിവർഷം 2 കോടി 16 ലക്ഷം നാളികേരം ഇവിടെ ഉൽപാദിപ്പിക്കുന്നുണ്ട്. കേര കർഷകർക്കായി ഒരു സംഘം രൂപീകരിച്ച് കൊപ്ര സംഭരണം, എണ്ണമില്ല്, ചകിരി, ചിരട്ട എന്നിവ കൊണ്ടുള്ള ഉൽപന്നങ്ങൾ, ശീതള പാനീയങ്ങൾ തുടങ്ങിയവ

ഉണ്ടാക്കി വിപണി കണ്ടെത്താവുന്നതാണ്.

e.സഹകരണ ഹോസ്പിറ്റൽ

കിടത്തി ചികത്സിക്കാവുന്ന സൗകര്യമുള്ള ഒരു കമ്യൂണിറ്റി ഹെൽത്ത് സെൻറർ(നെടുവ) മാത്രമാണ് പഞ്ചായത്തിലെ സർക്കാർ മേഖലയിലെ ആശുപത്രി. പരപ്പനങ്ങാടി ടൗൺ കേന്ദ്രമാക്കി ഒരു ഹോസ്പിറ്റൽ സൊസൈറ്റി ഉണ്ടാക്കാവുന്നതാണ്.

f.സഹകരണ പ്രിൻറിംഗ് പ്രസ്സ്.

പൊതു, സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ആവശ്യമായ റജിസ്റ്ററുകൾ, വിവിധ ഫോറങ്ങൾ, കലണ്ടറുകൾ, തുടങ്ങിയവ അച്ചടിക്കുന്നതിന്നായി ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു പ്രിൻറിംഗ് പ്രസ്സ് ആകാവുന്നതാണ്.

g.മെഡിക്കൽ സ്റ്റോർ

മരുന്നുകളുടെ ഉപയോഗം ക്രമാതീതമായി വർധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാതരം മരുന്നുകളുടെയും(ആയുർവേദം, അലോപ്പതി, ഹോമിയോ) ഒരു സഹകരണ മെഡിക്കൽ സ്റ്റോർ തുടങ്ങാവുന്നതാണ്.

h.കൺസ്യൂമർ സ്റ്റോർ.

നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന്നായി ഒരു കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ആരംഭിക്കാവുന്നതും അതോടനുബന്ധിച്ച് തന്നെ എല്ലാ വാർഡുകളിലേക്കുമായി ഒരു മൊബൈൽ സ്റ്റോർ തുടങ്ങാവുന്നതുമാണ്.

i.ക്ഷീര സംഘങ്ങൾ

പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ക്ഷീരസംഘങ്ങളുടെയും പരിധിയിൽ പെടാത്ത പ്രദേശങ്ങളെ ഉൾപ്പെടുത്തി പുതിയൊരു സംഘം രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. പാൽ ഉദ്പാദനം വർദ്ധിപ്പിച്ച് മിച്ചം വരുന്ന പാൽ ഉപയോഗിച്ച് വിവിധ തരം ഉൽപന്നങ്ങൾ ഉണ്ടാക്കുവാനും അവയ്ക്ക് മാർക്കറ്റ് കണ്ടെത്തുവാനും സംവിധാനം വേണം.

j.സഹകരണ ഹോസ്റ്റൽ

ഉദ്യോഗസ്ഥൻമാരുടെയും മറ്റുള്ളവരുടെയും താമസ ആവശ്യത്തിന്നായി ഒരു ഹോസ്റ്റൽ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതും ഇതിന് പഞ്ചായത്തിൽ സാദ്ധ്യതകൾ ഏറെയുമാണ്.

കോഴി, ആട്, തുടങ്ങി ഇറച്ചി ആവശ്യങ്ങൾക്കുള്ള മൃഗങ്ങളെ വളർത്തുന്നതിനായി തൽപരരായ കർഷകരുടെ ഒരു സംഘം ഉണ്ടാക്കുക. ഭക്ഷ്യസംസ്ക്കരണ വിപണന സംഘം, സദ്യയൊരുക്കൽ സംഘം എന്നിവയും ആരംഭിക്കുവാൻ കഴിയും.

സഹകരണ മേഖലയുടെ പ്രാധാന്യം അനുദിനം വർദ്ധിച്ച് വരുന്ന ഈ കാലഘട്ടത്തിൽ നാടിൻെറ വികസന രംഗത്ത് കാര്യമായ പങ്ക് വഹിക്കാൻ നമ്മുടെ പഞ്ചായത്തിലും ഈ മേഖലയെ പുഷ്ടിപ്പെടുത്തേണ്ടതുണ്ട്. ഈ അവസരം അതിന് വഴിയൊരുക്കട്ടെ.

അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്കുപോലും, ഇതു തങ്ങളുടെ നാടാണെന്നും ഇതു രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്ന് വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി. ഉയർന്ന വർഗ്ഗവും താണവർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി എല്ലാ സമുദായങ്ങളും തികഞ്ഞതെ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി ഞാൻ പ്രയത്നിക്കും

- മഹാത്മാഗാന്ധി

## പട്ടിക V മത്സ്യതൊഴിലാളി വികസന ക്ഷേമ സംഘങ്ങൾ

| നമ്പർ | പേര് | പ്രവർത്തന പരിധി | സ്ഥാപിതം | അംഗങ്ങൾ | ഓഹരി മൂലധനം | ജീവനക്കാർ | പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | അരിയല്ലൂർ ബീച്ച് മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം. No.DF(M) 149/93 ആലുങ്ങൽ | കി:തിരൂർ-കടലുണ്ടി റോഡ് വ:പഞ്ചായത്ത് അതിർത്തി തെ:മുറിതോട് | 1993 | 425 | 34250 | 1 | മത്സ്യഫെഡ് നേരിട്ട് കൊടുത്ത 8,12,933 രൂപ യുടെ കമ്മീഷൻ ഉപയോഗിച്ച് 40 പേർക്ക് 500 രൂപ വീതം വായ്പ നൽകി |
| 2 | അരയൻ കടപ്പുറം മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം No:DF(M) 148/93 ഒട്ടുമ്മൽ | കി:തിരൂർ കടലുണ്ടി റോഡ് വ: മുറിത്തോട് തെ:പുത്തലം ഇടവഴി | 1993 | 516 | 36,900 | 1 | മത്സ്യഫെഡ് വായ്പ 15,52,301 രൂപയുടെ കമ്മീഷൻ ഉപയോഗിച്ച് 55 പേർക്ക് 1000, 2000 രൂപ വെച്ച് വായ്പ നൽകി |
| 3 | പുത്തൻ കടപ്പുറം മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം No.DF(M) 147/93 പരപ്പനങ്ങാടി | കി:തിരൂർ കടലുണ്ടി റോഡ് വ:പുത്തലം ഇടവഴി തെ:പൂരപ്പുഴ | 1993 | 481 | 34,810 | 1 | മത്സ്യഫെഡ് വായ്പ 5,98,000 രൂപയുടെ കമ്മീഷൻ ഉപയോഗിച്ച് 40 പേർക്ക് 1500, 1000, 500 രൂപ വെച്ച് വായ്പ നൽകി |
| 4 | പരപ്പനങ്ങാടി- കടലുണ്ടി ബീച്ച് മത്സ്യ തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം ആലുങ്ങൽ | – | – | – | – | | മത്സ്യഫെഡ് വായ്പകൾ സംഘം മുഖേന വിതരണം ചെയ്തു. കിട്ടിയ കമ്മീഷൻ ഉപയോഗിച്ച് വ്യക്തികൾക്ക് 1000 രൂപ വെച്ച് വായ്പ നൽകി. (ഈ സംഘത്തിൻെറ പ്രവർത്തന പരിധി വള്ളിക്കുന്ന് പഞ്ചായത്തിലെ ഭാഗംകൂടി ഉൾപ്പെട്ടതാണ്. |



# പട്ടികജാതി പട്ടികവർഗ ക്ഷേമം

## ആമുഖം

എല്ലാ പ്രദേശങ്ങളിലേയും പോലെ ഗോത്ര വർഗ്ഗ സംസ്ക്കാരമാണ് നമ്മുടെ പഞ്ചായത്തിലെയും പട്ടികജാതി-പട്ടികവർഗങ്ങൾക്കുണ്ടായിരുന്നത്. ഒരു നാട്ടു മൂപ്പനും അദ്ദേഹത്തെ അനുസരിച്ച് ജീവിക്കുന്ന പ്രജകളും ആയിട്ടായിരുന്നു ജീവിത രീതി. പ്രത്യേക ചടങ്ങുകൾ പോലും വിശ്വാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അധിഷ്ഠിതമായിരുന്നു. മറ്റുജാതികളിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു ഇവരുടെ ജീവിതരീതി. ജനനം മുതൽ മരണം വരെയുള്ള ചടങ്ങുകളിൽ ഈ വൈചാത്യം കാണാമായിരുന്നു. ഇതിനെല്ലാം നേതൃത്വം നൽകിയിരുന്നത് നാട്ടുമൂപ്പനായിരുന്നു. ജാതി കെട്ടുറപ്പു നിലനിർത്തുന്നവിധത്തിലുള്ള നിയമങ്ങളായിരുന്നു ഇവർക്കിടയിൽ ഉണ്ടായിരുന്നത്. ഇതിനാൽ പട്ടികജാതിക്കാർ അടുക്കും ചിട്ടയുമുള്ള ഒരു നല്ല ജീവിത രീതിയുടെ ഉടമകളായി തീർന്നു. എന്നാലും ജാതി ഭ്രഷ്ട് നിലനിന്നിരുന്നു.

പട്ടികജാതിക്കാരുടെ പ്രധാന ആരാധനാമൂർത്തികൾ ഭദ്രകാളി, കരിങ്കുട്ടി, കുട്ടിച്ചാത്തൻ എന്നിവയാണ്. സാമൂഹ്യ നൃത്തത്തിൽ മതിമറന്ന് കൂട്ടായ ആചരിക്കുന്ന ചടങ്ങുകൾ നടക്കുന്നു. തുടി,ചെണ്ട മുതലായ വാദ്യോപകരണങ്ങളും കായികാഭ്യാസവും ആരാധനാ സമ്പ്രദായങ്ങൾക്ക് കൊഴുപ്പേകുന്നു. ഉപ്പിണിപ്പുറം ശ്രീ കുറുമ്പ ഭഗവതി ക്ഷേത്രം, കയ്യറ്റുചാലിൽ ശ്രീ കുറുമ്പ ഭഗവതി ക്ഷേത്രം, കാഞ്ഞിരത്തിങ്കൽ ക്ഷേത്രം, കോയങ്കുളം ക്ഷേത്രം എന്നിവയാണ് പ്രധാന ആരാധനാ കേന്ദ്രങ്ങൾ. കലങ്കരി ഉൽസവങ്ങളാണ് ഈ ക്ഷേത്രങ്ങളിൽ പ്രധാനമായും നടക്കുന്നത്. കളിയാട്ടക്കാവ് പൊയ്കുതിരക്കെട്ട്, കൊടുങ്ങല്ലൂർ ഭരണി ഉത്സവം എന്നിവയിലും ഇവർ പങ്കെടുത്തുവരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പട്ടികജാതിസമൂഹത്തെ മറ്റുള്ളവരോടൊപ്പം കൈ പിടിച്ച് കൊണ്ടുവരാൻ ശ്രമിച്ച ചില വ്യക്തികളിൽ പ്രമുഖരാണ് കെ.വി. കുഞ്ഞഹമ്മദ് മാസ്റ്റർ, പി.വി. അച്ചുതൻമാസ്റ്റർ, കോയക്കുഞ്ഞി നഹ, ടി.പി. കുഞ്ഞപ്പു, പുതിയോട്ടിൽ കേശവൻനായർ താഴങ്ങൽ ഗോപാ

ലൻ, ചെറമംഗലം യജ്ഞമൂർത്തി നമ്പൂതിരിപ്പാട്, തെന്നാരം വാക്കയിൽ ചെറിയക്കൻ വൈദ്യർ തുടങ്ങിയവർ. അനാചാരങ്ങൾക്കെതിരെ ഇവർ പൊരുതുകയും അധഃസ്ഥിത ജനവിഭാഗങ്ങളെ മുന്നോട്ടു നയിക്കാൻ ഏറെ പണിപ്പെടുകയും ചെയ്തു.

ഭൂപരിഷ്കരണ നിയമം വന്നതിന് ശേഷം സമൂലമായ മാറ്റം സംഭവിച്ചു. കിടപ്പാടമില്ലാത്ത ധാരാളം കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ലഭിക്കുവാൻ ഈ നിയമം കാരണമായി. എങ്കിലും വിവിധ ഭാഗങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 5.6% പട്ടികജാതിക്കാരാണ്. ഒരു സ്ത്രീ പട്ടികവർഗത്തിൽ പെട്ടതായും ഉണ്ട്. ആകെ പട്ടികജാതി ജനസംഖ്യ 2994 ആണ്. ഇതിൽ 1472 പുരുഷന്മാരും 1522 സ്ത്രീകളും ഉൾപ്പെടുന്നു. (1991 ലെ സെൻസസ്)

സാമൂഹികമായ ഉച്ചനീചത്വങ്ങളായി ഒറ്റപ്പെട്ട സംഭവങ്ങൾ നിലനിൽക്കുന്നു. ഈ സമുദായക്കാർക്ക് വേണ്ടി സർക്കാറുകൾ കാലാകാലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളെ കുറിച്ച് അജ്ഞതമൂലം ഇവ വേണ്ടത്ര ഉപകാരപ്രദമാകാറില്ല. പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ പട്ടികജാതിക്കാർക്ക് ഭാഗികമായെങ്കിലും നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. കോളനിയിൽ താമസിക്കുന്ന ആളുകൾക്കാണ് ഇവരിൽ കൂടുതൽ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. പരപ്പനങ്ങാടി പഞ്ചായത്തിലെ കോളനികളുടെ വിവരം പട്ടിക 1 ൽ കൊടുക്കുന്നു.

14 കോളനികൾ നിലവിലുണ്ടെങ്കിലും സർക്കാരിന്റെ അംഗീകാരം ലഭിച്ചവ മൂന്നെണ്ണം മാത്രമാണ്. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വളരെയധികം പ്രശ്നങ്ങളുണ്ടാക്കുന്നു. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ ഇനിയുമുണ്ട്. വൈദ്യുതീകരണം തീരെയില്ലാത്ത കോളനികൾ ആറെണ്ണമുണ്ട്. പൊതു കിണർ, ടാപ്പുകൾ, കക്കൂസുകൾ എന്നിവയുടെ അഭാവം ആരോഗ്യ ശുചീകരണ രംഗത്തെ കാര്യമായി ബാധിക്കുന്നു.

കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം പട്ടിക 2 ൽ ചേർക്കുന്നു.

## വിദ്യാഭ്യാസം

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരുടെ വിദ്യാഭ്യാസ കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് എറിവരികയാണ്. ഈ വിഭാഗത്തിലെ രക്ഷിതാക്കളുടെ നിരക്ഷരതയാണ് ഇതിനുകാരണം. കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കൾക്ക് കാര്യമായൊന്നും ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് കോളനി പ്രദേശങ്ങൾ കേന്ദ്രീകരിച്ചെങ്കിലും എകാദ്ധ്യാപകവിദ്യാലയങ്ങൾ തുടങ്ങി പഠനസൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ മൊത്തം 11331 വിദ്യാർത്ഥികളിൽ 551 പേർ പട്ടികജാതി വിഭാഗക്കാരാണ്. ഇത് 4.86% വരുന്നു. ഇവരിൽ 270 ആൺകുട്ടികളും 281 പെൺകുട്ടികളും ഉൾപ്പെടുന്നു.

ദാരിദ്ര്യവും മറ്റ് അസൗകര്യങ്ങളും കാരണം പഠിക്കാൻ കഴിയാത്ത കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താൻ അധികൃതർ ശ്രദ്ധിക്കണം. ഇവിടെ തൊഴിൽ പഠന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. SSLC തോറ്റ മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ ട്യൂഷൻ നൽകി പരീക്ഷയ്ക്കിരുത്താൻ പരിപാടികൾ ആവിഷ്കരിക്കണം. ഇതിനുള്ള മാർക്കിന്റെ പരിധി എടുത്തു കളയണം. പട്ടികജാതി വിഭാഗത്തിൽപെടുന്നവർ കലാകായിക രംഗങ്ങളിൽ പ്രാഗ്ത്ഭ്യം തെളിയിക്കാറുണ്ടെങ്കിലും ആവശ്യമായ പരിശീലനത്തിനുള്ള സാഹചര്യങ്ങളില്ലാത്തതിനാൽ വളർന്നുവരാറില്ല. പഞ്ചായത്തിൽ ഒരു സ്പോർട്സ് സ്കൂൾ സ്ഥാപിക്കുകയും വിദഗ്ദ്ധരായ കോച്ചുകളെ ഏർപ്പെടുത്തുകയും ചെയ്താൽ നല്ല സ്പോർട്സ് താരങ്ങളെ വളർത്തിയെടുക്കാൻ സാധിക്കും.

579 പട്ടികജാതി വിദ്യാർത്ഥികൾക്ക് 1995-96 കാലയളവിൽ ലപ്സം ഗ്രാന്റ് ലഭിച്ചിട്ടുണ്ടെങ്കിലും ഈ വിദ്യാർത്ഥികൾക്കിടയിൽ കൊഴിഞ്ഞുപോക്കു തുടർന്നുകൊണ്ടിരിക്കുന്നു.

## ശ്മശാനങ്ങൾ

പൂളത്തറ, ചെറുകുളം, ഇട്ടൂളിത്തറ, നാടുമണ്ണ്, അയിലിപ്പാട്. നീരുല്പ്, കുർണം കുഴി, വടക്കെത്തറ, ചാലിപ്പാടം, ചുടലപ്പറമ്പ്, നെറ്റിക്കൽ എന്നിവിടങ്ങ

## പട്ടിക 1
## അംഗീകരിച്ച കോളനികൾ

| | അംഗീകരിച്ച കോളനികൾ | | |
|---|---|---|---|
| ക്രമനമ്പർ | കോളനിയുടെ പേര് | വാർഡ് | വീടുകളുടെ എണ്ണം |
| 1 | കോയകുളം പട്ടികജാതി കോളനി | 15 | 46 |
| 2 | അയ്യംകാളി പട്ടികജാതി കോളനി | 7 | 53 |
| 3 | ഉള്ളണം നോർത്ത് (എടവണ്ണത്തറ) കോളനി | 14 | 63 |
| | **അംഗീകാരത്തിന് സമർപ്പിച്ചവ** | | |
| 1 | പുവ്വത്താൻകുന്ന് കോളനി | 14 | 29 |
| 2 | കോട്ടത്തറ പട്ടികജാതി കോളനി | 14,11 | 85 |
| 3 | മുങ്ങാത്തുംതറ കോളനി | 10 | 50 |
| 4 | കരിങ്കല്ലത്താണി പട്ടികജാതി കോളനി | 11 | 31 |
| 5 | കൊട്ടന്തല പട്ടികജാതി കോളനി | 9 | 49 |
| 6 | മീൻകുഴി പട്ടികജാതി കോളനി | 9 | 50 |
| 7 | അംബേദ്കർ കോളനി | 8 | 45 |
| | **അംഗീകാരത്തിന് സമർപ്പിക്കാനുള്ളത്** | | |
| 1 | ചേങ്ങോട്ടുപാടം കോളനി | 3 | 14 |
| 2 | ചാലിപ്പാടം കോളനി | 4 | 19 |
| 3 | കഞ്ഞിത്തോട് കോളനി | 6 | 24 |
| 4 | കുന്നത്ത് കോളനി | - | - |

*അവലംബം സെക്രട്ടറി ഡാറ്റ*

ളിൽ പട്ടികജാതിക്കാർക്കായി പ്രത്യേകം ശ്മശാനങ്ങളുണ്ട്. ഇവയുടെ നില വളരെ ശോചനീയമാണ്. സ്വന്തമായി ഭൂമി ഇല്ലാത്തരുടെ മൃതദേഹം അടക്കം ചെയ്യാൻ ഇനിയും ഇത്തരം ശ്മശാനങ്ങൾ നിർമ്മിക്കേണ്ടതുണ്ട്.

## തൊഴിൽ

പട്ടികജാതിക്കാരുടെ പ്രധാന പ്രവർത്തനമേഖല കാർഷിക വൃത്തിയാണ്. കാർഷിക മേഖലയിൽ വന്ന തകർച്ചകാരണം തൊഴിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നു. മറ്റ് തൊഴിലിലേക്ക് മാറിപ്പോകാനുള്ള പ്രവണതയും കാണുന്നുണ്ട്. വിളവ് ഇറക്കലിനും വിളവെടുപ്പിനും ഇടയിൽ കിട്ടുന്ന ഒഴിവു സമയത്ത് തഴപ്പായ നെയ്ത്ത്, കൊട്ട നിർമ്മാണം മുതലായ കുടിൽ വ്യവസായങ്ങളിലാണ് ഇവർ ഏർപ്പെട്ടിരിക്കുന്നത്. പുതിയ നഗരവൽക്കരണ സംസ്ക്കാരം ഈ മേഖലയെ തകർത്തിയിരിക്കുന്നു. തഴപ്പായ, കൊട്ട മുതലായ കുടിൽ വ്യവസായ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങി വിൽപ്പന നടത്താൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണ സ്ഥാപനം ആവശ്യമാണ്. ഇതിന്റെ കീഴിൽതന്നെ ഗ്രൂപ്പ് ഫാമിങ്ങ്, കോഴിവളർത്തൽ, മുയൽ വളർത്തൽ, കൂൺകൃഷി, മുല്ലകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

## ബഹുജന സംഘടനാ നേതൃത്വം

ഈ രംഗത്ത്പ്രവർത്തിക്കുന്ന ധാരാളം പേർ പട്ടികജാതിക്കാരിലുണ്ട്. പഞ്ചായത്ത് മെമ്പർമാർ, ബാങ്ക് ഡയറക്ടർമാർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. സംവരണ നിയമം കർശനമാക്കിയതാണ് ഈ മുന്നേറ്റത്തിന് കാരണം.

## ആരോഗ്യരംഗം

കോളനികൾ മിക്കവയും പാടങ്ങൾക്ക് സമീപത്താണ് സ്ഥിതി ചെയ്യുന്നത്. വളം, കീടനാശിനി എന്നിവയുടെ പ്രയോഗം കൊണ്ട് പരിസരങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുന്നു. ഈ കാര്യത്തിൽ കോളനി നിവാസികൾ വേണ്ടത്ര ബോധവാന്മാരല്ല. പകർച്ചവ്യാധികൾ പടർന്നുപിടിക്കാറുള്ള കോളനികൾക്കടുത്ത് ഹെൽത്ത് സബ്ബ് സെന്ററുകളും അംഗൻവാടികളും സ്ഥാപിക്കണം. രക്ഷിതാക്കളെ ആരോഗ്യകരമായ ചുറ്റുപാടുകളെ കുറിച്ച് ബോധവാന്മാരാക്കുന്നതിനും കുട്ടികൾക്ക് പോഷകാഹാരങ്ങളും കുത്തിവെയ്പ്പുകളും നൽകുന്നതിനും ഇത്തരം കേന്ദ്രങ്ങൾ മുൻകൈ എടുത്താൽ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമാവും.

പട്ടികജാതി വിഭാഗത്തിന് സാമ്പത്തികസഹായം നൽകിക്കൊണ്ടിരിക്കുന്ന വകുപ്പുകളുടെയും കോർപ്പറേഷനുകളുടെയും നിബന്ധനകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. ഉദ: വായ്പ ലഭ്യമാക്കുമ്പോൾ സർക്കാറുദ്യോഗസ്ഥൻ ജാമ്യം നിൽക്കണം എന്ന നിർദ്ദേശം ഒഴിവാക്കണം. സ്ഥലം വാങ്ങി വീട് വെക്കാനുള്ള സഹായം ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണം.

## പ്രശ്നങ്ങൾ

1. അംഗീകൃത കോളനികളിൽ വേണ്ടത്ര ഭൗതിക സൗകര്യങ്ങളില്ല.

2. നിരവധി കോളനികൾക്ക് അംഗീകാരം കിട്ടേണ്ടതുണ്ട്.

3. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.

4. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തുടരുന്നു.

5. തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു.

6. സ്വന്തമായി വീടുണ്ടാക്കാൻ പറ്റാത്തതിനാൽ ഇപ്പോഴും കൂട്ടുകുടുംബമായി ജീവിക്കുന്നവരുണ്ട്.

7. വീടുണ്ടാക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവരുണ്ട്.

8. വീടു നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. ഭവന നിർമ്മാണത്തിന് ഇപ്പോൾ നൽകാൻ തീരുമാനിച്ച സാമ്പത്തിക വായ്പയായ 30,000 രൂപ തികച്ചും അപര്യാപ്തമാണ്.

9. വീടുകളിൽ പ്രാഥമിക സൗകര്യങ്ങളുടെ കുറവ്

10. ആരോഗ്യ സംരക്ഷണ പരിപാടികളുടെ അപര്യാപ്തത

11. IRDP പദ്ധതിയും മറ്റു പദ്ധതികളെയും കുറിച്ചുള്ള അജ്ഞത മൂലം അവ വേണ്ട വിധത്തിൽ ഉപയോഗപ്പെടുന്നില്ല

## പട്ടിക 2
## കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ക്രമനമ്പർ | കോളനിയുടെ പേര് | റോഡ് | വൈദ്യുതി | കിണർ | ടാപ്പ് | പൊതുകക്കൂസ് |
|---|---|---|---|---|---|---|
| 1 | കോയംകുളം കോളനി | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 2 | ഉള്ളണം നോർത്ത്, എടവണ്ണത്തറ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 3 | അയ്യങ്കാളി കോളനി | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 4 | പുവ്വത്താൻകുന്ന് കോളനി | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5 | കോട്ടത്തറ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 6 | മുങ്ങാത്തുംതറ കോളനി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | കരിങ്കല്ലത്താണി കോളനി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8 | കൊട്ടന്തല കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 9 | മീൻകുഴി കോളനി | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 | അംബേദ്കർ കോളനി | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |

*അവലംബം സെക്കണ്ടറി ഡാറ്റ*

12. വിവിധ വകുപ്പുകളിൽ നിന്ന് നൽകുന്ന ധനസഹായങ്ങൾക്ക് ലക്ഷ്യം നിറവേറ്റാൻ കഴിയുന്നില്ല.

### നിർദ്ദേശങ്ങൾ

1. കോളനികളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക. മുഴുവൻ കോളനികൾക്കും അംഗീകാരം നൽകുക.

2. കോളനികളുമായി ബന്ധപ്പെട്ട് സാക്ഷരതാ കേന്ദ്രങ്ങളും ട്യൂഷൻ സെന്ററുകളും ആരംഭിക്കുക.

3. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാനാവശ്യമായ ബോധവൽക്കരണം രക്ഷിതാക്കൾക്ക് നൽകുക. കോളനികൾ കേന്ദ്രീകരിച്ച് സ്കൂളുകൾ സ്ഥാപിക്കുകയോ സ്കൂളിലേക്കുള്ള ദൈർഘ്യം കുറയ്ക്കുകയോ ചെയ്യുക.

4. സാമ്പത്തികസഹായം നൽകി തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും കാർഷിക രംഗം മെച്ചപ്പെടുത്തുകയും വഴി കടബാധ്യതകളിൽ നിന്നും പട്ടികജാതിക്കാരെ മോചിപ്പിക്കുക.

5. ഭവനരഹിതർക്ക് സർക്കാർ പുറംപോക്ക്, മിച്ചഭൂമി എന്നിവ പതിച്ച് നൽകുകയും നിർമ്മാണ സഹായം 30,000 രൂപയിൽ നിന്ന് ഏറ്റവും ചുരുങ്ങിയത് 1 ലക്ഷം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുക.

6. എല്ലാ കോളനികളിലേക്കും റോഡുകൾ നിർമ്മിക്കുകയും വൈദ്യുതീകരണം നടത്തുകയും ചെയ്യുക.

7. കോളനികളിൽ ജലവിതരണ സംവിധാനം ഉണ്ടാക്കുക. പൊതു കിണറുകളും ടാപ്പുകളും സ്ഥാപിക്കുക. ഓരോ വീടിനും ഒരു കക്കൂസ് നിർമ്മിക്കുക. കോളനികളിൽ ആരോഗ്യ പരിപാലനപരിപാടികൾ നടത്തുക. വൈദ്യസഹായം എത്തിക്കുക.

8. കോളനികൾ കേന്ദ്രീകരിച്ച് ജനകീയവികസന സമിതികൾ രൂപവൽക്കരിക്കുക. പ്രസ്തുത സമിതി മുഖേന പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

9. വിവിധക്ഷേമ വകുപ്പുകളും കോർപ്പറേഷനുകളും നൽകുന്ന വായ്പകൾ ശരിയായി വിനിയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.





# വിഭവ സമാഹരണം

ആവശ്യങ്ങളുടെ ആധിക്യവും വിഭവങ്ങളുടെ പരിമിതിയും ഉണ്ടാകുമ്പോൾ ആസൂത്രണം പ്രസക്തമാകുന്നു. ജനങ്ങളുടെ വിവിധോൻമുഖമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ലഭ്യമായ മുഴുവൻ വിഭവങ്ങളും പരമാവധി ഉപയോഗപ്പെടുത്തുവാൻ സാധിക്കണം. പരപ്പനങ്ങാടി പഞ്ചായത്തിന്റെ

കിഴക്കൻ ഭാഗം കാർഷികമേഖലയും പടിഞ്ഞാറൻ ഭാഗം മൽസ്യബന്ധനമേഖലയും ആണ്. പക്ഷേ, ഈ രംഗത്തെ വിഭവങ്ങളെ ശരിയായ ഉൽപ്പാദന പ്രക്രിയയിലേക്ക് നയിക്കാൻ കഴിഞ്ഞിട്ടില്ല. വ്യാവസായിക രംഗം തികച്ചും ശോചനീയമാണ്. വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. വിഭവസമാഹരണം കാര്യക്ഷമമാക്കി വികസനപ്രവർത്തനങ്ങൾ നടത്തിയാൽ പഞ്ചായത്തിനെ കൂടുതൽ പുരോഗതിയിൽ എത്തിക്കാൻ സാധിക്കും.

പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി വിശകലനം ചെയ്താൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് പരപ്പനങ്ങാടിയുടെ സാമ്പത്തിക സ്ഥിതി മെച്ചമാണെന്ന് മനസ്സിലാക്കാം. മൂന്നു പ്രധാന സിനിമാ ശാലകളിൽ നിന്നുള്ള വിനോദ നികുതി, വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി, കെട്ടിടങ്ങളുടെ നികുതി എന്നിവയാണ് വരുമാനത്തിലെ പ്രധാന സ്രോതസ്സുകൾ. 1994 - 95, 95-96 എന്നീ വർഷങ്ങളിലെ പഞ്ചായത്തിന്റെ വരുമാനത്തെ താര

തമ്യം ചെയ്യുന്ന പട്ടിക 1 പരിശോധിക്കുക.

നികുതികൾ കൂടാതെ ലേലം, ഗ്രാന്റ്, മറ്റു വകുപ്പുകൾ അനുവദിച്ച തുക എന്നിവ പഞ്ചായത്തിന്റെ വരുമാനങ്ങളായിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും കൂടുതൽ തുക ലഭിച്ചുവരുന്നുണ്ട്.

വരുമാനത്തിന് അനുസരിച്ച് ചെലവ് കൂടിക്കൊണ്ടിരിക്കുകയാണ്. ചെലവിന്റെ ക്രമാതീതമായ വർദ്ധനവ് പഞ്ചായത്തിന്റെ സാമ്പത്തിക നിലക്ക് ഭീഷണിയായി നിൽക്കുന്നു. ഭരണച്ചെലവാണ് ഏറ്റവും വലിയ പ്രശ്നം. ഇത് ആകെ ചിലവിന്റെ 32.18 ശതമാനം വരുന്നു. പൊതുമരാമത്തിനു വേണ്ടി ചെലവഴിക്കുന്നത് 24.99 ശതമാനം ആണ്.

## പട്ടിക I
## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | 1994–95 രൂപ | 1995–96 രൂപ | വ്യത്യാസം രൂപ | % |
|---|---|---|---|---|
| കെട്ടിടനികുതി | 5,99,642 | 6,43,246 | (+)43,604 | 7.27 |
| സർവ്വീസ് ചാർജ്ജ് | 1,51,134 | 1,60,904 | (+) 9,770 | 6.46 |
| തൊഴിൽ നികുതി | 1,93,530 | 1,06,745 | (–) 86,785 | 44.84 |
| വിനോദ നികുതി | 9,88,096 | 15,70,078 | (+)5,81,982 | 58.90 |
| അഡീ. വിനോദനികുതി | 5,96,198 | 9,47,006 | (+) 3,50,808 | 58.84 |
| പ്രദർശന നികുതി | 6,065 | 8,272 | (+) 2,207 | 36.39 |
| പ്രദർശന നികുതിന്മേലുള്ള സർചാർജ്ജ് | 1,516 | 2,068 | (+) 552 | 36.41 |
| ചന്ത വരവ് | 4,000 | 4,550 | (+) 550 | 13.75 |
| ലൈസൻസ് ഫീസ് | 5,226 | 7,765 | (+) 2,539 | 48.58 |
| വസ്തുകൈമാറ്റ നികുതി | 5,80,661 | 6,02,375 | (+) 21,714 | 3.73 |
| ഡെപ്പോസിറ്റ് | 1,06,451 | 1,83,332 | (+) 76,881 | 72.22 |
| മറ്റുള്ളവ | 5,84,442 | 2,54,023 | (–) 3,30,419 | 56.53 |
| ആകെ | 38,16,961 | 54,90,364 | (+)16,73,403 | 43.84 |

ചെലവിനങ്ങളുടെ തുക ഓരോ വർഷം കൂടും തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

1994-95, 95-96 വർഷങ്ങളിലെ ചെലവ് സംബന്ധിച്ച വിവരം പട്ടിക III ൽ കൊടുത്തിരിക്കുന്നു.

**ധനകാര്യ സ്ഥാപനങ്ങൾ**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവയുടെ പരപ്പനങ്ങാടി ശാഖകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ചെട്ടിപ്പടിശാഖയും സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് പാലത്തിങ്ങൽ ശാഖയുമാണ് . പരപ്പനങ്ങാടിയിൽ പ്രവർത്തിക്കുന്ന വാണിജ്യബാങ്കുകൾ, പരപ്പനങ്ങാടി കോ-ഓപ്പറേറ്റീവ് സർവ്വീസ് ബാങ്കിന്റെ പരപ്പനങ്ങാടി, ചെട്ടിപ്പടി, മുണ്ടിയൻ കാവ് എന്നീ ബ്രാഞ്ചുകൾ, മലപ്പുറം ജില്ലാസഹകരണ ബാങ്കിന്റെ പരപ്പനങ്ങാടി ശാഖ എന്നീ സഹകരണബാങ്കുകളുമുണ്ട്. വിദേശങ്ങളിൽ പണിയെടുക്കുന്ന നമ്മുടെ ഗ്രാമവാസികൾ വൻ തോതിൽ നിക്ഷേപങ്ങളായി വാണിജ്യബാങ്കുകളി

## പട്ടിക II.
## നികുതിയേതര വരുമാനത്തിന്റെ വിവരം

a. ലേലവരുമാനം സംബന്ധിച്ച വിവരം (രൂപ)

| ചന്ത | സ്റ്റാൾ | ചവറ് | ഫലവൃക്ഷങ്ങൾ | ഷോപ്പിംഗ് കോംപ്ലക്സ് | കംഫർട്ട് സ്റ്റേഷൻ | ആകെ |
|---|---|---|---|---|---|---|
| 4,550 | 5,394 | 2,700 | 7,230 | 69,720 | 1,700 | 91,294 |

b. ഗ്രാന്റ് വിവരങ്ങൾ (രൂപ)

| V.R.M. വില്ലേജ് റോഡ് മെയിൻഡനൻസ് | M.I മൈനർ ഇറിഗേഷൻ | V.T.C. വഹിക്കിൾ ടാക്സ് കോമ്പൻസേഷൻ | അടിസ്ഥാന നികുതി 75 % | JRY | അൺടൈഡ് ഫണ്ട് | ആകെ |
|---|---|---|---|---|---|---|
| 13,548 | 1,488 | 1,22,113 | 35,774 | 2,53,828 | 2,61,000 | 6,87,751 |

c. പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ (രൂപ)

| ആരോഗ്യം | കൃഷി | ഹരിജനക്ഷേമം | ക്ഷീരവികസനം | ആകെ |
|---|---|---|---|---|
| 35, 627 | 88,638 | 5,493 | 7,350 | 1,37,108 |

ലേക്ക് പണം അയക്കുന്നുണ്ടെങ്കിലും അതനുസരിച്ച് വായ്പാനുപാതം കൂട്ടുവാൻ ബാങ്കുകൾക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ അയൽ സംസ്ഥാനങ്ങളിലെ വായ്പനിക്ഷേപാനുപാതം എൺപതും അതിൽ കൂടുതലുമാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് അത് കേവലം 44 ശതമാനമാണ്. പരപ്പനങ്ങാടി പഞ്ചായത്ത് പരിധിയിലെ സ്ഥിതി അതിലേറെ കഷ്ടമാണ്. 60% വായ്പനൽകിയിരിക്കണം എന്ന റിസർവ്വ് ബാങ്ക് പാലിക്കുവാൻ ബാങ്കുകാർ തയ്യാറാവുന്നില്ല. കാർഷിക വികസന മേഖലയിലും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിലും കൂടുതൽ മുതൽ മുടക്കാൻ ബാങ്കുകൾ സന്നദ്ധമാവുകയാണെങ്കിൽ നമ്മുടെ ഗ്രാമത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാൻ സാധിക്കും.

പഞ്ചായത്തിലെ വായ്പ സഹകരണ സംഘങ്ങൾക്ക് അംഗങ്ങൾക്ക് ആവശ്യമായ തോതിൽ വായ്പ നൽകാൻ സാധിക്കുന്നില്ല. ഫണ്ടിന്റെ കുറ

## പട്ടിക III.

### ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | 1994 - 95 | 1995 - 96 | വിത്യാസം | ശതമാനം |
|---|---|---|---|---|
| ഭരണം | 9,66,102 | 15,90,375 | 6,24,273 | 64.62 |
| പൊതുമരാമത്ത് | 19,21,287 | 12,35,069 | (-) 6,86,218 | (-) 35.72 |
| വിദ്യാഭ്യാസം | 81,182 | 1,77,492 | (+) 96,310 | 118.63 |
| ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | 70,041 | 5,04,246 | (+) 4,34,205 | 619.93 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 1,64,567 | 95,328 | (-) 69,239 | (-) 42.07 |
| മറ്റുള്ളവ | 9,25,855 | 13,39,375 | (+) 4,13,520 | 44.66 |
| ആകെ | 41,29,034 | 49,41,885 | (+) 8,12,851 | 19.69 |

വാണ് കാരണമായി പറയുന്നത്.

ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാനുള്ള നിയമപരമായ പ്രതിബന്ധങ്ങളും കാലതാമസവും കാരണം ജനങ്ങൾ വല്ലാതെ ബുദ്ധിമുട്ടുന്നു. കൊള്ള പ്പലിശയെടുക്കുന്ന ബ്ലെയ്ഡു കാരെ സമീപിക്കാൻ ഇതിടയാക്കുന്നു. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ബ്ലയ്ഡ് കമ്പനികൾ കൂൺ പോലെ മുളച്ചു പൊങ്ങുന്ന അവസ്ഥയാണുള്ളത്. ഇവരിൽ നിന്നും വായ്പ വാങ്ങുന്നത് കൂടുതലും കച്ചവടക്കാരും കൃഷിക്കാരുമാണ്. ആവിശ്യങ്ങൾ നിറവേറ്റാൻ മറ്റു മാർഗ്ഗങ്ങളില്ലാതെ വരുമ്പോൾ ഗത്യന്തരമില്ലാതെ യാണ് ഭൂരിഭാഗം പേരും ബ്ലെയ്ഡ് കമ്പനികളെ സമീ പിക്കുന്നത്.

ഗൾഫ് കാരിൽ നിന്നുള്ള വരുമാനം കാർഷി കമേഖലയിലോ, വ്യവസായ മേഖലയിലോ, മറ്റു ഉൽപ്പാദനമേഖലയിലോ മുതൽ മുടക്കിയിട്ടില്ല. ഇതിന്റെ സിംഹഭാഗവും കൂറ്റൻ സൗധങ്ങൾ നിർമ്മി ക്കുവാനും ഉപഭോഗവസ്തുക്കൾ വാങ്ങുന്നതിനും ഉപയോഗിച്ചു വരുന്നു. ഒരു വാർഡിൽ ശരാശരി നൂറ് പേർ ഗൾഫിൽ ജോലി എടുക്കുന്നുണ്ട്. ജീവിതനി ലവാരത്തിൽ കാര്യമായ മാറ്റങ്ങളുണ്ടായിട്ടുണ്ടെ ങ്കിലും ശാശ്വതമായ വരുമാനമാർഗ്ഗമായി യാതൊന്നും രൂപപ്പെട്ടിട്ടില്ല. ഉൽപ്പാദനമേഖലയിൽ നിക്ഷേപിച്ച് നാടിന്റെ വികസനത്തിൽ പങ്കാളികളാ വാൻ ഗൾഫുകാരെ പ്രേരിപ്പിക്കേണ്ടതുണ്ട്. സാമൂ ഹ്യസാംസ്കാരിക മേഖലയിലും സമുദായകാര്യങ്ങ ളിലും നിർലോഭമായ സംഭാവന നൽകാൻ ഗൾഫു കാർ തയ്യാറാവുന്നുണ്ട്. കാർഷിക വ്യവസായ മേ ഖലകളുടെ പശ്ചാത്തലം ഒരുക്കുന്നതിനുള്ള സാമ്പ ത്തികസഹായവും ഗൾഫുകാരിൽ നിന്നും ലഭ്യമാ ക്കാവുന്നതാണ്.

സന്നദ്ധസംഘടനകളുടെ പ്രവർത്തനം നിര വധിവികസനപ്രവർത്തനങ്ങൾക്ക് കാരണമായിട്ടുണ്ട് സാമ്പത്തിക സംഭാവനകളുടെ അടിസ്ഥാനത്തിലും മനുഷ്യാധ്വാനം സമാഹരിച്ചും ഓരോവാർഡിലും വികസന പ്രവൃത്തികൾക്ക് ഗ്രാമവാസികൾ തയ്യാ റായിട്ടുണ്ട്. ക്ലബ്ബുകളുടെ കൂട്ടായ്മ എന്നു വിശേഷി പ്പിക്കാവുന്ന " S.A.G.A." യുടെ സംരംഭങ്ങൾ പ്രശം സാർഹമാണ്. സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തി ക്കുന്ന അദ്ധ്യാപക രക്ഷാകർതൃ സമിതികൾ അതാത് സ്കൂളിന്റെ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

**പ്രശ്നങ്ങൾ**

1. നികുതി കൊടുക്കുകവഴി വികസനപ്ര വർത്തനങ്ങളിൽ പങ്കാളിയാവുകയാണെന്ന ബോധം നികുതിദായകനുണ്ടാവുന്നില്ല.

2. വസൂലാക്കേണ്ട മുഴുവൻ നികുതികളും പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ സംവിധാന ങ്ങളില്ല.

3. നികുതി കണക്കാക്കിയത് ഏതു മാനദ ണ്ഡത്തിലാണെന്ന് ജനങ്ങൾക്ക് അറിയാനുള്ള സംവിധാനമില്ല. നിലവിലുള്ള നികുതിയുടെ നിരക്ക് കൂടുതലാണ്. ഇതിനാൽ ശരിയായ വരുമാനം കാണി ക്കുന്നതിന് പലരും വിമുഖരാണ്.

4. വീടുകളുടെ കെട്ടിട നികുതി നിരക്ക് കൂടു തൽ ആണ്.

5. എല്ലാവിഭാഗം തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ലഭിക്കുന്നില്ല.

6. വ്യാപാരവ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് കർശനമാക്കിയിട്ടില്ല. അവിടെ ജോലി എടുക്കുന്ന ഓരോ തൊഴിലാളിയിൽ നിന്നും നികുതി വാങ്ങുന്നതിന് സംവിധാനമില്ല.

7. ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കുന്ന തിന് കാലദൈർഘ്യം അനുഭവപ്പെടുന്നു.

8. വായ്പാ സഹകരണസംഘങ്ങൾക്ക് ആവ ശ്യമായ ഗ്രാന്റ് യഥാസമയം ലഭിക്കുന്നില്ല.

9. അടിയിന്തിരമായി വായ്പ ആവശ്യമായി വരുന്നവർ കൊള്ളപ്പലിശക്കാരെ സമീപിക്കുന്നുണ്ട്. ബ്ലെയ്ഡ് കാരെ നിയന്ത്രിക്കാൻ കർശന നിയമങ്ങ ളില്ല.

10. നികുതി പിരിച്ചെടുക്കുന്നതിന് സ്റ്റാഫ് സംവിധാനം പരിമിതമാണ്.

11. ഭരണച്ചെലവ് അമിതമായി വർദ്ധിച്ചുകൊ ണ്ടിരിക്കുന്നു. വരുമാനം കുടിശ്ശികയായി കിടക്കു ന്നുണ്ട്.

12. മരാമത്ത് പണികൾ കോൺട്രാക്ടർമാരെ യാണ് ഏൽപ്പിക്കുന്നത് ജനകീയ കമ്മിറ്റികൾ ഇതി നായി നിലവിൽ വന്നിട്ടില്ല.

13. വരുമാനം ഉൽപ്പാദന മേഖലകളിൽ മുട

ക്കേണ്ടതിന്റെ പ്രാധാന്യത്തെ ഗൾഫുകാർ മനസ്സിലാക്കിയിട്ടില്ല.

14. സന്നദ്ധപ്രവർത്തനങ്ങളെയും സംഭാവനകളെയും യോജിപ്പിച്ച് വികസനമുന്നേറ്റം നടത്താൻ കഴിയുന്ന തരത്തിലുള്ള വികസന സമിതികൾ നിലവിലില്ല.

15. കണക്കുകൾ ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള സംവിധാനങ്ങളില്ല.

**നിർദ്ദേശങ്ങൾ**

1. കേന്ദ്രസർക്കാർ നൽകുന്ന ധനസഹായത്തോടെ പഞ്ചായത്ത് കേന്ദ്രമാക്കി ഉദ്യാഗസ്ഥ വനികതകൾക്കായി ഒരു ഹോസ്റ്റൽ നിർമ്മിക്കുകയും അതിൽ നിന്ന് ലഭിക്കുന്ന വാടക വരുമാനത്തിന്റെ ഭാഗമാക്കുകയും ചെയ്യാവുന്നതാണ്.

2. 57,000 ത്തോളം വരുന്ന ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ താമസിക്കുന്ന 7981 കുടുംബാംഗങ്ങൾക്ക് ഇവിടെത്തന്നെ നിത്യോപയോഗസാധനങ്ങൾ ഉൽപ്പാദനം നടത്തുന്നതിന് ആവിശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഗൾഫുകാരിൽ നിന്നും സമ്പന്നരിൽ നിന്നും ആവിശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കി തൊഴിലില്ലാത്തവരുടെ മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തി ഉൽപ്പാദനമേഖല പുഷ്ടിപ്പെടുത്താവുന്നതാണ്.

3. പതിമൂന്നാം വാർഡിലെ കൽപ്പുഴ തടാകം, ഒൻപതാം വാർഡിലെ ന്യൂ കട്ട് പദ്ധതി പരിസരം, എട്ടാം വാർഡിലെ പൂരപ്പുഴ അഴിമുഖം എന്നീ പ്രദേശങ്ങളെ വിനോദസഞ്ചാര പ്രദേശങ്ങളാക്കി മാറ്റാവുന്നതാണ്.

4. കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്ത് പഞ്ചായത്ത് നിവാസികൾക്ക് ന്യായമായ വിലക്ക് വിൽക്കുവാൻ കഴിയും. വെളിച്ചെണ്ണ, സോപ്പ്, ചൂടിപ്പായ, കറിപൗഡർ, കായവറുത്തത്, ശർക്കര ഉപ്പേരി, കയർ, അച്ചാറുകൾ മുതലായവ ഈ പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയും.

5. ആലുങ്ങൽ ചൊക്കിടിക്കടപ്പുറത്ത് തോടിന്റെ പരിസരത്ത് മീൻ വളർത്തൽ കേന്ദ്രത്തിന്ന് സാധ്യതയുണ്ട്. പഴയകാലങ്ങളിൽ പാലം കെട്ടാൻ ഉപയോഗിച്ച കരിങ്കല്ലുകൾ ധാരാളം വെറുതെ കിടക്കുന്നു. (പഞ്ചായത്തിന്റെ പാലം അതിന് തൊട്ട് കിഴക്കുഭാഗത്ത് നിർമ്മിച്ചിട്ടുണ്ട്). സന്നദ്ധസംഘടനകളുടെ സഹായത്തോടെയും ധനസമാഹരണത്തിലൂടെയും ഇവിടെ പ്രസ്തുത കേന്ദ്രം നിർമ്മിക്കാവുന്നതാണ്.

6. ഭൂനികുതി പിരിക്കുന്നതിനുള്ള അവകാശം ഗ്രാമപഞ്ചായകളെ ഏൽപ്പിക്കാവുന്നതാണ്. കൂടുതൽ തെങ്ങുള്ള ഭൂ ഉടമയിൽ നിന്നും കൂടുതൽ നികുതി വാങ്ങുന്ന സമ്പ്രദായം ഉണ്ടാവണം.

7. നിർമ്മാണപ്രവർത്തനങ്ങൾ ജനകീയവൽക്കരിച്ച് വിഭവച്ചോർച്ച തടയുക. വാർഡിലെ വികസന പ്രർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്ന് ഷെയർ രൂപത്തിൽ വിഭവസമാഹരണം നടത്തുക. പ്രവർത്തന റിപ്പോർട്ടും കണക്കും ഗ്രാമസഭകളിൽ അവതരിപ്പിക്കുക.

8. ബാങ്കുകൾ നിക്ഷേപവായ്പാനുപാതം വർദ്ധിപ്പിക്കുക.

9. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചിട്ടിനടത്തി ധനം സമാഹരിക്കുക.

10. പതിനാലാം വാർഡിൽ നെടുവ പ്രദേശത്ത് സുലഭമായി ലഭിക്കുന്ന ചക്ക, കശുവണ്ടി എന്നിവ സംസ്കരിച്ച് വിപണനം നടത്തുവാൻ സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കുക.

11. തീരപ്രദേശങ്ങളിൽ നിന്നും പ്രകൃതിവിഭവമായ യുറേനിയം കണ്ടെടുക്കുവാൻ സാധിക്കുന്നതാണ്.

12. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലിന വസ്തുക്കൾ കംപോസ്റ്റ് കുഴിയിൽ നിക്ഷേപിച്ച് ആവിശ്യമായ കംപോസ്റ്റ് വളം ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക.

13. മൽസ്യം സുലഭമായി ലഭിക്കുന്ന അവസരങ്ങളിൽ ചാപ്പകളിൽ മൽസ്യസംസ്കരണ സംവിധാനമുണ്ടാക്കിയാൽ വിവിധതരം വിഭവങ്ങൾ കയറ്റുമതി ചെയ്യാൻ സാധിക്കുന്നതാണ്.

14. തേങ്ങയാട്ടി എണ്ണയെടുക്കുന്നതിന് ചക്കുകൾ പുനസ്ഥാപിപ്പിക്കുവാൻ സംവിധാനം ഒരുക്കുക.

15. വാർഡുകൾ തോറും വികസന സമിതികൾക്ക് രൂപം കൊടുക്കുക. നിർമ്മാണ പ്രവർത്തികൾ ഈ സമിതികൾ ഏറ്റെടുത്തു നടത്തുക. കണക്കുകൾ പൊതുജനങ്ങൾ മുമ്പാകെ ഗ്രാമസഭയിൽ അവതരിപ്പിക്കുക.



# പിന്നിട്ട ഒരു വർഷം

പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി 1995 സെപ്തംബർ 30 ന് സത്യപ്രതിജ്ഞ ചെയ്തു. ഒരു വർഷം പിന്നിട്ട ഈ ഭരണസമിതി ഇതിനകം തന്നെ ഒട്ടേറെ വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും പുതിയ പദ്ധതികൾക്കു തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ നടപ്പിലാക്കിയ റിക്കാർഡ് സൃഷ്ടിച്ച വികസന-ക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ചയെന്നോണമാണ് ഇവയത്രയും ഏറ്റെടുത്തിട്ടുള്ളത് കക്ഷിരാഷ്ട്രീയത്തിനതീതമായി പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സർവ്വതോന്മുഖമായ പുരോഗതിയാണ് ഭരണസമിതി ലക്ഷ്യംവെക്കുന്നത്.

ഗതാഗതസൗകര്യങ്ങളുടെ കാര്യത്തിൽ ജില്ലയിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് പരപ്പനങ്ങാടി മുൻപന്തിയിലാണെങ്കിലും ഈ മേഖലയിൽ ആവശ്യങ്ങൾ അനുദിനം വർദ്ധിച്ചു വരികയാണ്.സ്ഥലം വിട്ടുകിട്ടിയ ഇടവഴികളും നടപ്പാതകളുമെല്ലാം സഞ്ചാരയോഗ്യമായ റോഡുകളാക്കിയിട്ടുണ്ട്. 'ഓരോ വാർഡിലും ഓരോ റോഡ്' എന്ന പദ്ധതിയിൽ റോഡുകൾ ടാർ ചെയ്യുന്നതടക്കമുള്ള പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചു വരികയാണ്. ഈ പദ്ധതിക്ക് മൊത്തം 63 ലക്ഷം രൂപ ചെലവ് കണക്കാക്കപ്പെടുന്നു. ഇത് പൂർത്തിയാകുന്നതോടെ തിരൂർ- കടലുണ്ടി റോഡിന് സമാന്തരമായി പഞ്ചായത്തിന്റെ തെക്കെ അറ്റം മുതൽ വടക്കെ അറ്റം വരെ രണ്ട് റോഡുകൾ പുതുതായി നിലവിൽ വരികയും ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്യും.

## ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയവ

1. കെ. പി. അബ്ദുൾ അസീസ് റോഡ്.
2. ഫിഷറീസ് സ്കൂൾ- ഹെൽത്ത് സെന്റർ റോഡ്.
3. ചേങ്ങോട്ട് പാടം റോഡ്.
4. കളരിക്കൽ റോഡ്.
5. എസ്. എൻ. എം ഹൈസ്കൂൾ- കെ. പി. എച്ച്. നഹ റോഡ്.
6. വി. പി. അച്ച്യുതൻ റോഡ്.
7. നഴ്സറി റോഡ്- റെയിൽവെ ചാമ്പ്ര വരെ.

8. മീൻകുഴി- ഹരിജൻ കോളനി റോഡ്.
9. പുത്തരിക്കൽ- കാളിക്കാവ് റോഡ്.
10. മുണ്ടിയൻകാവ്- എടത്തിരുത്തിക്കടവ് റോഡ്.
11. വലിയപറമ്പ് റോഡ്
12. കാരാട്ട് പടി- കൽപുഴ റോഡ്
13. മടത്തിലായം -ഞാറ്റിലാഴി റോഡ്
14. മലയമ്പാട് - ചേങ്ങോട്ട്പാടം റോഡ്
15. കീഴ്ച്ചിറ- കൽപ്പാലം റോഡ്

ഇതിനുപുറമെ പറങ്കണ്ടി, കഞ്ഞിത്തോട്, തണ്ടാണിപ്പുഴ എന്നീ നടപ്പാലങ്ങളുടെയും അട്ടക്കുഴിങ്ങര, ഉള്ളണം കനാലിന് തെക്കുഭാഗം, ചെറമംഗലം എ.യു.പി. സ്കൂൾ എന്നീ നടപ്പാതകളുടെയും നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. നിലവിലുള്ളവയ്ക്ക് പുറമെ പുതുതായി പത്ത് ബസ്സ് വെയ്റ്റിംഗ് ഷെഡുകളുടെ പണിയും പുരോഗമിച്ചു വരുന്നു.

ജില്ലയിലെ പ്രധാന മത്സ്യബന്ധന വിപണന കേന്ദ്രമായ ഒട്ടുമ്മൽ - ചാപ്പപ്പടിയിൽ 10 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിഷ്ലോഡിംഗ് സെന്ററിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. മത്സ്യം വളർത്തൽ കേന്ദ്രമായ ഉള്ളണത്തെ കൽപ്പുഴയോടനുബന്ധിച്ച് 32,000 രൂപ ചെലവിൽ ഒരു കുളിക്കടവും നിർമ്മിക്കുന്നുണ്ട്.

നഹാ സാഹിബ് സ്റ്റേഡിയത്തിൽ സ്ഥിരം ഗ്യാലറി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. പഞ്ചായത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ ബസ്സ് സ്റ്റാന്റിന് ഒരേക്കർ മുപ്പത്തേഴ് സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

നിലവിലുള്ള 32 സോഡിയം വേപ്പർ ലാമ്പുകളിൽ കേടുവന്നവ നന്നാക്കുകയും പുതുതായി 15 എണ്ണംകൂടി സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 'ഓരോ വാർഡിലും ഓരോ റോഡിൽ തെരുവുവിളക്കുകൾ' സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി. തയ്യാറാക്കിയിട്ടുണ്ട്. ഇതിനുമൊത്തം രണ്ടരലക്ഷം രൂപ ചെലവ് കണക്കാക്കപ്പെടുന്നു.

ഉന്നതപഠനത്തിനുതകുന്ന ഒരു റഫറൻസ് ലൈബ്രറിയും ടെലിവിഷൻ ലോഞ്ചും അടങ്ങിയ സിഎച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സാംസ്കാരിക നിലയം പണി പൂർത്തിയായിട്ടുണ്ട്. താമസിയാതെ ഇത് പ്രവർത്തനസജ്ജമാക്കും. കഴിഞ്ഞ ഭരണസമിതി 'ഒരു വാർഡിൽ ഒരു വായനശാല' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി 3 വായനശാലകൾ ഈ വർഷം സ്ഥാപിച്ചിട്ടുണ്ട്.

മൂന്ന് ലക്ഷം രൂപ ചെലവിൽ ഉള്ളണത്ത് നിർമ്മിച്ച ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി രോഗികൾക്കായി ഉടൻതുറന്ന് കൊടുക്കും. ഇതോടൊപ്പം തന്നെ ചെറമംഗലത്ത് ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടം എം. പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

രോഗപ്രതിരോധത്തിനായി പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും മരുന്ന് തളിയും ശുചീകരണ പ്രവൃത്തികളും നടത്തിക്കഴിഞ്ഞു. ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനായി നിലവിലുള്ള ജീപ്പും ട്രൈലറിനും പുറമെ ഒരു ലോറി വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. തീരപ്രദേശ മേഖലയിൽ 2.6 ലക്ഷം രൂപ ചെലവിൽ നിർമ്മാണമാരംഭിച്ച അഴുക്ക്ചാൽ താഴെ പറയുന്നവയാണ്.

1. ഒന്നാം വാർഡിലെ മാസ്ക് ഡ്രൈനേജ്.
2. മണലിപ്പാടം ഡ്രൈനേജ്.
3. പുത്തൻകടപ്പുറം ഫിഷറീസ് കോളനി ഡ്രൈനേജ്.
4. ആലുങ്ങൽ തെരിയം ഡ്രൈനേജ്.

പുതിയ തീരദേശ സംരക്ഷണ നിയമം മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പരപ്പനങ്ങാടി പഞ്ചായത്തിൽ ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

'സമ്പൂർണ്ണ ശുചിത്വ പദ്ധതിയിൽ' പരപ്പനങ്ങാടി പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് മുഴുവൻ അവ നിർമ്മിച്ച് കൊടുക്കുവാൻ സാധിക്കും.

എല്ലാ വർഷവും നൽകുന്നപോലെ ഓലവീടുകൾ കെട്ടിമേയുന്നതിനും നിർദ്ധനരായ സ്കൂൾ കുട്ടികൾക്ക് കുട വാങ്ങുന്നതിനും ധനസഹായം ഈ വർഷവും നൽകുന്നുണ്ട്. കൂടാതെ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിൽനിന്നും മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് ഈ വർഷവും നൽകുന്നതാണ്.

റൂറൽ ഡവലപ്മെന്റ് ബോർഡിന്റെ ധനസ

ഹായത്തോടെ 30 ലക്ഷം രൂപ മതിപ്പുചെലവിൽ നിർമിക്കുന്ന അവുക്കാദർകുട്ടി നഹ മെമ്മോറിയൽ ടൗൺഹാളിന്റെ നിർമാണപ്രവർത്തനവും ഉടൻ ആരംഭിക്കുന്നതാണ്.

പഴയ പഞ്ചായത്താപ്പീസ് നിലനിന്നിരുന്ന സ്ഥലത്ത് നിർമിക്കാൻ തീരുമാനിച്ചിട്ടുള്ള മൂന്നുനില ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ കടലാസുപണികൾ നടന്നുവരികയാണ്. ഇത് പൂർത്തിയാകുന്നതോടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും. ഓഫീസിനുപുറമെ കോൺഫറൻസ് ഹാളും ഇതിനോടനുബന്ധിച്ച് സൗകര്യപ്പെടുത്തുന്നുണ്ട്. പുതിയ ഓഫീസ് നിലവിൽവന്നാൽ ഇപ്പോൾ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുമായി ബന്ധപ്പെട്ട മുഴുവൻ ഓഫീസുകളും ഇവിടേക്ക് മാറ്റാൻ കഴിയും. അതുവഴി ഒരു മിനിസിവിൽ സ്റ്റേഷനു സമാനമായ സൗകര്യം ലഭ്യമാകും.

പഞ്ചായത്തിന്റെ സമ്സതമേഖലകളിലുമുള്ള വികസനം ത്വരിതപ്പെടുത്താൻ പഞ്ചായത്ത് രാജ് നിയമമനുസരിച്ചുള്ള വിപുലമായ അധികാരങ്ങളോടൊപ്പം ആവശ്യമായ ഫണ്ടും ലഭിക്കേണ്ടതുണ്ട്. ഉത്തരവാദിത്തങ്ങളും അധികാരങ്ങളും വർദ്ധിച്ചിട്ടും നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്താത്തതിനാൽ ഉദ്യോഗ്സഥർ ജോലിഭാരംകൊണ്ട് വീർപ്പുമുട്ടുകയാണ്.

പരിമിതമായ ഫണ്ടും സർക്കാരിൽനിന്നുള്ള ധനസഹായവും മാത്രമാശ്രയിച്ച് വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പൂർണമായും നിറവേറ്റാനാകില്ല. ജനകീയവിഭവസമാഹരണമടക്കമുള്ള മറ്റുമാർഗങ്ങൾ കണ്ടെത്താൻ ഉപയുക്തമായ പുതിയ വികസനസംസ്കാരത്തിന് രൂപം നൽകാൻ ജനകീയാസൂത്രണ പരിപാടി സഹായകമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതിനായി എല്ലാ വിഭാഗം ജനങ്ങളുടേയും നിസ്സീമമായ സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഭരണസമിതിക്കുവേണ്ടി
പ്രസിഡണ്ട് (ഒപ്പ്)



# പഞ്ചായത്ത് ജീവനക്കാർ

| നമ്പർ | പേര് | ഉദ്യോഗപേര് |
|---|---|---|
| 1 | പി.ശങ്കരൻകുട്ടി നായർ | സെക്രട്ടറി |
| 2 | എൻ.കെ.ബാലകൃഷ്ണൻ | ജൂനിയർ സൂപ്രണ്ട് |
| 3 | എ. ബാലൻ | യു.ഡി.ക്ലാർക്ക് |
| 4 | എം.സേതുമാധവൻ | ,, |
| 5 | കോയ വെള്ളക്കൻ തൊടി | ,, |
| 6 | യു.എൻ.പ്രമീള | ,, |
| 7 | പി.പത്മനാഭൻ | എൽ.ഡി.സി |
| 8 | എസ്.വിജയമോഹനൻ | ,, |
| 9 | സി. സുഭാഷ് കുമാർ | ,, |
| 10 | വി. അയ്യപ്പൻകുട്ടി | പ്യൂൺ |
| 11 | കെ. ഗൗരി | പ്യൂൺ |
| 12 | ടി.കെ.വിശ്വനാഥൻ | അസി.എഞ്ചിനീയർ |
| 13 | സി.ജി.പീറ്റർ | ഓവർസിയർ |
| 14 | വി.എസ്.ഗീത | ലൈബ്രേറിയൻ |
| 15 | പി.കാദർ | സ്വീപ്പർ |
| 16 | കെ.സൈതാലി | ,, |
| 17 | പി. അമ്മിണി | ,, |
| 18 | കെ. തിരുമല | ,, |
| 19 | പി. കുഞ്ഞൻ | ,, |
| 20 | പി.പി.ചന്ദ്രൻ | ,, |
| 21 | പി.ശിഹാബ് (ദിവസക്കൂലി) | ഡ്രൈവർ |

## ഒഴിഞ്ഞു കിടക്കുന്ന തസ്തിക

| | | |
|---|---|---|
| 1 | ഹെഡ് ക്ലാർക്ക് | 1 |
| 2 | യു.ഡി. ക്ലാർക്ക് | 1 |
| 3 | എൽ.ഡി.ക്ലാർക്ക് | 1 |
| 4 | സാനിറ്ററി ഇൻസ്പെക്ടർ | 1 |
| 5 | ഫുൾടൈം സ്വീപ്പർ | 1 |
| 6 | ഡ്രൈവർ | 1 |



## ഉപസംഹാരം

വികസന സങ്കല്പത്തിന് പുതിയൊരു മാനം നൽകുന്ന
ജനകീയാസൂത്രണ പ്രസ്ഥാനം. ഗ്രാമത്തിന്റെ തുടിപ്പുകളറിഞ്ഞ്
ഭാവിയെ കരുപിടിപ്പിക്കാനുള്ള കൂട്ടായ്മ. ആ വഴിയിൽ നാടിന്റെ
ഗതകാല ചരിത്രവും നാളെയുടെ പ്രതീക്ഷയുമാണീ റിപ്പോർട്ട്
സമ്പൂർണ്ണമെന്നോ സമഗ്രമെന്നോ അവകാശപ്പെടുന്നില്ല.
ഇത് അവസാന വാക്കുമല്ല. ഭേദഗതികൾക്കും
കൂട്ടിച്ചേർക്കലുകൾക്കും സെമിനാറിൽ അവസരമുണ്ടല്ലോ.
ഇത്തിരി സമയത്തിനുള്ളിൽ ഒത്തിരി ചെയ്യാനുണ്ടായിരുന്നു.
രാപ്പകൽ ഭേദമെന്യേ നിരന്തരമായ അദ്ധ്വാനം ഇതിനുപിന്നിലുണ്ട്.
ഒരുമയുടെ വിജയം. സഹകരിച്ചവർ നിരവധിയാണ്.
കടപ്പാടുകൾ ഹൃദയത്തിൽ സൂക്ഷിക്കുന്നു.
സ്നേഹാദരങ്ങളോടെ..



ടി.മുജീബ് റഹ്മാൻ
കൺവീനർ

അധികാരം ജനങ്ങളിലേക്ക്







# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.
- 9–ാം പദ്ധതി ജനകീയ പദ്ധതി
- വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു.
- ബഹുജന സഹകരണം അനിവാര്യം


പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്ത്